IV. റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമിതി ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

V. നിയമനിർമ്മാണകാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവകരൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഏഴുപേർ വിയോജനക്കുറിപ്പ് തന്നിട്ടുണ്ട്. ഞാൻ റൂൾസ് പരിശോധിച്ചപ്പോൾ വിയോജനക്കുറിപ്പ് തന്നിട്ടുള്ളവർക്ക് സംസാരിക്കുവാനായി ഒരു വകുപ്പും റൂൾസിൽ കാണുന്നില്ല. പണ്ട് മുതലുള്ള കീഴ്വഴക്കം ഇപ്പോൾ നിർത്തണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ വിയോജനക്കുറിപ്പ് എഴുതുന്നത് ഇങ്ങനെയല്ല. വിയോജനക്കുറിപ്പ് എഴുതുന്നത് എങ്ങനെയാണെന്നുവച്ചാൽ, ബില്ലിലെ ഇന്ന വകുപ്പിനോട് ഞാൻ യോജിക്കുന്നില്ല എന്നാണ്. വേണമെന്നുണ്ടെങ്കിൽ അവർക്ക് സംസാരിക്കാം. ഇത് അങ്ങനെയല്ല, ജനറലായിട്ടാണ് എല്ലാപേരും എഴുതിയിരിക്കുന്നത്, ആകാശത്തിന് താഴെയുള്ള എല്ലാ കാര്യങ്ങളും സംസാരിക്കാമെന്ന നിലയിലാണ്. ഇത് ഏതായാലും അനുവദിക്കുവാൻ പറ്റില്ല. ഏഴുപേർക്ക് സംസാരിക്കണം. അഞ്ചുമിനിട്ടിൽ കൂടുതൽ ആരും സംസാരിക്കുവാൻ പാടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞത്, ഇപ്പോൾ റൂൾസ് നോക്കിയപ്പോൾ വിയോജനക്കുറിപ്പ് തന്നിട്ടുള്ളവർക്ക് സംസാരിക്കാനുള്ള ഒരു വകുപ്പും ഇല്ലായെന്നതാണ്. അതു ശരിയാണ്, ഇവിടെ 1970 മുതൽ, സബ്ജക്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റം വരുന്നതിനുമുമ്പ് എല്ലാ ബില്ലും സെലക്ട് കമ്മിറ്റിക്കാണ് വിടുന്നത്. ഡിസന്റിംഗ് നോട്ട് എഴുതുന്ന ആളുകളൊക്കെ ദീർഘമായി സംസാരിച്ച ചരിത്രമുണ്ട്. ഇതിൽ ഒരു മാറ്റം വരണമെന്ന് ചെയർ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബി.എ.സി.യിലോ മറ്റോ ചർച്ചചെയ്ത് വരുത്തണം. അല്ലാതെ ഇങ്ങനെ മാറ്റം വരുത്തുന്നത് ശരിയല്ല.

മി. സ്പീക്കർ: ഞാൻ അതുമാറ്റുന്നില്ല. സംസാരിക്കുവാൻ അനുവദിക്കാമെന്ന് പറയുകയാണ്. പക്ഷേ ബി.എ.സി.-യുടെ തീരുമാനം അനുസരിക്കണ്ടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രസക്തമായ ഒരു പോയിന്റ് ഇവിടെ ഉന്നയിക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അഞ്ചുമിനിട്ടുകൊണ്ട് അതിന് സാധിക്കുകയില്ല. ചിലപ്പോൾ മന്ത്രിക്ക് ബില്ലിൽ മാറ്റം വരുത്തണമെന്നുണ്ടെങ്കിലോ? ഗവൺമെന്റു തലത്തിൽ ബില്ലിൽ മാറ്റം വരുത്താനാണ് ഈ ചർച്ച. ഭരണപക്ഷത്തിന് അതിന്റെ ആവശ്യമില്ല. കാരണം അവരാണല്ലോ ഈ ബിൽ കൊണ്ടുവരുന്നത്. ഞങ്ങൾക്ക് വിരുദ്ധമായിട്ട് വരുന്നതല്ലേ? ഞങ്ങളുടെ വാദഗതികൾ മന്ത്രിക്കോ ഭരണകക്ഷിക്കോ ഒരു മാറ്റം വരാൻ പ്രേരിതമായാലോ? അതേസമയത്ത് ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ബില്ലിൽ ബാധകമല്ലാത്ത എന്തെങ്കിലും കാര്യങ്ങൾ പറഞ്ഞ് സമയം പോക്കുന്നുണ്ടെങ്കിൽ അങ്ങേയ്ക്ക് ഇടപെടാം.

മി. സ്പീക്കർ: ഏഴുപേർ വിയോജനക്കുറിപ്പ് തന്നിരിക്കുന്നതുകൊണ്ട് സമയം ക്ലിപ്തപ്പെടുത്താതിരിക്കുവാൻ പറ്റില്ല. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത് ഈ ബിൽ ഇന്ന് തീർക്കണമെന്നാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചവരെക്കൊണ്ട് ഔപചാരികമായി ഒന്ന് പറയിപ്പിച്ചിട്ട് അങ്ങനെ പോകുക എന്നതരത്തിലുള്ള സമീപനം എടുക്കരുത്. അഭിപ്രായം എന്താണെന്ന് സാമാന്യമായി പറയുവാനുള്ള സമയം കൊടുക്കണം. അത് ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിച്ചു കൊണ്ടാൽ മതി. ആ സമയം അനുവദിക്കണം.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിൽനിന്ന് വ്യത്യസ്ത അഭിപ്രായമുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ അംഗമല്ലാത്ത ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾക്ക് ചിലപ്പോൾ ഏതെങ്കിലും ഒരു നിർദ്ദേശം വയ്ക്കുവാൻ കാണും. ഭരണകക്ഷിക്ക് അവസരം വേണ്ടെന്ന് അദ്ദേഹം പറയുന്നത് ശരിയല്ല. വിയോജനക്കുറിപ്പ് എഴുതിയ ആളുകൾക്ക് സംസാരിക്കാൻ ആവശ്യമായ സമയം നൽകുന്നതിനെക്കുറിച്ച് അങ്ങ് തീരുമാനിക്കണം. പക്ഷേ സബ്ജക്ട് കമ്മിറ്റിയിൽ അംഗങ്ങളല്ലാത്ത ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ. എന്നുള്ള നിലയിൽ ബില്ലിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചൂണ്ടിക്കാണിക്കുവാനുള്ള അവസരം നിഷേധിക്കരുത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ശ്രീ. എം. എം. ഹസ്സൻ പറഞ്ഞ അഭിപ്രായം കേട്ടാൽ പിന്നെ മന്ത്രി എന്തിനാണെന്ന് തോന്നും. ഇതിനൊക്കെ മറുപടി പറയാനല്ലേ മന്ത്രി സന്നദ്ധനായിരിക്കുന്നത്? അതിനുപുറമെ നിങ്ങൾ പറയുന്നതിന് എന്തർത്ഥമാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ഹസ്സൻ പറഞ്ഞത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ പോയന്റിനെക്കുറിച്ചാണ്. അവർ പറഞ്ഞാലും മന്ത്രിക്ക് മാനസാന്തരം വരാമല്ലോ. ഗ്രൗണ്ട് അത് മാത്രമാണ്. നമ്മൾ പ്രായോഗികായി നോക്കണം. ഇന്ന് ഈ ബിൽ പാസ്സാക്കണമെന്നുള്ളത് ബി.എ.സി.-യുടെ തീരുമാനമാണ്. അതുകൊണ്ട് അഞ്ച് മിനിട്ടിനും പത്തുമിനിട്ടിനും ഇടയ്ക്ക് നിർത്തണം. ഒരു കാരണവശാലും പത്തുമിനിട്ടിൽ കൂടുതൽ ആരും സംസാരിക്കുവാൻ പാടില്ല. എങ്കിൽ രണ്ടുപേർ മാത്രമേ സംസാരിക്കുകയുള്ളൂ. ശ്രീ. ടി. എൻ. പ്രതാപൻ ഇന്നലെ സംസാരിച്ചത് എങ്ങനെയാണ്? ഡെപ്യൂട്ടി സ്പീക്കർ അനുവദിച്ചതുകൊണ്ട് എക്സ്ചേഞ്ച് ചെയ്യുന്നില്ല. അല്ലെങ്കിൽ ആ പ്രസംഗം മുഴുവൻ എക്സ്ചേഞ്ച് ചെയ്യേണ്ടതാണ്. You have no right to speak on yesterday.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തെ പ്രധാനമായി ബാധിക്കുന്ന ഒരു നിയമമാണ് കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ. ഇതിനെ സംബന്ധിച്ച് വളരെ പ്രധാനമെന്ന് തോന്നിയ ചില വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയതുകൊണ്ടാണ് ഞാൻ ഇവിടെ സംസാരിക്കുന്നത്. ഈ ബിൽ ബഹുമാനപ്പെട്ട ഗവൺമെന്റ് കൊണ്ടുവരാനിടയായ സാഹചര്യം ഇന്നലെ ഇവിടെ നടന്ന ചർച്ചയിൽ പറഞ്ഞു. 44 നദികൾ ഉണ്ടായിട്ടും കേരളത്തിൽ വേനൽകാലത്ത് കുടിവെള്ളം ലഭിക്കാത്ത അവസ്ഥയാണ്. മഴക്കാലത്തുപോലും കുടിവെള്ളം ലഭിക്കാത്ത അവസ്ഥയുണ്ടെന്ന് ബഹുമാനപ്പെട്ട ഇറിഗേഷൻ മിനിസ്റ്റർ പറഞ്ഞു. ഇതിനെക്കുറിച്ചൊന്നും വളരെ വിശദമായി പറയേണ്ട ആവശ്യമില്ലായെന്ന് എല്ലാപേർക്കും അറിയാവുന്നതാണ്. അനിയന്ത്രിതമായ മരംമുറിയുടെ ഫലമായി കേരളത്തിൽ ചന്ദനമരം നഷ്ടപ്പെടുന്നു. അതുപോലെ അനേകം ഔഷധപ്രാധാന്യമുള്ള മരങ്ങളും ഔഷധച്ചെടികളും ഇന്ന് അപ്രത്യക്ഷമാകുന്നു. മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയ അനേകം ജീവജാലങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇല്ലാതാവുകയാണ്. വനങ്ങളിലെ മരങ്ങളെ സംരക്ഷിക്കുന്നതിലൂടെയാണ് ഭൂഗർഭജലം ഉണ്ടാകുന്നതെന്നു പറയും. അങ്ങനെയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ ഫലമായി വെള്ളം സംരക്ഷിക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. അങ്ങനെയുള്ള പല സാഹചര്യങ്ങളുമുണ്ട്. ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന അവസരത്തിലും രാജഭരണകാലത്തും ഭരണാധികാരികൾക്ക് പണമുണ്ടാക്കുവാനുള്ള ഒരു രംഗം എന്നതിൽ കവിഞ്ഞ് വനത്തെ കൈകാര്യം ചെയ്തിരുന്നില്ല. വനം നശിപ്പിക്കുന്നതിന്റെ ഫലമായുള്ള ഭവിഷ്യത്തുകൾ ലോകത്തെ മുഴുവൻജനങ്ങളും മനസ്സിലാക്കുന്നുണ്ട്. പാരിസ്ഥിതികമായ പല പ്രശ്നങ്ങളുമുണ്ട്. നമ്മൾ ശ്വസിക്കുന്ന വായുവിലും മറ്റും ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവമായി ചർച്ച വന്നശേഷമാണ് സാർവ്വദേശീയമായി ശക്തമായ നടപടികൾ സ്വീകരിക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ വനസംരക്ഷണത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള നീക്കങ്ങൾ നടക്കുന്നത്. ഇവിടെ ഭക്ഷ്യപ്രതിസന്ധി ഉണ്ടായ അവസരത്തിൽ ഭക്ഷ്യ ആവശ്യത്തിനുവേണ്ടി നെല്ല് ഉല്പാദിപ്പിക്കുവാനും ഭക്ഷ്യവിളകൾ ഉല്പാദിപ്പിക്കുവാനും വനങ്ങൾ വെട്ടിത്തെളിച്ച് ഉപയോഗപ്പെടുത്തിയ കാലഘട്ടമുണ്ടായിരുന്നു. അതിൽ നിന്നൊക്കെ മാറി. വനനശീകരണത്തിന്റെ ഫലമായിട്ടുള്ള ഭവിഷ്യത്തുകൾ കേരളം ഇന്ന് അഭിമുഖീകരിക്കുകയാണ്. വനസംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് പ്രക്ഷോഭങ്ങളുമായി രംഗത്തുവന്നിരുന്ന ഘടകങ്ങൾ ഒരുപക്ഷേ സംസ്ഥാനത്ത് കുറവായിരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

വനസംരക്ഷണ നിയമം കർക്കശമാക്കുന്നതിന്റെ ഫലമായി ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് പറഞ്ഞുകൊണ്ട് വരുന്ന വിഭാഗങ്ങൾ ഒരുപക്ഷെ കൂടുതലായിരിക്കാം. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ ഉത്തരവാദപ്പെട്ട ഒരു സമിതി പരിശോധിക്കേണ്ടത് ആവശ്യമാണ്. പശ്ചിമഘട്ട വനങ്ങളെക്കുറിച്ച്, അതിന്റെ പ്രത്യേകതകളെ സംബന്ധിച്ച് അതിന്റെ ഗുണങ്ങളെ സംബന്ധിച്ച് വിലയിരുത്തുന്ന അവസരത്തിൽ, കേരളത്തിന്റെ വനങ്ങൾ പലതും ലോകപ്രസിദ്ധമായ വനങ്ങളാണ്. കേരളത്തിലെ ഔഷധ സസ്യങ്ങൾ ആയുർവേദത്തിന് സഹായകരമായിട്ടുള്ള രൂപത്തിലുള്ളതാണ്. ആയുർവേദത്തിന്റെ പൈതൃകം സാർവ്വദേശീയമായി അംഗീകരിച്ചിട്ടുള്ളതാണ്. ആയുർവേദ ചികിത്സാസംവിധാനവുമായി ബന്ധപ്പെട്ട് നമ്മുടെ ഡോക്ടർമാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പോകുന്നതിന്റെയും നമ്മുടെ മരുന്നുകൾക്ക് പ്രത്യേകത ഏറുന്നതിന്റെയുമൊക്കെ കാരണം തൊട്ടുകിടക്കുന്ന പ്രദേശത്തെ ഔഷധസസ്യങ്ങൾക്ക് മറ്റ് ഏതിനെക്കാളും പ്രത്യേകതയുള്ളതുകൊണ്ടാണ്. ഞാൻ അതിന്റെ പശ്ചാത്തലത്തെക്കുറിച്ച് വിശദീകരിക്കുന്നില്ല.

ഈ ബിൽ പരിശോധിക്കുന്ന അവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കാനുള്ള ഒരു പ്രധാനപ്പെട്ട കാര്യം അനേകം വനനിയമങ്ങൾ നമ്മുടെ രാജ്യത്തുണ്ടായി, കേരളത്തിലുമുണ്ടായി. വനം എന്നുള്ളതിൽ വനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ള വിശദീകരണം മാത്രം മതി. നേരെമറിച്ച് വന്നാൽ വനം സംരക്ഷിക്കാൻ സാധിക്കുകയില്ല. റബ്ബർ, കവുങ്ങ്, തെങ്ങ് തുടങ്ങി നമ്മുടെ സംസ്ഥാനത്തുള്ള മുഴുവൻ മരങ്ങളും നമ്മൾ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുഴുവനുള്ള പ്രദേശമായി വനത്തെ മാറ്റിയാൽ ഈ നിയമപ്രകാരം വനം സംരക്ഷിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് വനം എന്നുള്ളത് വനം എന്നുള്ള നിലയ്ക്ക് തന്നെ നിർത്തിയാൽ മതി. വനം അല്ലാത്ത കാർഷികപ്രദേശങ്ങൾ ഏറ്റെടുക്കാനുള്ള ഉദ്ദേശം ഈ ബില്ലിൽ ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. നമ്മൾ സാധാരണ തോട്ടങ്ങളിൽപ്പെടുത്തിയ കാപ്പി, തേയില എന്നിവയൊഴിച്ച് മറ്റുള്ളവ വനത്തിൽപ്പെടുത്തുന്നതുകൊണ്ട് എന്താണ് ഫലം? അതിനെക്കുറിച്ച് പരിശോധിക്കണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. സി. കെ. നാണു: ഒന്നു-രണ്ടു കാര്യങ്ങൾക്കൂടി പറയാനുണ്ട്. വനത്തിന്റെ നിർവ്വചനത്തിൽ വനമെന്നുള്ളത് മാത്രമല്ലാതെ മറ്റ് മരങ്ങളെക്കുറിച്ച് പറയേണ്ട ആവശ്യമില്ല. ട്രിബ്യൂണൽ സാധാരണ നിലയ്ക്കുള്ള ഒരു കോടതിയല്ല. അതിൽ ഡിസ്ട്രിക്ട് ലെവലിലുള്ള ഒരു ജഡ്ജി മാത്രം പോരാ. ഇതിന് ഇതിന്റേതായ പ്രത്യേകതകൾ ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ച ബില്ലിൽ ട്രിബ്യൂണലിൽ ഒരു ജഡ്ജിയും വനംവകുപ്പിന്റെ ഒരു ഉദ്യോഗസ്ഥനും ഈ മേഖലയിലുള്ള ഒരു എക്സ്പെർട്ടിന്റേയും പേരുണ്ടായിരുന്നു. ഇത് സാധാരണ കേസല്ല. ഇതിന്റെ പ്രത്യേകതകൾ എന്താണെന്ന് കോടതിയെ ബോധ്യപ്പെടുത്തണം.

മി. സ്പീക്കർ: Yes, Please conclude, പത്ത് മിനിറ്റാകുന്നു. അതിൽക്കൂടുതൽ തരാൻ പറ്റില്ല. No..... Please conclude.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സൂക്ഷിപ്പുകാരന് സ്വന്തമായി ഭൂമി വിട്ടുകൊടുക്കാനുള്ള അവകാശം കൊടുക്കുന്നത് ശരിയല്ല. ഈ നിയമം കൊണ്ടുദ്ദേശിച്ച ഗുണം നമ്മുടെ സംസ്ഥാനത്തിന്, വനം മേഖലയ്ക്ക് ലഭിക്കണമെങ്കിൽ ധാരാളം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. വനം എന്നുള്ളതിന്റെ നിർവ്വചനത്തിൽ അനാവശ്യമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ വന സംരക്ഷണം എന്നുള്ളത് നഷ്ടപ്പെടുന്നതിന്, ഇന്ന് നിലവിലുള്ള വനംപോലും നഷ്ടപ്പെടുന്നതിന് സഹായകരമായ രൂപത്തിലുള്ളതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സമൂഹത്തിനുവേണ്ടിയാകണം മൗലികതത്വം എന്നുള്ളത് ഈ ബില്ലിൽ വിസ്മരിക്കുകയാണ്. ഞാൻ അതുകൊണ്ടാണ് ഈ ഡിസന്റ് പ്രധാനമായി കൊണ്ടുവന്നത്. പരിസ്ഥിതി പരിസ്ഥിതിക്കുവേണ്ടി എന്ന സമീപനം ശരിയല്ല. അതിനോട് മൗലികമായി യോജിക്കാൻ കഴിയില്ല. "വനം" എന്നതിന്റെ നിർവ്വചനമാണ് ഈ ബില്ലിൽ പ്രധാനപ്പെട്ട ഭാഗം. സ്വാഭാവികമായും ജൈവസമ്പത്തും പാരിസ്ഥിതിക പ്രശ്നങ്ങളും സംരക്ഷിക്കപ്പെടണം. നമ്മുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യപ്പെടാൻ പാടില്ല. ഏതൊരു ഭൂമിയോ വാസഗൃഹങ്ങളിരിക്കുന്നതും അതിനുചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതുമായ ഭൂമി ഒഴിവാക്കികൊടുക്കുമെന്ന് പറയുന്നു. അങ്ങനെ വന്നാൽ ഏതുഭൂമിയും ഇതിൽ നിന്ന് ഒഴിവാക്കപ്പെട്ടുപോകും. ഈ നിയമത്തിന്റെ ഉദ്ദേശത്തെതന്നെ ചോദ്യം ചെയ്യുകയാണ്. അതുകൊണ്ട്, വാസഗൃഹ മെന്നുപറയുന്നതിന് ഒരു പരിധി വയ്ക്കണം. രണ്ടു ഹെക്ടറെന്നോ, ഒന്നര ഹെക്ടറെന്നോ പരിധി വച്ചുകൊണ്ട് പോയില്ലെങ്കിൽ വൻതോതിൽ ഈ പേരിൽ ഭൂമി വിട്ടുകൊടുക്കാൻ ഈ വകുപ്പ് ഇടവരുത്തും. 3 (2)-ാം ഉപവകുപ്പിൽ നിക്ഷിപ്തമാകുന്ന ഭൂമിയിൽ ചില കാര്യങ്ങൾ പറയുന്നു. തേയിലത്തോട്ടം നമ്മുടെ നാട്ടിലുണ്ടായ വലിയ പ്രതിസന്ധിയാണ്. നാണ്യവിളകൾ തുടങ്ങി കാർഷികമേഖലയിൽ പ്രതിസന്ധികളുണ്ട്. അതുകൊണ്ട് അത് ജനറലൈസ് ചെയ്യാതെ ആ മേഖല സംരക്ഷിക്കപ്പെടണം. ഈ നിയമത്തിന്റെ മറവിൽ നിന്നുകൊണ്ട് തേയിലത്തോട്ടമുടമകൾ തോട്ടമുപേക്ഷിച്ച് പോകാനുള്ള സൗകര്യം ഉണ്ടാകാൻ പാടില്ല. തേയിലത്തോട്ടം തൊഴിലാളികൾ പട്ടിണിയിലും ആത്മഹത്യയിലും നിൽക്കുന്ന ഒരു കാലഘട്ടമാണിത്. ഇടുക്കി ജില്ലയിൽ കഴിഞ്ഞ ദിവസം 24 മണിക്കൂർ ഹർത്താൽ ഉണ്ടായിരുന്നു. പീരുമേട്ടിൽ രണ്ടു ദിവസം തുടർച്ചയായി പണിമുടക്കായിരുന്നു. ആ ഒരു സാഹചര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നാണ്യവിളകളുടെ സംരക്ഷണം അത്യാവശ്യമാണ്. കാർഷിക മേഖലയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്ന അന്തർദ്ദേശീയ പ്രശസ്തി നഷ്ടപ്പെടാനിടവരരുത്. അത് വ്യക്തതയോടുകൂടി ബില്ലിൽ ചേർക്കണം. അല്ലെങ്കിൽ അത് നമുക്ക് നഷ്ടപ്പെട്ടുപോകും. ഡബ്ലിയു.ടി.ഒ. കരാറുമായി ബന്ധപ്പെട്ട് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ നാണ്യവിളകളെ സംബന്ധിച്ച് (തേയിലത്തോട്ടം ഉൾപ്പെടെ) റീ-പ്ലാന്റ് ചെയ്യുന്ന കാര്യം പറയുന്നുണ്ട്. റീ-പ്ലാന്റ് ചെയ്താൽത്തന്നെ അതു പാരിസ്ഥിതികമായി ഭൂമിയുടെ നിലനിൽപ്പിനും ഭൂമി ദുർബ്ബല പ്പെട്ടുപോകാതിരിക്കാനും കാർഷികവിളകളുടെ സംരക്ഷണത്തിനും ആവശ്യമാണ്. അതുകൊണ്ട് റീ-പ്ലാന്റ് ചെയ്യാനുള്ള വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തണം. ഒരു തോട്ടവും ഇതിന്റെ മറവിൽ നഷ്ടപ്പെട്ടുപോകാൻ, ഇതിൽനിന്ന് നീക്കം ചെയ്യപ്പെടാൻ ഇടവരാൻ പാടില്ല. അതുകൊണ്ട് റീ-പ്ലാന്റ് ചെയ്യുന്ന വ്യവസ്ഥയിലേക്ക് വരണം. മനുഷ്യനെ മറന്നു

കൊണ്ടുള്ള ഒരു നിയമനിർമ്മാണവും പാടില്ല. അത് അപൂർണ്ണമാകും. അതുകൊണ്ട് ഭരണഘടനാപരമായ വ്യവസ്ഥകൾ സംരക്ഷിക്കണം. കേന്ദ്രനിയമത്തിന്റെ വ്യവസ്ഥയിലുള്ള ഫോറസ്റ്റ് സംരക്ഷിക്കുക, ജൈവസമ്പത്ത് സംരക്ഷിക്കപ്പെടുക എന്നൊരു കൺസെപ്റ്റിൽ നിന്ന് മാറാനിടവരരുത്. വാസഗൃഹം പറയുന്ന കൂട്ടത്തിൽ 1977-ന് മുമ്പ് ഈ ഭൂമിയിൽ താമസിക്കുന്ന ആദിവാസികൾ, അവരുടെ ഊരുകൾ വർഷങ്ങളായി അവിടെ താമസിച്ചു വരുന്നവർ, കാടിന്റെ പാരമ്പര്യം സ്വായത്തമാക്കി താമസിച്ചു വരുന്നവർ ഇവരെ സംരക്ഷിക്കപ്പെടണം. 1977 ജനുവരി 1 കട്ട് ഓഫ് ഡേറ്റാണ്. അതിനുശേഷം വന്നവർ എന്നുപറയുമ്പോൾ വനം കയ്യേറിയവരും വ്യാപകമായി വനത്തിൽ പ്രവേശിച്ച് വനം നശിപ്പിക്കുക എന്ന ധാരണയിൽ കാട്ടിൽകടന്ന് താമസിക്കുന്നവരൊക്കെയുണ്ട്. അവരെ സംരക്ഷിക്കാൻ പാടില്ല. 1977 ജനുവരി 1 കട്ട് ഓഫ് ഡേറ്റ് വച്ച് ആദിവാസികളുടെ ഊരുകളെയും അവിടെ താമസിക്കുന്നവരെയും സംരക്ഷിക്കാനുള്ള നടപടികൾ വേണം. മറ്റൊന്ന് 19-ാം വകുപ്പിൽ പറയുന്നതുപ്രകാരം ഇത് പാസ്സാക്കിയാൽ ഈ ബില്ലിന്റെ എല്ലാ ഉദ്ദേശങ്ങളും ചോദ്യം ചെയ്യപ്പെടും. വ്യാപകമായി വനം കയ്യടക്കുന്നവരും വനംകൊള്ള നടത്തുന്നവരും സംരക്ഷിക്കപ്പെടാനിടവരും. അതുകൊണ്ട് മുഖ്യവനപാലകൻ ഇതിൽ ചീഫ് കൺസർവേറ്ററായാലും കൺസർവേറ്ററായാലും ആരാണെങ്കിലും അദ്ദേഹത്തിന്റെ മാത്രം തീരുമാനത്തിന് വിധേയമായി വിട്ടുകൊടുക്കാൻ പറ്റില്ല. സ്വമേധയായോ അങ്ങനെയുള്ള ഭൂമിയുടെ ഉടമയുടെയോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതെങ്കിലും ആളുടെ അപേക്ഷയിന്മേലോ സൂക്ഷ്മപരിശോധന നടത്തേണ്ടതും ആവശ്യമെങ്കിൽ അങ്ങനെയുള്ള വിജ്ഞാപനം ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി പുറപ്പെടുവിക്കാം. അദ്ദേഹത്തിന്റെ ഒരു പരിശോധന മാത്രമേയുള്ളൂ. 25,000 ഏക്കർ ഭൂമി ഈ ഓർഡിനൻസ് പ്രകാരം ഇപ്പോൾ ഗവൺമെന്റിൽ നിക്ഷിപ്തമാണ്. വനം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. കൂടുതൽ വനം ഏറ്റെടുക്കാൻ കഴിഞ്ഞിരിക്കുന്നു. പോരായ്മകളുണ്ട്. പാലക്കാട് സമിതി അംഗങ്ങൾ പോയപ്പോൾ കണ്ടതാണ്. ഈ നിയമം ചെറിയ ചെറിയ കൃഷിക്കാരെ ഒരേക്കർ, രണ്ടേക്കർ ഭൂമിയിൽ വർഷങ്ങളായി കൃഷി ചെയ്യുന്നവർക്ക് ദോഷകരമായി വരാൻ പാടില്ല. എന്നാൽ ഇതിന്റെ മറവിൽ മുഖ്യവനപാലകർക്ക്, ഈ സൂക്ഷിപ്പുകാർക്ക് അവകാശം കൊടുത്ത് അദ്ദേഹത്തിന്റെ തീരുമാനം പിന്നീട് ചോദ്യം ചെയ്യപ്പെടാൻ പാടില്ല. വ്യാപകമായ തോതിൽ വനം വിട്ടുകൊടുക്കാൻ, ഗവൺമെന്റിൽ നിക്ഷിപ്തമായിക്കഴിഞ്ഞ, ഈ ഓർഡിനൻസ് പ്രകാരം ഗവൺമെന്റിൽ കിട്ടിയ വനം വ്യാപകമായി വിട്ടുകൊടുക്കാൻ പാടില്ല. 25,000-ത്തോളം ഏക്കർ ഭൂമി നഷ്ടപ്പെടും എന്നൊക്കെ പത്രത്തിൽ പറയുന്നുണ്ട്. ട്രൈബ്യൂണലിൽ ഇപ്പോൾതന്നെ ഒരു സിറ്റിംഗ് ജഡ്ജിയേയുള്ളൂ. മൂന്നംഗ പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ, ഇതുമായി ബന്ധപ്പെട്ട വ്യക്തികൾ എന്നൊക്കെ നേരത്തെ പറഞ്ഞിരുന്നു. അതുംപോയി. അതുപോലെ പ്രധാനപ്പെട്ട ഒന്നാണ് 15-ാംവകുപ്പു പ്രകാരമുള്ള ഇതിന്റെ ഉപദേശക സമിതി. ആ ഉപദേശകസമിതി വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കേണ്ടതാണ്. അവരുടെ ഉപദേശങ്ങൾ, നിർദ്ദേശങ്ങൾ, ഇടപെടലുകൾ ഇതൊക്കെ വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ഞാൻ വയ്ക്കുന്ന ഒരു പ്രധാനപ്പെട്ട നിർദ്ദേശം ഈ ട്രൈബ്യൂണലിന്റേയും ഉപദേശക സമിതിയുടേയും നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും തീരുമാനങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായി സൂക്ഷിപ്പുകാരന് വിട്ടുകൊടുക്കുന്ന കാര്യം തീരുമാനിക്കണം. അല്ലാതെ സൂക്ഷിപ്പുകാരന് ഏകപക്ഷീയമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചാൽ ഈ ഭൂമി മുഴുവൻ നഷ്ടപ്പെട്ടുപോകും. എങ്ങനെയാണ് ഈ ഭൂമി നഷ്ടപ്പെട്ടത്? നമ്മുടെ ജൈവ സമ്പത്ത് സംരക്ഷിക്കാൻ സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഒരു നിയമമാണിത്. കേരളത്തിലെ ജൈവ വനസമ്പത്തും ജൈവസമ്പത്തും കൊള്ളയടിക്കപ്പെടുന്നു. പുൽമേടുകളും കണ്ടൽക്കാടുകളുമെല്ലാം നഷ്ടപ്പെട്ടുക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ വന്ന ഒരു നഷ്ടം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തീർച്ചയായും മന്ത്രി മറുപടിയിൽ അതിന് വ്യക്തമായ അഭിപ്രായം പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇപ്പോൾ ഏറ്റവും വിവാദപരമായി വന്നിരിക്കുന്നത്, നമ്മുടെ ഹൈറേഞ്ച് പൂർണ്ണമായും വില്പനയ്ക്ക് പോകുന്നു, ഹൈറേഞ്ച് നഷ്ടപ്പെടുന്നു എന്നുള്ളതാണ്. കേരളത്തിന്റെ ഏറ്റവും വലിയ ജൈവസമ്പത്ത് നിറഞ്ഞുകിടക്കുന്ന, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച, ലോകത്തിന്റെ തന്നെ മുമ്പിൽ ഏറ്റവും പ്രശസ്തമെന്ന് വിശേഷിക്കപ്പെടുന്ന നമ്മുടെ ഹൈറേഞ്ച് നിങ്ങളുടെ 'ജിം'-ന്റെ മറവിൽ 'ജിം' ഒപ്പുവച്ച കരാറുകളുടെ മറവിൽ നഷ്ട പ്പെടാൻ പോവുകയാണ്. ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത് വ്യാപകമായ വനം കയ്യേറ്റമാണ്. അതിന് കണക്കുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ പുൽമേടു പോയിട്ട് അവിടെ ഒരു പുല്ലുപോലും കിളിർക്കുന്നില്ല. നിങ്ങൾക്കറിയാമോ, ലോകത്തെ നമ്പർ വൺ പുൽമേട്, ഏഷ്യയിലെ ഒന്നാംതരം പുൽമേടായി ശാസ്ത്രജ്ഞൻമാർ ഉൾപ്പെടെയുള്ളവരുടെ പഠന റിപ്പോർട്ടുകളിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ഒരു സ്ഥലമാണ് വാഗമൺ, കോലാഹലമേട് ഉൾപ്പെടെയുള്ള പ്രദേശം. ഞാൻ സമയക്കുറവുകൊണ്ട് അതിന്റെ ഡീറ്റെയിൽസിലേക്ക് പോകുന്നില്ല. ലോകപ്രശസ്തമായ ജൈവ പുൽമേട്, വാഗമണിലെ ജൈവ വൈവിദ്ധ്യ മേഖലയായ 12,500 ഹെക്ടർ ഭൂമി പൈൻ മരങ്ങൾ നിറഞ്ഞ ഭൂമി, റവന്യൂ വകുപ്പിന്റെയും കൃഷിവകുപ്പിന്റെയും വനംവകുപ്പിന്റേയും ഭൂമിയാണ് 'ജിം'-ന്റെ മറവിൽ റിസോർട്ടുകൾക്ക് കൈമാറിക്കൊണ്ടിരിക്കുന്നത്. കെ.എൽ.ഡി. ബോർഡിലുള്ള മൊത്തം സ്ഥലം ഫോറസ്റ്റ് പ്രോജക്ടിൽ പോയിയെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇത് ടൂറിസം ഡിപ്പാർട്ടുമെന്റ് ഇറക്കിയിട്ടുള്ള പരസ്യങ്ങളിലും ബ്രോഷറു കളിലും ഔദ്യോഗിക രേഖകളിലുമുണ്ട്. കെ.എൽ.ഡി. ബോർഡിന്റെ കയ്യിൽനിന്നും നിങ്ങൾ ഏറ്റെടുത്ത ഈ ഭൂമിക്ക് ഒരു രൂപ പോലും അനുവദിച്ചിട്ടില്ല. കൃഷിവകുപ്പുമന്ത്രി അത് അറിഞ്ഞിട്ടുപോലുമില്ല. ആ സ്ഥലത്താണ് റിസോർട്ട് വരുന്നത്. അങ്ങനെ വന്നാൽ ഈ പറഞ്ഞ പ്രദേശങ്ങൾ മുഴുവൻ നഷ്ടപ്പെട്ടുപോകില്ലേ? ജൈവസമ്പത്തുനിറഞ്ഞ ഏറ്റവും ലോകപ്രശസ്തമായ ഈ പുൽമേട്, സംരക്ഷിക്കപ്പെടേണ്ട ഈ പ്രദേശമല്ലേ 'ജിം'-ന്റെ മറ വിൽ നഷ്ടപ്പെടുന്നത്? വാഗമൺ റിസോർട്ട് എന്നുപറഞ്ഞ് ഈ പ്രോജക്ടിൽ Five star Ayurveda Resort, Sports Country Club, Biotech Centre, Biotech Resort, Vacation Home, Wagamon Asramam, Botanical Garden, Research Centre ഇതൊക്കെ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞാൽ ഏതാണ്ട് ആയിരത്തോളം മുറികളുള്ള ഫൈവ് സ്റ്റാർ ഹോട്ടൽ ലോക ത്തിന്റെ മുമ്പിൽ വലിയ പ്രശസ്തിയായി ഉയർത്തിപ്പിടിക്കാം. ഈ ഫൈവ്സ്റ്റാർ ഹോട്ടലിന് കേരളത്തിലെ ജൈവസമ്പത്തു മുഴുവൻ, വാഗമണിലെ കോലാഹലമേടു മുഴുവൻ, പുൽമേടു മുഴുവൻ, നിങ്ങൾ 'ജിം'-ന്റെ മറവിൽ തീറെഴുതിക്കൊടുക്കുന്നു. ഈ ബിൽ പാസ്സാക്കിയെടുത്താൽ വനം കയ്യേറുന്ന, മരങ്ങൾ മുഴുവനും മുറിച്ചുമാറുന്ന, വന സമ്പത്ത് പൂർണ്ണമായും കൊള്ളയടിക്കുന്ന ഒരവസ്ഥയുണ്ടാകും. അതുകൊണ്ട്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: Please Conclude..... Please Conclude.

ശ്രീ. കെ. പി. രാജേന്ദ്രൻ: .....(ബഹളം).....ഭൂമി കുംഭകോണത്തിന്, വനം കുംഭകോണത്തിന് കൂട്ടുനിൽക്കുന്ന ഒരു നിയമനിർമ്മാണം ഈ നിയമസഭയിൽ ഉണ്ടാകാൻ പാടില്ല.....(ബഹളം).....

ഡോ. തോമസ് ഐസക്: സർ, നമ്മുടെ സംസ്ഥാനത്തിന്റെ വന സംരക്ഷണ ചരിത്രത്തിൽ ഒരു നാഴികക്കല്ലാകേണ്ടുന്ന നിയമമാണ് സഭ ഇപ്പോൾ പരിഗണിച്ചുവരുന്നത്. നാളിതുവരെ നമ്മൾ പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ ഒന്നുകിൽ വനവിഭവങ്ങൾ സർക്കാരിനുവേണ്ടി റിസർവ് ചെയ്യുന്നതോ അതല്ലെങ്കിൽ കാർഷികാവശ്യങ്ങൾക്കുവേണ്ടി സ്വകാര്യ വനഭൂമി ഏറ്റെടുക്കുന്നതിനോ ഒക്കെ വേണ്ടിയിരുന്നുവെങ്കിൽ ഇന്നിപ്പോൾ സഭ പരിഗണിക്കുന്ന ഈ നിയമം കഴിഞ്ഞ മൂന്നു പതിറ്റാണ്ടു കാലത്തെ പാരിസ്ഥിതിക ശാസ്ത്ര അവബോധത്തിന്റെ അടിസ്ഥാനത്തിൽ രൂപം നൽകിയിട്ടുള്ള ഒന്നാണ്. വനങ്ങൾക്ക് നമ്മുടെ സമ്പത്തിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥ സംരക്ഷിക്കുന്നതിനുള്ള സ്ഥാനം, പ്രാധാന്യം Public Trust Doctrine പോലുള്ള കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ നമ്മൾ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ ഓർക്കേണ്ടുന്ന മറ്റൊരു കാര്യം കൂടിയുണ്ട്. ഈ നിയമം ഓർഡിനൻസായി പുറപ്പെടുവിച്ചതിനുപിന്നിൽ ചില ഉദ്ദേശ്യങ്ങൾ കൂടിയുണ്ടായിരുന്നു. 1971-ലെ വനനിയമപ്രകാരം സ്വകാര്യവനങ്ങൾ സർക്കാരിൽ നിക്ഷിപ്തമായത് ആ രണ്ടു പതിറ്റാണ്ടു കാലത്തെ വനമാഫിയയുടെ—കോടതിതന്നെ അങ്ങനെയാണ് വിവക്ഷിച്ചിട്ടുള്ളത്—കള്ളക്കേസുകളും അത് തോറ്റുകൊടുക്കുന്നതിൽ സർക്കാർ വക്കീലൻമാർ എടുത്തുവന്ന സമീപനവും ഡിപ്പാർട്ടുമെന്റുകളുടെ ഒത്താശകളും ഉപക്ഷേപങ്ങളുമെല്ലാം ചേർത്ത് അന്ന് ഏറ്റെടുത്ത 1800-ഓളം ചതുരശ്രകിലോമീറ്റർ വരുന്ന വനഭൂമിയുടെ സിംഹഭാഗവും തിരിച്ചെടുക്കുകയും അവിടത്തെ വനമെല്ലാം കൊള്ളയടിക്കപ്പെടുകയും ചെയ്തു. ഈ ബില്ലിന്റെ അവതരണ വേളയിൽ വളരെ വിശദമായി സംസാരിച്ചിരുന്നു. അതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ ഇത്തരത്തിൽ വനഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഓർഡിനൻസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നീക്കിയപ്പോൾ ചില അപാകതകൾ, ഒരു കാരണവശാലും പാടില്ലാത്ത ചില കാര്യങ്ങൾ സംഭവിച്ചു. വനം അല്ലാത്ത ഭൂമി, പാരിസ്ഥിതികമായി പ്രാധാന്യമില്ലാത്ത ഭൂമി, ചിലയിടങ്ങളിലെല്ലാം ഏറ്റെടുക്കുകയും അത് വലിയ ആക്ഷേപത്തിന് ഇടവരുത്തുകയും ചെയ്തു. അതുവച്ചുകൊണ്ട് ഈ ബില്ലിനെത്തന്നെ താറടിക്കുന്നതിന് ചില നിക്ഷിപ്ത താല്പര്യക്കാർക്ക് കഴിഞ്ഞു. സെലക്ട് കമ്മിറ്റിയുടെ മുന്നിൽ ഇത്തരത്തിലുള്ള നാമമാത്ര കൃഷിക്കാർ അവരുടെ ആക്ഷേപങ്ങൾ വയ്ക്കുകയുണ്ടായി. അപ്പോൾ നമ്മുടെ മുന്നിൽ ഈ ഓർഡിനൻസ് നിയമമാക്കി വരുമ്പോൾ രണ്ടു കടമകളാണുള്ളത്. ഒന്ന്, ഇത്തരത്തിലുള്ള യഥാർത്ഥ കൃഷിക്കാരുടെ, ചെറുകിട കൃഷിക്കാരുടെ മേലുള്ള അന്യായത്തിന് പരിഹാരം കാണണം. നാളെ അതുണ്ടാകില്ലെന്ന് ഉറപ്പു വരുത്തണം. രണ്ട്, വനം നഷ്ടപ്പെട്ടിട്ടുള്ള സ്വകാര്യ ജന്മിമാർ, വനംകൊള്ളക്കാർ, കോൺട്രാക്ടർമാർ, അവർ ഇതുപയോഗിച്ചുകൊണ്ട് ഈ ഭൂമി തിരിച്ചുപിടിക്കില്ല എന്ന് ഉറപ്പുവരുത്തണം. സെലക്ട് കമ്മിറ്റിയിൽ വരുത്തിയ ഭേദഗതി, ഓർഡിനൻസിൽ വരുത്തിയ ഭേദഗതികൾ, ഇവിടെ അവതരിപ്പിച്ച കരടു ബില്ലിൽ വരുത്തിയിരിക്കുന്ന ഭേദഗതികൾ ഇവ സ്വീകാര്യമല്ലെന്നു പറയുന്നതിൽ ഖേദിക്കുകയാണ്. നേരത്തെ ശ്രീ. സി. കെ. നാണുവും

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രനും പറഞ്ഞ കാര്യങ്ങൾ ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. വനത്തിന്റെ നിർവ്വചനത്തിൽ വരുത്തിയിരിക്കുന്ന മാറ്റം, ആ മാറ്റമെന്താണ്? ഒന്ന്, ദീർഘ കാല വിളകളുള്ള സ്ഥലം വനഭൂമിയല്ലെന്ന് വനത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുത്തി യിരിക്കുകയാണ്. ദീർഘകാല വിളയിൽ ഏലവും കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന് valid registration പോലും വേണ്ട. വളരെ ദൂരവ്യാപകമായിട്ടുള്ള പ്രത്യാഘാ തങ്ങളുണ്ടാക്കാൻ പോകുന്ന ഒരു പുനർനിർവ്വചനമാണ്. രണ്ട്, വാസഗൃഹവും അതുമായി ബന്ധപ്പെട്ട ഭൂമിയുടെ കാര്യവും ഇവിടെ ശ്രീ. കെ. പി. രാജേന്ദ്രൻ പറയുക യുണ്ടായി. ഇത്തരത്തിൽ പുനർനിർവ്വചിച്ചതിനുശേഷം ഇപ്പോൾ സഭ പരിഗണിക്കുന്ന ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഈ ആക്ട് നിലവിൽ വന്നുകഴിഞ്ഞാൽ ഈ നിർദ്ദേ ശപ്രകാരമല്ലാതെ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് അസാധു വാകുന്നു. അങ്ങനെ നിക്ഷിപ്തമാക്കപ്പെട്ടോയെന്ന് കരുതപ്പെടാൻ പാടില്ല. അങ്ങനെ യാണോ, ഈ ബില്ലിലെ വനനിർവ്വചന പ്രകാരമുള്ളതാണോ ആ ഭൂമി എന്ന് തീരുമാ നിക്കപ്പെടാനുള്ള എല്ലാ arbitrary powers-ഉം വനപാലകന് നൽകിയിരിക്കുകയാണ്, സൂക്ഷിപ്പുകാരന് നൽകിയിരിക്കുകയാണ്. അപ്പോൾ നേരത്തെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെ ഏതു ഭൂമി വേണമെങ്കിലും അദ്ദേഹത്തിന് തീരുമാനിക്കാം, അതിന് നിർണ്ണയിക്കപ്പെട്ട പ്രൊസീഡ്യൂവർ പോലും ഇല്ല. ഭൂമി നഷ്ടപ്പെട്ടാൽ അപേക്ഷ കൊടുക്കേണ്ട മുഖ്യ വനപാലകൻ സ്വമേധയാ കേസെടുത്ത്, നിങ്ങൾക്ക് ഭൂമി തിരിച്ചു തരികയാണ് എന്നുപറയാം. ഇതെന്തു വ്യവസ്ഥ? ഇത് നാമമാത്ര കൃഷിക്കാരനെ സംരക്ഷിക്കാൻ വേണ്ടിയുള്ളതാണോ; genuine ആയി കൃഷിയിറക്കിയ ആളുകളെ സംരക്ഷിക്കാൻ വേണ്ടിയുള്ളതാണോ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

സെലക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോൾ വന്ന നിർദ്ദേശം, 50 സെന്റ്, 10 സെന്റ് വീത മുള്ള ചെറുകിട കൃഷിക്കാർ ട്രൈബ്യൂണലിലും ഉപദേശക സമിതിയിലും അപ്പീൽ കൊടു ക്കാൻ പോയാൽ അവർക്കു വലിയ പ്രയാസം ഉണ്ടാകുമെന്നാണ്. ആയിക്കോട്ടെ.അഞ്ച് ഏക്കറിൽ താഴെയുള്ളവർ, രണ്ട് ഏക്കറിൽ താഴെയുള്ളവർ, 50 സെന്ററിൽ താഴെയുള്ളവർ, 10 സെന്റിൽ താഴെയുള്ളവർ, അങ്ങനെ നിങ്ങൾ ഇതിന് ഒരു പരിധി നിശ്ചയിക്കുക. പരിധിയില്ലാതെ ഇത് പ്രഖ്യാപിക്കുന്നതു ശരിയല്ല. മറ്റൊരു കാര്യം ഇത്തരത്തിൽ പാരിസ്ഥിതികമായിട്ട് ദുർബലമായിട്ടുള്ള പ്രദേശമാണോ, അതിപ്രധാനമായ പ്രദേശമാണോ എന്നു തീരുമാനിക്കാനുള്ള ഉപദേശക സമിതിയിൽ രണ്ടു എം.എൽ.എ.-മാരെ കരടു ബില്ലിൽ ഉണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായി ഉൾപ്പെടുത്തിയിട്ടുണ്ട് എന്നുള്ളതാണ്. ഇന്നലെ വിദ്യാഭ്യാസ ബിൽ പരിഗണനയ്ക്കു വന്ന സമയത്ത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി അധികാരവികേന്ദ്രീകരണ കാലത്ത് എം.എൽ.എ.-മാരുടെ കാര്യത്തിൽ.ചെയ്തതുപോലെ നമ്മുടെ സർവ്വകലാശാല ഭരണത്തിൽ എം.എൽ.എ.-മാർ വേണമോ എന്നൊക്കെ ചോദിക്കുകയുണ്ടായി. എങ്കിലും തികച്ചും സാങ്കേതികമായിട്ടുള്ള കാര്യം തീരുമാനിക്കു ന്നിടത്ത് രണ്ടു എം.എൽ.എ.-മാരുടെ സ്ഥാനമുണ്ടോ? ഞാൻ ഇപ്പോൾ അതിനെക്കുറിച്ച് തർക്കിക്കാൻ നിൽക്കുന്നില്ല. പക്ഷേ ഒരു പ്രശ്നമുണ്ട്. ടെക്നിക്കൽ ബോഡിയിൽ, ഉദ്യോഗസ്ഥരുടേയും ടെക്നിക്കൽ ഡയറക്ടർമാരുടേയും ഒരു ഉപദേശക

LIBRARY ARCHIVES Kerala Legislative Assembly

സമിതിയിൽ, രണ്ട് എം.എൽ.എ.-മാർ ഉണ്ടെങ്കിൽ പ്രോട്ടോക്കോൾ അനുസരിച്ച് എം.എൽ.എം.-മാർ പറയുന്നതുപോലെയേ കാര്യങ്ങൾ നടക്കുകയുള്ളൂ. അത് സെലക്ട് കമ്മിറ്റിയുടെ ചർച്ചയിൽ ഞാൻ വ്യക്തമായി കണ്ടതാണ്. സാമാന്യ ബുദ്ധിയുണ്ടെങ്കിൽ ആർക്കും മനസ്സിലാക്കാൻ സാധിക്കുന്ന കാര്യങ്ങളാണ്. അതുകൊണ്ട് ഈ സമിതിയിൽ ഏറ്റവും ചുരുങ്ങിയത് മൂന്നു പരിസ്ഥിതി പ്രവർത്തകരെയെങ്കിലും ഉൾപ്പെടുത്തണം. ഉദ്യോഗസ്ഥർ അല്ലാതെ ഒന്നു വർത്തമാനം പറയാനും തർക്കിക്കാനും ഒക്കെ പറ്റുന്ന മൂന്നു പേരെങ്കിലും ഉണ്ടാകണം. അല്ലെങ്കിൽ ഈ കമ്മിറ്റിക്ക് ഇതിന്റെ ധർമ്മം നിർവ്വഹിക്കാൻ കഴിയില്ല. ഉപദേശക സമിതി എടുക്കുന്ന തീരുമാനങ്ങളിൽ അപ്പീൽ സ്വീകരിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും ട്രൈബ്യൂണൽ ഉണ്ട്. ട്രൈബ്യൂണൽ എന്തൊക്കെയാണ് തീരുമാനിക്കുന്നത്? എന്തൊക്കെയാണ് ട്രൈബ്യൂണലിന്റെ അധികാരങ്ങളായിട്ടു നിശ്ചയിച്ചിട്ടുള്ളത്? ഉപദേശക സമിതി എടുക്കുന്ന തീരുമാനങ്ങളിൽ അപ്പീൽ സ്വീകരിക്കുകയും എന്ത് നഷ്ടപരിഹാര തുക കൊടുക്കണം എന്ന് തീരുമാനിക്കുകയും ചെയ്യും. അതിർത്തി നിർണ്ണയിച്ചത് ശരിയോ തെറ്റോ എന്നു ട്രൈബ്യൂണൽ നോക്കിക്കോട്ടെ. പക്ഷേ ഏതെങ്കിലും ഭൂമി പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശമാണോ അല്ലയോ എന്നുള്ളതു തീരുമാനിക്കാൻ ട്രൈബ്യൂണലിൽ ആരാണുള്ളത്? ഒരു ഡിസ്ട്രിക്ട് ജഡ്ജി. തികച്ചും സാങ്കേതികമായ കാര്യങ്ങൾ, സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട വനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. നഷ്ടപരിഹാര തുകയല്ല, അതിർത്തി അല്ല, സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള നിയമപ്രശ്നമല്ല. പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമാണോ അല്ലയോ എന്നു തീരുമാനിച്ചു കഴിഞ്ഞാൽ അതിൽ അപ്പീൽ കേൾക്കാൻ ഒരു ജഡ്ജി മാത്രമുള്ള സമിതിക്ക് അധികാരം കൊടുത്തു കഴിഞ്ഞാൽ പിന്നെ ഈ ഉപദേശക സമിതിയുടെ തീരുമാനത്തിന് എന്ത് അർത്ഥമാണുള്ളത്? എങ്ങനെയാണ് സാങ്കേതിക തീരുമാനമെടുക്കാൻ കഴിയുക? നിയമപരമായ പ്രശ്നമല്ല. സാങ്കേതികമായ കാര്യമാണ്. അതുകൊണ്ട് ട്രൈബ്യൂണലിന് നൽകിയിരിക്കുന്ന ഈ അധികാരങ്ങളിൽ ഭേദഗതി വേണം. ഉപദേശക സമിതി എങ്ങനെയാണ് തീരുമാനങ്ങൾ എടുക്കുക. Due procedure നിർണ്ണയിക്കപ്പെട്ടിട്ടില്ല. അതിന്റെ നിർണ്ണയം വേണം. അത്തരത്തിൽ നിർണ്ണയിക്കപ്പെട്ട പ്രൊസീഡ്യുവർ ഉണ്ടായിരുന്നില്ല എന്നുള്ളതുകൊണ്ടാണ് കഴിഞ്ഞ തവണ ഓർഡിനൻസിനുശേഷം കാര്യങ്ങൾ നടപ്പാക്കിയപ്പോൾ പാരിസ്ഥിതികമായിട്ട് പ്രാധാന്യമില്ലാത്ത പ്രദേശങ്ങൾ, പട്ടണ പ്രദേശങ്ങളുടെ ചില ഭാഗങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഏറ്റെടുത്ത് അവസാനം പേരുദോഷം വന്നത്. കേരളത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിൽ വലിയൊരു സ്ഥാനം വഹിക്കേണ്ട ഈ നിയമം ഇത്തരത്തിൽ വിരുദ്ധ പൊതുജനാഭിപ്രായം സൃഷ്ടിക്കേണ്ടിവന്നിരിക്കുന്നു. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നമുക്ക് എല്ലാവർക്കും കൂടി യോജിച്ച് പാസ്സാക്കേണ്ടുന്ന ഒരു കാര്യമാണ്. അതിന്റെ ഉദ്ദേശങ്ങളെക്കുറിച്ച് ഇവിടെ ഇരിക്കുന്ന ആർക്കും എതിരഭിപ്രായമില്ല. അതുകൊണ്ട് ഈ വേളയിലെങ്കിലും ഇന്നലെയുള്ള അനുഭവങ്ങൾ കണക്കിലെടുത്തുകൊണ്ട് എങ്ങനെയാണ് 1971-ലെ നിയമത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ (3) വ്യാപകമായി ദുരുപയോഗപ്പെടുത്തി ഏറ്റെടുത്ത ഭൂമിയെല്ലാം തിരിച്ചു പിടിച്ചത് എന്നുള്ള അനുഭവം നോക്കിക്കൊണ്ട് കാര്യങ്ങൾ കൈകാര്യം ചെയ്യണം. ഇന്ന് കേരളത്തിലെ വന നിയമത്തിന്റെ അനുഭവം എന്താണ്? വനം കൊള്ളക്കാർ, കോൺട്രാക്ടർമാർ, വനം കയ്യേറ്റക്കാർ പഴുതുപയോഗിച്ച് വനഭൂമി കയ്യടക്കലിന്റെ ചരിത്രമാണുള്ളത്. ഈ അനുഭവം വച്ചുകൊണ്ട് ഈ പഴുതുകൾ അടച്ചിട്ടുവേണം ഈ നിയമം പാസ്സാക്കാൻ എന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് 2001-ൽ ഓർഡിനൻസ് എന്ന രൂപത്തിൽ കൊണ്ടുവന്നത്. ഇത്തരം ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാനുണ്ടായ പ്രധാനപ്പെട്ട ഒരു സാഹചര്യം അന്നു നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടായിരുന്നു. കേരളത്തിൽ വനംകൊള്ളയും വനം കയ്യേറ്റവും വ്യാപകമായി നടന്ന ഘട്ടത്തിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ തന്നെ നമ്മുടെ സമൂഹത്തിൽ ഉണ്ടായി. വളരെ പ്രധാനപ്പെട്ട ഒട്ടനവധി സസ്യജാലങ്ങൾ നഷ്ടപ്പെട്ടു. വനത്തിൽ ചേക്കേറിയിരുന്ന വിവിധ രൂപത്തിലുള്ള പക്ഷി മൃഗാദികൾക്കും വംശനാശം സംഭവിച്ചു. നമ്മുടെ അമൂല്യ സമ്പത്തായിരുന്ന വനത്തെ സംരക്ഷിക്കാൻ വേണ്ടിയാണ് ഇത്തരമൊരു ഓർഡിനൻസ് കൊണ്ടുവന്നത്. അതു നിയമമാക്കി മാറ്റുമ്പോൾ, ബില്ലിൽ പല വ്യവസ്ഥകളും വനത്തെ സംരക്ഷിക്കുന്ന രൂപത്തിലുള്ളതല്ല. അതു പരിഹരിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട്.

ബില്ലിൽ വനത്തെ സംബന്ധിച്ച് നിർവ്വചനമുണ്ട്. എനിക്കു മുമ്പ് ബഹുമാന്യരായ പല മെമ്പർമാരും അതു സൂചിപ്പിക്കുകയുണ്ടായി. വനത്തെ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഭാഗത്ത് തോട്ടങ്ങളെപ്പറ്റിയും സൂചിപ്പിക്കുന്നുണ്ട്. ഞാൻ ഒരിക്കലും കൃഷിക്കാർക്ക് എതിരല്ല. ഞാൻ പറയുന്നത് കൃഷിക്കാരെ സംരക്ഷിക്കുന്നതോടൊപ്പം യഥാർത്ഥ കൈവശ രേഖയുള്ള കൃഷിക്കാരെ സംരക്ഷിക്കുന്നതിനും നിയമമുണ്ടാക്കണം. ഇവിടെ അത്തരത്തിലുള്ള ഒരു നിയമമല്ല വന്നിട്ടുള്ളത്. യഥാർത്ഥ രേഖയില്ലാത്ത ഒട്ടനവധി ആളുകൾ വനംമേഖല കയ്യേറിയിരിക്കുകയാണ്. കഴിഞ്ഞ ജൂലൈ 10-ാം തീയതി ചീഫ് സെക്രട്ടറി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ ഒരു സത്യവാങ്മൂലം നൽകുകയുണ്ടായി. ആ സത്യവാങ്മൂലത്തിൽ പറയുന്നത് 10038 ഏക്കർ ഭൂമിയും 1971-നുശേഷം കയ്യേറിയതാണ് എന്നാണ്. അതിൽ 2,386 ഏക്കർ ഭൂമി മാത്രമേ നമുക്ക് ഇതുവരെ ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിൽ വിവിധ രൂപത്തിലുള്ള കൃഷികളെക്കുറിച്ചു പറയുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ഏലം കൃഷി. പല പ്രദേശങ്ങളിലും ഏലം കൃഷിക്കുവേണ്ടി ഭൂമി പാട്ടത്തിനു കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ തിരുവാംകുളത്തെ Natural Lovers Movement ഹൈക്കോടതിയിൽ ഒരു അപ്പീൽ സമർപ്പിച്ചു. ആ അപ്പീലിൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി അന്നു സത്യവാങ്മൂലം കൊടുത്തത് നിയമത്തിലൂടെ ഏലംകൃഷിക്ക് നൽകി പാട്ടത്തിനു ഏലംകൃഷി ചെയ്യാൻവേണ്ടി കൊടുത്തിരിക്കുകയാണ്. ഇപ്പോൾ ആരാണ് കാട്ടിൽ സ്ഥലം അളന്നു ഇത്ര ഏക്കർ എന്നു പറഞ്ഞ് കൊടുക്കുന്നത്. ആരും അളന്നു തിട്ടപ്പെടുത്തുന്നില്ല. പാട്ടത്തിനു കൊടുത്ത ഭൂമിയിൽ കയ്യേറി ഏലം കൃഷി ചെയ്യുകയാണ്. ഒരു അതിർത്തിയും വേലിയും കെട്ടാതെ ഇഷ്ടം പോലെ സ്ഥലത്ത് ഏലം കൃഷി ചെയ്യുകയാണ്. ഏലം കൃഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷണം കൊടുത്ത് വനഭൂമി അവർക്കു നൽകിയാൽ വനഭൂമി കേരളത്തിൽ ഉണ്ടാകുമോ? അതുകൊണ്ട് അത്തരത്തിൽ അനധികൃതമായി കയ്യേറിയ ഭൂമി പിടിച്ചെടുക്കാനും രേഖയില്ലാത്ത മുഴുവൻ ഭൂമി പിടിച്ചെടുക്കാനുമുള്ള ഒരു വ്യവസ്ഥ ഉണ്ടാകണം. ഇവർതന്നെയാണ് ഇതിന്റെ സർവേയറും വില്ലേജ് ഓഫീസറും.

മി. ഡെപ്യൂട്ടി സ്പീക്കർ: വനം അപ്പോൾ അവിടെ ഉണ്ടാകുമോ?

ശ്രീ. വി. കെ. ചന്ദ്രൻ: ഉണ്ടാവില്ല. അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞത്. യാതൊരു കാരണവശാലും ഔദ്യോഗിക രേഖയില്ലാത്ത ഭൂമി കൃഷിയുടെ പേരിൽ അവർക്കു വിട്ടുകൊടുത്തുകൂടാ എന്ന്. ഇപ്പോൾ നടക്കുന്നത് എന്താണ്? മതികെട്ടാനിലെ കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് അറിയാം. മതികെട്ടാനിലുണ്ടായ സംഗതി എന്താണെന്നുവച്ചാൽ അവിടെ അനധികൃതമായി രേഖയുണ്ടാക്കി ആ രേഖ ഉപയോഗിച്ചാണ് കയ്യേറ്റം നടന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 1942-ന് മുമ്പ് കൊടുത്തിട്ടുള്ള എല്ലാ പട്ടയങ്ങളും റദ്ദാക്കുമെന്നാണ്. കയ്യേറിയ ഭൂമിയിൽ ഇപ്പോൾ എന്താണ് സംഭവിച്ചത്? അതിൽ ഭൂരിപക്ഷവും ഇപ്പോൾ സ്വകാര്യ വ്യക്തികളുടെ കയ്യിലാണ്. 7,500 ഏക്കർ ഭൂമിയാണ് മതികെട്ടാനിലുള്ളത്. ഇവിടെ നിയമത്തെ മറികടക്കാൻ ചില വ്യവസ്ഥകളുണ്ടാക്കി അതിൽ നിന്നും രക്ഷപ്പെടാനാണ് ശ്രമിക്കുന്നത്. ഇവിടെ വളരെ ചെറിയ കൃഷിക്കാരുണ്ട്. പാലക്കാട് ജില്ലയിൽ നാല് സെന്റും അഞ്ച് സെന്റും അൻപത് സെന്റും ഒരേക്കറും ഉള്ളവരുടെ ഭൂമി ഉദ്യോഗസ്ഥർ ഓഫീസിലിരുന്ന് വെസ്റ്റ് ചെയ്തിട്ടുണ്ട് എന്ന് സെലക്ട് കമ്മിറ്റി തെളിവെടുപ്പ് നടത്തിയ അവസരത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞു. നിയമസാധൂകരണത്തെ ഇല്ലാതാക്കിമാറ്റുന്നതിനുവേണ്ടി, ഈ നിയമം തന്നെ ഇല്ലാതാക്കുന്നതിനുവേണ്ടി ചിലയാളുകൾ ബോധപൂർവ്വമായി പരിശ്രമിച്ചതിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള ഒരു നടപടിയുണ്ടായത്. ചെറുകിട കൃഷിക്കാരുടെ പേരിൽ വൻകിടകൃഷിക്കാരെ സംരക്ഷിക്കുന്ന സമീപനമാണ് ആ ഉദ്യോഗസ്ഥർ അവിടെ ചെയ്തത്. അത് ഒരിക്കലും അംഗീകരിച്ചുകൂടാ. അതുപോലെ തന്നെ ഈ ബില്ലിൽ സൂക്ഷിപ്പുകാരന്റെ അധികാരത്തെക്കുറിച്ച് പറയുന്നുണ്ട്. സൂക്ഷിപ്പുകാരന് സ്വമേധയാ ഭൂമിയെ സംബന്ധിച്ചുള്ള നടപടിയെടുക്കാനുള്ള അധികാരം ഈ ബില്ലിൽ കൊടുക്കുന്നുണ്ട്. യഥാർത്ഥത്തിൽ വനം കയ്യേറ്റം തടയുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. ഞാൻ ഇവിടെ ആദ്യം സൂചിപ്പിച്ചതുപോലെ അഞ്ചു സെന്റും പത്ത് സെന്റും അൻപത് സെന്റും ഒരേക്കറുമുള്ള കൃഷിക്കാരുടെ ഔദ്യോഗിക രേഖയുള്ള ഭൂമി വെസ്റ്റ് ചെയ്യുകയും മറ്റ് ഭൂമി കാണാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. അങ്ങനെയുള്ള ഉദ്യോഗസ്ഥർക്ക് സ്വമേധയാ ഭൂമിയെ സംബന്ധിച്ച് നടപടിയെടുക്കാനുള്ള അധികാരം കൊടുത്താൽ സംഭവിക്കാൻ പോകുന്നതെന്താണ്? പൂയംകുട്ടി പദ്ധതിയുടെ 28 ഭാഗങ്ങളിലായി ആയിരത്തോളം ഏക്കർ ഭൂമി കയ്യേറിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മംഗലം ഡാമിനടുത്ത് കരിങ്കയമെന്ന സ്ഥലത്ത് ആയിരത്തോളമേക്കർ ഭൂമി കയ്യേറിയിട്ടുണ്ട്. ഈ ഭൂമിയിൽ തേക്ക് മരങ്ങൾ വളർന്നു നിൽക്കുകയാണ്. ഇവിടെ നിന്നും തേക്കുമരങ്ങൾ സ്വകാര്യ വ്യക്തികൾ വെട്ടിക്കൊണ്ടുപോവുകയാണ്. നെല്ലിയാംപതിയിലും വമ്പിച്ച രൂപത്തിലുള്ള വനംകയ്യേറ്റം നടന്നിട്ടുണ്ട്. ഇതിനൊക്കെ സംരക്ഷണം കൊടുക്കുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥരാണ്. ഞാൻ എല്ലാ ഉദ്യോഗസ്ഥരേയും അടക്കി പറയുന്നില്ല. അത്തരത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇതിന്റെ നിയന്ത്രണം കൊടുത്താൽ കോഴിയെ കുറുക്കന്റെ കയ്യിൽ ഏല്പിക്കുന്നതുപോലെയാകും. അതുകൊണ്ട് അത്തരമൊരു അധികാരം ഇവർക്ക് കൊടുക്കാൻ പാടില്ല. ഇത് വസ്തുതാപരമായി പരിശോധിക്കാനും ഒരേക്കറിൽ താഴെഭൂമിയുള്ള കൃഷിക്കാരുടെ കാര്യങ്ങൾ നിയന്ത്രിക്കാനും നിശ്ചയിക്കാനുമുള്ള അധികാരം മാത്രമേ ഇത്തരം ഉദ്യോഗസ്ഥർക്ക് കൊടുക്കാൻ പാടുള്ളൂ. ഒരേക്കറിൽ താഴെ വരുമ്പോൾ ഉപദേശകസമിതി അതിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ടാകും. ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവരുടെ കാര്യങ്ങൾ ട്രൈബ്യൂണലിന് വിട്ടുകൊടുക്കണം. ട്രൈബ്യൂണലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അതുപോലെതന്നെയുള്ള മറ്റൊരു കാര്യമാണ് കമ്മിറ്റി. ഇപ്പോൾ ഈ കമ്മിറ്റിയിൽ ഫോറസ്റ്റ് സെക്രട്ടറി ഇല്ല. ഫോറസ്റ്റ് സെക്രട്ടറി ഇല്ലാത്തതിനെക്കുറിച്ചൊക്കെ ഇവിടെ വളരെ വിശദമായി പറഞ്ഞു. ഈ കമ്മിറ്റിയിൽ ഇപ്പോൾ പ്രധാന മുഖ്യവനപാലകനാണ് ചെയർമാൻ. ഫോറസ്റ്റ് സെക്രട്ടറി വരുന്നതേ ഇല്ല. ഈ കമ്മിറ്റിയിൽ ഫോറസ്റ്റ് സെക്രട്ടറി ഉണ്ടായിരിക്കണം. ഫോറസ്റ്റ് സെക്രട്ടറി ഈ കമ്മിറ്റിയിൽ ഉണ്ടെങ്കിൽ മാത്രമേ അത് നല്ലരീതിയിൽ നടത്തിക്കൊണ്ട് പോകാനും കുറ്റമറ്റ രീതിയിൽ ഫലപ്രദമായ രൂപത്തിൽ മുന്നോട്ടു കൊണ്ടുപോകാനും കഴിയുകയുള്ളൂ. അതുപോലെ പരിസ്ഥിതി പ്രവർത്തകരും വേണം. സമൂഹം അംഗീകരിക്കുന്ന പരിസ്ഥിതി പ്രവർത്തകർ ഈ കമ്മിറ്റിയിലുണ്ടായിരിക്കണം. ആ രൂപത്തിൽ ഈ ബില്ലിലെ അപാകതകൾ പരിഹരിച്ച്, കുറ്റമറ്റ രൂപത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഡിസന്റ് അവതരിപ്പിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ക്രിസ്ത്യൻ ആചാര പ്രകാരം മരിക്കാൻ കിടക്കുന്ന ആളിന് നൽകുന്ന ഒരു ശുശ്രൂഷയുണ്ട്, അന്ത്യകൂദാശ. ഈ ബിൽ ഇതേപോലെ പാസ്സാക്കിയാൽ കേരളത്തിലെ വനങ്ങളുടെ ചരമഗീതം കുറിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 1956-ൽ നമുക്ക് 14980 സ്കയർ കിലോമീറ്റർ വനമുണ്ടായിരുന്നു. രണ്ടായിരമാണ്ടായപ്പോൾ അത് 11,126 സ്കയർ കിലോമീറ്ററായി കുറഞ്ഞു. ഏറ്റവും ഒടുവിൽ 2003-ൽ 9400 സ്കയർ കിലോമീറ്ററാണ് ആകെയുള്ള വനവിസ്തൃതി. മനുഷ്യ സംസ്കാരത്തിന്റെ കളിവീടായ വനങ്ങൾ മനുഷ്യ വർഗ്ഗത്തിന് പ്രകൃതി നൽകിയ വരദാനമാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയെ കാത്തു സൂക്ഷിക്കുകയും മഴയെ സ്വാധീനിക്കുകയും ജലലഭ്യതയ്ക്ക് കാരണഭൂതമായിട്ടുള്ളതും വനങ്ങളാണ്. ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 51 എ(ജി)-ൽ പറയുന്നത് It shall be the duty of every citizen of India—to protect and improve the natural environment including forests, lakes, rivers and wildlife, and to have compassion for living creatures എന്നാണ്. ഭാരതത്തിന്റെ ഭരണഘടന ഇത്തരത്തിലുള്ള നിർവചനങ്ങൾ ആധികാരികമായി നടത്തിയിട്ടുണ്ടെങ്കിലും ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബില്ലിൽ, നേരത്തെ ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല, പരിധിയില്ലാതെ ഏത് വിളകൾ കൃഷിചെയ്യുകയാണെങ്കിലും അത് ഒഴിവാക്കപ്പെട്ടിരിക്കുകയാണ്. ഈ ബില്ലിലെ സെക്ഷൻ 4(2) പ്രകാരം 30 ദിവസത്തെ നോട്ടീസ് നൽകിയെങ്കിൽ മാത്രമെ ഒഴിപ്പിക്കാൻ കഴിയുകയുള്ളൂ. ഏത് ഭൂമിയിലാണെങ്കിലും തെങ്ങോ കവുങ്ങോ പിഴുതുകൊണ്ട് വച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

15 ദിവസത്തിനകം പുതിയ നാമ്പ് വരും. അപ്പോൾ കേരളത്തിലുള്ള ഏത് വനഭൂമിയും കയ്യേറി അതിൽ തെങ്ങോ കവുങ്ങോ പിഴുത് വെച്ച് അല്പം വെള്ളമൊഴിച്ച് കൊടുത്താൽ ഈ ബിൽ പ്രകാരം സംരക്ഷിക്കപ്പെടുന്ന ഭൂമിയായി മാറുകയാണ്. ആശങ്കയുടെ നാളുകളാണ് നമ്മുടെ മുമ്പിൽ നിൽക്കുന്നത്. ഇപ്പോൾതന്നെ ഓരോ വകുപ്പും കൈവശക്കാരനും പാട്ടക്കാരനും കൈവശത്തിന്റെ അനുഭവത്തിലുള്ള അവകാശങ്ങൾ മറ്റേതൊരാളേക്കാളും ഉൾപ്പെടുന്നതാകുന്നു. നമുക്ക് പട്ടയത്തിന്റെ കാര്യമറിയാം. പീരുമേട് താലൂക്കിൽ ഏഴായിരത്തോളം വ്യാജ പട്ടയങ്ങളുണ്ട്. ഇതൊരു ചെറിയ കാര്യമാണോ? വ്യാജപട്ടയങ്ങളെ സംബന്ധിച്ചുള്ള സംസ്ഥാന ഗവൺമെന്റിന്റെ അന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. വ്യാജപട്ടയങ്ങൾ ആര് എപ്പോൾ കൊടുത്തു യെന്നുള്ളത് ബഹുമാനപ്പെട്ട എ.കെ. മണിക്ക് അറിയാവുന്ന കാര്യമാണ്. അപ്പോൾ വ്യാജപട്ടയങ്ങൾ നമ്മുടെ സംസ്ഥാനം ഭരിക്കുന്ന ഒരവസ്ഥയിലേക്ക് വരുകയാണ്. വ്യാജപട്ടയങ്ങളെപ്പോലെ വ്യാജമദ്യവും വ്യാജകോളയും അങ്ങനെ വ്യാജൻമാരുടെ ഭരണമായിട്ട് മാറുന്ന ഒരു ദുഃസ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. 1980-ൽ അട്ടപ്പാടി മുച്ചിക്കൂട് നിക്ഷിപ്ത വനത്തിൽ നിന്നും തുടങ്ങിയ വ്യാജ പട്ടയത്തിന്റെ കഥകൾ ഇപ്പോൾ വാഗമണ്ണിലും കോലാഹലമേട്ടിലും വരെ എത്തിനിൽക്കുന്നു. ഞാനും ശ്രീ. ഇ. എം. അഗസ്തിയും ശ്രീ. ജോർജ്ജ് ജെ. മാത്യൂവും തേക്കടി എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റി മെമ്പർമാരാണ്. മഞ്ഞിന്റെ കിരണങ്ങൾ പുൽമേടുകളിൽ പതിക്കുമ്പോൾ ആ പുൽമേടുകളിൽ നിന്നും ഉയർന്നുവരുന്ന നീരുറവകളാണ് വേനൽക്കാലങ്ങളിൽ നമ്മുടെ നദികളിൽ വെള്ളമായി ഒഴുകിയെത്തുന്നത്. ആ പുൽമേടുകളെ സംരക്ഷിക്കാൻ വേണ്ടി എക്കോ ഡവലപ്പ്മെന്റ് കമ്മിറ്റിയിൽ വലിയ പരിശ്രമങ്ങളാണ് നടത്തുന്നത്. ആ പുൽമേടുകളെ മൊട്ടക്കുന്നെന്ന് പറഞ്ഞുകൊണ്ട്, ഭരണഘടനാ പ്രകാരം നമ്മുടെ സ്റ്റേറ്റിന്റെ സംരക്ഷണങ്ങൾ സംരക്ഷിക്കേണ്ട ഒരു മേഖല തന്നെ മൊട്ടക്കുന്നുകളെന്നുള്ള നിർവ്വചനത്തിലേയ്ക്ക് പോയിയെന്ന് പറയുന്നത് എത്രയോ നിർഭാഗ്യകരമായ ഒരനുഭവമാണ്. ഈ വകുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ എല്ലാ കാര്യങ്ങളും സുതാര്യമായി നടക്കുമെന്ന് പറയാൻ കഴിയില്ല. അതുകൊണ്ട് തന്നെ ഈ നിയമം ഇതുപോലെ പാസ്സാക്കുന്ന ഒരവസ്ഥ ഒഴിവാക്കണം. വനംവകുപ്പിൽ ധാരാളം നല്ല ഉദ്യോഗസ്ഥരുമുണ്ട്. 1,35,396 സ്കയർ കിലോമീറ്റർ വനമുള്ള മധ്യപ്രദേശിൽ ആകെയുള്ള സി.സി.എഫ്.-മാരുടെ എണ്ണം 12 ആണ്. 9400 സ്കയർ കിലോമീറ്ററുള്ള

കേരളത്തിൽ 18 സി.സി.എഫ്-മാരുണ്ട്. 1,35,396 സ്കയർ കിലോമീറ്ററുള്ളയിടത്ത്

[11 A.M.] 12 സി.സി.എഫ്-മാരും 9400 സ്കയർ കിലോമീറ്ററുള്ള സ്ഥലത്ത് 18 സി.സി.എഫ്-മാരും

അത് വീണ്ടും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണം ഏറ്റെടുത്തുകൊണ്ട് ആദ്യം നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞത് 18 എന്നുള്ളത് 12 ആക്കി ചുരുക്കുമെന്നാണ്. 12 ആക്കി ചുരുക്കിയില്ലെന്നു മാത്രമല്ല 18-ന്റെ സ്ഥാനത്ത് ഇരുപതോ ഇരുപത്തിരണ്ടോ ആക്കാൻവേണ്ടിയുള്ള നടപടികൾ ഉണ്ടാകാൻ പോകുന്നു. നമ്മുടെ വനംവകുപ്പിനെ ആവാസ കേന്ദ്രങ്ങളാക്കി മാറ്റി നമ്മുടെ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.സി.പി. ജോൺ ഇന്നലത്തെ മലയാള മനോരമ പത്രത്തിന്റെ എഡിറ്റോറിയൽ കോളത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത്? കേരളത്തിൽ രണ്ടുവർഷം മുമ്പ് 72,000 ചന്ദനമരങ്ങൾ ഉണ്ടായിരുന്നു. വനംവകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോഴത്തെ ഔദ്യോഗിക കണക്കുപ്രകാരം ചന്ദനമരങ്ങളുടെ എണ്ണം 66,000 മാത്രമാണ്. കഴിഞ്ഞ രണ്ടുവർഷക്കാലത്തെ പ്ലാനിംഗ് ബോർഡിന്റെ കണക്കാണ്. പ്ലാനിംഗ് ബോർഡിന്റെ രണ്ടു വർഷക്കാലത്തെ കണക്കുപ്രകാരംതന്നെ 6,000 ചന്ദനമരങ്ങൾ പോയിരിക്കുന്നു. ഇതിനുമുമ്പ് കേരളത്തിൽ എത്രയോ ഭരണകൂടങ്ങൾ ഉണ്ടായിരുന്നു. എന്തുകൊണ്ട് ചന്ദനമരങ്ങൾ പോയില്ല? കഴിഞ്ഞ രണ്ടു വർഷക്കാലത്തെ ഈ ഭരണത്തിനിടയിൽ മാത്രം ഇത്രയും ചന്ദനമരങ്ങൾ പോയിയെന്ന് സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ മെമ്പർതന്നെ ആധികാരികമായി ഒരു കത്ത് പത്രാധിപർക്ക് എഴുതിയെന്നുപറയുമ്പോൾ എത്രയോ ഗുരുതരമായ അവസ്ഥയിലേക്കാണ് കാര്യങ്ങൾ ചെന്നുനിൽക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച ആക്ഷേപങ്ങൾ നിഷേധിക്കാൻ ഭരണകക്ഷിക്ക് കഴിയുമോ? എങ്ങനെയാണ് ചന്ദനതൈലം നമ്മുടെ ലോക്കറുകളിൽനിന്ന് കാണാതാകുന്നത്? വെടിവച്ചാൽ കയറാത്ത നമ്മുടെ ലോക്കറുകളിൽനിന്ന് ചന്ദനതൈലം ബാഷ്പീകരിച്ച് പോയിരിക്കുകയാണ്. അല്ലെങ്കിൽ വെള്ളമായി മാറുകയാണ്.ഇന്ത്യാരാജ്യത്തെ ഏറ്റവും വലിയ വനംകൊള്ളയുടെ കേന്ദ്രമായി കേരളം മാറുന്നു എന്നുള്ളതുകൊണ്ട് കേരളത്തിലെ ജനങ്ങൾ ഈ ബില്ലിനെ സംബന്ധിച്ച് കടുത്ത ആശങ്കയിലാണ്. കേരളത്തിലെ വനമെന്നു പറയുന്നത് ജൈവസമ്പുഷ്ടമായ മേഖലയാണ്. കേരളത്തിലെ ഏറ്റവും വലിയ വനം ഡിവിഷൻ പ്രതിനിധാനം ചെയ്യുന്ന ഒരു മെമ്പറാണ് ഞാൻ. കേരളത്തിലെ ഏറ്റവും വലിയ മഴക്കാട്, കേരളത്തിലെ ഏറ്റവും കൂടുതൽ ജൈവവൈവിധ്യത്തിന്റെ കലവറയായ ഈ കാടുകൾ എവിടെപ്പോകും; ഈ വൈവിധ്യങ്ങൾ എവിടെപ്പോകും? നമുക്ക് ഒരു വരുംതലമുറ വേണ്ടേ? വരുംതലമുറയെ സംബന്ധിച്ചിടത്തോളം ആലോചിക്കാൻ ശേഷിയുള്ള ഏതെങ്കിലും ഭരണകൂടങ്ങളെ നിയന്ത്രിക്കുന്ന ശക്തികൾ ഇത്തരത്തിൽ വനത്തെ ഉന്മൂലനം ചെയ്യാൻവേണ്ടിയുള്ള നിയമനിർമ്മാണത്തിലേക്ക് കാലുകുത്താൻ ആഗ്രഹിക്കുമോ? അതിന് സന്നദ്ധമാകുമോ? അത്തരത്തിൽ പോകുകയാണെങ്കിൽ അതിനെ നിയന്ത്രിക്കേണ്ട ബാദ്ധ്യത നമ്മുടെ രാജ്യത്തിലെ ജനപ്രതിനിധികൾക്കും ഭരണ മുന്നണിക്കും രാഷ്ട്രീയ നേതാക്കൻമാർക്കുമില്ലേ? ഈ നിയമത്തിൽനിന്നും വനംവകുപ്പ് സെക്രട്ടറിയെ ഒഴിവാക്കിയിരിക്കുന്നു. വനംവകുപ്പ് സെക്രട്ടറിയും വനംവകുപ്പുമന്ത്രിയും തമ്മിൽ എന്തോ കടിപിടി ഉണ്ടായതിനെ സംബന്ധിച്ച് ധാരാളം കേട്ടു. പക്ഷേ ഇത്തരമൊരു നിയമനിർമ്മാണം നടത്തുമ്പോഴെങ്കിലും വനംവകുപ്പ് സെക്രട്ടറിയെ ഒഴിവാക്കണോ? കേരളത്തിൽ ഇത്രയും സുപ്രധാനമായ, കേരളമാകെ ഉറ്റുനോക്കുന്ന, ഭാരതമാകെ ഉറ്റുനോക്കുന്ന ഒരു നിയമ നിർമ്മാണം നടപ്പിലാക്കുമ്പോൾ ഇതിന്റെ പരിശോധന നടത്തിയ ട്രൈബ്യൂണലിനെ ഒഴിവാക്കിയിരിക്കുകയാണ്. ഇത്തരത്തിലുള്ള ഗുരുതരമായ വീഴ്ചയാണ് ഈ ബില്ലിൽ വന്നിരിക്കുന്നത്. വനം കയ്യേറ്റക്കാർക്ക് സ്തുതി പാടുന്ന, വനം കയ്യേറ്റക്കാരെ സഹായിക്കുന്ന, കേരളത്തിന്റെ ബയോസ്ഫിയർ ആകെ തകർക്കുന്ന, നമ്മുടെ പ്രകൃതിയെ തകർക്കുന്ന ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള നിയമങ്ങൾ മാറ്റിവച്ചുകൊണ്ട്, മെച്ചപ്പെട്ട ഓർഡിനൻസിന് ആധികാരികമായ ഒരു നിയമനിർമ്മാണം നടത്തണമെന്നുള്ളതാണ് ഈ വിയോജനകുറിപ്പിലൂടെ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വളരെ നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവന്ന് ഇപ്പോൾ നിയമമാക്കാൻ പോകുന്നത്. ഈ നിയമം കൊണ്ടു വരാൻ ഉദ്ദേശിച്ചതുതന്നെ നമ്മുടെ വനസമ്പത്ത് സംരക്ഷിച്ച് നിർത്തുന്നതിനുവേണ്ടിയാണ്. അതുപോലെ നമ്മുടെ പരിസ്ഥിതിയിലുള്ള സംതുലനാവസ്ഥ നിലനിർത്തുകയും ചെയ്യണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എന്നാൽ ഇപ്പോൾ സെലക്ട് കമ്മിറ്റി കഴിഞ്ഞ് പുതിയ നിർദ്ദേശങ്ങൾ വരുമ്പോൾ വനത്തിന്റെ നിർവ്വചനത്തിൽത്തന്നെ മാറ്റം വരുത്തിയിരിക്കുകയാണ്. വനത്തിന്റെ നിർവ്വചനത്തിൽ വരുന്ന മാറ്റം ഉള്ള വനംപോലും നഷ്ടപ്പെടാൻ മാത്രമേ സഹായിക്കൂ എന്നുള്ളതുകൊണ്ടാണ് ഡിസന്റിംഗ് നോട്ട് എഴുതാനും അതിന്റെ അടിസ്ഥാനത്തിൽ സംസാരിക്കാനും ഇടയായത്. ഇപ്പോൾ നിലമ്പൂർ കോവിലകത്തെ ഭൂമി ഏറ്റെടുത്തതിനെതിരായുള്ള റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. ആ വിധിയിൽ വനം എന്താണെന്ന് കൃത്യമായി നിർവ്വചിച്ചിട്ടുണ്ട്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വനസംരക്ഷണത്തിന് ആവശ്യമായിട്ടുള്ള നിയമം കൊണ്ടുവരേണ്ടതാണെന്നും ആ വിധിയിൽ വ്യക്തമായി പറയുന്നുണ്ട്. വനത്തിന്റെ നിർവ്വചനത്തിൽ സുപ്രീംകോടതി പറഞ്ഞിട്ടുള്ളത്, Forest should be designed in the dictionary sense of the term എന്നാണ്. ആ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ സംസ്ഥാനത്തിനകത്ത് ഏലം, തേയില, കാപ്പി, റബ്ബർ, കുരുമുളക്, കൊക്കോ എന്നുവേണ്ട എല്ലാ സാധനങ്ങളും കൂടെ ഉൾപ്പെടുന്നതല്ലായെന്നു പറഞ്ഞ് അതിന്റെ ഉദ്ദേശശുദ്ധിയെ തന്നെ ചോദ്യം ചെയ്യുന്ന രൂപത്തിലാണ് ഈ മാറ്റം വരുത്തിയിരിക്കുന്നത്. ഉദാഹരണത്തിന് സൈലന്റ് വാലി, നെല്ലിയാമ്പതി, ഇടുക്കി ജില്ലയിലെ പ്രദേശങ്ങളെല്ലാം പരിശോധിച്ചാൽ അവിടെയെല്ലാം സ്വാഭാവിക വനങ്ങളിൽത്തന്നെ കാപ്പിയും കുരുമുളകും ഗ്രാമ്പൂവും ഏലവുമെല്ലാം വളർന്നുവരുന്നുണ്ട്. വൻതോതിൽ ദുർവിനിയോഗം ചെയ്യാനും വനംകൊള്ളക്കാരെ സഹായിക്കുന്നതിനും മാത്രമേ ഈ നിർവ്വചനം സഹായിക്കുകയുള്ളൂ. സുപ്രീംകോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശം അനുസരിച്ചുതന്നെ വനത്തിന്റെ നിർവ്വചനം നിലനിർത്താനും ആവശ്യമെങ്കിൽ ഈ വിളകളെ സംബന്ധിച്ച് സബ് ക്ലോസ്സ് ചേർക്കാവുന്നതുമാണ്. ആ രൂപത്തിൽ ഇത് ഭേദഗതി വരുത്തണം എന്നാണ് എന്റെ അഭിപ്രായം. എൽ.ഡി.എഫ്. ഗവൺമെന്റ് ഓർഡിനൻസിലൂടെ ഏറ്റെടുത്തത് 11,037.03 ഹെക്ടർ വനഭൂമിയാണ്. ഈ വനഭൂമി ഏറ്റെടുക്കുന്നതിനെതിരായി Transaction Shipping Service Project Ltd. എന്നുപറയുന്ന ഒരു സ്ഥാപനം ഒ.പി.നമ്പർ 17868/02 ആയിട്ട് ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ആ കേസ്സിൽ ഹൈക്കോടതി ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആവശ്യവുമായിട്ടുള്ള മുഴുവൻ രേഖകളും കയ്യിൽ ഉണ്ടായിരുന്നിട്ടും ഗവൺമെന്റിനു വേണ്ടി ഹാജരായ വക്കീൽ ഈ രേഖകൾ കൊടുത്തില്ല. അങ്ങനെ കൊടുക്കാത്തതിനെ തുടർന്ന് കമ്പനിക്ക് 40 ഹെക്ടർ സ്ഥലം തിരികെ കൊടുക്കാൻ ഹൈക്കോടതി ഉത്തരവായി. അതിന്റെ ഫലമായി എന്തു സംഭവിച്ചു? ഈ അടിസ്ഥാനത്തിൽ തങ്ങൾക്കും ഈ വിധി ബാധകമാണ്, അതുകൊണ്ട് ഈ ഭൂമി തങ്ങൾക്കു തിരിച്ചുതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഴയ ഓർഡിനൻസിലൂടെ ഏറ്റെടുത്ത ഭൂമി തിരികെ പിടിക്കുന്നതിന് ആയിരവും രണ്ടായിരവും ഹെക്ടർ ഭൂമി കൈവശം വച്ചിട്ടുള്ള വൻകിട തോട്ടം ഉടമകളും

മുതലാളിമാരും 39 ഒ. പി.-കൾ പുതിയതായി ഇപ്പോൾ ഫയൽ ചെയ്തിരിക്കുകയാണ്. എന്താണ് അതിന്റെയർത്ഥം? സർക്കാർ ഈ കാര്യത്തിൽ വളരെ ഗൗരവമായി ശ്രദ്ധിച്ചില്ല. പോപ്സൺ, ആർ.ബി.ടി., മലയാളം പ്ലാന്റേഷൻ തുടങ്ങിയ മൾട്ടിനാഷണലായിട്ടുള്ള വൻ മുതലാളിമാരാണ് ഒ.പി.-യുമായിട്ട് വന്നിരിക്കുന്നത്. ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കുന്ന ഒരു ഗവൺമെന്റിന് ആ ഭൂമി സംരക്ഷിക്കാൻ എങ്ങനെയാണ് കഴിയുക?

ശ്രീ. കളത്തിൽ അബ്ദുള്ള: 100 ഏക്കർ അല്ലെങ്കിൽ 50 ഏക്കർ ഭൂമിയുള്ള ഒരു കുടുംബം അവരുടെ ഭൂമി വെസ്റ്റഡ് ഫോറസ്റ്റ് ആക്ട് പ്രകാരം ഏറ്റെടുത്ത് അത് ഒ.പി.-യായി ഹൈക്കോടതിയിലും സുപ്രീംകോടതിയുടെ ബഞ്ചുകളിലും നീങ്ങി നിരങ്ങി. അവർക്ക് ഒരു 15 ഏക്കർ വിട്ടുകൊടുത്ത്, ആ ഭൂമിയടക്കം നിങ്ങളുടെ പഴയ നിയമത്തിന കത്ത് എന്തെങ്കിലും.....

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഞാൻ പറയുന്നത്, അനധികൃതമായി ആര് ഭൂമി കൈവശം വച്ചിട്ടുണ്ടെങ്കിലും ആ ഭൂമി ഗവൺമെന്റിന്റേതാണ്, അത് ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കണം, അതിന് വിഘാതമായി നിൽക്കുന്നത് ഒരു നിലയിലും അംഗീകരിക്കാൻ കഴിയില്ല എന്നാണ്. അതുമാത്രമല്ല, വിട്ടുകൊടുക്കുന്ന ഭൂമിയെ സംബന്ധിച്ച് ഒരു വ്യക്തത വേണ്ടേ? ഈ നിയമം നിയമസഭ പാസ്സാക്കിക്കഴിഞ്ഞാൽ അർഹതയുള്ളവർ ആരൊക്കെ, ആർക്കൊക്കെ ഭൂമി തിരിച്ചുകൊടുക്കണം എന്ന് തീരുമാനിച്ചാൽ അത് വിട്ടുകൊടുക്കാനുള്ള കാലാവധി നിശ്ചയിക്കണം. അങ്ങനെ ഒരു കാലാവധി ഈ ബില്ലിലുണ്ടോ? അതു മാത്രമല്ല, നമ്മുടെ കേരളത്തിൽ വനത്തിന്റെ വിസ്തീർണ്ണം കുറഞ്ഞ് കുറഞ്ഞ് വരികയാണ്. അങ്ങനെ കുറഞ്ഞുകുറഞ്ഞു വരുന്ന സന്ദർഭത്തിൽ ആക്ടിൽ പറയുന്നതുപോലെ ഭൂമി തിരിച്ചുകൊടുക്കുന്നതിന് വ്യക്തമായ നിലപാട് നിശ്ചയിക്കണം. വ്യക്തമായ നിർവ്വചനത്തിലൂടെ അതിന് കഴിയേണ്ടതാണ്. ഈ നിയമം ഇവിടെ കൊണ്ടുവന്നതു തന്നെ ecological hot spot-കൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ്. ആ ലക്ഷ്യത്തോടുകൂടിയാണോ സർക്കാർ ഇതിനെ കാണുന്നത്? സർക്കാർ രേഖകളിൽ ഏതിലെങ്കിലും വനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് വനമായി പരിഗണിക്കണം എന്നാണ് സുപ്രീംകോടതിയുടേയും കേന്ദ്രഗവൺമെന്റിന്റേയും നിലപാട്. ആ നിലപാട് നിലനിൽക്കവേയാണ് ഇത്രയും ലിബറലായിട്ടുള്ള സമീപനം ഗവൺമെന്റ് ഈ കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. മാത്രമല്ല, വനം എന്നതിൽ നിന്ന് തോട്ടങ്ങളെ ഒഴിവാക്കുമെന്ന് പറയുന്നു. തോട്ടങ്ങളെ ഒഴിവാക്കുമ്പോൾ അതിനുവേണ്ടി കാലാവധി നിശ്ചയിക്കണം. ഏത് കാലം മുതലുള്ള തോട്ടങ്ങളാണ്, ഇന്നലെ തുടങ്ങിയ തോട്ടങ്ങളാണോ എന്നൊക്കെ നോക്കണം. അതുകൊണ്ട് 1977-ന് മുമ്പുള്ള തോട്ടങ്ങളുടെ നിർവ്വചനമാണ് വേണ്ടത്. വീടും അതിന് ചുറ്റുമുള്ള വനം എന്നുപറയുന്നത് വൻകിടക്കാർക്ക് അത് സൗകര്യം ചെയ്തുകൊടുക്കലാണ്. വൻകിടക്കാരന് അത് കയ്യടക്കാൻ ഒരു വിഷമവുമില്ല. അടുത്ത കാലത്ത് കയ്യേറിയവരെയും സഹായിക്കാൻ മാത്രമേ ഇത്തരത്തിലുള്ള ഭേദഗതികൾ ഉപകരിക്കുകയുള്ളൂ. 1971-ലെ വനം ആക്ട് സെക്ഷൻ 3(1) അനുസരിച്ച് ഭൂമി വിട്ടു കൊടുക്കാൻ പാടില്ല എന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ റൂഷിയാല പൊതു താല്പര്യ ഹർജി ഒ.പി. നമ്പർ 19885/95 ഹൈക്കോടതിയുടെ ഫുൾ

LIBRARY ARCHIVES Kerala Legislative Assembly

ബഞ്ചിൽ ഒരു വിധി പ്രഖ്യാപിച്ചു. ആ വിധിയിൽ 1991-ലെ നിയമത്തിൽ ഉൾപ്പെട്ട ഭൂമിയാണെങ്കിൽ അത് വിട്ടുകൊടുക്കണമെന്ന് പറയുന്നുണ്ട്. അത് സംബന്ധിച്ച് അഭിപ്രായം തേടുന്നതിന് ഇന്ത്യാഗവൺമെന്റ് പോലും Solicitor General-ന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. മാത്രമല്ല, കേന്ദ്രം വളരെ ഗൗരവമായി കാണുന്ന ഈ പ്രശ്നം സംസ്ഥാന ഗവൺമെന്റ് ലാഘവത്തോടുകൂടിയാണ് കാണുന്നത്. ഇതുവരെ ഏറ്റെടുത്തശേഷം വിട്ടുകൊടുത്ത ഭൂമിയും കേന്ദ്ര വനം നിയമത്തിൽ ബാധകമാക്കണമെന്നുള്ള അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോൾ One Earth One Life എന്ന് പറയുന്ന സംഘടനയുടെ പ്രതിനിധി ശ്രീ. ടോണി തോമസ് Central Empowered Committee-യുടെ മുമ്പാകെ നൽകിയ ഹർജി പരിഗണനയിലിരിക്കുകയാണ്. അപ്പോൾ തോട്ടം ഉടമകളെ രക്ഷിക്കാനുള്ള നടപടിയാണ് ബില്ലിലൂടെ മറിക്കടക്കാൻ പോകുന്നത് എന്ന് വ്യക്തമായിട്ടുണ്ട്. ബില്ലിലെ 7-ാം വകുപ്പിൽ പറയുന്നത് അനധികൃത കയ്യേറ്റക്കാർക്ക് 30 ദിവസത്തെ നോട്ടീസ് നൽകിയ ശേഷം ഒഴിപ്പിക്കാം എന്നാണ്. ഗവൺമെന്റിന്റെ കയ്യിലിരിക്കുന്ന ഭൂമിയിൽ ഇന്നു വൈകുന്നേരം ആരെങ്കിലും കയറിയാൽ നാളെ രാവിലെ ഉദ്യോഗസ്ഥർ ചെയ്യേണ്ടത് അവരെ ഇറക്കി വിടുകയാണോ അതോ അവർക്ക് 30 ദിവസം കഴിഞ്ഞ് നോട്ടീസ് കൊടുക്കാം എന്ന് വിചാരിക്കുകയാണോ? ഈ ബില്ലിൽ എന്ത് വ്യവസ്ഥയാണുള്ളത്? വനം കയ്യേറ്റം നടന്നാൽ, മരങ്ങൾ വച്ചുപിടിപ്പിച്ചാൽ, അതിന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ ചെയ്യുന്നത് 2000 രൂപ പിഴ അടപ്പിക്കുകയാണ്. രണ്ടായിരം രൂപ പിഴയടച്ചാൽ അതുംകൊണ്ടാണ് വില്ലേജാഫീസിൽ പോയി രേഖ ഉണ്ടാക്കുന്നത്. പിന്നെ കുറച്ചു കാലത്തേക്ക് അനക്കമില്ല. അതുകഴിഞ്ഞാൽ സ്ഥിരം റെക്കോർഡായി. അങ്ങനെയാണ് ഭൂമി മുഴുവനും അനധികൃതമായി കയ്യേറിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ നിലയിലുള്ള മാറ്റങ്ങളോടുകൂടി ഈ ബിൽ അവതരിപ്പിക്കണം. ഒരു നിലയിലും ഈ ബിൽ നിങ്ങൾ ഉദ്ദേശിക്കുന്ന വിധത്തിൽ ഫലപ്രദമായി വനം സംരക്ഷിക്കാൻ സഹായകരമല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഞാനും ഒക്കെകൂടി വാഗമണ്ണിൽ പോയി.....

മി. ഡെ. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഗവൺമെന്റിന് കിട്ടിയത് 110 ഏക്കറാണ്. 35 ഏക്കർ വിട്ടുതരാമെന്ന് വേറൊരാൾ പത്രസമ്മേളനത്തിൽ പറയുകയാണ്, ഇത് എന്തു നയമാണ് സർ? അതുകൊണ്ട് ഇത് വീണ്ടും ഇതേ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, പേരിനോടുപോലും ആത്മാർത്ഥത പുലർത്താതെയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്ന ഈ ബിൽ കേരളത്തിലെ വനം സംരക്ഷിക്കാനും പരിസ്ഥിതി സംരക്ഷിക്കാനും എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു എന്ന് കേരളത്തിലെ ജനങ്ങൾ സമ്മതിക്കും. മുഴുവൻ അന്തഃസത്തയും നശിപ്പിച്ച് യാതൊരു വിലയുമില്ലാത്ത ഒരു സ്കെൽട്ടൺ ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഒരു മനുഷ്യനെ സൽഫ്യൂറിക് ആസിഡിലിട്ട് മജ്ജയും

LIBRARY ARCHIVES Kerala Legislative Assembly

മാംസവും എല്ലാം അലിയിപ്പിച്ച് എല്ല് കൊണ്ടുവന്ന് കാണിക്കുന്നതുപോലെയാണ് ഈ ബിൽ. കഴിഞ്ഞ ദിവസം യൂണിവേഴ്സിറ്റി ബിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ. സൂപ്പി സാഹിബിനുവേണ്ടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയാണ് അവതരിപ്പിച്ചത്. അദ്ദേഹത്തിന്റെ പാർട്ടി നേതാവാണ്. ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി ഇവിടെയില്ല. അദ്ദേഹത്തിന്റെ മാതാവ് മരിച്ചതിൽ ഞാൻ ദുഃഖിക്കുന്നു. അദ്ദേഹത്തിന്റെ മാതാവിന് ഞാൻ നിത്യശാന്തി നേരുകയാണ്. അദ്ദേഹത്തിനു പകരം ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഏല്പിച്ചിരിക്കുകയാണ്. അദ്ദേഹത്തെ ഏല്പിച്ചതിൽ ഞാൻ കുറ്റം കാണുന്നില്ല. അദ്ദേഹം നിയമം അറിയാവുന്ന ഒരു മന്ത്രിയാണ്. പക്ഷേ കേരള സംസ്ഥാനത്തിലെ ജനങ്ങളുടെ മുമ്പിൽ മതികെട്ടാൻ ഉൾപ്പെടെയുള്ള ഇഷ്യൂ എടുത്തു പരിശോധിക്കുമ്പോൾ ഇപ്പോഴത്തെ റവന്യൂ വകുപ്പുമന്ത്രിയെപ്പറ്റിയുള്ള കാഴ്ചപ്പാട് വനം സംരക്ഷിക്കുന്ന കാര്യത്തിൽ അത്ര ഗുണകരമല്ല. അത് നിഷേധിക്കാൻ പറ്റില്ല. **********(ബഹളം.....)

ശ്രീ. പി. സി. ജോർജ്: ഞാൻ അത് പിൻവലിക്കുകയാണ്.

മി. ഡെ. സ്പീക്കർ: അത് രേഖയിൽ കാണില്ല. അദ്ദേഹം അത് പിൻവലിച്ചു.

ശ്രീ. പി. സി. ജോർജ്: സർ, കള്ളനെ കാവലേല്പിച്ചു എന്ന വാക്ക് ഞാൻ പിൻവലിച്ചു. കള്ളനെന്ന് വിളിക്കാൻ മാത്രം ഞാൻ മോശക്കാരനല്ല. വേറൊരു കാര്യമുണ്ട്. കുറുക്കന്റെ കയ്യിൽ കോഴിയെ ഏല്പിച്ചു എന്ന് പറഞ്ഞാൽ ആർക്കും പരാതി ഇല്ലല്ലോ? ഏതായാലും മതികെട്ടാൻമല ഉൾപ്പെടെയുള്ള കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുമ്പോൾ ഈ ബിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഏല്പിച്ചത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. അദ്ദേഹം മോശക്കാരനായതു കൊണ്ടല്ല. അങ്ങനെയൊരു തെറ്റിദ്ധാരണ ആർക്കും വേണ്ട. ഞാൻ ഈ വിയോജനക്കുറിപ്പ് എഴുതുവാനുണ്ടായ കാരണം .....(ബഹളം).....ഞാൻ നിങ്ങൾക്കെതിരായി ഒന്നും പറഞ്ഞില്ലല്ലോ. അങ്ങ് എന്നെ പ്രൊട്ടക്ട് ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പേടി വേണ്ട, അങ്ങേക്ക് സംസാരിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ വിയോജനക്കുറിപ്പിൽ പറഞ്ഞിരിക്കുന്നത് മറ്റൊന്നുമല്ല. കേരളത്തിലെ കണ്ടൽക്കാടുകളെ സംരക്ഷിക്കുക. പരിസ്ഥിതിയെ സംരക്ഷിക്കാൻ കണ്ടൽക്കാടുകൾ രക്ഷിച്ചേ മതിയാകൂ. അതുപോലെതന്നെ നമ്മുടെ ഗ്രാസ് ലാൻഡ്, ഈ സഭയിൽത്തന്നെ പല അംഗങ്ങളും പറഞ്ഞ കാര്യമാണ്. നമ്മുടെ ഗ്രാസ് ലാൻഡ് നശിപ്പിച്ചുകളഞ്ഞാൽ പരിസ്ഥിതി പ്രശ്നം ഗുരുതരമാകില്ലേ; മഴ ഇല്ലാതാകില്ലേ? കണ്ടൽക്കാടുകളും ഗ്രാസ് ലാൻഡും സംരക്ഷിക്കണം. അതിനെ ആർക്ക് എതിർക്കാൻ പറ്റും? ഈ ബിൽ പാസ്സാക്കിയാൽ നമ്മുടെ കണ്ടൽക്കാടുകളെ സംരക്ഷിക്കുവാൻ കഴിയുമോ? എന്തിനാണ് ഈ നിയമനിർമ്മാണം. ഈ നിയമം വലിച്ചെറിയണമെന്ന അഭിപ്രായമാണെനിക്കുള്ളത്. ഈ ബില്ലിന്റെ ചർച്ചയിലൂടെ സഭയുടെ വിലയേറിയ സമയം

***** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അനാവശ്യമായി ചെലവഴിക്കുന്നു എന്ന കാഴ്ചപ്പാടാണ് എനിക്കുള്ളത്. ഒരു സെന്റ് ഭൂമി തിരിച്ചുപിടിക്കാൻ, കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ, നമ്മുടെ ഗ്രാസ് ലാൻഡ് സംരക്ഷിക്കാൻ, നമ്മുടെ വനത്തെ സംരക്ഷിക്കാൻ ഈ നിയമത്തിൽ ഒരു വ്യവസ്ഥയുമില്ല. പിന്നെ എന്തിനാണ് ഈ നിയമം പാസ്സാക്കുന്നത്; അതിന്റെ ആവശ്യം എന്താണ്? ഉദാഹരണത്തിന് മൂന്നാർ മേഖല എടുക്കാം. മൂന്നാർ മേഖലയിൽ ടാറ്റാ ഉൾപ്പെടെയുള്ള വൻകിട മുതലാളിമാർ കണ്ടൽക്കാടുകളും പുൽമേടുകളും എക്സ്കവേറ്റർ ഉപയോഗിച്ച് നശിപ്പിച്ചു. ചതുപ്പുനിലങ്ങളെ മുഴുവനും നശിപ്പിച്ച് തേയിലത്തോട്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. നമുക്കെന്ത് ചെയ്യാൻ പറ്റും? പ്രതിപക്ഷനേതാവും ഞാനുമുൾപ്പെടെ അവിടെപോയി നേരിട്ട് കണ്ടതാണ്. അവിടത്തെ ചതുപ്പുനിലങ്ങൾ മുഴുവനും നശിപ്പിക്കപ്പെട്ടിരിക്കുന്നു. അവിടത്തെ പരിസ്ഥിതിയെ സംരക്ഷിക്കുന്ന കണ്ടൽക്കാടുകളെ മുഴുവനും വെട്ടിനശിപ്പിച്ചിരിക്കുന്നു. നമുക്ക് എന്ത് ചെയ്യാൻ കഴിയും? സംസ്ഥാന സർക്കാരിനെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ടാറ്റ ഉൾപ്പെടെയുള്ള വൻകിട മുതലാളിമാർ അവിടെ അവരുടേതായ സാമ്രാജ്യം സ്ഥാപിക്കുമ്പോൾ അവരെ നിലയ്ക്ക് നിറുത്താനുള്ള നിയമനിർമ്മാണത്തിന് പോലും നമ്മുടെ സർക്കാരിന്, ഈ സഭയ്ക്ക് കഴിയുന്നില്ല എന്നത് അപമാനകരമല്ലേ?

<u>ശ്രീ. എ. കെ. മണി:</u> സർ, ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇത് ഏത് കാലയളവിലാണ് ഉണ്ടായതെന്നുകൂടി ബഹുമാനപ്പെട്ട മെമ്പർ പറയണം. ബ്രിട്ടീഷുകാരുടെ കാലഘട്ടം മുതൽ ഉണ്ടായതാണ്.

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ബഹുമാനപ്പെട്ട അണ്ണാച്ചിയോട് ഞാൻ പറഞ്ഞേക്കാം. പഴയ ചരിത്രമൊക്കെ എനിക്കറിയാം. ഞാൻ പറയും. മര്യാദയ്ക്ക് ഇരുന്നോ .....(ബഹളം)..... ഞാൻ പറഞ്ഞത്, മൂന്നാർ മേഖലയെപ്പോലെയാണ് എന്റെ നിയോജകമണ്ഡലത്തിന്റെ തൊട്ടടുത്ത പ്രദേശമായ വാഗമൺ. വാഗമണിൽ ഒരു ഭീഷണിയുമില്ല. ലോകത്തിലെത്തന്നെ അപൂർവ്വമായ ഗ്രാസ് ലാൻഡ് മേഖലയാണ് വാഗമൺ. ആ മേഖലയിൽ ചങ്ങനാശ്ശേരിക്കാരനായ ജെയിംസ് എന്ന ഒരു വ്യക്തി കയ്യേറി ഗ്രാസ് ലാൻഡ് മുഴുവനും വെട്ടിനശിപ്പിച്ച് തേയിലകൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ നേരിട്ട് കണ്ടതാണ്. അയാൾ കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങളും മറ്റ് ചമയങ്ങളും ഒഴിവാക്കാൻ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് .....(ബഹളം)..... കാർഷിക യൂണിവേഴ്സിറ്റിയുടെ കയ്യിലുള്ള 84 ഹെക്ടർ സ്ഥലത്തിനകത്ത് എങ്ങനെ ആ മുതലാളിക്ക് 2 ഏക്കർ സ്ഥലം വരും. 2 ഏക്കർ സ്ഥലത്തിനകത്ത് എങ്ങനെ റിസോർട്ട് പണിയാൻ കഴിയും? ഫോറസ്റ്റിന്റെ കൈവശം ഇരിക്കുന്ന 2 ഏക്കർ സ്ഥലം പ്രൈവറ്റ് വ്യക്തി കയ്യേറി. ആ നിലയ്ക്ക് ഒരു കാരണവശാലും ഈ നിയമം ഇവിടെ പാസ്സാക്കിയിട്ട് ഒരു കാര്യവുമില്ല. ഈ നിയമംകൊണ്ട് ഫോറസ്റ്റിനെ രക്ഷിക്കാൻ കഴിയില്ല. നമ്മുടെ കണ്ടൽക്കാടുകളെ രക്ഷിക്കാൻ, ചതുപ്പുനിലങ്ങളെ രക്ഷിക്കാൻ കേരളത്തിന്റെ പരിസ്ഥിതിയെ രക്ഷിക്കാൻ കഴിയാത്ത ആർക്കും വേണ്ടാത്ത ഈ നിയമം പാസ്സാക്കിയിട്ട് ഒരു ഗുണവും ഇല്ല എന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, റൂൾ 288 അനുസരിച്ച് ഒരു Point of Order ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട പൂഞ്ഞാർ മെമ്പർ എന്റെ സഹപ്രവർത്തകനും സ്നേഹിതനും ദേവികുളം എം.എൽ.എ.-യുമായ ശ്രീ. എ.കെ. മണിയെ അണ്ണാച്ചി എന്നു

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ച് ആക്ഷേപിക്കുകയും ഭീഷണിപ്പെടുത്തുകയുമുണ്ടായി. അത് ഈ സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല എന്ന് മാത്രമല്ല, നിയമസഭയിലെ മെമ്പർമാർ തമ്മിൽ പുലർത്തേണ്ട സാമാന്യ സൗഹൃദത്തെ തകർക്കുന്നതാണിത്. അതുകൊണ്ട് റൂളിലും ചട്ടങ്ങളിലുമൊക്കെ അപാര പാണ്ഡിത്യമുള്ള അങ്ങ് വ്യക്തമായ റൂളിംഗ് നൽകി ഇത് രേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: എനിക്ക് വലിയ പാണ്ഡിത്യമൊന്നുമില്ല. വിവരമുണ്ട്. അണ്ണാച്ചി എന്ന് പറയുന്നത് അപമര്യാദയല്ല. തമിഴ് വാക്കാണ്. തമിഴും മലയാളവും ഇംഗ്ലീഷുമൊക്കെ സംസാരിക്കാം. അതുകൊണ്ട് അങ്ങ് ദയവായി ഇരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, I move that the Kerala Forest (Vesting and Management of Ecologically Fragile Lands) Bill, 2001 as reported by the Select Committee be circulated for obtaining public opinion.

സർ, ലോകത്തിലെ തന്നെ ഏറ്റവും പ്രധാനപ്പെട്ട ജൈവവൈവിദ്ധ്യ മേഖലകളിലൊന്നായ പശ്ചിമഘട്ടത്തിലെ ഉഷ്ണമേഖലാ വനങ്ങൾ ഉൾപ്പെടുന്ന പ്രദേശം ജൈവ സങ്കേതങ്ങളുടെ അമൂല്യകലവറയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മഴക്കാടുകളും ചോല മരങ്ങളും പുൽമേടുകളും നിബിഡവനങ്ങളും തിങ്ങിനിറഞ്ഞുനിൽക്കുന്ന ഈ പ്രദേശം സംരക്ഷിക്കുവാനുള്ള സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവുമായ കടപ്പാട് നമുക്കുണ്ട്. നമ്മുടെ നാട്ടിലൂടെ ഒഴുകുന്ന നദികളിലെ ജലത്തിന്റെ സ്രോതസ്സുകളും അപൂർവ്വ വൃക്ഷസസ്യലതാദികളും അത്യപൂർവ്വ ഔഷധസസ്യങ്ങളുമെല്ലാമുള്ള ജൈവ വൈവിദ്ധ്യ മേഖല സംരക്ഷിക്കുക എന്നുള്ളത് നമ്മുടെ കടമയാണ്. ഞാൻ ഈ ബില്ലിന് ഭേദഗതി അവതരിപ്പിക്കുമ്പോൾ കാനനവർണ്ണന നടത്താൻ ആഗ്രഹിക്കുന്നില്ല. കാടിനെ കുറിച്ച് കവികൾ ഉദ്ധരിച്ചിട്ടുള്ള കവിതകൾ ഇവിടെ ഉദ്ധരിക്കാൻ ആഗ്രഹിക്കുന്നില്ല.പക്ഷേ കാട്ടിലുയരുന്ന നിലവിളികൾ കേൾക്കാനുള്ള ബാദ്ധ്യത നമുക്കുണ്ടെന്ന് മാത്രം ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ 50 വർഷത്തിനിടയിൽ നമ്മുടെ രാജ്യത്ത് 4,60,000 കോടി രൂപയുടെ സമ്പത്താണ് കാടുകളിൽനിന്നും നഷ്ടപ്പെട്ടത്. 1.2 ഡെൻസിറ്റിയുള്ള നിബിഡ വനഭൂമിയുടെ പരിസ്ഥിതി മൂല്യം കണക്കാക്കപ്പെട്ടിരിക്കുന്നത് 126.74 ലക്ഷം രൂപയെന്നാണ്. ആസാമിൽ മാത്രം രണ്ടര ലക്ഷം ഹെക്ടർ വനഭൂമി കയ്യേറപ്പെട്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് പല മാതൃകകളിലായി, പല രീതിയിൽ, പല പേരുകളിലായി വനഭൂമി കയ്യേറ്റം ചെയ്യപ്പെട്ടിരിക്കുന്നത് നമുക്കറിയാം. ആർക്കും നിയന്ത്രിക്കാനാകാതെ വനം കൊള്ളയടിക്കാൻ ഇറങ്ങിപുറപ്പെട്ടിരിക്കുന്നവർ പ്രകൃതിയോട് കാട്ടുന്ന ഈ ക്രൂരത കണ്ട് സമൂഹമനസ്സാക്ഷി വേദനിക്കുകയാണ്. വീടിന്റെ നിലവിളക്കായ, ഐശ്വര്യമായ, കന്യകയായ പെൺകുട്ടിയെപ്പോലെ, നമ്മുടെ നാടിന്റെ നിലവിളക്കാണ് വനമെന്ന് പറയുന്നത്. ഒരു കന്യകയെ ക്രൂരമായി പീഡിപ്പിക്കുന്നതുപോലെ, വനഭൂമിയെ തകർത്ത് വനഭൂമി കവർന്നെടുക്കാൻവേണ്ടി രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും എല്ലാ പേരും ചേർന്ന വനമാഫിയ കഴിഞ്ഞ കുറേ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്ന യാഥാർത്ഥ്യത്തിനുനേരെ ഞാൻ കണ്ണടയ്ക്കുന്നില്ല. പരിസ്ഥിതിയുടെ സന്തുലനാവസ്ഥ നിലനിറുത്താൻവേണ്ടി കരഭൂമിയുടെ മൂന്നിലൊന്ന് ഭാഗം വനഭൂമി വേണമെന്ന നിഷ്കർഷയുണ്ട്. കേരളത്തിൽ വനഭൂമി കണക്കാക്കപ്പെട്ടിരിക്കുന്നത് 28.07 ശതമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അത് കണക്കിൽ മാത്രമാണ്. അത്രയും വനഭൂമിയില്ല. ഈ നിയമങ്ങളുടെ മൂലകാരണം അന്വേഷിച്ചു പോകുമ്പോൾ നമുക്ക് അറിയാൻ കഴിയുന്നത് ഭക്ഷ്യക്ഷാമമുണ്ടായിരുന്ന കാലഘട്ടത്തിൽ നമ്മുടെ സർക്കാർതന്നെ വനഭൂമി കയ്യേറാനും വനഭൂമി വെട്ടിവെളുപ്പിച്ച് കൃഷി നടത്താൻ കുടിയേറ്റക്കാരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഇവർ എല്ലാ പേരും പറയുന്ന Private Forests (Vesting and Assignment) Act, 1971 വനസംരക്ഷണ നിയമമില്ല. Preamble വായിച്ചാലറിയാം. Preamble-ൽ പറയുന്നത് Enact to provide for the vesting in the Government or private forests in the State of Kerala and for the assignment thereof to agriculturists and agricultural labourers for cultivation എന്നാണ്. അതായത് സ്വകാര്യ വനഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യാൻ പറഞ്ഞിരിക്കുകയാണ്. അവിടെ വനം നട്ടുപിടിപ്പിക്കാനല്ല പറഞ്ഞിരിക്കുന്നത്. ലാന്റ് റിഫോംസ് ആക്ടിലെ പ്രൊവിഷൻ അനുസരിച്ച് ഭൂരഹിതരായ ആളുകൾക്ക് അവരുടെ ഭൂമി വിട്ടുകൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് ലാന്റ് റിഫോംസ് ആക്ടിന്റെ സീലിംഗ് അനുസരിച്ചാണ്. അങ്ങനെ 15 ഏക്കർ ഭൂമിവരെ അതിന്റെ ഉടമകൾക്ക് തിരിച്ച് കിട്ടിയിട്ടുണ്ട്. അതുപോലെ ട്രൈബ്യൂണലുകളും ഹൈക്കോടതിയും സുപ്രീംകോടതിയും എല്ലാം നൂറു കണക്കിന് കേസുകളിൽ 15 ഏക്കർ ഭൂമി തിരിച്ച് കൊടുക്കാനുള്ള തീരുമാനമെടുത്തു. ഈ 15 ഏക്കർ ഭൂമിയിൽ ഒരുപാട് മഴക്കാടുകളും നിബിഡവനങ്ങളും ഉൾപ്പെട്ടിരുന്നു. Preservation of Trees Act നിലവിൽ വന്നതോടുകൂടി മരം മുറിക്കാനുള്ള അധികാരവും പോയി. പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ടിലെ ക്ലാസ് 3 അനുസരിച്ച് നമ്മുടെ കയ്യിൽനിന്ന് കൈമോശം വന്നുപോയ, കോടതി വിധികളിലൂടെ കൈവിട്ട് പോയ ഭൂമികൂടി തിരിച്ച് പിടിക്കാൻ, വെസ്റ്റ് ചെയ്യാനുള്ള അധികാരം ഈ ബില്ലിൽ ഉണ്ടായിരിക്കുന്നുവെന്നുള്ളത് ഒരു പ്രധാനപ്പെട്ട വശമായി ഞാൻ കാണുന്നു. 1980-ലെ Forest Conservation Act-ൽ വനേതര ആവശ്യങ്ങൾക്കായി വനഭൂമി ഉപയോഗിക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാരുകൾ കേന്ദ്രഗവൺമെന്റിൽ നിന്ന് പ്രയർ സാംഗ്ഷൻ വാങ്ങിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. സെൻട്രൽ ആക്ടിനെക്കുറിച്ചുള്ള കോടതി വിധി തന്നെ ഇങ്ങനെയാണ്. This Act is not designed to ban all deforestation but only to permit it inorderly manner and it does not in terms affect the vesting of all. It is only applicable to the reserve forests. റിസർവ് ഫോറസ്റ്റിനെ മാത്രം ബാധിക്കുന്ന ഒരു ആക്ടാണിത്. വനേതര ആവശ്യങ്ങൾക്ക് വേണ്ടി ഭൂമി കൊടുക്കുമ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ സാംഗ്ഷൻ വാങ്ങിക്കണമെന്ന് മാത്രമാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ഓർഡിനൻസ് പുറപ്പെടുവിച്ചതിനെക്കുറിച്ച് സൂചിപ്പിച്ചു. നമുക്കറിയാം, 25000-ത്തോളം ഏക്കർ ഭൂമി 12 നോട്ടിഫിക്കേഷനുകളിലായി പിടിച്ചു. ഞാൻ സെലക്ട് കമ്മിറ്റിയിലെ അംഗമായി വിവിധ ജില്ലകളിൽ തെളിവെടുപ്പിന് പോയതാണ്. ഇവിടെ ഇന്ന് ഡിസെന്റ് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട എം.എൽ.എ.-മാരടക്കം ഞങ്ങളെല്ലാം കണ്ട ദയനീയമായ മുഖങ്ങൾ മറക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. പാലക്കാടിലെ ഒറ്റപ്പാലം താലൂക്കിൽ 4 സെന്റ് ഭൂമി വരെ ഈ ഓർഡിനൻസ് വഴി പിടിച്ചെടുത്തിട്ടുണ്ട്. ആ ഓർഡിനൻസിൽ വനഭൂമിയെക്കുറിച്ചുള്ള കൃത്യമായ ഡെഫനിഷനില്ല. യാതൊരുവിധ ആധികാരികവും ആഴത്തിലുള്ള പഠനവുമില്ലാതെ, കൃത്യമായ ഡെഫനിഷനും ഭൂമി പിടിച്ചെടുക്കുക എന്നുപറഞ്ഞുകൊണ്ട് ഒരു ഓർഡിനൻസ് ഇറക്കി എല്ലാഭൂമിയും അതായത് സർക്കാരിന്റെ രേഖകളിൽ വനഭൂമി

LIBRARY ARCHIVES Kerala Legislative Assembly

യാണെന്ന് പറയുന്ന എല്ലാ പ്രദേശവും പിടിച്ചെടുത്തിരിക്കുകയാണ്. ശ്രീ. ഇ. എം. അഗസ്തി ഇവിടെയില്ല. സർക്കാർ രേഖയിൽ കട്ടപ്പന ടൗൺ വനഭൂമിയാണ്. ഈ ഓർഡിനൻസനുസരിച്ച് വേണമെങ്കിൽ പിടിച്ചെടുക്കാം. കൽപ്പറ്റ ടൗൺ വനഭൂമിയാണ്. ഈ ഓർഡിനൻസനുസരിച്ച് സ്കൂൾ പറമ്പ്, സ്കൂളിലെ പ്ലേ ഗ്രൗണ്ട്, ക്ഷേത്രങ്ങളുള്ള സ്ഥലങ്ങൾ എന്നിവ വെസ്റ്റ് ചെയ്തിട്ടുണ്ട്. നാല് സെന്റും അഞ്ച് സെന്റുമുള്ള സാധാരണക്കാരൻ താമസിക്കുന്ന വീടുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ വെസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട തോമസ് ഐസക് സെലക്ട് കമ്മിറ്റി തെളിവെടുപ്പിനുപോയ പല സ്ഥലത്തും വന്നില്ല. പാലക്കാട് പോയപ്പോൾ 25 സെന്റും 30 സെന്റും 5 സെന്റും 10 സെന്റുമുള്ള വീട് വച്ച് താമസിക്കുന്ന എത്രയോ ആളുകളുണ്ട്. ഈ ഓർഡിനൻസിൽ സർക്കാർ വനഭൂമിയാണെന്ന് രേഖപ്പെടുത്തിയതാണ് പിടിച്ചെടുത്തത്. അതുകൊണ്ടാണല്ലോ വനഭൂമിയെക്കുറിച്ചുള്ള ഡെഫനിഷന്റെ തീരുമാനമെടുത്ത് കഴിഞ്ഞപ്പോൾ നിങ്ങളുടെ ഭാഗത്ത്നിന്ന് കാര്യമായ എതിർപ്പുകൾ സെലക്ട് കമ്മിറ്റിയിൽ ഉണ്ടാകാത്തത്. കൃത്യമായ ഡെഫനിഷൻ ഇപ്പോഴാണ് ഉണ്ടായിരിക്കുന്നത്. നിങ്ങളുടെ ഓർഡിനൻസ് അനുസരിച്ച് ഉദ്യോഗസ്ഥർക്ക് ആളുകളെ ഹരാസ് ചെയ്യാൻ എളുപ്പമായിരുന്നു. ആര് താമസിക്കുന്ന ഏത് സ്ഥലം ആയാലും പിടിച്ചെടുക്കുവാനുള്ള അമിതാധികാരം ഉദ്യോഗസ്ഥ വർഗ്ഗത്തിന് നൽകിക്കൊണ്ടാണ് നിങ്ങൾ ഓർഡിനൻസിറക്കിയത് എന്ന കാര്യം വിസ്മരിക്കരുത്. ഈ നിയമം ഹരാസ്മെന്റും അഴിമതിയും ഇല്ലാതാക്കാൻ വേണ്ടിയുള്ളതാണ് എന്ന് ഡെഫനിഷനിൽ പറഞ്ഞിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ഏതോ മെമ്പർ പറഞ്ഞു, ഓർഡിനൻസ് നിയമമാകാത്തതുകൊണ്ട് വെസ്റ്റ് ചെയ്ത മുഴുവൻ ഭൂമിയും പോകുമെന്ന്. പക്ഷേ സുപ്രീം കോടതി വിധിയുണ്ട്. ഇതുമായി ബന്ധപ്പെട്ട കേസിലല്ല, ഓർഡിനൻസുമായി ബന്ധപ്പെട്ട കേസിൽ 1985-ൽ സുപ്രീം കോടതി വിധിയുണ്ട്. ആ വിധിയനുസരിച്ച് ഇതിൽ എടുത്തിരിക്കുന്ന ആക്ഷൻ ശരിയാണ്. Once it is vested it is vested forever. അത് വെസ്റ്റ് ചെയ്താൽ ആ ആക്ഷൻ അങ്ങനെ തന്നെ സുപ്രീം കോടതി അപ്രൂവ് ചെയ്തിരിക്കുകയാണ്. അതുകൊണ്ടാണല്ലോ ഓർഡിനൻസ് പ്രകാരം വെസ്റ്റ് ചെയ്ത ഭൂമി ഇനി പുതിയ ഡെഫിനിഷൻ അനുസരിച്ച് മാത്രമേ അതിൽ നിന്ന് തെറ്റായ ഭൂമി തിരിച്ച് കൊടുക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ നമ്മൾ കൃത്യമായ ഡെഫനിഷൻ കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട ഈ ഡെഫനിഷൻ ഇല്ലെങ്കിൽ പാവങ്ങളുടെ ഭൂമി, സാധാരണക്കാരുടെ ഭൂമി, സുപ്രീം കോടതി വിധിയനുസരിച്ച് തിരിച്ച് കൊടുക്കാൻ കഴിയില്ല. ഈ ഡെഫനിഷനോടുകൂടിയേ ഇത് തിരിച്ച് കൊടുക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ തിരിച്ചുകൊടുക്കുന്നത് 'വനം' എന്നതിന്റെ പുതിയ ഡെഫനിഷൻ അനുസരിച്ചാണ്. ഡിസെന്റ് തന്നിരിക്കുന്നവരുടെ ഒരു പ്രധാന ആക്ഷേപം ക്ലാസ് 19 (3) (ബി) ആണ്. മുഖ്യവനപാലകന് ട്രൈബ്യൂണലിന്റെ അധികാരം കവർന്നെടുത്ത് കൊടുത്തിരിക്കുന്നുവെന്നാണ് പഞ്ഞത്. നമ്മൾ കണ്ടതാണല്ലോ, സെലക്ട് കമ്മിറ്റിയുടെ രേഖകളിലുണ്ടല്ലോ നാല് സെന്റ് മുതൽ ഒരു ഏക്കറും രണ്ട് ഏക്കറും മൂന്ന് ഏക്കറും ഭൂമിയുള്ളവരുണ്ട്. സാധാരണക്കാരായ നാമമാത്രകർഷകർക്ക് ട്രൈബ്യൂണലിൽ പോകാൻ കഴിയുമോ? മാത്രമല്ല അവർ അവിടെ കൃഷി ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. ട്രൈബ്യൂണലിൽ പോയി വരുമ്പോഴേക്കും കൃഷി മുഴുവൻ നശിച്ച് അവരുടെ ഉപജീവന മാർഗ്ഗം മുഴുവൻ പോകും. രജിസ്ട്രേഷനുള്ള തോട്ടങ്ങൾ മാത്രം ഉൾപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്ക് പറഞ്ഞത്. അത് അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

തെറ്റിദ്ധരിച്ച് പറഞ്ഞതാണ്. രജിസ്ട്രേഷനുള്ള തോട്ടങ്ങളുള്ളത് മുതലാളിമാർക്കാണ്. പ്ലാന്റേഷൻ ടാക്സ് കൊടുക്കുന്നത് വൻകിട മുതലാളിമാരാണ്. പ്ലാന്റേഷൻ ടാക്സ് കൊടുക്കുന്ന എല്ലാ തോട്ടങ്ങളും രജിസ്ട്രേഷനുള്ളതാണ്. കാർഡമം പ്ലാന്റേഷനായാലും, ടീ പ്ലാന്റേഷനായാലും കോഫി പ്ലാന്റേഷനായാലും ടാക്സ് കൊടുക്കുന്നതുകൊണ്ട് അവയെല്ലാം രജിസ്ട്രേഷനുള്ളതാണ്. ഡോ. തോമസ് ഐസക്ക് പറഞ്ഞതനുസരിച്ച് രജിസ്ട്രേഷനുള്ള തോട്ടങ്ങൾ മാത്രം ഉൾപ്പെടുത്തിയാൽ സാധാരണക്കാരൻ വഴിയാധാരമാകും. അതാണ് സംഭവിക്കാൻ പോകുന്നത്. അദ്ദേഹം അത് ഉദ്ദേശിച്ചു പറഞ്ഞതല്ല എന്ന് ഞാൻ മനസ്സിലാക്കുന്നു. അതുപോലെത്തന്നെ മറ്റൊരു പ്രധാനപ്പെട്ട പോയിന്റ് വൻകിടക്കാർ ക്ലാസ്സ് 19(3)(ബി) ദുരുപയോഗപ്പെടുത്താതിരിക്കാൻ വേണമെങ്കിൽ ഒരു ലിമിറ്റ് വയ്ക്കാം. അതായത് നാല് ഏക്കറോ അഞ്ച് ഏക്കറോ എന്ന് ലിമിറ്റ് വയ്ക്കാം. അഞ്ച് ഏക്കർ എന്നുപറയുന്നത് വലിയ സ്ഥലമല്ലല്ലോ, കൃഷി ചെയ്ത് ഉപജീവനം നടത്തുന്ന ആളുകൾക്ക് ജീവിച്ച് പോകാനുള്ളതാണ് നാലോ അഞ്ചോ ഏക്കർ എന്നുപറയുന്നത്. അപ്പോൾ അഞ്ച് ഏക്കർ ഭൂമി എന്ന ലിമിറ്റ് വയ്ക്കാം. വൻകിടക്കാർ ചീഫ് കസ്റ്റോഡിയനെ കൈകാര്യം ചെയ്ത് ഇപ്പോൾ വെസ്റ്റ് ചെയ്തിരിക്കുന്ന ഭൂമി തിരിച്ചുകൊണ്ടുപോകണ്ട. ഞാൻ ഇതിനോട് യോജിക്കുകയാണ്. പക്ഷേ ലിമിറ്റ് വയ്ക്കണം. കാരണം ട്രൈബ്യൂണലിന്റെ എല്ലാ അധികാരങ്ങളും കസ്റ്റോഡിയന് കൊടുക്കുന്നത് ശരിയായ കാര്യമല്ല. ട്രൈബ്യൂണലിനുള്ള എല്ലാ അധികാരവും കസ്റ്റോഡിയന് കൊടുക്കാൻ പറ്റില്ല. അങ്ങനെയാണെങ്കിൽ ട്രൈബ്യൂണലിന്റെ ആവശ്യമില്ലല്ലോ? നാമമാത്ര കർഷകരേയും സാധാരണക്കാരേയും സഹായിക്കാൻ വേണ്ടി നാലോ അഞ്ചോ ഏക്കർ എന്ന പരിധി വയ്ക്കുന്നതാണ് ഉത്തമം. അവർ മാത്രം കസ്റ്റോഡിയന്റെ അടുത്ത് പോയാൽ മതി, ബാക്കിയുള്ള ആളുകൾ ട്രൈബ്യൂണലിൽ പോകട്ടെ എന്നുള്ള ഒരു തീരുമാനമെടുക്കാം. അതുപോലെ തോട്ടങ്ങളെ ഒഴിവാക്കിയ കാര്യം പറഞ്ഞു. തോട്ടങ്ങളെ ഒഴിവാക്കിയാൽ നമുക്ക് അറിയാൻ സാധിക്കില്ലേ? Preservation of Trees Act-ൽ ഏലത്തെ നേരത്തെ ഒഴിവാക്കിയിട്ടുണ്ട്. ഏലം വളരുന്നത് കാടിന്റെ ഇടയിൽ നിന്നാണ്. ഭൂപരിഷ്കരണ നിയമം വന്നപ്പോൾ തോട്ടങ്ങളെ എന്തുകൊണ്ടാണ് ഉൾപ്പെടുത്താതിരുന്നത്? അന്ന് തോട്ടങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലല്ലോ. തോട്ടങ്ങൾ എന്നുപറയുന്നത് നമ്മുടെ നാടിന്റെ സ്വത്താണ്, സംസ്ഥാനത്തിന് വിദേശ നാണ്യം നേടിത്തരുന്ന, നാല് ലക്ഷത്തോളം ആളുകൾക്ക് തൊഴിൽ കൊടുക്കുന്ന മേഖലയാണ്. ഇതെല്ലാം ദീർഘകാല വിളകളാണ്. അല്ലാതെ വാഴത്തോട്ടം അല്ലല്ലോ കൊടുത്തിരിക്കുന്നത്. ഈ നിയമത്തിൽ കൃത്യമായ ഡെഫനിഷൻ പറയുന്നുണ്ടല്ലോ, തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവപോലുള്ള ദീർഘകാല വിളകളിലേതെങ്കിലും കൃഷിചെയ്തിട്ടുള്ള ഭൂമിയോ വാസഗൃഹങ്ങൾ ഇരിക്കുന്നതോ ആയ ഭൂമി ഉൾപ്പെടുന്നതല്ല എന്ന്. ആളുകൾ താമസിക്കുന്ന വീടാണെങ്കിൽ അവരെ വഴിയിലോട്ട് ഇറക്കി വിടാൻ പറ്റുമോ? 1977-നുമുമ്പുള്ള കാര്യങ്ങളെല്ലാം നമ്മൾ അംഗീകരിച്ചിട്ടുള്ളതാണല്ലോ? അപ്പോൾ അത് പറയാൻ വഴിയില്ല. ഭൂപരിഷ്കരണ നിയമം ഏറ്റവും വിപുലമായ ഒരു നടപടിയാണ്. ഭൂപരിഷ്കരണ നിയമത്തിൽപ്പോലും തോട്ടങ്ങൾ ഒഴിവാക്കിയിരിക്കുകയാണ്. തോട്ടങ്ങൾ എന്നുപറയുന്നത് ദീർഘകാലാടിസ്ഥാനത്തിൽ വിളവെടുപ്പ് നടത്തുന്ന സ്ഥലങ്ങളാണ്. അല്ലാതെയുള്ള യാതൊന്നും ഈ ഡെഫനിഷനിൽപ്പെടുത്തിയിട്ടില്ല. അതുപോലെത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ട്രൈബ്യൂണലിൽ ഒരു ജഡ്ജിനെ മാത്രം വച്ചിരിക്കുന്നു എന്നൊരു ആക്ഷേപം ഉന്നയിച്ചു. പ്രധാനമായിട്ടും കേസുകളിൽ തീരുമാനമെടുക്കുന്നത് എന്തിനാണ്? Ecologically fragile land ആണോ എന്ന് പരിശോധിക്കുകയല്ലല്ലോ? ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന വനഭൂമി എന്ന ഡെഫനിഷനിൽ ഈ വനഭൂമി ഉൾപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനാണ്. ഇവിടെ അപ്പൈ ചെയ്യേണ്ടത് ലീഗൽ മൈന്റാണ്. അതിന് ജുഡീഷ്യൽ ഓഫീസർതന്നെ വേണം. അങ്ങനെയാണെങ്കിൽ നമ്മുടെ ഓരോ വിഷയത്തിനും കോടതികൾ വേണ്ടല്ലോ. പരിസ്ഥിതി കാര്യത്തിന് പരിസ്ഥിതി പ്രവർത്തകൻ, കൃഷി കാര്യത്തിന് കൃഷി ശാസ്ത്രജ്ഞൻ, സയൻസിന്റെ കാര്യത്തിന് സയന്റിസ്റ്റ് അങ്ങനെ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം കേസുകൾ ഉണ്ടാക്കി ഏറ്റവും വിദഗ്ദ്ധരെ ഏല്പിച്ചാൽ പോരേ? അവിടെ അതല്ലേ വേണ്ടത്? ഈ നിയമത്തിന്റെ തലനാരിഴ കീറി പരിശോധിക്കുകയും ഈ നിയമത്തിൽ കൊടുത്തിരിക്കുന്ന ഡെഫിനിഷൻ കൃത്യമായി ഇന്റർപ്രെട്ട് ചെയ്യാനും ലീഗൽ മൈന്റ് അപ്പൈ ചെയ്യാനും കഴിവുള്ള ജുഡീഷ്യൽ ഓഫീസർതന്നെ ജില്ലാ ജഡ്ജിയുടെ റാങ്കിൽ താഴെയല്ലാത്ത ഓഫീസർത്തന്നെ ട്രൈബ്യൂണലിൽ നിയമിക്കണമെന്ന കാര്യത്തോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ഇവിടെ പറഞ്ഞ പ്രധാനപ്പെട്ട മറ്റൊരാവശ്യം കണ്ടൽക്കാടുകളും ചതുപ്പ് നിലങ്ങളും കൂടി ഈ നിയമത്തിന്റെ പരിധിയിൽപ്പെടുത്തണമെന്നാണ്. നമ്മുടെ സംസ്ഥാനത്തെ ആവാസ വ്യവസ്ഥ നിലനിർത്തുകയും നദീതീരങ്ങളെ സംരക്ഷിക്കുകയും മത്സ്യപ്രജനനത്തിനുവേണ്ടി വളരെയധികം പ്രയോജനപ്പെടുത്തുകയും പ്രകൃതിയുടെ ബാലൻസ് സന്തുലിതാവസ്ഥ നിലനിറുത്താൻ സഹായിക്കുകയും ചെയ്യുന്ന കണ്ടൽക്കാടുകളെ സംരക്ഷിക്കുവാൻ നമുക്ക് ഒരു അവസരവുമില്ല. ബഹുമാനപ്പെട്ട മാണി നദീതീര സംരക്ഷണ നിയമം അവതരിപ്പിച്ച സമയത്ത് കണ്ടൽക്കാടുകളെ സംരക്ഷിക്കുവാനുള്ള പ്രൊവിഷനുവേണ്ടി ഭേദഗതി അവതരിപ്പിച്ച ആളാണ് ഞാൻ. അന്ന് ആ പ്രൊവിഷൻ അനുവദിച്ചില്ല. അന്ന് അനുവദിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. നമ്മുടെ ജൈവ വൈവിധ്യ കലവറയെ സംരക്ഷിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ നിയമത്തിലെങ്കിലും കണ്ടൽക്കാടുകളെയും ഉൾപ്പെടുത്തണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കുവാനുള്ളത്. വനം മാഫിയയുടെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുവാൻ, വനംകൊള്ളയെ പരാജയപ്പെടുത്താൻ ശക്തമായ ശ്രമങ്ങൾ വേണം. അതിന്റെ പേരിൽ രാഷ്ട്രീയമായി കലഹിച്ചതുകൊണ്ട് കാര്യമില്ല. എല്ലാ ഗവൺമെന്റിന്റെ കാലത്തും മിച്ചഭൂമി കൊള്ളയടിക്കപ്പെട്ടിട്ടുണ്ട്. 'വനം' എന്നുപറയുന്നത് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ നാടിന്റെ ജീവനാണ്. അതിനെ നിലനിർത്താൻ കഴിയണം. അതിനുള്ള നിയമം നടപ്പിലാക്കുമ്പോൾ സാധാരണക്കാരെ ക്രൂശിക്കുവാൻ പാടില്ല. സാധാരണക്കാരനെ വഴിയാധാരമാക്കി സാധാരണക്കാരന്റെ കിടപ്പാടം നഷ്ടപ്പെടുത്തി ഉപജീവനമാർഗ്ഗം ഇല്ലാതാക്കി അവനെ ദുരിതത്തിലേക്ക് ഇറക്കി വിട്ടിട്ട് നമ്മൾ എന്ത് നിയമനിർമ്മാണം നടപ്പിലാക്കിയാലും പ്രയോജനം ഉണ്ടാകാൻ പോകുന്നില്ല. സാധാരണക്കാരനെ സംരക്ഷിച്ചുകൊണ്ടും അതേ സമയം വനഭൂമി സംരക്ഷിച്ചുകൊണ്ടും ബാലൻസ് ചെയ്തുകൊണ്ടുള്ള നിയമനിർമ്മാണത്തിനുള്ള ഈ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു, നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ സംരക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ വീണ്ടും അതേ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഭരണപക്ഷവും പ്രതിപക്ഷവും യോജിച്ചുകൊണ്ട് വനസംരക്ഷണത്തിനുള്ള നിയമം പാസ്സാക്കേണ്ടതാണ്. 2000 ജൂൺ 2-ാം തീയതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വനസംരക്ഷണം ലക്ഷ്യമാക്കി കൊണ്ടുവന്ന നിയമത്തിന്റെ ശിരഛേദം നടത്തി ഒരുപാട് ഭേദഗതികളിലൂടെ വനം കയ്യേറ്റക്കാരെ സഹായിക്കും വിധത്തിലുള്ള ഒരു നിയമമാക്കി മാറ്റാൻ പോകുന്നതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. നിയമത്തെ പൊതുവിൽ അംഗീകരിക്കുമ്പോൾത്തന്നെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പലതും വനം കയ്യേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ ആ ഭേദഗതികളെ എതിർക്കുന്നത്. വനം വീരപ്പൻമാരുടേതല്ല. വനം ജനങ്ങളുടേതാണ്, നാടിന്റേതാണ്. ജോൺ കീറ്റ്സിന്റെ 'ഇസബെല്ല' എന്ന കവിത ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇസബെല്ല ഒരു പാവപ്പെട്ടവനെ പ്രേമിച്ചു. ഇസബെല്ലയുടെ സഹോദരൻമാർ അത് ഇഷ്ടപ്പെട്ടില്ല. ഈ സഹോദരൻമാർ എല്ലാവരുംകൂടി കാമുകന്റെ ശിരസ് ഛേദിച്ച് കൊലപ്പെടുത്തി. ഇസബെല്ല ഛേദിക്കപ്പെട്ട ശിരസ് എടുത്തുകൊണ്ടുവന്ന് അതിൽ ചെടി നട്ടുവളർത്തി. അങ്ങനെ ചെടിയോടും വനത്തോടും വനസമ്പത്തോടുമുള്ള ജനങ്ങളുടെ സ്നേഹവും അംഗീകാരവുമാണ് കവിതയിലൂടനീളം പ്രതിപാദിക്കുന്നത്. എന്നാൽ ഇന്ന് വനമാകെ വനമാഫിയയുടെ കയ്യിലേയ്ക്ക് പോകുകയാണ്. വനം മാഫിയയെ സഹായിക്കുന്ന ഒരു ഭേദഗതി നമ്മുടെ നിയമത്തിൽ ഉൾപ്പെടുത്താൻ പറ്റുമോ? ഭരണഘടനയുടെ ആർട്ടിക്കിൾ 31 അനുസരിച്ച് ഇതുപോലെ ഭൂമി ഏറ്റെടുക്കുന്നത് ഭരണഘടനയുടെ 14 മുതൽ 19 വരെയുള്ള മൗലിക അവകാശത്തിന്റെ പരിധിയിൽപ്പെടുന്നതല്ല എന്ന് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. സംസ്ഥാന നിയമസഭയ്ക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 31 പ്രകാരം നിയമം കൊണ്ടുവരാമെന്നും ആ നിയമമനുസരിച്ച് വന സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാമെന്നുമുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാന കേന്ദ്ര നിയമങ്ങൾക്കു പുറമേ എട്ട് നിയമങ്ങൾകൂടി കൊണ്ടുവന്നത്. പക്ഷേ ഈ നിയമങ്ങളെല്ലാം ഉണ്ടായിട്ടും നമ്മുടെ വനഭൂമിയും വനസമ്പത്തും വന്യജീവികളും സംരക്ഷിക്കപ്പെടുന്നില്ല എന്നുള്ളതാണ് സത്യം. കയ്യേറ്റം തടയാനും കയ്യേറിയ ഭൂമി തിരികെ ലഭ്യമാക്കുവാനും വേണ്ടിയാണ് 2002 ജൂൺ മാസം എൽ.ഡി.എഫ്. സർക്കാർ ഒരു ഓർഡിനൻസ് ഇറക്കിയത്. ഇതിലൂടെ ഇരുപത്തയ്യായിരം ഏക്കർ നിബിഡ നിക്ഷിപ്ത വനഭൂമി വീണ്ടെടുക്കുവാൻ നമുക്ക് കഴിഞ്ഞിരുന്നു. ഈ ഇരുപത്തയ്യായിരം ഏക്കർ ഭൂമി ജൈവ പ്രാധാന്യമുള്ള ഭൂമിയാണ്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആ ഓർഡിനൻസിന്റെ ഉള്ളടക്കം പൂർണ്ണമായി അംഗീകരിച്ചുകൊണ്ടല്ല മുന്നോട്ടു പോയത്. അതിൽ ചില ഭേദഗതികൾ കൊണ്ടുവരാൻവേണ്ടിയാണ് വനംവകുപ്പുമന്ത്രി ഉൾപ്പെടെ 22 പേർ അടങ്ങുന്ന സെലക്ട് കമ്മിറ്റിയെ നിയോഗിച്ച് പഠിച്ച് നിയമനിർമ്മാണം നടത്തുന്നത്. ഓർഡിനൻസിൽ ഉള്ള പല വ്യവസ്ഥകളും ഉപേക്ഷിച്ചു. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വി. ഡി. സതീശൻ പറഞ്ഞ "വനം" എന്നുള്ളതിന് ഓർഡിനൻസിലുള്ള നിർവ്വചനം എന്താണ്? ഓർഡിനൻസിലുള്ള നിർവ്വചനം 2 (സി) Any land recorded as forest in the Government record irrespective of the ownership. അതിലാണ് മാറ്റം വരുത്തിയത്. എങ്ങനെയാണ് മാറ്റം വരുത്തിയത്? ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ ഈ മാറ്റം വരുത്തിയത് നാമമാത്ര ചെറുകിട കൃഷിക്കാരെയും ആദിവാസികളെയും സംരക്ഷിക്കുവാൻ വേണ്ടിയല്ല; വനം മാഫിയ കയ്യേറിയ, കൈവശപ്പെടുത്തിയ വനഭൂമി തിരിച്ചു കൊടുക്കുവാൻ പറ്റുംവിധത്തിലാണ്. ഒരു സീലിംഗും അതിൽ പറഞ്ഞിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഏറ്റെടുത്ത 25000 ഏക്കർ ഭൂമി നമുക്ക് ഇപ്പോൾ നഷ്ടമാകും. വനങ്ങളിൽ വർഷങ്ങളായി കഴിയുന്ന ആദിവാസികളെയും നാമമാത്ര ചെറുകിടക്കാരെയും സംരക്ഷിക്കണം എന്നുള്ള കാര്യം തീർച്ചയായും ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ അതിന്റെ മറവിൽ വൻകിട വനം കയ്യേറ്റക്കാർക്ക് സംരക്ഷണം നൽകിക്കൂടാ. യഥാർത്ഥത്തിൽ ആദിവാസികളൊന്നുമല്ല നമ്മുടെ വനഭൂമിയും വന സമ്പത്തും വന്യജീവികളെയും നശിപ്പിച്ചത്. ശവമടക്കുവാൻ പോലും മണ്ണില്ലാത്ത ആദിവാസികൾ നമ്മുടെ നാട്ടിലുണ്ട്. ആദിവാസികൾ വന്നാൽ വനംകൊള്ളക്കാർക്ക് പേടിയാണ്. അതുകൊണ്ടാണ് ആദിവാസികളെ അവിടെനിന്നും വെടിവെച്ചും അടിച്ചും ഓട്ടിച്ചത്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വനം കയ്യേറ്റത്തെ തടയണമെന്ന് സംസ്ഥാന സർക്കാരിനോട് തുടർച്ചയായി ആവശ്യപ്പെടുകയാണ്. 1977 ജനവരി 1-ാം തീയതിക്കു ശേഷം കയ്യേറ്റം നടത്തിയവരുടേയും കുടിയൊഴിപ്പിക്കപ്പെട്ട വരുടേയും ലിസ്റ്റ് ഹാജരാക്കാൻ കേരള ഹൈക്കോടതി കഴിഞ്ഞ ജൂലൈ 18-ാം തീയതി സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ഇതുവരെ ആ ലിസ്റ്റ് കൊടുത്തിട്ടില്ല. ഈ നിയമസഭയിൽ അംഗമായ ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കൾ ചെയർമാനായ നിയമ സഭാ കമ്മിറ്റി 1995-ൽ നൽകിയ റിപ്പോർട്ടിൽ പറഞ്ഞത് 1977-നുശേഷം 6218 ഹെക്ടർ വനഭൂമി കയ്യേറി എന്നാണ്. അതിൽ 1625 ഹെക്ടർ മാത്രമാണ് തിരിച്ചെടുക്കുവാൻ കഴിഞ്ഞത്. സർക്കാരും കയ്യേറ്റക്കാരും തമ്മിലുള്ള തർക്കവും രാഷ്ട്രീയ ഇടപെടലുമാണ് കുടിയൊഴിപ്പിക്കുവാൻ തടസ്സമായി നിൽക്കുന്നത് എന്നും ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. 1977-നു മുമ്പിലുള്ള കയ്യേറ്റത്തെ ക്രമപ്പെടുത്തുമെന്ന് പറയുന്ന വനസംരക്ഷണ നിയമത്തിലെ 2-ാം വകുപ്പിലെ പഴുതുപയോഗിച്ച് 1995-ൽ പോലും കയ്യേറിയവർക്ക് പട്ടയം നൽകിയത് എന്തിനാണ്?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

1995-ൽ വനം കയ്യേറിയവർക്ക് പട്ടയം കൊടുത്ത് അവരെ പ്രോത്സാഹിപ്പിച്ചു. ആ നാട്ടിലാണ് യാതൊരു സീലിംഗും ഇല്ലാതെ വനം എന്നുള്ളതിന് നിർവ്വചനം കൊടുത്തിരിക്കുന്നത്. ചുരുങ്ങിയത് 1977-നു ശേഷം കയ്യേറിയവരെയെങ്കിലും വനം കയ്യേറ്റക്കാരായി കണക്കാക്കേണ്ടുന്ന വിധത്തിലെങ്കിലും നിർവ്വചനം മാറ്റാതെയും ഭൂമിയുടെ സീലിംഗും ഇല്ലാതെയും നാമമാത്ര കർഷകരെയോ ആദിവാസികളെയോ സംരക്ഷിക്കാൻ എങ്ങനെ സാധിക്കും? എന്തിനാണ് ഇങ്ങനെയൊരു നിർവ്വചനം കൊണ്ടുവരുന്നത്? നിയമസഭാ കമ്മിറ്റി അവിടെ പോയതാണ്. ഇപ്പോഴും കയ്യേറ്റം തുടരുകയാണ്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

എഴുതി വച്ചിരിക്കുന്നത് welcome to the country of TATA എന്നാണ്. നിയമസഭാ കമ്മിറ്റി അംഗങ്ങളായ ഞങ്ങൾ ആ ബോർഡ് കണ്ടപ്പോൾ, ഒരു രാജ്യത്തിനകത്ത് മറ്റൊരു രാജ്യം ഉണ്ടാക്കുന്ന ഒരു കുത്തക കുടുംബത്തിന്റെ ബോർഡ് കണ്ടപ്പോൾ, ഞങ്ങൾ ദേശസ്നേഹം കൊണ്ട് ആ ബോർഡ് വലിച്ചെറിഞ്ഞു. അത്തരത്തിൽ നമ്മുടെ വനഭൂമി കയ്യേറുന്നവരെ പ്രോത്സാഹിപ്പിക്കുന്ന നിയമം ആശാസ്യമാണോ? 1971-ൽ നിയമം പാസ്സാക്കിയതിനുശേഷം സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ഇരുപത്തേഴായിരത്തി അഞ്ഞൂറ്റി എൺപതേക്കർ വനഭൂമി സ്വകാര്യ മേഖലയ്ക്ക് തിരിച്ചുകൊടുക്കേണ്ടി വന്നിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. ഇന്ന് കോടതികളിൽ പ്രോസിക്യൂഷന് വേണ്ടി ഹാജരാകുന്ന അഭിഭാഷകർ വനംവകുപ്പിന് വേണ്ടിയല്ല വനം കയ്യേറ്റക്കാർക്ക് വേണ്ടിയാണ് നിലകൊള്ളുന്നത്. ഈ നിയമസഭയിൽതന്നെ ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി പറഞ്ഞു അഭിഭാഷകർ നമ്മുടെ സംസ്ഥാനത്തിന്റെ ഉത്തമ താൽപര്യം സംരക്ഷിക്കുന്നതിന് കോടതികളിൽ വാദിക്കുന്നില്ല എന്ന്. വനം കയ്യേറ്റക്കാരെ സഹായിക്കുന്ന ഒരു നിർവ്വചനം ഈ നിയമത്തിൽ കൊണ്ടുവരുന്നത് ഗുണകരമല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വനസംബന്ധമായ നിരവധി കേസുകൾ കെട്ടിക്കിടക്കുകയാണ്. അതിന് ഒരു പ്രത്യേക കോടതി സ്ഥാപിക്കാൻ ഈ നിയമത്തിൽ എന്തുകൊണ്ട് വ്യവസ്ഥ കൊണ്ടുവന്നുകൂടാ? എസ്റ്റിമേറ്റ്സ് കമ്മിറ്റി ഈയിടെ നിയമസഭ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരുന്ന വന പ്രദേശങ്ങൾ കണ്ടെത്താൻ വനംവകുപ്പും റവന്യൂ വകുപ്പും സംയുക്ത പരിശോധന നടത്തണം എന്നുപറയുന്നുണ്ട്. ദരിദ്ര കർഷകരുടെ കൃഷിഭൂമി വനഭൂമിയായി കണക്കാക്കുന്നത് ശരിയല്ല. അതിനോട് ഞങ്ങൾ യോജിക്കുന്നു. പാവപ്പെട്ടവരേയും ആദിവാസികളേയും ഒഴിവാക്കാം, വൻകിടക്കാരെ ഒഴിവാക്കാൻ കഴിയില്ല. വനംകൊള്ള തടയുന്നതിനായി വനം, പോലീസ്, റവന്യൂ എന്നീ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ മാസത്തിലൊരിക്കൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുമെന്ന് എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നുണ്ട്. എന്തെങ്കിലും നടപടി സ്വീകരിച്ചോ? വനം കയ്യേറ്റക്കാരെ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കണം എന്നുപറയുന്നുണ്ട്. ആരുടെയെങ്കിലും പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചോ? സംസ്ഥാനത്ത് ഇന്ന് മുഖ്യവനപാലക സ്ഥാനത്തിരിക്കുന്ന ഒരുദ്യോഗസ്ഥൻ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് വനം കയ്യേറ്റക്കാർക്ക് കൂട്ട് നിന്ന് വനം മാഫിയയെ സംരക്ഷിച്ചതിന്റെ പേരിൽ ആറ് വിജിലൻസ് അന്വേഷണം നേരിടുകയാണ്. വിജിലൻസ് അന്വേഷണം എന്ന ഡെമോക്ലസിന്റെ വാള് കാട്ടിക്കൊണ്ടാണ് പല തെറ്റായ കാര്യങ്ങളും ഇപ്പോൾ ചെയ്യിച്ചുവരുന്നത്. പൂയംകുട്ടിയിൽ വനം കയ്യേറ്റം നടന്നതായി ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ. വി. ഗോപിനാഥൻ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ പറയുന്നത്. പൂയംകുട്ടി എന്നുപറയുന്നത് മുപ്പത്തയ്യായിരം ഹെക്ടർ വനഭൂമിയാണ്. അതിൽ പതിനായിരം ഹെക്ടർ ഭൂമി ഇതിനകം കയ്യേറിക്കഴിഞ്ഞു. വനം കയ്യേറ്റത്തെക്കുറിച്ച് റിപ്പോർട്ട് വന്നപ്പോൾ മുഖ്യമന്ത്രി പറഞ്ഞു ഇവിടെ വനം കയ്യേറ്റം നടന്നിട്ടില്ല എന്ന്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് വനംകയ്യേറ്റം നേരിൽ കണ്ടു. ഇപ്പോൾ അന്വേഷണ റിപ്പോർട്ടും വന്നു. അന്ന് പ്രതിപക്ഷ നേതാവ് പറഞ്ഞത് യാഥാർത്ഥ്യമായി. ഭരണകക്ഷിക്ക് എന്താ പറയാനുള്ളത്? വനംകൊള്ളക്ക് കൂട്ടുനിന്നവരുടെ പേരിൽ നടപടി സ്വീകരിച്ചോ?

ശ്രീ. പി. ജയരാജൻ: അങ്ങ്, ഈ ഗവൺമെന്റിന്റെ കീഴിൽ നടന്നുവരുന്ന വനം കൊള്ളയും അഴിമതി നടത്തിയ ഉദ്യോഗസ്ഥരെയും സംരക്ഷിക്കുന്ന കാര്യവുമാണ് പറഞ്ഞത്. 1981-ലെ നായനാർ മന്ത്രിസഭയെ അട്ടിമറിക്കാൻ കേന്ദ്ര കോൺഗ്രസ് നേതൃത്വം 22 ലക്ഷം ഉറുപ്പികയും വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ സീറ്റും വാഗ്ദാനം ചെയ്തു കൊണ്ട് നിയമവകുപ്പുമന്ത്രിയുടെ പാർട്ടിയായ കേരളാ കോൺഗ്രസ്സിനെ ആ മുന്നണിയിൽ നിന്ന് അടർത്തി മാറ്റിയതായി ശ്രീ. ലോനപ്പൻ നമ്പാടൻ വെളിപ്പെടുത്തിയത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? അത് ഏതായാലും ജനങ്ങൾക്ക് അറിയാവുന്ന കാര്യങ്ങളാണ്.

ശ്രീ. എം. വി. ജയരാജൻ: കേരളത്തിലെ നാല്പത്തയ്യായിരത്തി തൊള്ളായിരത്തി എഴുപതു ഹെക്ടർ വനഭൂമി കയ്യേറിയതായാണ് കേന്ദ്രവനസഹമന്ത്രി ഈയിടെ രാജ്യസഭയിൽ വ്യക്തമാക്കിയത്. സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ 4% പ്രദേശത്ത് മാത്രമാണ് ഇപ്പോൾ വനം അവശേഷിക്കുന്നത്. ഹൈദ്രാബാദിലെ വിദൂര ഉപഗ്രഹ സംവേദന കേന്ദ്രത്തിന്റെ വിശദമായ പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതയാണിത്. എന്നിട്ടും വനംവകുപ്പ് മന്ത്രി ശ്രീ. കെ. സുധാകരൻ പറയുന്നു കേരളത്തിലെ 26% ഭൂപ്രദേശം വനമാണെന്ന്. സർക്കാരിന്റെ രേഖയിൽ ഇത് വനമാണ്. പക്ഷേ ഇതെല്ലാം വനംകയ്യേറ്റക്കാർ കയ്യടക്കികഴിഞ്ഞു. അവശേഷിക്കുന്നതെങ്കിലും നമുക്ക് സംരക്ഷിക്കണം. ഒരു ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകണമെങ്കിൽ പകരം രണ്ടു ഹെക്ടർ സ്ഥലത്ത് വനവൽക്കരണം നടത്തണമെന്നാണ് കേന്ദ്ര നിർദ്ദേശം. എന്നാൽ ഇതൊന്നും ഇവിടെ പാലിക്കുന്നില്ല. അതിന് പ്രത്യേക പദ്ധതിയും ഫണ്ടും വേണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കേരള ഗവൺമെന്റ് വനവൽക്കരണത്തിനുവേണ്ടി നീക്കിവച്ച തുകയുടെ 68% മാത്രമേ ചെലവഴിച്ചിട്ടുള്ളു. ബാക്കി ലാപ്സായി. വനവൽക്കരണത്തിനുപകരം കോൺക്രീറ്റ് കടകളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അവിടെ 12 ശതമാനത്തിന്റെ ചെലവാണ് കാണുന്നത്.

ബില്ലിലെ 15-ാം ക്ലാസ്സിൽ ഉപദേശക സമിതിയെ നിർദ്ദേശിച്ചിട്ടുണ്ട്. ഏതൊക്കെ പ്രദേശങ്ങളാണ് പരിസ്ഥിതി പ്രാധാന്യമുള്ളതെന്ന് ശുപാർശ ചെയ്യേണ്ടത് ഈ സമിതിയാണ്. ഇതിൽ ആദിവാസികളുടെ, കാടിന്റെ മക്കളുടെ പ്രതിനിധികളും വനസംരക്ഷണ സമിതിയംഗങ്ങളുടെ പ്രതിനിധികളും ഉണ്ടാകണം. അത്തരത്തിൽ ഈ ബില്ലിൽ മാറ്റം വരുത്തണം. 1971-ലെ നിയമം അനുസരിച്ച് സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന സമയത്ത് ഓഫീസിൽ ഇരുന്ന് സർവ്വേ നമ്പർ നോക്കി ഏറ്റെടുത്ത അനുഭവം പോലുമുണ്ട്. അതാണ് ബഹുമാനപ്പെട്ട വി.ഡി. സതീശൻ ഇവിടെ പറഞ്ഞത്. അതാണ് കോടതിയിൽ തർക്കമായത്. അത്തരം അനുഭവം ഇനി ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് വിശദമായ പഠനം നടത്തണം. ജലസ്രോതസ്സും സസ്യജാലങ്ങളും ഔഷധങ്ങളും പക്ഷിമൃഗാദികളും ഉള്ളതുമായ പ്രദേശങ്ങൾ കണ്ട് മനസ്സിലാക്കി വേണം സമിതി തീരുമാനം എടുക്കാൻ. അതിന് കഴിവുള്ള വിദഗ്ദ്ധൻമാരെ ഉപദേശക സമിതിയിൽ നിയോഗിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

അധികാരം കൊടുക്കണം. 16-ാം ക്ലാസ്സിൽ പറയുന്നത് ഏറ്റെടുത്ത വനഭൂമി വനംവകുപ്പിന്റെ കയ്യിലാണ് സംരക്ഷിക്കപ്പെടേണ്ടത് എന്നാണ്. ഇപ്പോൾ ഇവിടെ വനസംരക്ഷണമോ വന്യജീവി സംരക്ഷണമോ അല്ല മുഖ്യമായും നടക്കുന്നത്. ഏറ്റെടുക്കുന്ന ഭൂമിയിൽ ജൈവവൈവിദ്ധ്യങ്ങളെ സംരക്ഷിക്കാൻ കഴിയുംവിധത്തിൽ വ്യക്തമായ കർമ്മപദ്ധതികൾക്കുള്ള ഭേദഗതി കൊണ്ടുവരണം. 19-ാംക്ലാസ്സിൽ (3) (ബി)-യിൽ പറയുന്നത് സൂക്ഷിപ്പുകാരന് അമിത അധികാരം നൽകുന്ന വ്യവസ്ഥയാണ്. സ്ഥലം ഉടമയുടെ അപേക്ഷയിൻമേൽ പുനർവിജ്ഞാപനം നടത്താനുള്ള അധികാരവും ഈ ഉദ്യോഗസ്ഥർക്ക് കൊടുത്തുകൂടാ. ഉപദേശക സമിതിയുടെ ശുപാർശയനുസരിച്ച് മാത്രമേ ഈ ഉദ്യോഗസ്ഥൻ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ പാടുള്ളൂ. ഈ നിയമത്തിൽ ഭേദഗതികളായി കൊണ്ടുവന്നത് വനസംരക്ഷണത്തിനുള്ളതല്ല വനം മാഫിയയെ സംരക്ഷിക്കുന്നതിനുള്ളതാണ് എന്നതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചത്.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ ഉന്നയിച്ച എല്ലാ കാര്യങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. വാസ്തവം പറഞ്ഞാൽ 12 Noon] ശ്രീ. സി. കെ. നാണുവാണ് ഈ ബില്ലിന്റെ ഉപജ്ഞാതാവ് എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് പല ഓർഡിനൻസുകളും പുറപ്പെടുവിക്കയുണ്ടായത്. ഈ നിയമം വനം കയ്യേറ്റം തടയുന്നതിന് ഉപയുക്തമല്ല എന്ന് അദ്ദേഹം ഇവിടെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കേണ്ട ഒരു കാര്യം ഇത് വനം കയ്യേറ്റത്തെ തടയുന്ന ഒരു നിയമമല്ല. വനം കയ്യേറ്റത്തെ തടയുവാനുള്ള നിയമം എന്നുപറയുന്നത് ഫോറസ്റ്റ് ആക്ടും അതിലെ വ്യവസ്ഥകളുമാണ്. നേരെമറിച്ച് ഈ ബിൽ എന്നുപറയുന്നത് ഫ്രാജൈൽ ലാന്റ് ഏറ്റെടുക്കാനുള്ളതാണ്. അതാണ് ഇതിന്റെ വൃത്യാസം എന്നുപറയുന്നത്. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള എന്നാൽ ഫോറസ്റ്റിനോട് ചേർന്നുകിടക്കുന്ന അല്ലെങ്കിൽ അതിനാൽ ആവൃതമായ സ്വകാര്യവ്യക്തികളുടെ കൈവശമുള്ള ഭൂമി ഈ ബില്ലിലെ 3-ഉം, 4-ഉം വകുപ്പുകളനുസരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമാക്കുകയാണ്. വളരെ കരുതലോടുകൂടിയും സൂക്ഷ്മതയോടുകൂടിയും കൈകാര്യം ചെയ്യേണ്ടുന്ന ഒരു വിഷയമാണിത്. സെലക്ട് കമ്മിറ്റി ഘട്ടത്തിൽ വരുത്തിയ ചില ഭേദഗതികളെ സംബന്ധിച്ചിടത്തോളം ഇവിടെ നിരാകരണ പ്രമേയം അവതരിപ്പിച്ച ചില ബഹുമാനപ്പെട്ട മെമ്പർമാർ ആശങ്കപ്പെടുകയുണ്ടായി. അതിന്റെ ചരിത്ര പശ്ചാത്തലം നോക്കാത്തതിന്റെ ഫലമായിട്ടാണ് അവർക്ക് ഈ ആശങ്ക ഉണ്ടായത്. വൃക്ഷവിളകളേയും തോട്ടവിളകളേയും 'വനം' എന്നതിന്റെ നിർവചനത്തിൽ നിന്നും ഒഴിവാക്കി, മൂലനിയമത്തിൽ നിന്നും വ്യത്യസ്തമായി തോട്ടവിളകളെ നിർവചനത്തിൽനിന്നും ഒഴിവാക്കി, വാസഗൃഹങ്ങളുടെ തൊട്ടടുത്തുള്ള കുറെ ഭൂമി കൂടി ഇതിൽ നിന്നും ഒഴിവാക്കി തുടങ്ങിയ കാര്യങ്ങൾക്കാണ് ഇവിടെ വിമർശനം ഉയർന്നത്. ബഹുമാനപ്പെട്ട മെമ്പർ പഴയ വനംവകുപ്പ് മന്ത്രിയായിരുന്ന ആളല്ലേ? നാല് ഓർഡിനൻസുകളാണ്, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വന്നത്. ബഹുമാനപ്പെട്ട രാജേന്ദ്രനോടും നീലലോഹിതദാസൻ നാടാരോടും ഞാൻ പറയട്ടെ, 4 ഓർഡിനൻസുകൾ പുറപ്പെടുവിച്ച നിങ്ങൾക്ക് ഏതെങ്കിലും ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാനോ അത് നിയമമാക്കാനോ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

റൂളുകൾ കൊണ്ടുവരാനോ മറ്റ് ഏതെങ്കിലും നടപടികൾ സ്വീകരിക്കാനോ കഴിഞ്ഞില്ല എന്നത് വാസ്തവത്തിൽ കൃത്യവിലോപമാണ്. നിങ്ങൾ ചെയ്തത് എന്താണ്? 12 നോട്ടിഫിക്കേഷൻ ഇറക്കി, നോട്ടിഫിക്കേഷൻ ആഫ്റ്റർ നോട്ടിഫിക്കേഷൻ 11,000-ൽ ചിലാനം ഏക്കർ സ്ഥലം ഫ്രാജൈൽ ലാന്റ് എന്നുപറഞ്ഞ് നോട്ടിഫൈ ചെയ്യുകയാണ്. വെരിഫിക്കേഷൻ നടത്താതെയും അതിർത്തി നിശ്ചയിക്കാതെയും തോന്നിയ രീതിയിൽ 12 നോട്ടിഫിക്കേഷനിലൂടെ 11,000-ൽപരം ഹെക്ടർ ഭൂമി നിങ്ങൾ ഏറ്റെടുത്തതിൽ വന്നിട്ടുള്ള പിശകായിരുന്നു വാസ്തവത്തിൽ തിരുത്തേണ്ടിയിരുന്നത്. സെലക്ട് കമ്മിറ്റി മെമ്പർമാർ, പ്രത്യേകിച്ച് പ്രതിപക്ഷ മെമ്പർമാർ പോലും പറഞ്ഞത്, "ഞങ്ങൾ പല സ്ഥലങ്ങളിലും പോയി കണ്ടതാണ്. പാലക്കാട് ജില്ലയിൽ അഞ്ചര ഏക്കർ, ഒരേക്കർ, ഒന്നര ഏക്കർ, അഞ്ചു സെന്റ്, പത്തു സെന്റ്, ഉള്ള വ്യക്തികൾ വരെ ഇതിൽ ഉൾപ്പെട്ടുപോയി" എന്ന് സെലക്ട് കമ്മിറ്റിയിലെ ബഹുമാന്യരായ പ്രതിപക്ഷ മെമ്പർമാർ സത്യസന്ധമായി ഇവിടെ അവരുടെ വികാരങ്ങൾ പ്രകടിപ്പിച്ചു. വാസ്തവത്തിൽ ഇതിന് ഉത്തരം പറയേണ്ടത് എൽ.ഡി.എഫ്. ഗവൺമെന്റിന് നേതൃത്വം കൊടുത്ത വ്യക്തികളാണ്. ഇപ്പോൾ ഞാനിത് പരിശോധിച്ചു. 11,307 ഹെക്ടറിൽ ആകെയുള്ള 663 പ്ലോട്ടുകളാണ് നിങ്ങൾ എടുത്തത്. അതിൽ 223 പ്ലോട്ടുകളും രണ്ട് ഹെക്ടറിന് താഴെയുള്ള ആളുകളുടേതാണ്. പാവപ്പെട്ട ചെറുകിട കൈവശ കൃഷിക്കാരെ ദ്രോഹിക്കുന്ന നിയമനിർമ്മാണം ഒഴിവാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സെലക്ട് കമ്മിറ്റി സ്റ്റേജിൽ റിയലിസ്റ്റിക്കായിട്ടുള്ള ചില മാറ്റങ്ങൾ വരുത്താൻ മുന്നോട്ടു വന്നതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. അതിന്റെ ഫലമായി സെലക്ട് കമ്മിറ്റി 19 യോഗങ്ങൾ കൂടിയതിൽ 9 യോഗങ്ങളും തെളിവെടുപ്പായിരുന്നു. പരാതിയുണ്ടായ പ്രദേശങ്ങൾ സെലക്ട് കമ്മിറ്റി മെമ്പർമാർ പോയി പരിശോധിച്ചു. ഞാൻ ബഹുമാനപ്പെട്ട വനംവകുപ്പു മന്ത്രിയെ അഭിനന്ദിക്കുകയാണ്. വളരെയേറെ പരിശോധനകൾക്കുശേഷം വരുത്തിയ മാറ്റങ്ങളാണ് ഇതിലുള്ളത്. കർഷകർക്ക് ദ്രോഹവും ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ വ്യവസ്ഥകളെ നവീകരിച്ചു. അതിന്റെ ഫലമായി തേയില, കാപ്പി, റബ്ബർ, കുരുമുളക്, തെങ്ങ്, കമുക് തുടങ്ങിയ തോട്ടവിളകളെ നിയമപരിധിയിൽനിന്ന് ഒഴിവാക്കി. അതിലെന്താണ് തെറ്റ്? സ്വകാര്യ വ്യക്തികളുടെ കൈവശമിരിക്കുന്ന റബ്ബർ തോട്ടവും കാപ്പിത്തോട്ടവും തേയിലത്തോട്ടവും ഗവൺമെന്റിന് എന്തിന്? സ്വകാര്യവ്യക്തിയുടെ കയ്യിലിരിക്കുന്ന തെങ്ങിൻതോട്ടവും കമുകിൻതോട്ടവും ഗവൺമെന്റിന് എന്തിന്? തോട്ടവിളകളെ സംബന്ധിച്ചിടത്തോളം ഫ്രാജൈൽ ലാന്റ് എന്നുള്ള നിർവ്വചനത്തിൽ നിന്നും ഒഴിവാക്കേണ്ടത് നീതിയല്ലേ? സത്യസന്ധമായാണ് സെലക്ട് കമ്മിറ്റി ഇത് പരിശോധിച്ചിട്ടുള്ളത് എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് അത് മാറ്റേണ്ട കാര്യമില്ല. അതുപോലെതന്നെ വാസഗൃഹത്തിനു ചുറ്റുമുള്ള ബെനിഫിഷ്യൽ എൻജോയ്മെന്റിന് ആവശ്യമായ ഭൂമി നിയമപരിധിയിൽ നിന്ന് ഒഴിവാക്കി. ഒരാളുടെ റബ്ബർ ആയിരിക്കാം, തേയില ആയിരിക്കാം, ഒരു പാവപ്പെട്ടവൻ അവന്റെ വീടിനു ചുറ്റും ഇഞ്ചികൃഷിയാണ് ചെയ്യുന്നത് അല്ലെങ്കിൽ വേറെ കൃഷിയാണ് ചെയ്യുന്നത് ബോണഫൈഡ് ആയി വളരെ വർഷക്കാലം കൈവശം വച്ച് കൃഷിചെയ്തുകൊണ്ടിരിക്കുന്ന ഭൂമി തോട്ടവിളയല്ല എന്ന കാരണത്താൽ ന്യായമായ സംരക്ഷണം കൊടുക്കാതിരിക്കാൻ കഴിയുമോ? അതുകൊണ്ട് വാസസ്ഥലത്തിനു ചുറ്റും ബെനിഫിഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

എൻജോയ്മെന്റിന് എത്ര ഭൂമി വേണം എന്ന് നമുക്ക് നിശ്ചയിക്കാം. ബഹുമാന്യരായ അംഗങ്ങൾ നൽകിയിരിക്കുന്ന അമെന്റ്മെന്റ്സ് റിയലിസ്റ്റിക്കും ഗുണകരവുമാണെന്ന് ഗവൺമെന്റിന് തോന്നിയാൽ, അത് സ്വീകരിക്കുന്നതിന് എനിക്ക് ഓപ്പൺ മൈന്റാണ്. ലാന്റ് റിഫോംസ് ആക്ടിൽ എന്താണ് പ്ലാന്റേഷൻ; സാധാരണ ഭൂമിക്ക് എത്രയാണ് ലിമിറ്റ്; ഭൂപരിധി എത്രയാണ് എന്നൊക്കെ പറഞ്ഞിട്ടുണ്ട്. ലാന്റ് റിഫോംസ് ആക്ടിലെ സീലിംഗ് വ്യവസ്ഥകൾ വേണമെങ്കിൽ ഇതിലേയ്ക്ക് സ്പെസിഫൈ ചെയ്യാം. വനപാലകന്റെ ഇഷ്ടം പോലെ ഭൂമി വിട്ടുകൊടുക്കാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നത് തെറ്റാണ്. അതുകൊണ്ട് 2-ാം വായനാവേളയിൽ ഇതൊന്ന് സ്പെസിഫൈ ചെയ്യാം. ഗവൺമെന്റ് അതിനോട് യോജിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബില്ലിൽ വനം എന്നതിന് നൽകിയിരിക്കുന്ന നിർവചനത്തിൽ പറയുന്നത് റിസേർവ്ഡ് വനമോ സംരക്ഷിത വനമോ അല്ലെങ്കിൽ മറ്റ് തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വനമോ; ഉടമസ്ഥാവകാശം കണക്കിലെടുക്കാതെ സർക്കാർ രേഖയിൽ വനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു ഭൂമിയും എടുക്കാം എന്നാണ്. എന്തിനാണ് അങ്ങനെയൊരു വാക്ക് കൊണ്ടുവന്നിരിക്കുന്നത്? ഉടമസ്ഥാവകാശം കണക്കിലെടുക്കാതെ സർക്കാർ രേഖയിൽ വനങ്ങൾ എന്നു രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു ഭൂമിയും എടുക്കാം എന്നു പറഞ്ഞാൽ എങ്ങനെയാണ്? സർക്കാർ രേഖയിൽ തെറ്റായിട്ടാണ് വനം എന്നു പറഞ്ഞിരിക്കുന്നതെങ്കിലും ഉടമസ്ഥാവകാശം കണക്കിലെടുക്കാതെ, എടുക്കാം എന്നു പറഞ്ഞാൽ എങ്ങനെ ശരിയാകും? ശ്രീ. രാജു എബ്രഹാമിനോട് ചോദിക്കട്ടെ, റാന്നി നിയോജക മണ്ഡലത്തിൽപ്പെടുന്ന ഹൈറേഞ്ച് പ്രദേശങ്ങളിൽ കട്ടപ്പന ടൗൺ വരെയോ നെടുങ്കണ്ടം ടൗൺ വരെയോ ഫോറസ്റ്റ് റെക്കോർഡിൽ വനം എന്ന് രേഖപ്പെടുത്തി എന്നൊരു കാരണം കൊണ്ട് ഫ്രാജൈൽ ലാന്റ് എന്നു വ്യാഖ്യാനിച്ചുകൊണ്ട് ഗവൺമെന്റ് ഏറ്റെടുക്കാൻ വേണ്ടി ഒരു വ്യവസ്ഥ ഇതിൽ എഴുതി വയ്ക്കണോ? അത് തെറ്റാണെന്ന് ഗവൺമെന്റിന് തോന്നി. നിങ്ങളുടെ ബില്ലിലെ വ്യവസ്ഥകൾ തെറ്റാണെന്ന് തോന്നിയതുകൊണ്ട് ഞങ്ങൾ അതിൽ മാറ്റം വരുത്തി. ഞങ്ങൾ എന്നു പറഞ്ഞത് സെലക്ട് കമ്മിറ്റി. സെലക്ട് കമ്മിറ്റി മെമ്പർമാരെ ഞാൻ അഭിനന്ദിക്കുകയാണ്. ഇതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ആഴത്തിൽ പഠിച്ച് അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിയ സെലക്ട് കമ്മിറ്റി മെമ്പർമാരെ ഞാൻ അഭിനന്ദിക്കുകയാണ്. സെലക്ട് കമ്മിറ്റി പഠനം നടത്തിയില്ലായിരുന്നുവെങ്കിൽ കേരളത്തിലെ മലയോര കർഷകരുടെ മുഴുവൻ കണ്ഠകോടാലിയായി ഈ നിയമം മാറുമായിരുന്നു.

ഈ ബിൽ വനനശീകരണത്തിന്റെ അന്ത്യകൂദാശയാണെന്ന് ശ്രീ. രാജു എബ്രഹാം പറഞ്ഞു. ബഹുമാനപ്പെട്ട രാജുവും കൃഷിക്കാരന്റെ ഒടുക്കത്തെ ഒപ്രുശ്മ കൊടുക്കുന്ന ഒരു വ്യക്തിയായി മാറരുത്. വാസ്തവത്തിൽ ഞങ്ങൾ മലയോര കർഷകരുടെ കഴുത്തിൽ നിന്ന് കത്തിയെടുത്തുമാറ്റി അവരെ രക്ഷിക്കുകയാണ് ചെയ്തത്. അതുകൊണ്ട് ഞങ്ങളെ നിങ്ങൾ അഭിനന്ദിക്കുകയാണ് വേണ്ടത്. അതുപോലെതന്നെ harassment-ഉം misuse-ഉം ഒഴിവാക്കാൻ ചില വ്യവസ്ഥകൾ സെലക്ട് കമ്മിറ്റിയിൽ കൊണ്ടുവന്നിട്ടുണ്ട്. 4-ാം വകുപ്പനുസരിച്ച് നോട്ടിഫൈ ചെയ്താൽ ഇഷ്ടമുള്ളതൊക്കെ ഗവൺമെന്റിന് എടുക്കാമോ? പറ്റില്ല. ഇതൊരു ജനാധിപത്യ രാജ്യമാണ്. ഇവിടെ ഭരണഘടനയും നിയമങ്ങളുമുണ്ട്. Aggrieved person-ന് പറയാനുള്ളത് കേൾക്കാനുള്ള വ്യവസ്ഥയില്ലാതെ നോട്ടിഫൈ ചെയ്തുകൊണ്ട് ആർബിട്രറിയായി ഗവൺമെന്റിന്

LIBRARY ARCHIVES Kerala Legislative Assembly

എന്തും ചെയ്യാമെന്നുള്ള ധാരണ നിങ്ങളുടെ ബില്ലിലുണ്ടായിരുന്നു. അത് സെലക്ട് കമ്മിറ്റി വേളയിൽ മാറ്റി. നോട്ടിഫൈ ചെയ്താൽ ബന്ധപ്പെട്ട ഭൂ ഉടമസ്ഥരെ രേഖാമൂലം വിവരം അറിയിക്കണം. ഓർഡിനൻസ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തെപ്പറ്റി പരാതി കേൾക്കുവാനും ആവശ്യമെങ്കിൽ വിജ്ഞാപനം തിരുത്തി റീ-നോട്ടിഫൈ ചെയ്യാനും വ്യവസ്ഥ വേണമെന്ന സെലക്ട് കമ്മിറ്റി മെമ്പർമാരുടെ അഭിപ്രായം പരിഗണിച്ചുകൊണ്ടാണ് ഈ ബില്ലിൽ മാറ്റം വരുത്തിയിട്ടുള്ളത്. സെലക്ട് കമ്മിറ്റി വരുത്തിയിട്ടുള്ള മാറ്റം വളരെ നന്നായി. ബഹുമാനപ്പെട്ട സി. കെ. നാണു പറഞ്ഞ തോട്ടവിളകളെ ബില്ലിന്റെ പരിധിയിൽനിന്ന് ഒഴിവാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ശ്രീ. കെ. പി. രാജേന്ദ്രൻ വാഗമൺ ഭൂമിയെപ്പറ്റി പറഞ്ഞു. എന്തിനാണ് ഇതിന്റെയിടയ്ക്ക് വാഗമൺ ഭൂമിയെപ്പറ്റി പറഞ്ഞത്? ഇവിടെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതിന് വനം വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ഈ നിയമസഭാ സമ്മേളനം കഴിഞ്ഞാൽ വാഗമണ്ണിൽ വരാമെന്നുപറഞ്ഞു. വീണ്ടും വാഗമൺ എന്നുപറഞ്ഞുകൊണ്ട് അങ്ങയുടെ വിലപ്പെട്ട എട്ടുപത്തു മിനിറ്റു സമയം കളയേണ്ടതില്ലായിരുന്നു. ഇതു വീണ്ടും ചർച്ച ചെയ്യേണ്ട കാര്യമില്ലായിരുന്നു. ആ മൂടുപടം വച്ചുകൊണ്ട് വരേണ്ട കാര്യമില്ലായിരുന്നു. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ട്രൈബ്യൂണലിന്റെ അധികാരത്തെപ്പറ്റി പറഞ്ഞു, അത് രണ്ടാം വായന സമയത്ത് നമുക്ക് നോക്കാം. ശ്രീ. വി. കെ. ചന്ദ്രൻ സൂക്ഷ്മ വനപാലകൻമാരുടെ അധികാര നിയന്ത്രണത്തെപ്പറ്റി പറഞ്ഞു. അതും രണ്ടാം വായനയുടെ സമയത്ത് പറയാം. ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് കണ്ടൽക്കാടുകളെപ്പറ്റി പറഞ്ഞു. മാർഷി ലാന്റെല്ലാം ഫോറസ്റ്റാക്കി പ്രഖ്യാപിക്കുവാനൊക്കുമോ? നമ്മൾ എം. സി. റോഡേ പോകുമ്പോൾ എവിടെയെല്ലാം ..... മാർഷി ലാന്റ് എത്രയോ സ്വകാര്യ വ്യക്തികളുടെ കയ്യിലുണ്ട്; അതെല്ലാം ഫോറസ്റ്റാക്കി പ്രഖ്യാപിക്കാൻ സാധിക്കുമോ? ..... ഫ്രാജൈൽ ലാന്റ് ഫോറസ്റ്റിന്റെ ഭാഗമായി ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അതുപോലെതന്നെ കണ്ടൽക്കാടുകളെ സംരക്ഷിക്കണം. അതിന് പ്രത്യേക വ്യവസ്ഥ വേണം. "കണ്ടൽ" എന്നുപറയുന്നത് കേട്ടാൽ വളരെ നല്ല രീതിയിൽ തോന്നും. "കണ്ടൽ" എന്നു പറയുന്നത് "Mangroves are district plant communities growing between near mean sea level and high spring tide mark in accretive shores and having a number of adaptations for thriving in such an ecotone." വലിയ വാക്കുകളാണ്, ശാസ്ത്രീയമാണ്. കണ്ടൽക്കാട് എന്നുപറഞ്ഞാൽ സമുദ്രത്തിൽ നിന്നുള്ള വേലിയേറ്റം എവിടെവരെ എത്തുമോ അതിനു താഴെയായി സമുദ്ര നിരപ്പിനിടയ്ക്കായിട്ടുള്ള സ്പെഷ്യൽ വെജിറ്റേഷനാണ്. സമുദ്രത്തിൽനിന്ന് വേമ്പനാട്ട് കായലിൽക്കൂടി ഓരു വെള്ളം കയറി കോട്ടയത്തേക്കോ പൂഞ്ഞാറിലേയ്ക്കോ വരുന്നുണ്ടെങ്കിൽ ഹൈറ്റെഡ് ഏതു മാർക്കുവരെ ചെല്ലുമോ അതിനു താഴെയുള്ള് ഭൂമി മുഴുവൻ കണ്ടൽക്കാടുകളായി പ്രഖ്യാപിക്കണമെന്നു പറയുന്നത് ശരിയാണോ? കണ്ടൽക്കാട് സംരക്ഷിക്കുന്നതിന് നിയമം വേണോ, കൊണ്ടുവരാം, അത് സംരക്ഷിക്കുന്നതിനുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കാം. അല്ലാതെ ഇതെല്ലാം ഗവൺമെന്റിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, സ്വകാര്യ വ്യക്തികളുടെ മുഴുവൻ അവകാശങ്ങളും നിഹനിച്ചുകൊണ്ട് ഗവൺമെന്റിൽ നിക്ഷിപ്തമാകുന്ന ഒരു നിയമം കൊണ്ടുവന്നാൽ അത് തെറ്റാണ്. അതൊക്കെ വേറെ നിലയിലാണ്. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിനോടൊന്നും യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. മാർഷി ലാന്റിലൊക്കെ സ്വകാര്യവ്യക്തികൾക്ക് കൃഷിചെയ്യാൻ പറ്റുമോ എന്നു നോക്കുക. ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

പറ്റുകയില്ലെങ്കിൽ എങ്ങനെ വിനിയോഗിക്കണമെന്നുള്ളത് അവരുടെ അവകാശമാണ്. ഗവൺമെന്റ് ഏറ്റെടുക്കണ്ട. നമ്മൾ പഴയ യുഗത്തിലേയ്ക്ക് പോകണ്ട. നമ്മൾ ലിബറലൈസേഷന്റെ കാലഘട്ടത്തിലാണ്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഇവിടെ നല്ല ചർച്ചകൾ നടന്നു. നല്ല അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. അതൊക്കെ രണ്ടാം വായനയിൽ പരിശോധിക്കാം. ഒരു ബുദ്ധിമുട്ടുമില്ല. 860 അമന്റ്മെന്റുകളുണ്ട്.

മി. സ്പീക്കർ: ഇന്നു രാവിലെ 8 മണി കഴിഞ്ഞാണ് നമ്മുടെ ഓഫീസേഴ്സ് പോയത്.

ശ്രീ. കെ. എം. മാണി: ഇന്നുരാവിലെ കിട്ടിയ അമന്റ്മെന്റുകളുണ്ട്. നിങ്ങളും സഹകരിക്കണം. ഞാനും സഹകരിക്കാം. നമുക്ക് എല്ലാപേർക്കും ഗുണപരമായ കാര്യങ്ങളുണ്ടെങ്കിൽ ആത്മാർത്ഥമായി യോജിച്ചുകൊണ്ട് ചർച്ച ആരംഭിക്കാം. ഞാൻ സഹകരിക്കാൻ തയ്യാറാണ്. അതുമാത്രമേ എനിക്ക് പറയാനുള്ളൂ.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഇല്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ്സ് ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച്.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: വളരെ പ്രസക്തമായ ഒരു കാര്യം ഞാൻ പൊതുവായി പറയുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട ബില്ലാണ്. അതുകൊണ്ട് അങ്ങും അതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടുള്ള നിലപാട് എടുക്കണമെന്ന അഭ്യർത്ഥനയുണ്ട്.

2-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(93) ഖണ്ഡം 2(എ) യിൽ "സൂക്ഷിപ്പുകാരൻ എന്നാൽ സംസ്ഥാനത്തെ പ്രധാന മുഖ്യവനപാലകൻ അല്ലെങ്കിൽ ഈ ആക്ട് പ്രകാരമുള്ള" എന്നതിനുപകരം "സൂക്ഷിപ്പുകാരൻ എന്നാൽ സംസ്ഥാനത്തെ മുഖ്യവനപാലകരോ അല്ലെങ്കിൽ ഈ ആക്ട് പ്രകാരമുള്ള" എന്നാക്കി മാറ്റേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(108) ഖണ്ഡം 2(ബി) യിൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങൾ" എന്നത് "പരിസ്ഥിതി ശാസ്ത്രപരമായി പ്രാധാന്യമുള്ള പ്രദേശങ്ങൾ" എന്നാക്കി മാറ്റേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(94) ഖണ്ഡം 2(എ)യിൽ "സംസ്ഥാനത്തെ പ്രധാന മുഖ്യവനപാലകൻ" എന്നത് "സംസ്ഥാനത്തെ വനംവന്യജീവി വിഭാഗത്തിന്റെ ചുമതലയുള്ള പ്രധാനമുഖ്യ വനപാലകൻ" എന്ന് ഭേദഗതി ചെയ്യുക.

(119) ഖണ്ഡം 2(ബി) (i)-ൽ "വ്യക്തിയുടെ കൈവശമുള്ളതും" എന്ന വാക്കുകൾക്കുപകരം "വ്യക്തിയുടേയോ കമ്പനിയുടേയോ ട്രസ്റ്റിന്റെയോ കൈവശമുള്ളതും" എന്നു ചേർക്കുക.

(126) ഖണ്ഡം 2(ബി) (1)-ൽ "വനഭൂമിയുടെ ഏതെങ്കിലും ഭാഗം" എന്നതിനു പകരം "വനഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ" എന്ന് ചേർക്കുക.

(163) ഖണ്ഡം 2(സി) യിൽ "പ്രധാനമായും തേയില" എന്നീ വാക്കുകൾക്കിടയിൽ "ഈ ആക്ട് നിലവിൽ വരുന്നതിന് അഞ്ചുവർഷം മുമ്പ്" എന്ന വാക്കുകൾ ചേർക്കുകയും ഖണ്ഡം 2(സി)യുടെ ഒടുവിൽ "ഏതൊരു ഭൂമിയോ" എന്ന വാക്കുകൾക്കുപകരം "ഒരു ഹെക്ടർ ഭൂമിയോ" എന്നും ചേർക്കുക.

(187) ഖണ്ഡം 2(സി) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

(സി) "വനം" എന്നാൽ "വൃക്ഷ-സസ്യ നിബിഡമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും, നിയമപരമായി അംഗീകരിച്ചിട്ടുള്ള റിസർവ്വ് വനമായോ സംരക്ഷിത വനമായോ നിക്ഷിപ്തവനമായോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വനങ്ങളും ഉടമസ്ഥാവകാശം കണക്കിലെടുക്കാതെ, സർക്കാർ രേഖകളിൽ വനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു പ്രദേശവും ഉൾപ്പെടുന്നതുമാകുന്നു".

(198) ഖണ്ഡം 2(ഡി) ഇനി പറയുംപ്രകാരം ഭേദഗതി ചെയ്യുക;

"(ഡി) 'ഭൂമി' എന്നതിൽ നദികളും അരുവികളും അവയുടെ പ്രഭവസ്ഥാനങ്ങളും മറ്റ് ജലാശയങ്ങളും പുൽമേടുകളും ചോലവനങ്ങളും കണ്ടൽക്കാടുകളും തണ്ണീർപ്പാടങ്ങളും ഉൾപ്പെടുന്നു."

(199) ഖണ്ഡം 2(ഡി) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(ഡി) 'ഭൂമി' എന്നതിൽ നദികളും അരുവികളും അവയുടെ പ്രഭവസ്ഥാനം നീർത്തടമേഖല തണ്ണീർതടങ്ങൾ മറ്റ് ജലാശയങ്ങൾ കണ്ടൽക്കാടുകൾ എന്നിവയും ഉൾപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സംസ്ഥാന വനം വകുപ്പിൽ ഒന്നിൽകൂടുതൽ പ്രധാന മുഖ്യവനപാലകൻമാരുണ്ട്. അതുകൊണ്ട് വനം വന്യജീവി വിഭാഗത്തിന്റെ ചുമതലയുള്ള പ്രധാന മുഖ്യ വനപാലകൻ ആയിരിക്കണം സൂക്ഷിപ്പുകാരൻ എന്ന് വ്യക്തത വരുത്തണം. ബഹുമാനപ്പെട്ട മന്ത്രിക്ക് അംഗീകരിക്കാവുന്ന ഭേദഗതിയാണ് ഭേദഗതി 119. റിസർവ് വനങ്ങൾ നിക്ഷിപ്ത വനങ്ങൾ, സംരക്ഷിത പ്രദേശങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയോട് ചേർന്നുകിടക്കുന്നതും ഉള്ളിൽപ്പെടുന്നതുമായ വൈവിധ്യ സമ്പന്നമായ പ്രദേശം വ്യക്തികളുടെ കൈവശമോ കമ്പനികളുടേയോ ട്രസ്റ്റുകളുടേയോ നിയന്ത്രണത്തിലോ ഉള്ളതാകാം. ഇവിടെ വ്യക്തി എന്നു മാത്രമെ പറയുന്നുള്ളൂ. ജൈവ പ്രാധാന്യമുള്ള ഭൂമി കമ്പനികളുടേയോ ട്രസ്റ്റുകളുടേയോ കൈവശമുണ്ടായിരുന്നാലും നിക്ഷിപ്തമാക്കാൻ സർക്കാരിന് കഴിയണം. അതാണ് ഞാൻ അതുകൊണ്ട് ഉദ്ദേശിക്കുന്നത്. മറ്റൊന്ന് അനധികൃത കയ്യേറ്റങ്ങൾക്ക് ക്രമേണ സാധൂകരണം നൽകുന്ന സംസ്ഥാനമാണ് കേരളം എന്നതുകൊണ്ട് 5 വർഷങ്ങൾക്കുമുമ്പ് തോട്ടമായിരുന്ന പ്രദേശങ്ങളെ മാത്രമേ ആ ഗണത്തിൽ പരിഗണിക്കാൻ പാടുള്ളൂ. അല്ലെങ്കിൽ തോട്ടം മേഖല എന്ന് മുദ്രകുത്തി സ്വകാര്യ കുത്തകകളെ വന ലോബിയെ സഹായിക്കാനുള്ള സ്ഥിതി ഇതുകൊണ്ടുണ്ടാകും. കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന നിയമപ്രകാരം ഏറ്റെടുത്ത 25,000 ഏക്കർ ഭൂമി കയ്യേറ്റക്കാർക്ക് നിക്ഷിപ്തമാകാൻ സഹായിച്ചുവെങ്കിൽ സെലക്ട് കമ്മിറ്റി കൊണ്ടുവന്നിരിക്കുന്ന പുതിയ ഭേദഗതി പ്രകാരം ഇത് നമുക്ക് നഷ്ടപ്പെടാൻ ഇടയാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നത്. മറ്റൊന്ന്, ഭൂമി എന്ന നിർവ്വചനത്തിൽ "തണ്ണീർത്തടങ്ങളും പുൽമേടുകളും ചോലക്കാടുകളും" ഉൾപ്പെടുത്തേണ്ടതാണ്. അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(95) ഖണ്ഡം 2(എ)യിൽ "പ്രധാന മുഖ്യ വനപാലകൻ" എന്നത് "വനം വകുപ്പ് സെക്രട്ടറി" എന്നും "കൺസർവേറ്ററുടെ" എന്നത് "ഗവൺമെന്റ് സെക്രട്ടറിയുടെ" എന്നും ഭേദഗതി ചെയ്യുക.

(99) ഖണ്ഡം 2(എ)യിൽ "ഗസറ്റു വിജ്ഞാപനം വഴി" എന്നതു നീക്കം ചെയ്യേണ്ടതാണ്.

(141) ഖണ്ഡം 2(ബി)യിൽ (ii)-നുശേഷം (iii) ഉപവകുപ്പുകൂടി ചേർക്കുക.

(iii) "വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെടാത്ത ജൈവവൈവിധ്യം ഉൾക്കൊള്ളുന്നതും അന്യം നിന്നുപോകുന്ന സസ്യജാലങ്ങളും പക്ഷിസമ്പത്തും മൽസ്യസമ്പത്തും ഉൾപ്പെടെയുള്ള എല്ലാ ജീവജാലങ്ങളും ഉൾക്കൊള്ളുന്നതും ആയത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും പരിസ്ഥിതി ശാസ്ത്രരംഗത്തുള്ള സംഘടനകൾ ചൂണ്ടിക്കാണിക്കുന്ന ഏതെങ്കിലും ഭൂമിയോ പ്രദേശങ്ങളോ എന്നും അർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(147) ഖണ്ഡം 2(സി) യിൽ രണ്ടാമത്തെ വരിയിൽ "സസ്യങ്ങളാലും" എന്ന വാക്കിനുശേഷം "ജീവജാലങ്ങളാലും" എന്ന വാക്കുകൂടി ചേർക്കുക.

(206) ഖണ്ഡം 2(ഡി)യിൽ "ജലാശയങ്ങളും" എന്നതിനുശേഷം "അവയുൾപ്പെടുന്ന കണ്ടൽക്കാടുകളും വനമേഖലയിലെ ജീവജാലങ്ങളും സസ്യജാലങ്ങളും" എന്ന് കൂടി ചേർക്കുക.

(214) ഖണ്ഡം 2(ഇ)യിൽ "സസ്യശേഖരം" എന്നതിനുപകരം "സസ്യശേഖരങ്ങൾ" എന്ന് ചേർക്കുക.

(222) ഖണ്ഡം 2(എഫ്)-ൽ "പാട്ടക്കാരനും" എന്ന വാക്കിനുശേഷം "അനധികൃത കയ്യേറ്റക്കാരനും" എന്ന വാക്കുകൾ കൂടി ചേർക്കുക.

(225) ഖണ്ഡം 2(എഫ്)-ൽ "മറ്റേതൊരാളും" എന്ന വാക്കിനുപകരം "ഒരാളോ വസ്തുവിന്റെ കരം അടച്ച രസീതോ വീടിന് പഞ്ചായത്ത് നികുതി ഒടുക്കിയ രേഖയുള്ള ഒരാളോ" എന്ന വാക്കുകൾ ചേർക്കുക.

(229) ഖണ്ഡം 2(എഫ്)-ൽ "ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കിനുശേഷം 2-ാം ഖണ്ഡികയായി ഇതുചേർക്കുക. "ചതുപ്പുനിലങ്ങൾ, കൽക്കാടുകൾ, പുൽമേടുകൾ, കണ്ടൽക്കാടുകൾ എന്നീ പ്രദേശങ്ങൾ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാകുന്നു".

അധികാരം ഗവൺമെന്റിൽതന്നെ നിക്ഷിപ്തമായിരിക്കണം. പല വനംവകുപ്പ് ഉദ്യോഗസ്ഥരും വിജിലൻസ് കേസിൽ ഉൾപ്പെട്ടവരും നിയമസഭാ കമ്മിറ്റി തന്നെ അഴിമതിക്കാരാണെന്ന് ചൂണ്ടിക്കാണിച്ചവരുമാണ്. അതുകൊണ്ടാണ് 95-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചത്. ഇതൊരു പുതിയ വകുപ്പാണ്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടാത്ത ഭൂമി നമ്മുടെ നാട്ടിൽ നിരവധിയുണ്ട്. അത് റിപ്പോർട്ട് ചെയ്യാൻ കഴിവുള്ള പരിസ്ഥിതി ശാസ്ത്ര രംഗത്തെ ഗവേഷണ വിദ്യാർത്ഥികളെ ഉപയോഗപ്പെടുത്തി ഭൂമി കണ്ടുപിടിച്ച് സർക്കാരിന്റെ കയ്യിൽ കൊണ്ടുവരണം. ഇതാണ് 141-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 214-ാം നമ്പർ ഭേദഗതി ഒരു വാക്ക് മാറ്റാനാണ് അതായത് അനുയോജ്യമായ വാക്ക് "സസ്യശേഖരം" എന്നല്ല, "സസ്യശേഖരങ്ങൾ" എന്നാണ്. അത് ഗ്രമാറ്റിക്കൽ മിസ്റ്റേക്കാണ്. അനധികൃത കയ്യേറ്റക്കാർ ധാരാളമുണ്ട്. അതുകൊണ്ട് അതുകൂടി ചേർക്കാനാണ് 222-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചത്. 225, അനധികൃത കയ്യേറ്റക്കാരിൽ റവന്യൂ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കരം മാത്രം അടച്ച് അനധികൃതമായി വീടു വച്ച്, പഞ്ചായത്തിൽ നിന്ന് നമ്പരൊക്കെ ഇട്ടിട്ടുള്ള സ്വാധീനമുള്ള ആളുകളാണ്. അതാണ് എന്റെ 225-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്. കണ്ടൽക്കാടുകൾ തുടങ്ങിയ പ്രദേശങ്ങളും ജൈവ വൈവിധ്യങ്ങളുള്ള പരിസ്ഥിതി പ്രത്യേകതയുള്ള പ്രദേശങ്ങളും ഉൾപ്പെടുത്തണമെന്നുള്ളതാണ് 229-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(96) ഖണ്ഡം 2(എ)യിൽ "പ്രധാന മുഖ്യവനപാലകൻ" എന്നത് "അഡീഷണൽ ചീഫ് സെക്രട്ടറിക്ക് തുല്യമായ ഗവൺമെന്റ് സെക്രട്ടറി" എന്നാക്കി ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(100) ഖണ്ഡം 2(എ)യിൽ "കൺസർവേറ്ററുടെ" എന്ന വാക്കിന് പകരം "ചീഫ് കൺസർവേറ്ററുടെ" എന്ന് ചേർക്കുക.

(152) ഖണ്ഡം 2(സി)യിൽ "കണ്ടൽക്കാടുകളും ചതുപ്പുകളും" എന്നീ വാക്കുകൾ "എന്നർത്ഥമാകുന്നതും" എന്ന വാക്കിനും "നിയമപരമായി" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

(216) ഖണ്ഡം 2(എഫ്)-ൽ "ദുർബലമായ" എന്ന വാക്കിനുപകരം "പ്രാധാന്യമുള്ള" എന്ന വാക്ക് ചേർക്കുക.

100-ാം നമ്പർ ഭേദഗതിയിൽ ചീഫ് കൺസർവേറ്റർ എന്ന് ആക്കണമെന്നാണ് പറയുന്നത്. രണ്ടാമത്തേത് പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഡെഫനിഷൻ കേട്ടപ്പോൾതന്നെ അത് വിത്ഡ്രാ ചെയ്യുകയാണ് എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എ. കെ. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(102) ഖണ്ഡം 2(എ)യിൽ "പദവിയിൽ താഴെയല്ലാത്ത" എന്നതിനുശേഷം "വനം വകുപ്പിലെ" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(105) ഖണ്ഡം 2(എ)യിൽ "കൺസർവേറ്ററുടെ പദവിയിൽ താഴെയല്ലാത്ത മറ്റേതെങ്കിലും ഉദ്യോഗസ്ഥൻ" എന്നതിനുപകരം "ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്" എന്ന് ചേർക്കുക.

(133) ഖണ്ഡം 2(ബി) (i)യിൽ "എന്നും" എന്ന വാക്കിനു പകരം "എന്നർത്ഥമാകുന്നതും കണ്ടൽക്കാടുകൾ ഉൾപ്പെടുന്നതുമാകുന്നു" എന്ന് ചേർക്കുക.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(107) ഖണ്ഡം 2(ബി)യിൽ "ദുർബലമായ" എന്ന പദത്തിന് പകരം "അതിപ്രധാനമായ" എന്ന പദം ചേർക്കുക.

(114) ഖണ്ഡം 2-ൽ ഉപഖണ്ഡം (ബി)(1)യിൽ "കൈവശമുള്ളതും ഒരു റിസർവ്വ് വനത്തോടോ അല്ലെങ്കിൽ" എന്നീ വാക്കുകൾക്ക് പകരം "കൈവശമുള്ളതോ തർക്കത്തിൽപ്പെട്ടതോ ആയതും ഒരു കണ്ടൽവനത്തിനോടോ റിസർവ് വനത്തോടോ അല്ലെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

(139) ഖണ്ഡം 2(ബി)(ii)-ൽ "ദുർബലമായ" എന്നതിനുപകരം "അതിപ്രധാനമായ" എന്ന പദം ചേർക്കുക.

(192) ഖണ്ഡം 2(സി)ചുവടെ ചേർത്തിരിക്കും പ്രകാരം മാറ്റുക:

LIBRARY ARCHIVES Kerala Legislative Assembly

"വനം" എന്നാൽ വൃക്ഷങ്ങളാലും അവയ്ക്കിടയിൽ വളരുന്ന സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമിയും കണ്ടൽവനങ്ങളും പുൽമേടുകളും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിത വനമെന്നോ 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത മേഖലയായോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു ഭൂമിയും ഉൾപ്പെടുന്നതും.

(i) എന്നാൽ നിയമപരമായ ഉടമസ്ഥാവകാശമുള്ളതും വാസഗൃഹങ്ങളിരിക്കുന്നതും അതിനോട് ചേർന്ന് ചുറ്റുമായി അതിന്റെ ഉപയോഗത്തിന് ആവശ്യമായിട്ടുള്ള ഒരു ഹെക്ടർ ഭൂമിയും.

(ii) നിയമാനുസൃതമായി ഉടമസ്ഥാവകാശം നേടിയ ഏതൊരു ഭൂമിയിലും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവപോലെയുള്ള ദീർഘകാല വിളകളിലേതെങ്കിലും കൃഷി ചെയ്തിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(219) ഖണ്ഡം 2(എഫ്)-ൽ ആദ്യവരിയിലും രണ്ടാം വരിയിലും "ദുർബ്ബലമായ" എന്ന പദത്തിനു പകരമായി "അതിപ്രധാനമായ" എന്ന വാക്കു ചേർക്കുക.

192-നെക്കുറിച്ച് എനിക്ക് സംസാരിക്കണം. എത്ര ഏലച്ചെടിയുണ്ടെങ്കിൽ ഒരു ഏക്കർ തോട്ടമാകും; എന്നു നട്ട ഏലച്ചെടി മുതലാണ് തോട്ടമായി കണക്കാക്കുന്നത്? ഈ നിർവചനത്തിലുള്ള അവ്യക്തതമൂലം വനഭൂമി തോട്ടമായി കരുതി അത് പിൻവലിക്കും. ഈ നിയമത്തിന്റെ പരിധിയിൽനിന്നും പുറത്തുപോകുമെന്നുള്ളതുകൊണ്ടാണ് ഈ നിർവചനത്തെ ഞങ്ങൾ എതിർത്തത്. അതുകൊണ്ട് ഇതിൽ ഒരു മാറ്റം വരുത്തുന്നതിന് അങ്ങ് തയ്യാറാകണം.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(112) ഖണ്ഡം 2(ബി)യിൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ" എന്നതിനു പകരം "പരിസ്ഥിതിപരമായി അതീവ പ്രാധാന്യമുള്ള" എന്നു ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(113) ഖണ്ഡം 2(ബി)(1)-ൽ "ഏതെങ്കിലും വ്യക്തിയുടെ കൈവശമുള്ളതും" എന്ന വാക്കുകൾക്കുപകരം "ഏതെങ്കിലും വ്യക്തിയുടെ കൈവശം 1-1-1977-നുമുമ്പ് നിയമാനുസൃതം കൈവശം വച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നതും" എന്ന വാക്കുകൾ ചേർക്കുക.

(120) ഖണ്ഡം 2(ബി)(i)-ൽ "ഏതെങ്കിലും വ്യക്തിയുടെ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും ബോർഡിന്റെയോ ട്രസ്റ്ററിന്റെയോ കമ്പനികളുടേയോ വ്യക്തികളുടെയോ" എന്ന വാക്കുകൾകൂടി ചേർക്കുക.

(149) ഖണ്ഡം 2(സി)യിൽ "സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും" എന്ന വാക്കുകൾക്കു പകരം, "സ്വാഭാവികമായും വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലുമോ, അല്ലെങ്കിൽ സോഷ്യൽ ഫോറസ്ട്രി പദ്ധതിയിൻ കീഴിൽ നട്ടുവളർത്തുന്ന വൃക്ഷങ്ങളാലും സസ്യങ്ങളുമായോ" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(178) ഖണ്ഡം 2(സി)യിൽ "വിളകളിലേതെങ്കിലും കൃഷി ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്കു പകരം "വിളകളിലേതെങ്കിലും ഈ ആക്ട് നടപ്പിൽ വരുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള പത്തുവർഷമെങ്കിലും കൃഷിചെയ്തിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

(184) ഖണ്ഡം 2(സി)യിൽ "അതിനു ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ള ഏതെങ്കിലും" എന്ന വാക്കുകൾക്ക് പകരം "അതിനു ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ള ഒരു ഹെക്ടറിൽ അധികരിക്കാത്ത ഏതെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

(221) ഖണ്ഡം 2(എഫ്)-ൽ "പണയ കൈവശക്കാരനും" എന്ന വാക്കുകൾക്കു മുമ്പ് "യഥാർത്ഥ" എന്ന വാക്കു ചേർക്കുക.

2-ാം വകുപ്പിന്റെ ഈ ഉപവകുപ്പ് വനത്തെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തിയുടെ കൈവശമുള്ളത് എന്നുപറയുന്നതിനുപകരം ഏതെങ്കിലും വ്യക്തിയുടെ കൈവശം 1-1-1977-നുമുമ്പ് നിയമാനുസൃതം കൈവശംവച്ച് അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്ന മാറ്റമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനോടൊപ്പം ബോർഡ്, ട്രസ്റ്റ്, കമ്പനി എന്നിവയുടെയൊക്കെ കയ്യിലിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് വ്യക്തതയുണ്ടാകണം. 149-ാം നമ്പർ ഭേദഗതിയിൽ പ്രധാനമായി ഞാൻ പറഞ്ഞിട്ടുള്ളത്, സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും എന്ന വാക്കിന് പകരം സ്വാഭാവികമായും വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലുമോ അല്ലെങ്കിൽ സോഷ്യൽ ഫോറസ്ട്രിയുടെ പദ്ധതിക്കു കീഴിൽ നട്ടു വളർത്തുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലുമോ എന്ന വാക്കുകൂടി ചേർക്കണം എന്നാണ്. 'വനം' എന്ന നിർവചനത്തിൽ വലിയ അപകടം പിടിച്ച ഒരു സ്ഥിതിയാണ് ഉണ്ടായിരിക്കുന്നത്. ധാരാളം കാര്യങ്ങൾ മന്ത്രി ഇവിടെ പറഞ്ഞു. എന്റെ അറിവ് കുറവാണെങ്കിൽ ഞാൻ അതു പരിശോധിക്കാം. ഇതിൽ അപകടം പതിയിരിക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാരണം, സൗകര്യപ്രദമായ ഉപയോഗത്തിന് എന്നാണ് ഇതിൽ കൊടുത്തിരിക്കുന്നത്. അത്യാവശ്യമായിട്ടുള്ള ഏതെങ്കിലും എന്ന വാക്കുകൾക്ക് പകരം അതിന് ചുറ്റുമായി സൗകര്യപ്രദമായി ഉപയോഗിക്കുന്നതിന് ഒരു ഹെക്ടറിലധികരിക്കാത്ത ഭൂമി എന്നാക്കണം. ഭൂമിക്ക് ഒരു വിസ്തൃതി കൊടുക്കുന്നത് അത്യാവശ്യമാണ്. ഒരു ഹെക്ടർ അല്ലെങ്കിൽ അങ്ങ് മാറ്റി പറയുവാൻ തയ്യാറാകണം. അതുപോലെ കൈവശത്തിന് ഒരു കാലാവധി വേണം. ഈ ഒരു വകുപ്പിനെ ഉദ്ദേശിച്ചുമാത്രമാണ് ഞാൻ പറഞ്ഞത്. 2(സി) യിൽ പറഞ്ഞിരിക്കുന്നത് വിളകളിൽ ഏതെങ്കിലും ഈ ആക്ട് നടപ്പിൽ വന്ന തീയതിക്ക് തൊട്ടുമുമ്പുള്ള പത്തുവർഷമെങ്കിലും കൃഷി ചെയ്യുന്നതായിരിക്കണം. അല്ലെങ്കിൽ ഇവിടെ 'വാറ്റ്' പാസ്സാക്കുന്നതിന്റെ പിറ്റേ ദിവസം മുതൽ അവിടെപ്പോയി കൈവശം വച്ചുകഴിഞ്ഞാൽ ബുദ്ധിമുട്ടാണ്. മാണിസാറിന് ഈ ബിൽ അവതരിപ്പിക്കുവാൻ അവസരം ലഭിച്ചത് അദ്ദേഹത്തിന്റെ ഭാഗ്യംതന്നെയാണ്. അതിൽ എനിക്ക് വലിയ സന്തോഷം തോന്നുന്നു. അദ്ദേഹത്തിന് ഇത് വളരെ ഗൗരവമായി കൈകാര്യം ചെയ്യുവാൻ കഴിയും. 'പഴയ കൈവശക്കാരൻ' എന്നുള്ളത് 'യഥാർത്ഥ കൈവശക്കാരന്' എന്നാക്കണം. വനം എന്ന നിർവചനത്തിൽ മാറ്റം വരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(115) ഖണ്ഡം 2(ബി) (1)-ൽ "ഏതെങ്കിലും വ്യക്തിയുടെ" എന്നതിനു പകരം "ഏതെങ്കിലും ആളിന്റെ" എന്ന് ചേർക്കുക.

(125) ഖണ്ഡം 2(ബി) (1)-ൽ "ചേർന്നുകിടക്കുന്നതോ" എന്നതിനുപകരം "തുടർന്നു കിടക്കുന്നതോ" എന്നു ചേർക്കുക.

(145) ഖണ്ഡം 2(സി)യിൽ "മുഖ്യമായും" എന്ന വാക്കിനുപകരം "ഏറിയകൂറും" എന്നാക്കി മാറ്റുക.

(176) ഖണ്ഡം 2(സി) യിൽ "ദീർഘകാല വിളകളിൽ ഏതെങ്കിലും" എന്ന വാക്കുകൾക്കുശേഷം "കൃഷി ചെയ്തിട്ടുള്ള" എന്നീ വാക്കുകൾക്കു മുമ്പിലായി "ഏറ്റവും കുറഞ്ഞത് ഇരുപതുവർഷം മുമ്പെങ്കിലും" എന്നീ വാക്കുകൾ ചേർക്കുക.

(207) ഖണ്ഡം 2(ഡി)യിൽ "ജലാശയങ്ങളും" എന്ന വാക്കിനു ശേഷം "ചതുപ്പു നിലങ്ങളും" എന്ന വാക്കു കൂടി ചേർക്കുക.

(213) ഖണ്ഡം 2(ഇ) യിൽ "വളർന്നുകൊണ്ടിരിക്കുന്ന" എന്നതിനുപകരം "വളർന്നു വരുകയും വികസിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന" എന്ന് ചേർക്കുക.

ഞാൻ 115-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് മാത്രം പറയുകയാണ്. അതിൽ വ്യക്തിയെന്ന് പറഞ്ഞിരിക്കുന്നത് ശരിയല്ല. വ്യക്തിയെന്ന് പറയുന്നത് ഇംഗ്ലീഷിൽ individual എന്നുപറയുന്നതിന്റെ ട്രാൻസിലേഷനാണ്. ശരിക്കും person എന്നാണ് വേണ്ടത്. കാരണം ഇതിനകത്ത് വ്യക്തി മാത്രമല്ല ഓണർ. ജൂറിസ്ഡിക്സ് പേഴ്സൺ എന്നുള്ള രീതിയിൽ വരണം. വ്യക്തിയെന്നുപറഞ്ഞാൽ individual മാത്രമാകും. ട്രസ്റ്റുണ്ടാകാം, ഓണർഷിപ്പ് വേറെ ആർക്കെങ്കിലുമുണ്ടാകാം. അതുകൊണ്ടാണ് 115-ാം നമ്പർ ഭേദഗതി മൂവ് ചെയ്തത്.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(116) ഖണ്ഡം 2(ബി) (1)ൽ "വ്യക്തിയുടെ" എന്ന വാക്കിനുപകരം താഴെ പറയുന്നത് ചേർക്കുക.

"വ്യക്തിയുടേയോ വ്യക്തികളുടേയോ സ്വകാര്യ സ്ഥാപനങ്ങളുടേയോ"

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(117) ഖണ്ഡം 2(ബി) (1)-ൽ "കൈവശമുള്ളതും" എന്ന വാക്കിനുശേഷം "നിബിഡവനം വന്യമൃഗങ്ങൾ താമസിക്കുന്നതുമായ പ്രദേശങ്ങളും ജീവജാലങ്ങളും" എന്നു കൂടി ചേർക്കുക.

(140) ഖണ്ഡം 2(ബി) (ii) താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

(ii) "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങളിലായി 4-ാം വകുപ്പുപ്രകാരം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി പ്രഖ്യാപിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നതുമായ ഭൂമി എന്നർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(183) ഖണ്ഡം 2(സി)യിൽ "ഉപയോഗത്തിന്" എന്ന വാക്കിനുശേഷം "രണ്ട് ഹെക്ടറിലും കവിയാത്തതും" എന്നുകൂടി ചേർക്കുക.

(186) ഖണ്ഡം 2(സി) താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

(സി) "വനം" എന്നാൽ മുഖ്യമായും സ്വാഭാവികമായും വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും, ജീവജാലങ്ങളാലും, ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും, നിയമപരമായി അംഗീകരിച്ചിട്ടുള്ളതും, അതുപോലെ തന്നെ 1972-ലെ വന്യജീവി സംരക്ഷണനിയമപ്രകാരം സംരക്ഷിത മേഖലയായി പ്രഖ്യാപിക്കപ്പെട്ട ഏതൊരു പ്രദേശവും പരിസ്ഥിതി സംരക്ഷണാർത്ഥം സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട കണ്ടൽക്കാടുകളും ചതുപ്പുനിലങ്ങളും ഉൾപ്പെടുന്നതാണ്.

(188) ഖണ്ഡം 2(സി)യ്ക്ക് ശേഷം പുതിയ ഇനമായി താഴെപ്പറയുന്നത് ചേർക്കുക:

"(ഡി)" "തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് തുടങ്ങിയ എല്ലാ തോട്ടവിളകളും ഉൾപ്പെടുന്ന ഏതെങ്കിലും ഭൂമി വനമെന്ന നിർവചനത്തിൽ ഉൾപ്പെടുന്നതല്ല. നിയമാനുസൃതമായി നേടിയ ഭൂമിയിൽ തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് തുടങ്ങിയ നാണ്യവിളകളും തോട്ടവിളകളും കൃഷി ചെയ്തു വരുന്ന ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിൽ നിന്ന് ഒഴിവാക്കിയതായി കണക്കാക്കുന്നതാണ്."

(200) ഖണ്ഡം 2(ഡി) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക:

"(ഡി) 'ഭൂമി' എന്നതിൽ നദികളും അരുവികളും തോട്ടങ്ങളും കണ്ടൽ കാടുകളും ചതുപ്പുനിലങ്ങളും അവയുടെ ഉത്ഭവസ്ഥാനങ്ങളും മറ്റു ജലാശയങ്ങളും ഉൾപ്പെടുന്നു."

(210) ഖണ്ഡം 2(ഇ) താഴെപ്പറയുന്നപ്രകാരം ഭേദഗതി ചെയ്യുക.

"(ഇ) സ്വാഭാവിക സസ്യജാലം എന്നാൽ ഭൂമിയിൽ ഏറിയ കൂറും പ്രകൃത്യാ കാണുന്നതും സ്വാഭാവികമായി വളർന്നുവരുന്നതുമായ സസ്യശേഖരം എന്നർത്ഥമാകുന്നു."

(224) ഖണ്ഡം 2(എഫ്)-ൽ "അനുഭവത്തിനും അവകാശമുള്ള മറ്റൊരാളും" എന്ന വാക്കുകൾക്കുപകരം "വർഷങ്ങളായി ഭൂമിയിൽ നിന്നും അനുഭവങ്ങൾ എടുത്തു കൊണ്ടിരിക്കുന്ന ആളും" എന്ന വാക്കുകൾ ചേർക്കുക.

(232) ഖണ്ഡം 2(എച്ച്)-ൽ "വിജ്ഞാപനം ചെയ്യപ്പെട്ട വനങ്ങളും" എന്ന വാക്കിനുശേഷം "1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത മേഖലയായി പ്രഖ്യാപിക്കപ്പെട്ട ഏതൊരു പ്രദേശങ്ങളും" എന്നുകൂടി ചേർക്കുക.

(233) ഖണ്ഡം 2(ഐ) താഴെ പറയുംവിധം ഭേദഗതി ചെയ്യുക:

(ഐ) "ട്രൈബ്യൂണൽ എന്നാൽ ഈ ആക്ടിലെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെടുന്നതും, ഹൈക്കോടതിയുടേയോ മാർഗ്ഗ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെടുന്നതോ ആയ ഒരു ട്രൈബ്യൂണൽ എന്നർത്ഥമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

(234) ഖണ്ഡം 2(ജെ)-ൽ "സർക്കാരിൽ നിക്ഷിപ്തമായ" എന്ന വാക്കുകൾക്കു ശേഷം "വനവും 1972-ലെ വന്യജീവി സംരക്ഷണ നിയമപ്രകാരം സംരക്ഷിത മേഖലയായി പ്രഖ്യാപിക്കപ്പെട്ട ഏതൊരു പ്രദേശവും ഉൾപ്പെടുന്നതാകുന്നു" എന്നു കൂടി ചേർക്കുക.

(235) ഖണ്ഡം 2(ജെ)യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കേണ്ടതാണ്:

"കെ." "കണ്ടൽക്കാടുകൾ" എന്നാൽ പരിസ്ഥിതി സംബന്ധമായി സംരക്ഷി ക്കേണ്ട പ്രദേശങ്ങൾ എന്നർത്ഥമാകുന്നു.

(236) ഖണ്ഡം 2(ജെ)യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കേണ്ടതാണ്:

(കെ) "കണ്ടൽ കാട്" "പ്രകൃതിയുടെ ദാനമായി സ്വാഭാവികമായി വളർന്നു വരുന്നതും പാരിസ്ഥിതിക സംരക്ഷണത്തിനും മത്സ്യ പ്രജനനവും മണ്ണൊലിപ്പ് തടയുന്നതിനും, എക്കൽ സംരക്ഷണത്തിനുവേണ്ടിയുള്ള പ്രകൃതിയുടെ വേലിക്കെട്ട് എന്നർത്ഥമാകുന്നു".

(237) ഖണ്ഡം 2(ജെ)യ്ക്ക് ശേഷം താഴെപറയുന്ന പുതിയ ഉപഖണ്ഡം ചേർക്കുക:

(കെ) "പുൽമേട്" എന്നാൽ "പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തു ന്നതിനും പാരിസ്ഥിതിക സംരക്ഷണത്തിനും വേണ്ടി പ്രകൃതിയിൽ സ്വാഭാവികമായി വളർന്നുവരുന്ന സസ്യജാലകം".

എല്ലാ ഭേദഗതികളെക്കുറിച്ചും സംസാരിക്കുന്നില്ല. ഒന്നുരണ്ടെണ്ണത്തെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. 16 ഭേദഗതികൾ ഞാൻ കൊണ്ടുവന്നു. 14 എണ്ണമാണ് അവതരിപ്പിച്ചത്. ഏറ്റവും പ്രധാനപ്പെട്ടത് 'വനം' എന്ന നിർവചനമാണ്. അത് നേരത്തെ ഇവിടെ പറഞ്ഞു. 'ചീഫ് കൺസർവേറ്റർ' എന്നതിനെ സംബന്ധിച്ച് ഞാൻ വിശദീകരിക്കുന്നില്ല. നിർവചനത്തിൽ വ്യക്തത വരാത്തതുകൊണ്ടാണ് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. 117-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് നിബിഡവനങ്ങൾ, വന്യമൃഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾ, ജീവജാലങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ എന്നൊരു വ്യവസ്ഥ അതിൽ വയ്ക്കണമെന്നതാണ്. 183 (സി)യെക്കുറിച്ച് ഒരു വാക്ക് പറയുകയാണ്. വാസഗൃഹങ്ങ ളിലിരിക്കുന്നത് അതിനു ചുറ്റുമായി അതിന്റെ സൗകര്യപ്രദമായി ഉപയോഗിക്കുന്നതിന് അത്യാവശ്യമായിട്ടുള്ള ഏതൊരു സ്ഥലവും എന്ന് പറഞ്ഞിരിക്കുന്നത് രണ്ട് ഹെക്ടറിൽ കവിയാത്ത ഭൂമി എന്ന് പറയണം. രണ്ടാം വായനയിൽ മിനിസ്റ്റർ അതിനെക്കുറിച്ച് ആലോ ചിക്കാമെന്ന് പറഞ്ഞു. അത് പറഞ്ഞില്ലെങ്കിൽ 10 ഏക്കർ, 100 ഏക്കർ, 200 ഏക്കർ ഒക്കെ ആകാം. ഗസ്റ്റ്ഹൗസ് പോലത്തെ ഒരു വീട് ഉണ്ടാകും. അത് ഇതിൽപ്പെടുത്താൻ പാടില്ല. അതുകൊണ്ടാണ് രണ്ട് ഹെക്ടറിൽ കവിയാത്ത ഭൂമിയെന്ന് ഞാൻ പറഞ്ഞത്. കണ്ടൽക്കാട് എന്ന് പറഞ്ഞതിൽ ചതുപ്പുനിലം, പുൽമേട് ഇവ പറഞ്ഞിട്ടുണ്ട്. കോട്ടയം റോഡ് തുടങ്ങി കുറെ സ്ഥലങ്ങളുടേയും പട്ടണങ്ങളുടേയും പേര് പറഞ്ഞിട്ടുണ്ട്. അങ്ങനെ ഇതിനെ വ്യഖ്യാനിക്കരുത്. വാഗമണ്ണിനെകുറിച്ച് ഞങ്ങൾ വെറുതെ പറഞ്ഞതല്ല. വാഗമൺ വളരെ പ്രശസ്തമായ പുൽപ്രദേശമാണ്. അത്തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ജൈവസമ്പത്ത് നിറഞ്ഞുകിടക്കുന്ന പ്രദേശത്തെ സംരക്ഷിക്കാനാണ് നമ്മൾ ഈ നിയമം കൊണ്ടുവന്നത്. ഫോറസ്റ്റാക്കാനല്ല. ശ്രീ. കെ. എം. മാണി ഇവിടെ വ്യാഖ്യാനിച്ച് മറിച്ചുപറഞ്ഞു. ഇത് ഫോറസ്റ്റ് ലാന്റായി എടുക്കേണ്ട കാര്യമില്ല. ഇതിന്റെ ഉദ്ദേശം എന്താണ്? അങ്ങനെയുള്ള ലാന്റ് സംരക്ഷിക്കപ്പെടണം. അതുകൊണ്ട് അതിനെ കുറിച്ച് വ്യക്തമായി നിർവചനത്തിൽ പറയണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(121) ഖണ്ഡം 2(ബി) (i) "അല്ലെങ്കിൽ" എന്ന വാക്ക് രണ്ടാം വരിയിലെ രണ്ടിടത്തുനിന്നും ഒഴിവാക്കുക.

(185) ഖണ്ഡം 2(സി)യിൽ "ഏതെങ്കിലും ഭൂമിയോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു" എന്നതിനു പകരം "മറ്റേതെങ്കിലും ഭൂമിയോ അതിൽ ഉൾപ്പെടാത്തതുമാകുന്നു" എന്ന് ചേർക്കുക.

(226) ഖണ്ഡം 2(എഫ്)-ൽ "പണയകൈവശക്കാരനും പാട്ടക്കാരനും കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതൊരാളും" എന്നതിനു പകരം "പണയകൈവശക്കാരനോ പാട്ടക്കാരനോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതൊരാളുമോ" എന്ന വാക്കുകൾ ചേർക്കുക.

എല്ലാ ഭേദഗതികളും ഭാഷാപരമായ ന്യൂനത പരിഹരിക്കുന്നതിനുള്ളതാണ്. അതിന് അർഹതപ്പെട്ട പരിഗണന ലഭിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(132) ഖണ്ഡം 2(ബി)(i)-ൽ "എന്നും" എന്ന വാക്കിനുപകരം "എന്ന് അർത്ഥമാകുന്നതും സംസ്ഥാനത്തെ കണ്ടൽക്കാടുകളും ചതുപ്പുകളും" ഉൾപ്പെടുന്നതുമാകുന്നു.

അതിൽ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളിൽ കണ്ടൽക്കാടുകളും എന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(134) ഖണ്ഡം 2(ബി)(i)-നു ശേഷം താഴെ പറയുന്ന വാചകം ചേർക്കുക:

"കണ്ടൽ ചെടികൾ വളർന്നു നിൽക്കുന്ന കായലുകളുടെയും അഴിമുഖങ്ങളുടെയും ചതുപ്പുനിലങ്ങളുടെയും ഭാഗമായ ഏതെങ്കിലും ഭൂപ്രദേശങ്ങൾ എന്നും".

(238) ഖണ്ഡം 2(ജെ)യ്ക്ക് ശേഷം താഴെപ്പറയുന്ന പുതിയ ഉപഖണ്ഡം ചേർക്കേണ്ടതാണ്:

LIBRARY ARCHIVES Kerala Legislative Assembly

"(കെ)" "കണ്ടൽക്കാടുകൾ" എന്നാൽ കായലുകളുടെയും അഴിമുഖങ്ങളുടെയും ചതുപ്പുനിലങ്ങളുടെയും ഓരങ്ങളിൽ ഉപ്പുരസത്തെ അതിജീവിച്ച് വളരുന്ന റൈസോ ഫോറോ, ബ്യൂസിറാ, അവിസിനിയ, സോണാവേഷ്യ തുടങ്ങിയ ശാസ്ത്ര നാമങ്ങളാൽ അറിയപ്പെടുന്ന ഇരുപതിലധികം ഇനങ്ങളിലുള്ള സസ്യങ്ങളുടെ (ചെടികളുടെ) കൂട്ടം എന്നർത്ഥമാകുന്നു.

കണ്ടൽക്കാടുകൾ ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി കണ്ണൂരിൽ പോയി പരിശോധിച്ചതാണ്. വനം എന്നുള്ളതിലല്ല ഞങ്ങൾ പറയുന്നത്. ചതുപ്പുനിലങ്ങളുടെയും സംരക്ഷിക്കുന്ന പ്രദേശങ്ങളുടേയും കൂട്ടത്തിൽപ്പെടുത്തിയെങ്കിലേ മതിയാകൂ. അതുകൊണ്ട് ഇതുകൂടെ ഉൾപ്പെടുത്തണമെന്ന് പറയുകയാണ്.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(135) ഖണ്ഡം 2(ബി) (ii)-ൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ" എന്നതിനു പകരം "പരിസ്ഥിതിപരമായി അതീവ പ്രാധാന്യമുള്ള" എന്ന് ചേർക്കുക.

(164) ഖണ്ഡം 2(സി)യിൽ "കാപ്പി", "ഏലം" എന്നീ വാക്കുകൾ ഒഴിവാക്കുക.

135-ാം നമ്പർ ഭേദഗതി ecologically fragile land എന്നതിന്റെ പരിഭാഷയാണ്. അത് പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ എന്നതാണ് ഇതിലുള്ളത്. അത് ശരിയായ രീതിയിൽ, അതിന്റെ പീഠികയിലുള്ള ഉദ്ദേശം വ്യക്തമാകുന്നില്ല. അതുകൊണ്ട് പരിസ്ഥിതിപരമായി അതീവ പ്രാധാന്യമുള്ള എന്നു മാറ്റം വരുത്തണമെന്നതാണ്. രണ്ടാമത്തേത് വളരെ പ്രധാനപ്പെട്ടതാണ്. വനത്തിന്റെ നിർവചനം കൊടുത്തിട്ടുണ്ട്. അതിൽ ഇത് സംബന്ധിച്ച് കൊടുത്തിട്ടുള്ളത് പീഠികയുടെ താല്പര്യത്തിന് വിരുദ്ധമായിട്ടാണ്. സ്വാഭാവികമായും വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും വ്യാപൃതമായിട്ടുള്ള ഭൂമി എന്ന് അർത്ഥമാകുന്നതും എന്നുപറഞ്ഞിട്ട് അതിൽ നിന്ന് ചിലത് എക്സ്ക്ലൂഡ് ചെയ്യുകയാണ്. അതിൽ ഏലക്കാടുകൾ, കാപ്പി ഇവയെ ഒഴിവാക്കണമെന്നതാണ് എന്റെ നിർദ്ദേശം. സെലക്ട് കമ്മിറ്റി നിലമ്പൂരും സൈലന്റ് വാലിയുമൊക്കെ പരിശോധിച്ചപ്പോൾ സ്വാഭാവികമായി വളരുന്ന വനപ്രദേശങ്ങളിൽത്തന്നെ ഏലവും കാപ്പിയും വളരുന്നുണ്ട്. അതുകൊണ്ട് അത്തരം പ്രദേശങ്ങൾ വനപരമായി സംരക്ഷിക്കപ്പെടേണ്ടതാണ്. അത് ഒഴിവാക്കുന്നത് ശരിയല്ല എന്നതാണ് എന്റെ അഭിപ്രായം.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(136) ഖണ്ഡം 2(ബി) (11)-ൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ പ്രദേശങ്ങളായി" എന്നതിനുപകരം "പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളായി" എന്നു ചേർക്കുക.

(195) ഖണ്ഡം 2(സി) താഴെ പറയും പ്രകാരം മാറ്റുക:

"വനം" എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷ സസ്യാദികളാൽ ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിത വനമെന്നോ മറ്റേതെങ്കിലും തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു വനവും ഉൾപ്പെടുന്നതും എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമായും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവ പോലുള്ള ദീർഘകാല വിളകളിലേതെങ്കിലും കുറഞ്ഞത് 20 വർഷമായി കൃഷി ചെയ്തിട്ടുള്ള ഏതൊരു ഭൂമിയോ വാസഗൃഹമായിരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് ആവശ്യമായിട്ടുള്ളതും അതിർത്തി നിശ്ചയിക്കപ്പെട്ടതുമായ ഏതെങ്കിലും ഭൂമിയോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(130) ഖണ്ഡം 2(ബി) (1)-ൽ അവസാനത്തെ വരിയിൽ "വനഭൂമിയുടെ ഏതെങ്കിലും ഭാഗം" എന്നീ വാക്കുകൾക്കുപകരം "വനഭൂമിയോ അതിന്റെ ഏതെങ്കിലും ഭാഗമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(173) ഖണ്ഡം 2(സി) യിൽ "ദീർഘകാല വിളകളിലേതെങ്കിലും" എന്നീ വാക്കുകൾക്കുപകരം "എന്നീ കാർഷിക വിളകൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(146) ഖണ്ഡം 2(സി) യിൽ "വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ" എന്നതിനുപകരം "വൃക്ഷങ്ങളാലും അവയ്ക്കിടയിൽ വളരുന്ന ചെറുതരം സസ്യജാലങ്ങളാലും" എന്ന് ചേർക്കുക.

(849) ഖണ്ഡം 2(ബി) (1)-ൽ "ചുറ്റപ്പെട്ടതോ ആയ" എന്നതിനുശേഷമുള്ള "വനഭൂമിയുടെ" എന്ന വാക്കിനുപകരം "ഭൂമിയുടെ" എന്ന വാക്ക് ചേർക്കുക.

849-ൽ വനഭൂമിയുടെ എന്ന് വീണ്ടും പറയേണ്ട ആവശ്യമില്ല. അത് ഭൂമിയുടെ എന്നാക്കിയാൽ മതി.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(153) ഖണ്ഡം 2(സി) യിൽ "1972-ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരം സംരക്ഷിത മേഖലയെന്നോ" എന്നീ വാക്കുകൾ "സംരക്ഷിത വനമെന്നോ" എന്ന വാക്കിനും "മറ്റേതെങ്കിലും" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

(156) ഖണ്ഡം 2(സി) യിൽ "ചതുപ്പുകളും" എന്ന വാക്ക് "ഏതൊരു വനവും" എന്ന വാക്കിനും "ഉൾപ്പെടുന്നതും" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

കണ്ടൽക്കാടുകളെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണം വേണമെങ്കിൽ ആലോചിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. ചതുപ്പുകളിൽ നമ്മുടെ ഒടുവിലത്തെ ജലത്തുള്ളിയും അവശേഷിക്കുകയാണ്. ഇതിൽ വനത്തോട് ചേർന്നു കിടക്കുന്ന ചതുപ്പുകളെക്കൂടി ഉൾപ്പെടുത്തണം.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(155) ഖണ്ഡം 2(സി) യിൽ "കണ്ടൽക്കാടുകളും" എന്ന വാക്ക് "ഏതൊരു വനവും" എന്നവാക്കിനും "ഉൾപ്പെടുന്നതും" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(166) ഖണ്ഡം 2(സി) യിൽ "തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവ പോലെയുള്ള " എന്നതിനുപകരം "തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവയോ അതുപോലുള്ളതോ ആയ" എന്നു ചേർക്കുക.

(201) ഖണ്ഡം 2(ഡി) യിൽ "ഭൂമി എന്നതിൽ" എന്നതിനുശേഷം "വനാന്തർഭാഗത്തുള്ള" എന്ന് ചേർക്കുക.

ദീർഘകാല വിളകളെപ്പറ്റി പറഞ്ഞിട്ടുള്ളത് എന്നിവപോലെയുള്ള എന്നാണ്. അത് കുറച്ചുകൂടി കറക്ടാക്കണം. എന്നിവയോ അതുപോലുള്ളതോ എന്ന നിലയിൽ ഭേദഗതി ചെയ്യണം.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(167) ഖണ്ഡം 2(സി) യിൽ "കമുക്" എന്നതിനുശേഷം "ഫലവൃക്ഷതോപ്പുകൾ" എന്ന് ചേർക്കുക.

ശ്രീ. എ. എൻ. രാജൻബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(177) ഖണ്ഡം 2(സി) യിൽ "ദീർഘകാല വിളകളിൽ ഏതെങ്കിലും" എന്നതിനു ശേഷം "കുറഞ്ഞത് 16 വർഷമെങ്കിലും" എന്നു കൂടി കൂട്ടിച്ചേർക്കുക.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(172) ഖണ്ഡം 2(സി) യിൽ "ഏലം, തെങ്ങ്, കമുക്" എന്നതിനുശേഷം "എന്നിവപോലെയുള്ള" എന്നതിനു മുമ്പായി "മാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ" എന്ന് കൂടി ചേർക്കേണ്ടതാണ്.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(179) ഖണ്ഡം 2(സി) യിൽ "പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു വനവും ഉൾപ്പെടുന്നതും എന്നാൽ" എന്നതിനുശേഷം താഴെപ്പറയുന്നത് ചേർക്കേണ്ടതാണ്.

"നിയമാനുസൃതമായി നേടിയ തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവ പോലെയുള്ള ദീർഘകാല വിളകളിലേതെങ്കിലും കൃഷി ചെയ്തിട്ടുള്ള ഏതൊരു ഭൂമിയോ വാസഗൃഹങ്ങളായിരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും ഭൂമിയോ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു".

ശ്രീ. സി. കെ. നാണു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(189) രണ്ടാംവകുപ്പ് (സി) താഴെപ്പറയുന്നപ്രകാരം മാറ്റുക.

"(സി)" "വനം" എന്നാൽ വൃക്ഷങ്ങളാലും അവയ്ക്കിടയിൽ വളരുന്ന സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും, നിയമപരമായി അംഗീകരിച്ചിട്ടുള്ള, റിസർവ്വ് വനമായോ സംരക്ഷിത വനമായോ, അല്ലെങ്കിൽ മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വനങ്ങളും ഉടമസ്ഥാവകാശം കണക്കിലെടുക്കാതെ, സർക്കാർ രേഖകളിൽ വനങ്ങൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു ഭൂമിയും ഉൾപ്പെടുന്നതുമാകുന്നു. ഇത് വളരെ പ്രധാനമായ ഒരു പ്രശ്നമാണ്. വനം എന്നു പറഞ്ഞാൽ പുതുതായി ഡെഫനിഷൻ തേടുന്ന ഒരു വകുപ്പല്ല. ഇന്ത്യയിലായാലും കേരളത്തിലായാലും വനം എന്ന വാക്കിന് ഡെഫിനിഷൻ ഉണ്ട്. വനം എന്നുപറയുമ്പോൾ രാജ്യത്തുള്ള കാർഷിക വിളകളും തെങ്ങ്, കവുങ്ങ്, തുടങ്ങി നാട്ടിലുള്ള എല്ലാ ഫല വൃക്ഷങ്ങളും അതിൽപ്പെടുത്തേണ്ടതുണ്ടോ? ഈ നിയമം എന്തിനുവേണ്ടി കൊണ്ടു വന്നു? കാർഷിക മേഖലയുടെ സംരക്ഷണത്തിന് നമുക്ക് വേറെ ബിൽ കൊണ്ടുവരാം. കാർഷികോല്പന്നങ്ങളുടെ സംരക്ഷണത്തിന് ഏതു തരത്തിലുള്ള ബിൽ കൊണ്ടു വരുന്നതിനും ഞങ്ങൾ എതിരല്ല. അതേയവസരത്തിൽ വനസംരക്ഷണത്തിന് സാർവ്വ ദേശീയമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന ഒരു നിയമത്തിൽ വനം എന്നുള്ള പേരിനോട് പലതും ചേർത്തിരിക്കുന്നത് നിയമവിരുദ്ധമാണ്. കേന്ദ്രനിയമ ത്തിലെ ഡെഫനിഷനുമായി തലനാരിഴപോലും ബന്ധമില്ലതെ കാർഷികമേഖലയുടെ സംരക്ഷണം എന്നു പറഞ്ഞ് ഒരു പുതിയ വ്യഖ്യാനം എഴുതിച്ചേർക്കാൻ ആർക്കും അധികാരമില്ല. അതുകൊണ്ട് വനം എന്നുപറയുമ്പോൾ വനത്തിനു ചേരുന്ന തരത്തിലുള്ള ഒരു വ്യാഖ്യാനമായിരിക്കണം വേണ്ടത്. ഈ നിയമം നടപ്പിലാക്കുന്ന അവസരത്തിൽ ചില പോരായ്മകൾ ഉണ്ടാകാം. അത് പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇന്ത്യക്ക് മാതൃകയാകേണ്ട ഒരു നിയമത്തിൽ വനം എന്നുള്ളതിനെ ഏറ്റവും മോശമാക്കുന്ന രൂപത്തിലുള്ള പുതിയ കാര്യങ്ങൾ ചേർത്തിരി ക്കുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, എന്റെ ഭേദഗതിയാണ് ശ്രീ. സി. കെ. നാണു മൂവ് ചെയ്തത്. അതിനെക്കുറിച്ച് സംസാരിക്കാൻ എന്നെ അനുവദിക്കണം.

മി. സ്പീക്കർ: No..... No..... Shri V. K. Chandran.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: ഞാൻ സഭയിൽ ഇരിക്കുകയില്ല.

മി. സ്പീക്കർ: ഇരിക്കണ്ട. അമെന്റ്മെന്റ് മൂവ് ചെയ്തിട്ടുള്ളവരെ മാത്രമേ വിളിക്കുകയുള്ളൂ. .....(ബഹളം)..... നിങ്ങൾ ബഹളം കൂട്ടേണ്ട.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സംസാരിക്കാൻ അവസരം തരാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഭേദഗതി സംബന്ധിച്ച് സംസാരിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് ഡോ. എ. നീലലോഹിതദാസൻ നാടാർ സഭയിൽ നിന്നിറങ്ങിപ്പോകുകയും അല്പ സമയം കഴിഞ്ഞ് തിരിച്ചുവരുകയും ചെയ്തു.)

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(191) ഖണ്ഡം 2 (സി) താഴെപ്പറയും പ്രകാരം മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

"(സി)" "വനം"എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിതവനമെന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതോ സർക്കാർ രേഖകളിൽ വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതോ ആയ ഭൂമിയും ഉൾപ്പെടുന്നതുമാകുന്നു.

(193) ഖണ്ഡം 3 (സി) താഴെപ്പറയുന്ന വിധത്തിൽ മാറ്റുക.

(i) "വനം" എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിതവനമെന്നോ മറ്റേതെങ്കിലും തരത്തിലുള്ള വനമെന്നോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതോ സർക്കാർ രേഖകളിൽ വനം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതോ ആയ ഏതൊരു ഭൂപ്രദേശവും ഉൾപ്പെടുന്നതാകുന്നു.

(ii) തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവ പോലുള്ള ദീർഘകാല വിളകളിൽ ഏതെങ്കിലും കൃഷി ചെയ്തിട്ടുള്ളതോ വാസഗൃഹങ്ങളിരിക്കുന്നതും അതിന് ചുറ്റുമായി അതിന്റെ സൗകര്യപ്രദമായ ഉപയോഗത്തിന് അത്യാവശ്യമായിട്ടുള്ളതോ ആയതും നിയമവിധേയമായി കൈവശം വച്ചനുഭവിച്ചു പോരുന്നതുമായ ഏതെങ്കിലും ഭൂമി വനമായി കണക്കാക്കാൻ പാടില്ലാത്തതാകുന്നു.

(208) ഖണ്ഡം 2 (ഡി)യിൽ "അവയുടെ ഉത്ഭവസ്ഥാനങ്ങളും" എന്ന വാക്കിനു ശേഷം "ഉൾപ്പെടെയുള്ള" എന്ന വാക്കുകൂടി ചേർക്കുക. വനത്തിന്റെ ഡെഫനിഷനിൽ 'വനം' എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ് വനമെന്നോ സംരക്ഷിതവനമെന്നോ മറ്റേതെങ്കിലും തരത്തിലോ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ എന്നാണ്. സർക്കാർ രേഖയിൽ വനമെന്നു രേഖപ്പെടുത്തിയിട്ടുള്ളത് ഏതൊരു വനവും ഉൾപ്പെടുന്നതാണ്. അതിന്റെകൂടെ തോട്ടത്തെക്കുറിച്ച് പറയുന്നുണ്ട്. മൂന്നാം വകുപ്പിലാണ് ഭൂമി ഏറ്റെടുക്കുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുമ്പോഴാണ് ഏതെല്ലാം ഭൂമി ഉൾപ്പെടുത്തേണ്ടതാണ് എന്നുള്ളത് തീരുമാനിക്കേണ്ടത്. അതുകൊണ്ട് തോട്ടത്തെക്കുറിച്ചുള്ള ഡെഫനിഷൻ മൂന്നാം വകുപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്. 208-ാം നമ്പർ ഭേദഗതിയിൽ പറയുന്നത്, ഭൂമി എന്നതിൽ നദികളും അരുവികളും അവയുടെ ഉൽഭവ സ്ഥാനങ്ങളും ഉൾപ്പെടെയുള്ള മറ്റു ജലാശയങ്ങളും എന്നാക്കണം എന്നാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(194) ഖണ്ഡം 2 (സി) ഇനി പറയും പ്രകാരം മാറ്റുക.

"വനം" എന്നാൽ മുഖ്യമായും സ്വാഭാവികമായി വളരുന്ന വൃക്ഷങ്ങളാലും സസ്യങ്ങളാലും ആവൃതമായ ഏതെങ്കിലും ഭൂമി എന്നർത്ഥമാകുന്നതും നിയമപരമായി അംഗീകരിച്ചിട്ടുള്ളതും റിസർവ്വ് വനമെന്നോ സംരക്ഷിത വനമെന്നോ മറ്റേതെങ്കിലും തരത്തിലോ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതുമായ ഏതൊരു വനവും തോട്ടങ്ങളും ഉൾപ്പെടുന്നതാണ്. എന്നാൽ നിയമാനുസൃതമായി നേടിയ ഭൂമിയിൽ തോട്ടവിളകൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ അവ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു. തോട്ടവിളകളെ സംബന്ധിച്ച് പറയുമ്പോൾ നിയമാനുസൃതമായി നേടിയ ഭൂമിയിൽ തോട്ടവിളകൾ കൃഷിചെയ്യുന്നുണ്ടെങ്കിൽ അത് ഉൾപ്പെടുത്താതിരിക്കാനുള്ള സന്മനസ്സുണ്ടാകണം.

ശ്രീ. എം. കുമാരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(212) 2-ാം ഖണ്ഡം (ഇ)യിൽ "സ്വാഭാവിക സസ്യജാലം" എന്നാൽ "ഭൂമിയിൽ ഏറിയ കൂറും പ്രകൃത്യാ കാണുന്ന ഒരു സസ്യ ഉപഗണത്തിന്റേയോ ഒന്നിൽകൂടുതൽ സസ്യഉപഗണങ്ങളുടേയോ" എന്നതിനുപകരം "എല്ലാ സസ്യ ഉപഗണങ്ങളുടേയോ" എന്ന് ചേർക്കുക.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതിയും പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 121,185, 226 എന്നീ ഭേദഗതികളും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതിയും ശ്രീ. യു. സി. രാമന്റെ 169-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മി. സ്പീക്കർ: 169-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): അതിൽ കശുമാവ് കൂടി ചേർക്കണമെന്നുള്ളതാണ്. അത് ഓറൽ അമെന്റ്മെന്റായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അവതരിപ്പിക്കാം. അത് ഞാൻ ഓറൽ അമെന്റുമെന്റായി മൂവ് ചെയ്യുന്നു.

ഖണ്ഡം 2 (സി)യിലെ "തെങ്ങ്, കമുക് എന്നിവ പോലെയുള്ള" എന്നീ വാക്കുകൾക്ക് പകരം "തെങ്ങ്, കമുക്, കശുമാവ് എന്നിവ പോലെയുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഇവിടെ ഒരു സംശയം വന്നത് വനത്തിന്റെ നിർവ്വചനത്തിൽ എക്സ്ക്ലൂഡ് ചെയ്തത് ഏതാണെന്നാണ് എന്യൂമറേറ്റ് ചെയ്യുന്നത്. ഇൻക്ലൂഡ് ചെയ്യുന്നത് ഏതാണെന്ന് പറയേണ്ട കാര്യമില്ല. ചതുപ്പുനിലം ഇൻക്ലൂഡ് ചെയ്യണോ കണ്ടൽക്കാട് ഇൻക്ലൂഡ് ചെയ്യണോ എന്നുള്ളതാണ് ഫ്രൈജൽ ലാന്റ് നിർവ്വചിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നോട്ടിഫിക്കേഷൻ ഗവൺമെന്റിന് നടത്താം. ഇന്നതൊക്കെ ഇൻക്ലൂഡ് ചെയ്യണമെന്നു പറഞ്ഞിട്ടുള്ള അമെന്റ്മെന്റുകൾ സ്വീകരിക്കാതിരിക്കുന്നത് അതിന്റെ അടിസ്ഥാന ത്തിലാണ്. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചിട്ടുള്ള വനപ്രദേശം കൂടി ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നുണ്ട്. അതിന്റെ ആവശ്യമില്ല. അതൊക്കെ റിസർവ്വ് ഫോറസ്റ്റിൽപ്പെട്ടതാണ്. വെസ്റ്റഡ് ഫോറസ്റ്റ് അല്ലെങ്കിൽ റിസർവ്വ് ഫോറസ്റ്റിൽപ്പെട്ടതായിരിക്കും. അതൊക്കെ എടുത്തുപറയേണ്ട കാര്യമില്ല. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: 115, 121, 126, 185, 226 എന്നീ ഭേദഗതികളും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

Shri M. A. Vaheed do you press your amendments?

Shri M. A. Vaheed: No.

Mr. Speaker: The amendments moved by Shri M. A. Vaheed are, by leave, withdrawn.

Shri kodiyeri Balakrishnan, do you press your amendments?

Shri Kodiyeri Balakrishnan: Yes.

Mr. Speaker: The amendments moved by Shri Kodiyeri Balakrishnan are put and lost.

Shri V. Chenthamarakshan, do you press your amendments?

Shri V. Chenthamarakshan: Yes.

Mr. Speaker: The amendments moved by Shri V. Chenthamarakshan are put and lost.

Smt. Girija Surendran, do you press your amendment?

Smt. Girija Surendran: Yes.

Mr. Speaker: The amendment moved by Smt. Girija Surendran is put and lost.

Shri K. Radhakrishnan, do you press your amendments?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 100, 132, 172, 183, 189 എന്നീ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ടുരേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—31

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ,, വി. സി. കബീർ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, പിരപ്പൻകോട് മുരളി
20. ,, സി. കെ. നാണു
21. ,, പി. നാരായണൻ
22. ഡോ. എ. നീലലോഹിതദാസൻ നാടാർ
23. ശ്രീ. കെ. രാധാകൃഷ്ണൻ
24. ,, മാങ്കോട് രാധാകൃഷ്ണൻ
25. ,, എൻ. രാജൻ
26. ,, കെ. പി. രാജേന്ദ്രൻ
27. ,, രാജു എബ്രഹാം
28. ,, ടി. പി. രാമകൃഷ്ണൻ
29. ,, സാജുപോൾ
30. ,, കെ. പി. സതീശ്ചന്ദ്രൻ
31. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—49

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, എം. എ. ചന്ദ്രശേഖരൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, പി. പി. ജോർജ്ജ്
10. ,, വി. കെ. ഇബ്രാഹിംകുഞ്ഞ്
11. ,, ജോണി നെല്ലൂർ
12. ,, കെ. സി. ജോസഫ്
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, പി. ജെ. ജോയി
15. ,, വർക്കല കഹാർ
16. ഡോ. എം. എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി
18. ,, ലൂഡി ലൂയിസ്
19. ,, സി. മമ്മൂട്ടി
20. ,, കെ. എം. മാണി
21. ,, കെ. മോഹൻ കുമാർ
22. ,, എ. കെ. മണി
23. ,, സി. മൊയിൻകുട്ടി
24. ,, സി. പി. മുഹമ്മദ്
25. ,, എം. മുരളി
26. ,, എം. കെ. പോൾസൺ മാസ്റ്റർ
27. ,, വി. ജെ. പൗലോസ്
28. ,, ടി. എൻ. പ്രതാപൻ
29. ,, ജി. പ്രതാപവർമ്മ തമ്പാൻ
30. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly

31. ശ്രീ. ടി. യു. രാധാകൃഷ്ണൻ
32. ശ്രീമതി രാധാരാഘവൻ
33. ശ്രീ. എ. എൻ. രാജൻ ബാബു
34. ,, തമ്പാനൂർ രവി
35. ,, റോഷി അഗസ്റ്റിൻ
36. ,, എൻ. ശക്തൻ
37. ,, പി. ശങ്കരൻ
38. ,, കെ. ശങ്കരനാരായണൻ
39. ശ്രീമതി മാലേത്ത് സരളാദേവി
40. ശ്രീ. വി. ഡി. സതീശൻ
41. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
42. ശ്രീ. എ. സുജനപാൽ
43. ,, എൻ. സുന്ദരൻ നാടാർ
44. ,, സി. എഫ്. തോമസ്
45. പ്രൊഫ. കെ. വി. തോമസ്
46. ശ്രീ. പി. ടി. തോമസ്
47. ,, തോമസ് ചാഴികാടൻ
48. ,, എം. എ. വാഹീദ്
49. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ —ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—31

പ്രതികൂലിക്കുന്നവർ—49

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചു

Shri K. Radhakrishnan, do you press your other amendments?

Shri K. Radhakrishnan: Yes.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Other amendments moved by Shri K. Radhakrishnan are put and lost.

Shri A. K. Moni, do you press your amendment?

Shri A. K. Moni: No.

Mr. Speaker: The amendment moved by Shri A. K. Moni is, by leave, withdrawn.

Shri T. K. Balan, do you press your amendments?

Shri T. K. Balan: Yes.

Mr. Speaker: The amendments moved by Shri T. K. Balan are put and lost.

Dr. Thomas Issac, do you press your amendments?

Dr. Thomas Issac: Yes.

Mr. Speaker: The amendments moved by Dr. Thomas Issac are put and lost.

Shri K. P. Satheesh Chandran, do you press your amendment?

Shri K. P. Satheesh Chandran: Yes.

Mr. Speaker: The amendment moved by Shri K. P. Satheesh Chandran is put and lost.

Shri T. K. Devakumar, do you press your amendments?

Shri T. K. Devakumar: Yes.

Mr. Speaker: The amendments moved by Shri T. K. Devakumar are put and lost.

Shri V.D. Satheesan, do you press your amendments?

Shri V. D. Satheesan: No.

Mr. Speaker: The amendments moved by Shri V. D. Satheesan, are leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Shri Thampanoor Ravi, do you press your amendment?

Shri Thampanoor Ravi: No.

Mr. Speaker: The amendment moved by Shri Thampanoor Ravi is, by leave, withdrawn.

Shri K. P. Rajendran, do you press your amendments?

Shri K. P. Rajendran: Yes.

Mr. Speaker: The amendments moved by Shri K. P. Rajendran are put and lost.

Shri Dominic Presentation, do you press your amendments?

Shri Dominic Presentation: No.

Mr. Speaker: The amendment moved by Shri Dominic Presentation are, by leave, withdrawn.

Shri P. Jayarajan, do you press your amendments?

Shri P. Jayarajan: Yes.

Mr. Speaker: The amendments moved by Shri P. Jayarajan are put and lost.

Shri Johny Nelloor, do you press your amendments?

Shri Johny Nelloor: No.

Mr. Speaker: The amendments moved by Shri Johny Nelloor are, by leave, withdrawn.

Shri Kalathil Abdulla, do you press your amendments?

Shri Kalathil Abdulla: No.

Mr. Speaker: The amendments moved by Shri Kalathil Abdulla are, by leave, withdrawn.

Shri K. C. Joseph, do you press your amendments?

Shri K. C. Joseph: No.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendments moved by Shri K. C. Joseph are, by leave, withdrawn.

Shri Raju Abraham, do you press your amendments?

Shri Raju Abraham: Yes.

Mr. Speaker: The amendments moved by Shri Raju Abraham are put and lost.

Shri K. K. Jayachandran, do you press your amendment?

Shri K. K. Jayachandran: Yes.

Mr. Speaker: The amendment moved by Shri K. K. Jayachandran is put and lost.

Shri P. J. Joy, do you press your amendments?

Shri P. J. Joy: No.

Mr. Speaker: The amendments moved by Shri P. J. Joy are, by leave, withdrawn.

Shri P. T. Thomas, do you press your amendment?

Shri P. T. Thomas: No.

Mr. Speaker: The amendment moved by Shri P. T. Thomas is, by leave, withdrawn.

Shri A. N. Rajan Babu, do you press your amendment?

Shri A. N. Rajan Babu: No.

Mr. Speaker: The amendment moved by Shri A. N. Rajan Babu is, by leave, withdrawn.

Shri N. Rajan, do you press your amendment?

Shri N. Rajan: Yes.

Mr. Speaker: The amendment moved by Shri N. Rajan is put and lost.

Shri V. K. Chandran, do you press your amendments?

LIBRARY ARCHIVES Kerala Legislative Assembly

Shri V. K. Chandran: Yes.

Mr. Speaker: The amendments moved by Shri V. K. Chandran are put and lost.

Shri K. V. Kunhiraman, do you press your amendment?

Shri K. V. Kunhiraman: Yes.

Mr. Speaker: The amendment moved by Shri K. V. Kunhiraman is put and lost.

Shri M. Kumaran, do you press your amendment?

Shri M. Kumaran: Yes.

Mr. Speaker: The amendment moved by Shri M. Kumaran is put and lost.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(239) ഖണ്ഡം 3-ൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങൾ" എന്നത് "പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശം" എന്ന് ഭേദഗതി ചെയ്യണം.

(274) ഖണ്ഡം (3) (2)-ൽ "മുൻപാകെ" എന്നതിനും "സൂക്ഷ്മ പരിശോധനയ്ക്കായി" എന്നതിനുമിടയിലായി "സമയബന്ധിതമായി" എന്ന് ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(240) ഖണ്ഡം 3-ലെ മാർജിനൽ ശീർഷകം "പരിസ്ഥിതി ശാസ്ത്രപരമായി പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന്" മാറ്റേണ്ടതാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(241) ഖണ്ഡം 3-ലെ മാർജിനൽ ശീർഷകത്തിലും 1-ാം ഉപവകുപ്പിലുമുള്ള "ദുർബലമായ" എന്ന വാക്കിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കുക.

(271) ഖണ്ഡം 3 (2)-ൽ "ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും" എന്ന് കഴിഞ്ഞ് "അതോടൊപ്പം" എന്ന് ചേർക്കുകയും "ആ വിജ്ഞാപനം 15-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശക സമിതിയുടെ മുമ്പാകെ" എന്ന് കഴിഞ്ഞ് "അടിയന്തിരമായി" എന്ന് ചേർക്കുകയും ചെയ്യുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(242) ഖണ്ഡം 3 (1)-ൽ ചേർത്തിട്ടുള്ള "ദുർബലമായ" എന്ന വാക്കിനു പകരം യഥാസ്ഥലങ്ങളിൽ "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(264) ഖണ്ഡം 3 (1)-നുശേഷം 2-ാം ഉപവകുപ്പായി താഴെപ്പറയും പ്രകാരം ചേർക്കുകയും നിലവിലുള്ള 2-ാം ഉപവകുപ്പ് പുനഃക്രമീകരിക്കുകയും ചെയ്യുക:

"എന്നാൽ 3 (1)-ാം വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അനധികൃത കയ്യേറ്റ ഭൂമിയല്ലാത്തതും എന്നാൽ പ്രധാനമായും തേയില, കാപ്പി, റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവയിലേതെങ്കിലും കൃഷി ചെയ്യുന്ന തോട്ടങ്ങൾ സാധുവായ രജിസ്ട്രേഷൻ പ്രകാരം കൈവശം വച്ചിട്ടുള്ള ഭൂമിയോ, വാസഗൃഹങ്ങളോ ബാധകമായിരിക്കുന്നതല്ല."

264-ാം നമ്പർ ഭേദഗതിയിൽ ഒരു ചെറിയ കാര്യമുണ്ട്. റബ്ബർ, കുരുമുളക്, ഏലം, തെങ്ങ്, കമുക് എന്നിവയിൽ ഏതെങ്കിലും കൃഷി ചെയ്യുന്ന തോട്ടങ്ങൾ സാധുവായ രജിസ്ട്രേഷൻ പ്രകാരം കൈവശം വച്ചിട്ടുള്ള ഭൂമിയോ വാസ ഗൃഹങ്ങളോ ബാധകമായിരിക്കുന്നതല്ല എന്നു കൂടി ചേർക്കണം.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(243) ഖണ്ഡം 3 (1)-ൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ" എന്നതിനുപകരം "പരിസ്ഥിതിപരമായി പ്രാധാന്യമുള്ള" എന്നു ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(244) ഖണ്ഡം 3(1)-ൽ "ഏതെങ്കിലും വ്യക്തിയുടെ കൈവശമുള്ള" എന്ന വാക്കുകൾക്കുപകരം "ഏതെങ്കിലും കമ്പനിയുടേയോ, ട്രസ്റ്റിന്റെയോ, വ്യക്തിയുടേയോ കൈവശമുള്ള" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(261) ഖണ്ഡം 3 (1)-ന്റെ അവസാന ഭാഗത്ത് ഇല്ലാതായി തീരുന്നതാണ് എന്ന വാക്കുകൾക്കുപകരം ഇല്ലാതായി തീരുന്നതും സംസ്ഥാനത്തെ ഏതെങ്കിലും കോടതികളിലോ, ട്രൈബ്യൂണലുകളിലോ, അല്ലെങ്കിൽ മറ്റേതെങ്കിലും അധികാര സ്ഥാനങ്ങളുടെ മുമ്പിലോ ഫയൽ ചെയ്തിട്ടുള്ളതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ എല്ലാ കേസുകളും, അപ്പീലുകളും, റിവിഷൻ പെറ്റീഷനുകളും, പരാതികളും സ്വയം ഇല്ലാതായതായി കണക്കാക്കപ്പെടേണ്ടതുമാണ് എന്നീ വാക്കുകൾ ചേർക്കുക.

(267) ഖണ്ഡം 3(2)-ൽ "ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും" എന്നതിനുപകരം "ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതും വിവരം ആ പ്രദേശത്ത് പ്രചരണത്തിലുള്ള രണ്ട് മലയാള ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

(273) ഖണ്ഡം 3(2)-ൽ "ഉപദേശക സമിതിയുടെ മുമ്പാകെ" എന്നവാക്കുകൾക്കുപകരം "ഉപദേശക സമിതിയുടെ തൊട്ടടുത്ത യോഗത്തിന്റെ മുമ്പാകെ" എന്ന വാക്കുകൾ ചേർക്കുക. 261-ാം നമ്പർ ഭേദഗതിയെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. ഇതിൽ ഞാൻ പറഞ്ഞിരിക്കുന്നത് 3-ാം വകുപ്പിന്റെ ഉപവകുപ്പിന്റെ അവസാന ഭാഗത്ത് സംസ്ഥാനത്ത് ഏതെങ്കിലും കോടതികളിലോ ട്രൈബ്യൂണലുകളിലോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാര സ്ഥാനങ്ങളുടെ മുമ്പിലോ ഫയൽ ചെയ്തിട്ടുള്ള കേസ് എന്നാണ്. ഇതു പറയാൻ കാരണം, ശ്രീ. കെ. എം. മാണിതന്നെ 1977-ൽ ഇവിടെ കടാശ്വാസ നിയമം അവതരിപ്പിച്ചു. അതിൽ same clause കൊണ്ടുവന്നിട്ടുണ്ട്. അന്ന് അവതരിപ്പിച്ച ബില്ലിൽ പറഞ്ഞിരിക്കുന്നത് "all suits and other proceeds including appeals revisions petitions application for review proceedings for attachment and execution procedure made in access....." എന്നാണ്. ഇതിനകത്ത് അങ്ങനെയൊരു clause ചേർക്കുന്നതിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നതല്ല. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ സംബന്ധിച്ചിടത്തോളം അത് ഏറ്റവും നല്ലൊരു കാര്യമായിരിക്കും. അതുപോലെതന്നെ 273-ൽ ഉപദേശക സമിതിയുടെ മുന്നിൽ കൊണ്ടുവരുണമെന്നു പറയുന്നുണ്ട്. അതിൽ ഉപദേശക സമിതിയുടെ തൊട്ടടുത്ത യോഗത്തിനു മുമ്പാകെ എന്ന വാക്ക് നന്നായിരിക്കുമെന്നതാണ് എന്റെ ഭേദഗതി.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(246) ഖണ്ഡം 3(1)-ൽ "വ്യക്തിയുടെ" എന്നതിനുപകരം "ആളിന്റെ" എന്നു ചേർക്കുക. രണ്ടാം വകുപ്പിൽ സ്വീകരിക്കപ്പെട്ട ഭേദഗതിയുണ്ട്, അതേ ആശയം തന്നെയാണിത്. ഇതും സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(247) ഖണ്ഡം 3(1)-ൽ "ഏതെങ്കിലും വ്യക്തിയുടെ കൈവശമുള്ള" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും വ്യക്തിയുടേയോ സംഘടനയുടേയോ കൈവശമുള്ള" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(251) വകുപ്പ് 3(1)-ൽ 5-ാം വരിയിൽ "വ്യക്തിയുടെ" എന്ന വാക്കിനു പകരം താഴെ പറയുന്നത് ചേർക്കുക.

"വ്യക്തിയുടെയോ, വ്യക്തികളുടേയോ, സ്വകാര്യ സ്ഥാപനങ്ങളുടേയോ"

ശ്രീ. എം. വി. ജയരാജൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(252) ഖണ്ഡം 3(2)-ൽ രണ്ടാമത്തെ വരിയിൽ "കോടതിയുടെ" എന്ന വാക്കിനു പകരം "കോടതിയുടെയോ, ട്രൈബ്യൂണലിന്റെയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(255) ഖണ്ഡം 3(1)-ൽ 8-മത്തെ വരിയിൽ "ഉടമസ്ഥന്റെയോ" എന്ന വാക്കിനുശേഷം "ഉടമസ്ഥൻ പാട്ടത്തിനു നൽകിയ ആളുടേയോ" എന്നീ വാക്കുകൾ കൂടി ചേർക്കുക. 252-ാം നമ്പർ ഭേദഗതിയിൽ കോടതിയുടേയോ ട്രൈബ്യൂണലിന്റെയോ എന്നാക്കണമെന്നാണ് ഞാൻ പറയുന്നത്. അതായത് ട്രൈബ്യൂണൽ എന്നു കൂടി കൂട്ടിച്ചേർക്കണം. 255-ാം നമ്പർ ഭേദഗതിയിൽ, ഉടമസ്ഥന്റെ എന്നു മാത്രം പരാമർശിക്കുന്നിടത്ത് ഉടമസ്ഥൻ പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമിയുമുണ്ട്, അതുകൂടി ചേർക്കണം എന്നാണ് ആവശ്യപ്പെടുന്നത്.

ഡോ. തോമസ് ഐസക്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(253) ഖണ്ഡം 3(1)-ലെ "ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ "ഏതെങ്കിലും വ്യക്തിയും കൈവശമുള്ള പരിസ്ഥിതി ശാസ്ത്രപരമായ ദുർബലമായ എല്ലാ....." എന്നീ വാക്കുകൾക്കു പകരം ".....ഈ ആക്ടിന്റെ പ്രാരംഭ തീയതി മുതൽ ഏതെങ്കിലും വ്യക്തിയുടെ കൈവശമുള്ളതോ തർക്കത്തിൽപ്പെട്ടതോ ആയതും പരിസ്ഥിതി ശാസ്ത്രപരമായി അതിപ്രാധാനമായ എല്ലാ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(254) ഖണ്ഡം 3 (1)-ൽ "വിമുക്തമായി കൈമാറി" എന്നതിനുശേഷം "ശരിയായ അന്വേഷണത്തിനും വസ്തുനിഷ്ഠമായ പരിശോധനയ്ക്കും ശേഷം" എന്നുകൂടി ചേർക്കണം.

(268) ഖണ്ഡം 3 (2)-ൽ "ഉടമസ്ഥനെ രേഖാമൂലം" എന്നതിനുശേഷം "15 ദിവസത്തിനുള്ളിൽ" എന്നു കൂടി ചേർക്കുക.

ശ്രീ. കെ. എം. മാണി നേരത്തേ പറഞ്ഞത് ശരിയാണ്, പാലക്കാട് ഒരേക്കർ, അരയേക്കർ, 10 സെന്റ് ഭൂമിവരെയുള്ളവരൊക്കെയുണ്ട്. ഞങ്ങളത് നേരിട്ട് മനസ്സിലാക്കിയതാണ്, അത് സംരക്ഷിക്കപ്പെടണം. അതിൽ അഭിപ്രായ വ്യത്യാസമില്ല. ശരിയായ തരത്തിലുള്ള അന്വേഷണങ്ങളും വസ്തുനിഷ്ഠമായ പരിശോധനകളും നടത്തിയതിനുശേഷം ഭൂമി എടുക്കുക എന്നുള്ളതാണ്. കുറച്ചു സ്ഥലങ്ങളുള്ളവർക്ക് വീടും ഭൂമിയുമൊക്കെ നഷ്ടപ്പെട്ടു പോകാൻ പാടില്ലാത്തതാണ്, അത് സംരക്ഷിക്കപ്പെടണം. അതുപോലെത്തന്നെ ഉടമസ്ഥരെ രേഖാമൂലം അറിയിക്കേണ്ടതും, വിജ്ഞാപനം 15-ാം വകുപ്പുപ്രകാരം ഉപദേശക സമിതിയുടെ മുമ്പിൽ പോകണം എന്ന് പറയുന്നുണ്ട്. രേഖാമൂലം എന്നുള്ളത് ശരിയാണ്, പക്ഷേ അതിന് ഒരു നിശ്ചിത ദിവസം വേണ്ടേ? നിശ്ചിത ദിവസം പറഞ്ഞില്ലെങ്കിൽ ഒരു വർഷമോ രണ്ടുവർഷമോ അതവിടെ കിടക്കും. അതുകൊണ്ട് നിശ്ചിതമായ ഒരു ഡേറ്റ് വേണം, ഞാനിവിടെ 15 ദിവസം എന്ന് എന്റെ ഭേദഗതിയിൽ നിർദ്ദേശിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(256) ഖണ്ഡം 3 (1)-ൽ "കൈവശാവകാശവും" എന്ന വാക്കിനുശേഷം "അവകാശ ബന്ധവും" എന്ന വാക്ക് ചേർക്കുക.

<u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ:</u> സർ, താഴെപ്പറയുന്ന ഭേദഗതി മുൻ അനുഭവത്തിന്റെ സന്തോഷത്തോടുകൂടി ഞാൻ അവതരിപ്പിക്കുന്നു:

(257) ഖണ്ഡം 3 (1)-ൽ "നിക്ഷിപ്തമായിരിക്കുന്നതും" എന്ന വാക്കിനു പകരം "നിക്ഷിപ്തമാകുന്നതും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(258) ഖണ്ഡം 3 (1)-ൽ "പ്രസ്തുത തീയതി" എന്നീ വാക്കുകൾക്കു പകരം "നഷ്ടപരിഹാരത്തുക കൈപ്പറ്റിയ തീയതി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(275) ഖണ്ഡം 3 (2)-ൽ "കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല" എന്നീ വാക്കുകൾക്കു പകരം "കാര്യത്തിലും മറ്റ് കൃഷി ഭൂമികൾക്കും ബാധകമായിരിക്കുന്നതല്ല" എന്ന് ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(278) ഖണ്ഡം 3 (2)-ന് ശേഷം താഴെപ്പറയുന്ന പുതിയ ഉപഖണ്ഡം (3) ആയി ചേർക്കുക.

"3 (1)-ാം ഉപവകുപ്പ് പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയിൽ 1971-ലെ വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ടിലെ വകുപ്പ് 3 (2), 3 (3) പ്രകാരം കൃഷി ആവശ്യാർത്ഥം വിട്ടുകൊടുത്ത ഭൂമി ഉൾപ്പെടുന്നതല്ല."

(281) ഖണ്ഡം 3 (2)-ൽ "കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല" എന്നീ വാക്കുകൾക്കു പകരം "കാര്യത്തിലും മറ്റ് കൃഷി ഭൂമികൾക്കും ബാധകമായിരിക്കുന്നതല്ല" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

258-ാം നമ്പർ ഭേദഗതിയിൽ പ്രസ്തുത തീയതി എന്നീ വാക്കുകൾക്കു പകരം നഷ്ട പരിഹാരത്തുക കൈപ്പറ്റിയ തീയതി എന്ന് മൂലനിയമത്തിൽ മാറ്റം വരുത്തണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(263) ഖണ്ഡം 3 (1)-നുശേഷം താഴെപ്പറയുന്നത് 3 (2) ആയി ചേർക്കുകയും നിലവിലുള്ള രണ്ടാം ഉപവകുപ്പ് പുനഃക്രമീകരിക്കുകയും ചെയ്യുക.

"(2) എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ളവ യാതൊന്നും തന്നെ നിയമാനുസൃതമായി കൈവശാവകാശമുള്ളതും തോട്ടവിളകൾ കൃഷി ചെയ്യുന്നതുമായ ഒരു ഉടമയുടെ ഭൂമിയുടെ കാര്യത്തിൽ ബാധകമായിരിക്കുന്നതല്ല."

ശ്രീ. എ. സുജനപാൽ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(269) ഖണ്ഡം 3 (2)-ൽ "വിജ്ഞാപനം ചെയ്യേണ്ടതും" എന്ന വാക്കുകൾക്കുശേഷം "അത് പ്രസ്തുത വിജ്ഞാപന തീയതിമുതൽ ഒരു മാസത്തിനകം" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ശ്രീ. എ. എൻ രാജൻ ബാബു: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(272) ഖണ്ഡം 3 (2)-ൽ "ഉപദേശക സമിതിയുടെ" എന്നതിനുശേഷം "ഏറ്റവും അടുത്ത യോഗത്തിനുമുമ്പായി സൂക്ഷ്മപരിശോധയ്ക്കു വയ്ക്കേണ്ടതാണ്" എന്നീ വാക്കുകൾ കൂടി ചേർക്കേണ്ടതാണ്.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി മുമ്പ് സ്വീകരിച്ചതിന് സമിലരായിട്ടുള്ളതാണ്. അതും ബഹുമാനപ്പെട്ട എം. വി. ജയരാജൻ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്, ശ്രീ. എം. വി. ജയരാജൻ ട്രൈബ്യൂണൽ എന്നുകൂടി ചേർക്കണമെന്നു പറഞ്ഞത് ശരിയാണ്, അതുകൂടി ചേർക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: 246, 252 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

Shri Johny Nelloor, do you press your amendments?

Shri Johny Nelloor: No.

Mr. Speaker: The amendments moved by Shri Johny Nelloor, are by leave, withdrawn.

Shri M. A. Vaheed, do you press your amendment?

Shri M.A. Vaheed: No.

Mr. Speaker: The amendment moved by Shri M. A. Vaheed, is by leave, withdrawn.

Shri Binoy Viswam, do you press your amendments?

Shri Binoy Viswam: Yes.

Mr. Speaker: The amendments moved by Shri Binoy Viswam are put and lost.

Shri V. K. Chandran, do you press your amendment?

Shri V. K. Chandran: Yes.

Mr. Speaker: The amendment moved by Shri V. K. Chandran is put and lost.

Shri T. K. Balan, do you press your amendment?

Shri T. K. Balan: Yes.

Mr. Speaker: The amendment moved by Shri T. K. Balan is put and lost.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 261, 264 എന്നീ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടുരേഖപ്പെടുത്തി)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—32

1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ
2. „ കോടിയേരി ബാലകൃഷ്ണൻ
3. „ എ. കെ. ബാലൻ
4. „ ടി. കെ. ബാലൻ
5. „ ബിനോയ് വിശ്വം
6. „ വി. കെ. ചന്ദ്രൻ
7. „ വി. ചെന്താമരാക്ഷൻ
8. „ ടി. കെ. ദേവകുമാർ
9. „ പി. സി. ജോർജ്
10. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
11. ശ്രീ. കെ. കെ. ജയചന്ദ്രൻ
12. „ എം. വി. ജയരാജൻ
13. „ പി. ജയരാജൻ
14. „ വി. സി. കബീർ
15. „ എം. കുമാരൻ
16. „ കെ. വി. കുഞ്ഞിരാമൻ
17. „ കോവൂർ കുഞ്ഞുമോൻ
18. „ വി. കെ. സി. മമ്മത്കോയ
19. „ മത്തായി ചാക്കോ
20. „ പിരപ്പൻകോട് മുരളി
21. „ സി. കെ. നാണു
22. „ പി. നാരായണൻ
23. ഡോ. എ. നീലലോഹിതദാസൻ നാടാർ
24. ശ്രീ. കെ. രാധാകൃഷ്ണൻ
25. „ മാങ്കോട് രാധാകൃഷ്ണൻ
26. „ എൻ. രാജൻ
27. „ കെ. പി. രാജേന്ദ്രൻ
28. „ രാജു എബ്രഹാം
29. „ ടി. പി. രാമകൃഷ്ണൻ
30. „ സാജുപോൾ
31. „ കെ. പി. സതീശ്ചന്ദ്രൻ
32. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—49

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദ് അലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, എം. എ. ചന്ദ്രശേഖരൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, എം. എം. ഹസ്സൻ
10. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ,, ജോണി നെല്ലൂർ
12. ,, കെ. സി. ജോസഫ്
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, പി. ജെ. ജോയി
15. ,, വർക്കല കഹാർ
15. ഡോ. എം. എ. കുട്ടപ്പൻ
17. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
18. ,, ലൂഡി ലൂയിസ്
19. ,, സി. മമ്മൂട്ടി
20. ,, കെ. എം. മാണി
21. ,, കെ. മോഹൻകുമാർ
22. ,, എ. കെ. മണി
23. ,, സി. മോയിൻകുട്ടി
24. ,, സി. പി. മുഹമ്മദ്
25. ,, എം. മുരളി
26. ,, എം. കെ. പോൾസൺ മാസ്റ്റർ
27. ,, ടി. എൻ. പ്രതാപൻ
28. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
29. ,, ടി. യു. രാധാകൃഷ്ണൻ
30. ശ്രീമതി രാധാരാഘവൻ
31. ശ്രീ. എ. എൻ. രാജൻ ബാബു
32. ,, തമ്പാനൂർ രവി
33. ,, റോഷി അഗസ്റ്റിൻ
34. ,, എൻ. ശക്തൻ
35. ,, പി. ശങ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. കെ. ശങ്കരനാരായണൻ
37. ശ്രീമതി മാലേത്ത് സരളാദേവി
38. ശ്രീ. വി. ഡി. സതീശൻ
39. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
40. ശ്രീ. കടവൂർ ശിവദാസൻ
41. ശ്രീമതി ശോഭനാ ജോർജ്ജ്
42. ശ്രീ. എ. സുജനപാൽ
43. ,, എൻ. സുന്ദരൻ നാടാർ
44. ,, സി. എഫ്. തോമസ്
45. പ്രൊഫ. കെ. വി. തോമസ്
46. ശ്രീ. പി. ടി. തോമസ്
47. ,, തോമസ് ചാഴികാടൻ
48. ,, എം. എ. വാഹീദ്
49. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—32

പ്രതികൂലിക്കുന്നവർ—49

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

Shri T. K. Devakumar, do you press your other amendments?

Shri T. K. Devakumar: Yes.

Mr. Speaker: Other amendments moved by Shri T. K. Devakumar are put and lost.

Shri C. Moyinkutty, do you press your amendment?

Shri C. Moyinkutty: No.

Mr. Speaker: The amendment moved by Shri C. Moyinkutty, is by leave, withdrawn.

Shri Thampanoor Ravi, do you press your amendment?

Shri Thampanoor Ravi: No.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendment moved by Shri Thampanoor Ravi, is by leave, withdrawn.

Shri M. V. Jayarajan, do you press your amendments?

Shri M. V. Jayarajan: Yes.

Mr. Speaker: The amendment moved by Shri M. V. Jayarajan are put and lost.

Dr. Thomas Issac, do you press your amendment?

Dr. Thomas Issac: Yes.

Mr. Speaker: The amendment moved by Dr. Thomas Issac is put and lost.

Shri K. P. Rajendran, do you press your amendments?

Shri K. P. Rajendran: Yes.

Mr. Speaker: The amendments moved by Shri K. P. Rajendran are put and lost.

Shri P. T. Thomas, do you press your amendment?

Shri P. T. Thomas: No.

Mr. Speaker: The amendment moved by Shri P. T. Thomas, is by leave, withdrawn.

Prof. Savithri Lekshmanan, do you press your amendment?

Prof. Savithri Lekshmanan: No.

Mr. Speaker: The amendment moved by Prof. Savithri Lekshmanan, is by leave, withdrawn.

Shri Kalathil Abdulla, do you press your amendments?

Shri Kalathil Abdulla: No.

Mr. Speaker: The amendments moved by Shri Kalathil Abdulla, are by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Shri Kodiyeri Balakrishnan, do you press your amendment?

Shri Kodiyeri Balakrishnan: Yes.

Mr. Speaker: The amendment moved by Shri Kodiyeri Balakrishnan is put and lost.

Shri A. Sujanapal, do you press your amendment?

Shri A. Sujanapal: No.

Mr. Speaker: The amendment moved by Shri A. Sujanapal, is by leave, withdrawn.

Shri A.N. Rajan Babu, do you press your amendment?

Shri A. N. Rajan Babu: No.

Mr. Speaker: The amendment moved by Shri A. N. Rajan Babu, is by leave, withdrawn.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(284) ഖണ്ഡം 4-ന്റെ മാർജിനൽ ഹെഡ്ഡിംഗിൽ "ദുർബലമായ ഭൂപ്രദേശങ്ങളാണെന്ന് " എന്നത് "പ്രാധാന്യമുള്ള പ്രദേശങ്ങളാണെന്ന്" എന്ന് ഭേദഗതി ചെയ്യുക.

(292) ഖണ്ഡം 4 (2)-ൽ "30 ദിവസത്തെ " എന്നത് "15 ദിവസത്തെ" എന്ന് ഭേദഗതി ചെയ്യുക.

(317) ഖണ്ഡം 4 (3)-ൽ "രൂപഭേദപ്പെടുത്തുവാൻ " എന്നത് "രൂപഭേദപ്പെടുത്തുവാനോ, നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ" എന്ന് ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(285) ഖണ്ഡം 4-ൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കേണ്ടതാണ്.

(286) ഖണ്ഡം 4 (1)-ൽ "ഏതൊരു ഭൂമിയേയും പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ" എന്നതിനു പകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(297) ഖണ്ഡം 4 (2)-ൽ "30 ദിവസത്തെ" എന്നത് "15 ദിവസത്തെ" എന്നാക്കി മാറ്റേണ്ടതാണ്.

(309) ഖണ്ഡം 4 (3)-ൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായി" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കുകയും "നിയമപരമോ ഭൗതികമോ ആയ സ്ഥിതിയോ ഉടമസ്ഥതയോ" എന്ന വാക്കുകൾ കഴിഞ്ഞ് "ഉള്ളടക്കമോ" എന്നു കൂടി ചേർക്കേണ്ടതാണ്.

(321) ഖണ്ഡം 4 (4)-ൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ" എന്ന വാക്കിനു പകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(287) ഖണ്ഡം 4 (1)-ൽ "ഭൂപ്രദേശമാണെന്ന്" എന്നതിനുശേഷം "പ്രഖ്യാപിക്കാനും ഏറ്റെടുത്തു സംരക്ഷിക്കുവാനും" എന്ന് ചേർക്കുക.

(288) ഖണ്ഡം 4 (1)-ൽ "പ്രഖ്യാപിക്കാനുള്ള അധികാരം" എന്നതിനുപകരം "വിജ്ഞാപനം ചെയ്യാനുള്ള അധികാരം" എന്നാക്കി മാറ്റണം.

(314) ഖണ്ഡം 4 (3)-ൽ "ഉടമസ്ഥനേയോ" എന്ന വാക്കിനുശേഷം "രൂപഭേദപ്പെടുത്താനോ, പ്രസ്തുത ഭൂമിയിൽ പ്രവേശിക്കാനോ" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

(323) ഖണ്ഡം 4 (4)-ലെ അവസാന വരിയിൽ "പ്രസ്തുത തീയതി മുതൽ" എന്നതിനുശേഷം " പ്രസ്തുത ഭൂമിയിൽ പ്രവേശിക്കാനോ, ഏതെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നതിനോ യാതൊരുവിധ അവകാശവും ഇല്ലാതായിത്തീരുന്നതാണ് " എന്ന് ചേർക്കുക.

(327) ഖണ്ഡം 4 (4)-ന് ശേഷം താഴെപ്പറയുന്നതു ചേർക്കുക:

"(5) വനഭൂമിയിൽ 1977 ജനുവരി 1-ന് മുമ്പ് താമസിക്കുന്നവരുടെ ഭൂമിയേയും ആദിവാസി ഊരുകൾ നിലനിൽക്കുന്നതുമായ ഭൂമിയേയും സംരക്ഷിക്കുന്നതിന് നടപടികൾ എടുക്കുന്നതാണ്."

(328) ഖണ്ഡം 4 (4)-ന് ശേഷം പുതുതായി താഴെപ്പറയുന്നതു ചേർക്കുക:

"(5) സർക്കാരിൽ നിക്ഷിപ്തമാകുന്ന ഭൂമിയുടെ പാരിസ്ഥിതിക സൂക്ഷ്മ ചൈതന്യമാർന്ന ഈ പ്രദേശത്തെ വനം സംരക്ഷിക്കുന്നതിനും വൈവിധ്യമാർന്ന ജൈവ സമ്പത്ത് നഷ്ടപ്പെട്ടുപോകാതെ പരിരക്ഷിക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്."

(330) ഖണ്ഡം 4 (4)-ന് ശേഷം പുതിയ ഉപവകുപ്പ് ആയി താഴെപ്പറയുന്നതു കൂട്ടിച്ചേർക്കേണ്ടതാണ്:

"(5) തേയില, കാപ്പി തുടങ്ങിയ തോട്ടവിളകൾ കാലംചെന്നു ക്ഷയിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് തോട്ടങ്ങളുടെ റീപ്ലാന്റേഷൻ നിർദ്ദിഷ്ട കാലയളവിനുള്ളിൽ നടത്തണമെന്ന് ഉറപ്പു വരുത്തുകയും പാരിസ്ഥിതികമായി ഭൂമി ദുർബലപ്പെടുന്നതടക്കം ഭൂമി ശാസ്ത്രപരമായി ഒട്ടനവധി പ്രശ്നങ്ങൾ റീപ്ലാന്റേഷൻ വഴി പരിഹരിക്കുവാൻ കഴിയുമെന്നും കണക്കിലെടുത്ത് നടപടി സ്വീകരിക്കണം."

വനഭൂമിയിൽ 1977 ജനുവരി 1-നു മുമ്പ് താമസിക്കുന്നവരുടെ ഭൂമിയേയും ആദിവാസി ഊരുകൾ നിലനിൽക്കുന്നതായ ഭൂമിയേയും സംരക്ഷിക്കുന്നതിനു നടപടികൾ എടുക്കണമെന്നുള്ളതാണ് എന്റെ 327-ാം നമ്പർ ഭേദഗതി. 1977 ജനുവരി 1 എന്നുള്ളത് ഒരു കട്ട് ഓഫ് ഡേറ്റാണ്, അതിനകത്തു ധാരാളം ഊരുകൾ ഉണ്ട്. സെലക്ട് കമ്മിറ്റിയിൽ ഞങ്ങൾ ചർച്ച ചെയ്തപ്പോൾ, നിലമ്പൂർ വനങ്ങളിലെ പല പ്രശ്നങ്ങളും ശ്രീ. ആര്യാടൻ മുഹമ്മദ് ചൂണ്ടിക്കാണിച്ചതാണ്. ഊരുകളിൽ താമസിക്കുന്ന ആദിവാസികൾ വർഷങ്ങളായി അവിടെ തന്നെയാണ്. അത്തരത്തിലുള്ള ഭൂമികളിൽ അവർക്ക് സംരക്ഷണ വ്യവസ്ഥകൾ കിട്ടിയില്ലെങ്കിൽ അത് പ്രത്യേകിച്ച് എടുത്തു പറയണം. അതല്ലെങ്കിൽ അതിന്റെ മവിൽ കാടിനുള്ളിൽ മറ്റുഭൂമികൾ നഷ്ടപ്പെട്ടു പോകും. വൈവിദ്ധ്യമാർന്ന ജൈവ സമ്പത്ത് നഷ്ടപ്പെട്ടുപോകാതെ പരിരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ് എന്നതാണ് എന്റെ 328-ാം നമ്പർ ഭേദഗതി. 330-ാം നമ്പർ ഭേദഗതിയിൽ റീപ്ലാന്റു ചെയ്യുന്നതിനെ സംബന്ധിച്ചാണ് പറയുന്നത്. ഇതിനകത്ത് ഒരു വ്യവസ്ഥയുമില്ല. കാരണം ഇതു ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനാവശ്യമായ ഒരു നിയമമാണ്. തേയില, കാപ്പി തുടങ്ങിയ തോട്ടവിളകൾ കാലം ചെന്നുക്ഷയിക്കുന്നതിന്റെ ഫലമായി ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് തോട്ടങ്ങളുടെ റീപ്ലാന്റേഷൻ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദിഷ്ട കാലയളവിനുള്ളിൽ നടത്തണമെന്ന് ഉറപ്പുവരുത്തുകയും പാരിസ്ഥിതികമായി ഭൂമി ദുർബ്ബലപ്പെടുന്നതടക്കം ശാസ്ത്രപരമായി ഒട്ടനവധി പ്രശ്നങ്ങൾ റീപ്ലാന്റേഷൻ വഴി പരിഹരിക്കുവാനും കഴിയണം. ഇതിപ്പോൾ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ ഒരു ശുപാർശയായി നമ്മുടെ മുമ്പിൽ വന്നു. നമ്മൾ ചർച്ച ചെയ്ത് അത് അംഗീകരിച്ചതാണ്. അതുകൊണ്ട് പാരിസ്ഥിതികമായിട്ടുള്ള സംരക്ഷണത്തിനും ജൈവസമ്പത്തിന്റെ സംരക്ഷണത്തിനും റീപ്ലാന്റേഷൻ ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇന്റർനാഷണലായിട്ട് അംഗീകരിച്ചതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(289) ഖണ്ഡം 4 (1)-ൽ "ദുർബലമായ" എന്നവാക്ക് ചേർത്തിരിക്കുന്നിടങ്ങളിൽ "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(291) ഖണ്ഡം 4 (2)-ൽ "30 ദിവസത്തെ നോട്ടീസ്" എന്നീ വാക്കുകൾക്കുപകരം "സൗകര്യം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഉടമയ്ക്ക് പറയാനുള്ള കാര്യങ്ങൾ ബോധിപ്പിക്കാൻ 30 ദിവസത്തെ സമയം കൊടുക്കണമെന്നാണ്. ഏതെങ്കിലും കാരണവശാൽ ഉടമ സ്ഥലത്തില്ലാതെ ആശുപത്രിയിലായാൽ, ഉടമ വന്ന് കാര്യം 30 ദിവസത്തിനകം ബോധിപ്പിച്ചില്ലെങ്കിൽ ഈ സ്ഥലം അങ്ങോട്ടു പോകുകയാണ്. 30 ദിവസത്തിനു പകരം ഉടമയ്ക്കു പറയാനുള്ള സൗകര്യം കൊടുക്കണം എന്നാക്കി മാറ്റണം. അല്ലെങ്കിൽ നിരപരാധികളായ ഒട്ടനവധി ആളുകൾക്കു ഭൂമി നഷ്ടപ്പെടും.

ശ്രീ. ടി. കെ. ദേവകുമാർ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(293) ഖണ്ഡം 4 (2)-ൽ "30 ദിവസത്തെ" എന്നതിനു പകരം "പതിനാലു ദിവസത്തെ" എന്ന് ചേർക്കുക.

(312) ഖണ്ഡം 4 (3)-ൽ "രൂപഭേദപ്പെടുത്താൻ പാടുള്ളതല്ല" എന്ന വാക്കുകൾക്കു പകരം "രൂപഭേദപ്പെടുത്താനോ യാതൊരുവിധ നിർമ്മാണപ്രവർത്തനങ്ങൾ നടത്താനോ പാടുള്ളതല്ല" എന്ന വാക്കുകൾ ചേർക്കുക.

(329) ഖണ്ഡം 4 (4)-ന് ശേഷം താഴെക്കാണുന്ന ഉപഖണ്ഡം കൂട്ടിച്ചേർക്കുക:

"(5) നാലാം ഉപവകുപ്പനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുടെ അവകാശവാദം സംബന്ധിച്ച യാതൊരു കേസും ഒരു കോടതിയിലും ചോദ്യം ചെയ്യുവാൻ പാടുള്ളതല്ലാത്തതും അവ കോടതികൾ പരിഗണിക്കാൻ പാടില്ലാത്തതുമാകുന്നു."

LIBRARY ARCHIVES Kerala Legislative Assembly

രൂപഭേദപ്പെടുത്താൻ പാടുള്ളതല്ല എന്നു പറയുമ്പോൾ ഇവിടെ ആദായം തിട്ടപ്പെടുത്തുന്നതാണ് പ്രശ്നം. ഈ നിയമം പാസ്സാക്കുന്നതിന്റെ തലേദിവസം അവിടെ ഒരു ഷെഡ്ഡോ മറ്റെന്തെങ്കിലുമോ കെട്ടിയാലോ? അതുകൊണ്ട് രൂപ ഭേദപ്പെടുത്താനോ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനോ പാടുള്ളതല്ല എന്നു ചേർക്കണം എന്ന് 312-ാം നമ്പർ ഭേദഗതിയിലൂടെ ആവശ്യപ്പെടുന്നത്. 329-ാം നമ്പർ ഭേദഗതി അനധികൃതമായി കയ്യേറ്റം നടത്തി അവകാശം സ്ഥാപിച്ചു കൊടുക്കാതിരിക്കാൻ വേണ്ടിയാണ്. (4)-ാം ഉപ വകുപ്പനുസരിച്ച് സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുടെ അവകാശം സംബന്ധിച്ച യാതൊരു കേസ്സും ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടി ല്ലാത്തതും അവ കോടതികൾ പരിഗണിക്കാൻ പാടില്ലാത്തതും ആണെന്നു കൂടി ചേർത്തില്ലെങ്കിൽ പത്തിരുപത്തിയഞ്ച് ഏക്കർ സ്ഥലം നമ്മൾ അങ്ങോട്ടു കൊടുക്കേണ്ടി വരുന്ന സ്ഥിതിയായിരിക്കും ഈ നിയമം പാസ്സാകുമ്പോൾ ഉണ്ടാകുക.

ശ്രീ. വി. ചെന്തമാരാക്ഷൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവ തരിപ്പിക്കുന്നു:

(299) ഖണ്ഡം 4 (2)-ൽ "30 ദിവസത്തെ" എന്നതിനു പകരം "15 ദിവസത്തെ" എന്നാക്കി മാറ്റുക.

ശ്രീ. എം. കുമാരൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പി ക്കുന്നു:

(300) ഖണ്ഡം 4 (2)-ൽ ഉടമയ്ക്ക് പറയുവാനുള്ള കാര്യങ്ങൾ ബോധിപ്പി ക്കുവാൻ "30 ദിവസത്തെ നോട്ടീസ്" എന്നതിനു പകരം "45 ദിവസത്തെ നോട്ടീസ്" എന്നു ചേർക്കേണ്ടതാണ്.

ശ്രീ. എം. എ. വാഹീദ്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവത രിപ്പിക്കുന്നു:

(302) ഖണ്ഡം 4 (2)-ൽ "ഉടമയ്ക്ക് പറയുവാനുള്ള കാര്യങ്ങൾ ബോധിപ്പി ക്കുവാൻ ആവശ്യമായ സമയം, നോട്ടീസ് നൽകി 45 ദിവസത്തിനകം" എന്നാക്കി മാറ്റേണ്ടതാണ്.

(315) ഖണ്ഡം 4 (3)-ൽ "(2)-ാം ഉപവകുപ്പു പ്രകാരം നോട്ടീസ് പുറപ്പെടു വിച്ചുകഴിഞ്ഞശേഷം ഏതൊരാളും പരിസ്ഥിതി ശാസ്ത്രപരമായി പ്രാധാന്യ മുള്ള ഭൂപ്രദേശമാണെന്ന് പ്രഖ്യാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമിയുടെ നിയമ പരമോ ഭൗതികമോ ആയ സ്ഥിതിയോ രൂപഭേദപ്പെടുത്തുവാനോ ഉടമസ്ഥാവകാശം മാറ്റം ചെയ്യാനോ പാടുള്ളതല്ല" എന്നാക്കി മാറ്റേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(305) ഖണ്ഡം 4 (2)-ൽ "നോട്ടീസ് " എന്ന വാക്കിനുശേഷം "രേഖാമൂലം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(307) ഖണ്ഡം 4 (3)-ൽ നീക്കം ചെയ്യുക.

"ഖണ്ഡം 4 (2), (3) നീക്കം ചെയ്യുക" എന്നാണ് ഭേദഗതി എഴുതി കൊടുത്തത്. പ്രിന്റുചെയ്തുവന്നപ്പോൾ "ഖണ്ഡം 4 (3), നീക്കം ചെയ്യുക" എന്നു മാത്രമേയുള്ളൂ. അതുകൊണ്ട് 307-ാം നമ്പർ ഭേദഗതി "ഖണ്ഡം 4 (2) -ഉം (3)-ഉം നീക്കം ചെയ്യുക" എന്നു തിരുത്തി വായിക്കണം.

30 ദിവസത്തെ നോട്ടീസ് കൊടുത്തുകഴിഞ്ഞാൽ അത് ഫർദർ ലിറ്റിഗേഷനുള്ള അവസരമുണ്ടാക്കും. 1971-ലെ സ്വകാര്യ വനം ദേശസാൽകൃത നിയമം പരാജയപ്പെട്ടതുപോലെ ഈ നിയമം പരാജയപ്പെടുന്നതിനു ഇതു വഴിയൊരുക്കും. അതുകൊണ്ട് ആ നോട്ടീസ് കൊടുക്കേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(308) ഖണ്ഡം 4 (3)-ൽ "പുറപ്പെടുവിച്ച്" എന്ന വാക്കിനുപകരം "ലഭിച്ച്" എന്ന പദം ചേർക്കണം.

(319) ഖണ്ഡം 4 (3)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(എ) (2)-ാം ഉപവകുപ്പിൻ കീഴിലുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നതിനു മുമ്പ് പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശമാണെന്ന് പ്രഖ്യാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഭൂമിയുടെ നിയമപരവും ഭൗതികവുമായ സ്ഥിതിയും ഉടമസ്ഥതയും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. "

ഡോ. തോമസ് ഐസക്: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(310) ഖണ്ഡം 4 (3)-ൽ "ദുർബലമായ " എന്ന വാക്കിനുപകരം "അതിപ്രധാനമായ " എന്ന വാക്ക് ചേർക്കുക.

(320) ഖണ്ഡം 4 (4)-ൽ "ദുർബലമായ " എന്ന വാക്കിനുപകരം "അതിപ്രധാനമായ " എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(311) ഖണ്ഡം 4 (3)-ൽ "പാടുള്ളതല്ല" എന്ന വാക്കുകൾക്കുപകരം "പാടില്ലാത്തതാകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(313) ഖണ്ഡം 4 (3)-ൽ "രൂപപ്പെടുത്താൻ പാടുള്ളതല്ല" എന്നതിനുപകരം ഭേദപ്പെടുത്താൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്ന ഏതൊരാളെയും കുറ്റ വിചാരണയിൻമേൽ ആറു മാസം വരെ തടവോ 5000 രൂപവരെ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതുമാണ്" എന്നു ചേർക്കുക.

ഇതിൽ പറയാനുള്ള ഒരു കാര്യം പരിസ്ഥിതി പ്രദേശമായി പ്രഖ്യാപിച്ചു കഴിഞ്ഞാൽ രൂപഭേദം വരുത്താൻ പാടില്ല എന്നതിനോടൊപ്പം തന്നെ അങ്ങനെ ആരെങ്കിലും നിയമത്തിനെതിരെ ചെയ്യുകയാണെങ്കിൽ ഒരു പീനൽ പ്രൊവിഷൻ വയ്ക്കണം. അതായത് 5,000 രൂപവരെ പിഴയോ അല്ലെങ്കിൽ ആറുമാസം വരെയുള്ള ശിക്ഷയോ, അതുമല്ലെങ്കിൽ രണ്ടും കൂടിയോ എന്നുള്ള പ്രൊവിഷൻ വയ്ക്കണം.

ശ്രീ. ടി. കെ. ബാലൻ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(316) ഖണ്ഡം 4 (3)-ൽ "രൂപപ്പെടുത്താൻ പാടുള്ളതല്ല" എന്നതിനുപകരം "ഭേദപ്പെടുത്താൻ പാടില്ലാത്തതും അപ്രകാരം ചെയ്യുന്ന ഏതൊരാളേയും കുറ്റ വിചാരണയിന്മേൽ ഒരു വർഷം വരെ തടവോ 10,000 രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണ്." എന്നു

രൂപഭേദപ്പെടുത്തേണ്ടിടത്ത് ഭേദപ്പെടുത്താൻ പാടില്ലാത്തത് എന്നുമാത്രം മതി. മാത്രമല്ല പണിഷ്മെന്റിനെക്കുറിച്ച് 10,000 രൂപ പിഴയും ഒരു വർഷത്തെ തടവും എന്നുള്ള ഒരു പീനൽ പ്രോവിഷൻകൂടി പറയുന്നുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(318) ഖണ്ഡം 4 (3)-ൽ "(2)-ാം ഉപവകുപ്പിൻ കീഴിലുള്ള നോട്ടീസ് പുറപ്പെടുവിച്ചു കഴിഞ്ഞ ശേഷം" എന്നീ വാക്കുകൾക്കുപകരം "ഈ ആക്ടിലെ 3-ാം വകുപ്പിലെ (2)-ാം ഉപവകുപ്പുപ്രകാരം ഉടമസ്ഥനെ രേഖാമൂലം അറിയിച്ചു കഴിഞ്ഞാൽ" എന്നീ വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(322) ഖണ്ഡം 4 (4)-ൽ (1) "(1)-ാം ഉപവകുപ്പ് പ്രകാരമുള്ള പ്രഖ്യാപന തീയതി മുതൽ" എന്നതിനു പകരം "(1)-ാം ഉപവകുപ്പു പ്രകാരം നടത്തുന്ന പ്രഖ്യാപന തീയതി മുതൽ" എന്നു ചേർക്കുക. (2) "നിക്ഷിപ്തമായിരിക്കുന്നതും" എന്ന വാക്കുകൾക്ക് പകരം "നിക്ഷിപ്തമാകുന്നതും "എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(324) ഖണ്ഡം 4 (4)-ൽ "പ്രസ്തുത തീയതിമുതൽ" എന്നീ വാക്കുകൾക്കു പകരം "ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം ഭൂവുടമയും നൽകുന്ന തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

പ്രസ്തുത തീയതി എന്ന വാക്കിനു പകരമായി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരം ഭൂവുടമയും നൽകുന്ന തീയതി മുതൽ എന്നാക്കണം. ഏതൊരു ഭൂമിയും ഏറ്റെടുക്കുകയാണെങ്കിൽ നഷ്ട പരിഹാരം കൊടുത്തേപറ്റൂ.

ശ്രീ. കെ. സി. ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(850) ഖണ്ഡം 4 (2)-ൽ നൽകാതെ എന്ന വാക്കിനുപകരം നൽകിയ ശേഷം ആവശ്യപ്പെടുന്ന പക്ഷം വ്യക്തിപരമായ തെളിവെടുപ്പിനു അവസരം നൽകാതെ എന്ന് ചേർക്കണം.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 4-ാം വകുപ്പിലെ വ്യവസ്ഥകളൊക്കെ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതി നിർദ്ദേശങ്ങളൊന്നും സ്വീകാര്യമല്ല.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, 307, 327 എന്നീ നമ്പർ ഭേദഗതികൾക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.)

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ—31

1. ശ്രീ. വി. എസ്. അച്യുതാനന്ദൻ
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ,, എം. വി. ജയരാജൻ
12. ,, പി. ജയരാജൻ
13. ,, വി. സി. കബീർ
14. ,, എം. കുമാരൻ
15. ,, കെ. വി. കുഞ്ഞിരാമൻ
16. ,, കോവൂർ കുഞ്ഞുമോൻ
17. ,, വി. കെ. സി. മമ്മത്കോയ
18. ,, മത്തായി ചാക്കോ
19. ,, പിരപ്പൻകോട് മുരളി
20. ,, സി. കെ. നാണു
21. ,, പി. നാരായണൻ
22. ഡോ. എ. നീലലോഹിതദാസൻ നാടാർ
23. ശ്രീ. കെ. രാധാകൃഷ്ണൻ
24. ,, മാങ്കോട് രാധാകൃഷ്ണൻ
25. ,, എൻ. രാജൻ
26. ,, കെ. പി. രാജേന്ദ്രൻ
27. ,, രാജു എബ്രഹാം
28. ,, ടി. പി. രാമകൃഷ്ണൻ
29. ,, സാജുപോൾ
30. ,, കെ. പി. സതീശ് ചന്ദ്രൻ
31. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ—50

1. ശ്രീ. കളത്തിൽ അബ്ദുള്ള
2. ,, സി. ടി. അഹമ്മദലി
3. ,, എൻ. ഡി. അപ്പച്ചൻ
4. ,, കെ. ബാബു
5. ,, പി. കെ. കെ. ബാവ
6. ,, കെ. എ. ചന്ദ്രൻ
7. ,, എം. എ. ചന്ദ്രശേഖരൻ
8. ,, ഡൊമിനിക് പ്രസന്റേഷൻ
9. ,, എം. എം. ഹസ്സൻ
10. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
11. ,, ജോണി നെല്ലൂർ
12. ,, കെ. സി. ജോസഫ്
13. ,, ജോസഫ് എം. പുതുശ്ശേരി
14. ,, പി. ജെ. ജോയി
15. ,, വർക്കല കഹാർ
16. ,, പി. കെ. കുഞ്ഞാലിക്കുട്ടി
17. ഡോ. എം. എ. കുട്ടപ്പൻ
18. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
19. ,, ലൂഡി ലൂയിസ്
20. ,, സി. മമ്മൂട്ടി
21. ,, കെ. എം. മാണി
22. ,, കെ. മോഹൻ കുമാർ
23. ,, എ. കെ. മണി
24. ,, സി. മൊയിൻകുട്ടി
25. ,, സി. പി. മുഹമ്മദ്
26. ,, എം. മുരളി
27. ,, എം. കെ. പോൾസൺ മാസ്റ്റർ
28. ,, വി. ജെ. പൗലോസ്
29. ,, ടി. എൻ. പ്രതാപൻ
30. ,, ജി. പ്രതാപവർമ്മതമ്പാൻ
31. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
32. ,, ടി. യു. രാധാകൃഷ്ണൻ
33. ശ്രീമതി രാധാരാഘവൻ
34. ശ്രീ. എ. എൻ. രാജൻ ബാബു
35. ,, തമ്പാനൂർ രവി

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. റോഷി അഗസ്റ്റിൻ
37. ,, എൻ. ശക്തൻ
38. ,, പി. ശങ്കരൻ
39. ,, കെ. ശങ്കരനാരായണൻ
40. ശ്രീമതി മാലേത്ത് സരളാദേവി
41. ശ്രീ. വി. ഡി. സതീശൻ
42. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
43. ശ്രീ. എ. സുജനപാൽ
44. ,, എൻ. സുന്ദരൻ നാടാർ
45. ,, സി. എഫ്. തോമസ്
46. പ്രൊഫ. കെ. വി. തോമസ്
47. ശ്രീ. പി. ടി. തോമസ്
48. ,, തോമസ് ചാഴികാടൻ
49. ,, എം. എ. വാഹീദ്
50. ,, കെ. പി. വിശ്വനാഥൻ

നിഷ്പക്ഷത പാലിക്കുന്നവർ — ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ..... 31

പ്രതികൂലിക്കുന്നവർ..... 50

നിഷ്പക്ഷത പാലിക്കുന്നവർ..... ആരുമില്ല

ഭേദഗതികൾ സഭ നിരാകരിച്ചു.

Shri K. Radhakrishnan, do you press your other amendments?

Shri K. Radhakrishnan: Yes.

Mr. Speaker: Other amendments moved by Shri K. Radhakrishnan are put and lost.

Shri Kodiyeri Balakrishnan, do you press your amendments?

Shri Kodiyeri Balakrishnan: Yes.

Mr. Speaker: The amendments moved by Shri Kodiyeri Balakrishnan are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri Binoy Viswam, do you press your amendments?

Shri Binoy Viswam: Yes.

Mr. Speaker: The amendments moved by Shri Binoy Viswam are put and lost.

Shri K. P. Rajendran, do you press your amendments?

Shri K. P. Rajendran: Yes.

Mr. Speaker: The amendments moved by Shri K. P. Rajendran are put and lost.

Shri V. K. Chandran, do you press your amendments?

Shri V. K. Chandran: Yes.

Mr. Speaker: The amendments moved by Shri V. K. Chandran are put and lost.

Shri T. K. Devakumar, do you press your amendments?

Shri T. K. Devakumar: Yes.

Mr. Speaker: The amendments moved by Shri T. K. Devakumar are put and lost.

Shri V. Chenthamarakshan, do you press your amendment?

Shri V. Chenthamarakshan: Yes.

Mr. Speaker: The amendment moved by Shri V. Chenthamarakshan is put and lost.

Shri M. Kumaran, do you press your amendment?

Shri M. Kumaran: Yes.

Mr. Speaker: The amendment moved by Shri M. Kumaran is put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri M. A. Vaheed, do you press your amendments?

Shri M. A. Vaheed: Yes.

Mr. Speaker: The amendments moved by Shri M. A. Vaheed are by leave, withdrawn.

Shri Kovoor Kunjumon, do you press your amendment?

Shri Kovoor Kunjumon: Yes.

Mr. Speaker: The amendment moved by Shri Kovoor Kunjumon is put and lost.

Dr. A. Neelalohithadasan Nadar, do you press your amendment?

Dr. A. Neelalohithadasan Nadar: Yes.

Mr. Speaker: The amendment moved by Dr. A. Neelalohithadasan Nadar is put and lost.

Dr. Thomas Issac, do you press your amendments?

Dr. Thomas Issac: Yes.

Mr. Speaker: The amendments moved by Dr. Thomas Issac are put and lost.

Prof. Savithri Lekshmanan, do you press your amendment?

Prof. Savithri Lekshmanan: No.

Mr. Speaker: The amendment moved by Prof. Savithri Lekshmanan is, by leave, withdrawn.

Shri M. V. Jayarajan, do you press your amendment?

Shri M. V. Jayarajan: Yes.

Mr. Speaker: The amendment moved by Shri M. V. Jayarajan is put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri T. K. Balan, do you press your amendment?

Shri T. K. Balan: Yes.

Mr. Speaker: The amendment moved by Shri T. K. Balan is put and lost.

Shri V. D. Satheesan, do you press your amendments?

Shri V. D. Satheesan: No.

Mr. Speaker: The amendments moved by Shri V. D. Satheesan are by leave, withdrawn.

Shri Kalathil Abdulla, do you press your amendment?

Shri Kalathil Abdulla: No.

Mr. Speaker: The amendment moved by Shri Kalathil Abdulla is, by leave, withdrawn.

Shri K. C. Joseph, do you press your amendment?

Shri K. C. Joseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is by leave, withdrawn.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(331) ഖണ്ഡം 5-ൽ

(i) "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ii) അവസാന വരിയിൽ "ആ ആക്ടിലെ വ്യവസ്ഥകൾ കഴിയുന്നത്ര" എന്നത് മാറ്റി "പൂർണ്ണമായും" എന്നു ചേർക്കേണ്ടതാണ്.

ഈ ആക്ടിലെ വ്യവസ്ഥകൾ കഴിയുന്നത്ര ഉടമയ്ക്കു ബാധകമാകുന്നതാണ്. ശരിക്കും ദുർബലമായ ഒരു വാദഗതിയാണിത്. അത് ഡ്രാഫ്റ്റിംഗിൽ പറ്റിയ ഒരു അബദ്ധമല്ല. ബോധപൂർവ്വം കാണിച്ചിട്ടുള്ള ഒരു കൃത്രിമമായിട്ടാണ് ഞാൻ ഇതിനെ കാണുന്നത്. അതുകൊണ്ട് അതിനുപകരമായി ഞാൻ പറയുന്നത് പൂർണ്ണമായും എന്നു ചേർക്കണമെന്നാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, താഴെപ്പറയുന്ന ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു:

(332) ഖണ്ഡം 5-ൽ "ദുർബലമായ" എന്ന വാക്ക് ചേർത്തിരിക്കുന്ന സ്ഥലങ്ങളിൽ അവയ്ക്ക് പകരം "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(342) ഖണ്ഡം 5-ൽ "കഴിയുന്നത്ര" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(334) ഖണ്ഡം 5-ൽ "കരുതപ്പെടേണ്ടതും ആ ആക്ടിലെ വ്യവസ്ഥകൾ കഴിയുന്നത്ര അങ്ങനെയുള്ള ഭൂമിക്ക് ബാധകമാകുന്നതുമാണ് " എന്നതിനു പകരം "തീരുന്നതും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നേരിട്ടുള്ള നിയന്ത്രണത്തിലും പരിപാലനത്തിലും ആയി തീരുന്നതും, ആ ആക്ടിലെ വ്യവസ്ഥകൾ ബാധകമായിരിക്കുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു:

(335) ഖണ്ഡം 5-ൽ "കരുതപ്പെടേണ്ടതും" എന്ന വാക്കിനുശേഷം "അതു സംബന്ധിച്ചുള്ള" എന്ന വാക്ക് ചേർക്കുക.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇവിടെ അവതരിപ്പിച്ച ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

Mr. Speaker: Shri Binoy Viswam, do you press your amendment?

Shri Binoy Viswam: Yes.

Mr. Speaker: The amendment moved by Shri Binoy Viswam is put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri V. K. Chandran, do you press your amendments?

Shri V. K. Chandran: Yes.

Mr. Speaker: The amendments moved by Shri V. K. Chandran are put and lost.

Shri T. K. Devakumar, do you press your amendment?

Shri T. K. Devakumar: Yes.

Mr. Speaker: The amendment moved by Shri T. K. Devakumar is put and lost.

Shri K. C. Joseph, do you press your amendment?

Shri K. C. Joseph: No.

Mr. Speaker: The amendment moved by Shri K. C. Joseph is, by leave, withdrawn.

മി. സ്പീക്കർ: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(346) ഖണ്ഡം 6 (1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുപകരം "നിശ്ചിത" എന്ന വാക്ക് ചേർക്കുക.

നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ എന്നാണ്, അത് നിശ്ചിത
1.00 P.M.] സമയത്തിനുള്ളിൽ എന്നാക്കണം എന്നാണ് ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.:

(348) ഖണ്ഡം 6 (2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നത് "30 ദിവസത്തിനുള്ളിൽ" എന്നാക്കി മാറ്റുക.

ഡോ. എ. നീലലോഹിതദാസൻ നടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(350) ഖണ്ഡം 6 (1)-ൽ "സംഗതിപോലെ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനുമുമ്പായി "ഉടനടി" എന്നുകൂടി ചേർക്കേണ്ടതാണ്.

ഇതിനെക്കുറിച്ച് എനിക്ക് പറയാനുള്ളത് കാലതാമസമില്ലാതെ കാര്യങ്ങൾ നടപ്പാക്കാൻ ഉടനടി എന്നു ചേർക്കണം എന്നാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(351) ഖണ്ഡം 6 (1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നതിന് പകരം "മൂന്നുമാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(353) ഖണ്ഡം 6 (1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നതിന് പകരം "ആറുമാസത്തിനകം" എന്നീ വാക്കുകൾ ചേർക്കുക.

എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത് നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ എന്നതിനു പകരം ഒരു നിശ്ചിത സമയം, , ആറുമാസത്തിനകം എന്നാക്കുന്നതാണ് നല്ലത്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, 352 എന്റെ ഭേദഗതിയാണ്.

മി. സ്പീക്കർ: 352-ാം നമ്പർ ഭേദഗതി 351-ന് തുല്യമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(354) ഖണ്ഡം 6 (1)-ൽ "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നതിന് ശേഷമുള്ള വാക്കുകൾക്കു പകരം "അതിർത്തി നിർണ്ണയം നടത്തിക്കേണ്ടതും അത് വിജ്ഞാപനം ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കണം.

(365) ഖണ്ഡം 6 (2)-ൽ "ഏതെങ്കിലും ഭൂമി സർക്കാരിൽ" എന്നതിന് ശേഷം "നിക്ഷിപ്തമാകയാൽ സൂക്ഷിപ്പുകാരൻ അതിന്റെ അതിർത്തി നിർണ്ണയം നടത്തേതാണ്" എന്നു ഭേദഗതി ചെയ്യണം.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(356) ഖണ്ഡം 6 (1)-ൽ അവസാനവരിയിൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്നാക്കുകയും ഭൂപ്രദേശങ്ങളുടെ എന്ന് കഴിഞ്ഞ് "കൃത്യമായ" എന്നു കൂടി ചേർക്കുകയും "അതിർത്തി നിർണ്ണയം" നടത്തേണ്ടതാണ് എന്നത് മാറ്റി "നിർണ്ണയിച്ച് പ്രഖ്യാപിക്കേണ്ടതാണ്" എന്നും കൂട്ടിച്ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(358) ഖണ്ഡം 6 (1)-ൽ "ദുർബലമായ" എന്ന വാക്കിനുപകരം "അതി പ്രധാനമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(359) ഖണ്ഡം 6 (1)-ൽ "വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി" എന്നീ വാക്കുകൾ "ഭൂപ്രദേശങ്ങളുടെ" എന്ന വാക്കിനും "അതിർത്തി" എന്ന വാക്കിനും ഇടയിലായി ചേർക്കുക.

359-ാം ഭേദഗതിയെക്കുറിച്ച് ഒരു വാക്കു പറയാനുള്ളത് വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുന്നത് ഭൂപ്രദേശങ്ങളുടെ എന്നുതന്നെ ചേർക്കണം.

(364) ഖണ്ഡം 6 (2)-ൽ "വിസ്തൃതി അളന്ന് തിട്ടപ്പെടുത്തി" എന്നീ വാക്കുകൾ "അതിന്റെ" എന്ന വാക്കിന്റെയും "അതിർത്തി" എന്ന വാക്കിന്റെയും ഇടയിലായി ചേർക്കണം.

ശ്രീ. എ. കെ. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(360) ഖണ്ഡം 6 (1)-ൽ "അതിർത്തി നിർണ്ണയം" എന്നതിനുശേഷം "നടത്തുകയോ ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥനെക്കൊണ്ട് അതിർത്തി നിർണ്ണയം നടത്തിക്കുകയോ ചെയ്യേണ്ടതാണ്" എന്നു ചേർക്കുക.

(363) ഖണ്ഡം 6 (2)-ൽ

(1) "പ്രാരംഭത്തിലുള്ള ട്രൈബ്യൂണൽ മുമ്പാകെ" എന്നത് നീക്കം ചെയ്യുകയും

(2) "അപേക്ഷ" എന്നതിനുശേഷം "ട്രൈബ്യൂണലിന്റെ" എന്ന് ചേർക്കുകയും

(3) "ബോദ്ധ്യമുള്ള പക്ഷം" എന്നതിനുശേഷം "അദ്ദേഹത്തിന്" എന്ന് ചേർക്കുക.

(4) "അതിർത്തി നിർണ്ണയം" എന്നതിനുശേഷമുള്ള "നടത്തിക്കാവുന്നതാണ്" എന്നത് നീക്കം ചെയ്ത് തൽസ്ഥാനത്ത് "നടത്തുകയോ നടത്തിക്കുകയോ ചെയ്യാവുന്നതാണ്" എന്ന് ചേർക്കുകയും ചെയ്യുക.

എനിക്ക് 360-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയാനുള്ളത് ഒരു ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അതിർത്തി നിർണ്ണയം നടത്തിക്കണമെന്നുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(361) ഖണ്ഡം 6 (1)-ൽ "അതിർത്തി നിർണ്ണയം നടത്തേണ്ടതാണ്" എന്നതിനുപകരം "അതിർത്തി നിർണ്ണയം നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കണം.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(362) ഖണ്ഡം 6 (2) ഒഴിവാക്കേണ്ടതാണ്.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(366) ഖണ്ഡം 6 (2)-ൽ "സൂക്ഷിപ്പുകാരന് ബോദ്ധ്യമുള്ളപക്ഷം" എന്ന വാക്കുകൾക്കു പകരം "സൂക്ഷിപ്പുകാരന് ബോദ്ധ്യമുള്ള പക്ഷം പ്രസ്തുത ഭൂമിയുടെ കൈവശക്കാരനോ, പാട്ടക്കാരനോ, നോട്ടീസ് നൽകിക്കൊണ്ട്" എന്ന വാക്കുകൾ ചേർക്കുക.

സൂക്ഷിപ്പുകാരന് ബോദ്ധ്യമുള്ളപക്ഷം എന്നാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നത്, എന്നാൽ ഞാൻ ചേർത്തിട്ടുള്ളത് പ്രസ്തുത ഭൂമിയുടെ കൈവശക്കാരനോ, പാട്ടക്കാരനോ നോട്ടീസ് നൽകിക്കൊണ്ട്, എന്നുള്ള രൂപത്തിലാക്കണമെന്നുള്ളതാണ്.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. എ. കെ. മണി അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. മണി അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

Shri V. K. Chandran, do you press your amendment?

Shri V. K. Chandran: Yes.

Mr. Speaker: The amendment moved by Shri V. K. Chandran is put and lost.

Shri M. A. Vaheed, do you press your amendment?

Shri M. A. Vaheed: No Sir.

Mr. Speaker: The amendment moved by Shri M. A. Vaheed is, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Dr. A. Neelalohithadasan Nadar, do you press your amendment?

Dr. A. Neelalohithadasan Nadar: Yes Sir.

Mr. Speaker: The amendment moved by Dr. A. Neelalohithadasan Nadar is put and lost.

Shri T. K. Balan, do you press your amendment?

Shri T. K. Balan: Yes Sir.

Mr. Speaker: The amendments moved by Shri T. K. Balan are put and lost.

Shri M. V. Jayarajan, do you press your amendment?

Shri M. V. Jayarajan: Yes Sir.

Mr. Speaker: The amendment moved by Shri M. V. Jayarajan is put and lost.

Shri K. P. Rajendran, do you press your amendments?

Shri K. P. Rajendran: Yes Sir.

Mr. Speaker: The amendments moved by Shri K. P. Rajendran are put and lost.

Shri Binoy Viswam, do you press your amendment?

Shri Binoy Viswam: Yes Sir.

Mr. Speaker: The amendment moved by Shri Binoy Viswam is put and lost.

Dr. Thomas Issac, do you press your amendment?

Dr. Thomas Issac: Yes Sir.

Mr. Speaker: The amendment moved by Dr. Thomas Issac is put and lost.

Shri K. Radhakrishnan, do you press your other amendments?

Shri K. Radhakrishnan: Yes Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendments moved by Shri K. Radhakrishnan are put and lost.

Shri A. K. Moni, do you press your amendment No. 360?

Shri A. K. Moni: No Sir.

Mr. Speaker: The amendment moved by Shri A. K. Moni is, by leave, withdrawn.

Shri P. J. Joy, do you press your amendment ?

Shri P. J. Joy: No Sir.

Mr. Speaker: The amendment moved by Shri P. J. Joy is, by leave, withdrawn.

Shri N. Rajan, do you press your amendment?

Shri N. Rajan: Yes Sir.

Mr. Speaker: The amendment moved by Shri N. Rajan is put and lost.

Shri T. K. Devakumar, do you press your amendment?

Shri T. K. Devakumar: Yes Sir.

Mr. Speaker: The amendment moved by Shri T. K. Devakumar is put and lost.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(367) ഖണ്ഡം 7 (1)-ൽ "സൂക്ഷിപ്പുകാരനോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനോ" എന്ന വാക്കുകൾക്കുപകരം "സൂക്ഷിപ്പുകാരൻ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(383) ഖണ്ഡം 7 (1)-ൽ "മുപ്പത് ദിവസത്തെ"എന്നതിനുപകരം "പതിനാലു ദിവസത്തെ" എന്ന വാക്കുകൾ ചേർക്കുക.

(402) ഖണ്ഡം 7 (2)-ൽ "ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്" എന്ന വാക്കുകൾക്കുപകരം, "ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതും ഇതിലേക്കായി ബന്ധപ്പെട്ട പോലീസ് ഓഫീസറുടേയും, റവന്യൂ അധികാരികളുടേയും സഹായം രേഖാമൂലം ആവശ്യപ്പെടേണ്ടതും, പ്രസ്തുത പോലീസ് ഓഫീസറും റവന്യൂ അധികാരിയും അപ്രകാരമുള്ള സഹായം ഉടനടി ലഭ്യമാക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

367-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയാനുള്ളത് സൂക്ഷിപ്പുകാരനോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റാഫീസർക്ക് താഴെയല്ലാത്ത ഉദ്യോഗസ്ഥനോ എന്ന വാക്കുകൾക്കു പകരം സൂക്ഷിപ്പുകാരൻ എന്നു മാത്രമാക്കണമെന്നാണ് എന്റെ അഭിപ്രായം. ഫോറസ്റ്റ് ഓഫീസർമാരുടെ എണ്ണം വെട്ടിക്കുറയ്ക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ വർദ്ധിപ്പിക്കുകയാണ്.

402-ാം ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് അതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതും എന്നേ പറഞ്ഞിട്ടുള്ളൂ, അതിനകത്തുള്ള ഒരു വിഷയം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇതിലേക്കായി ബന്ധപ്പെട്ട പോലീസ് ഓഫീസറുടേയും റവന്യൂ അധികാരികളുടേയും സഹായം രേഖാമൂലം ആവശ്യപ്പെടാൻ അധികാരമുള്ള സമിതികളെ ഉൾപ്പെടുത്തണമെന്നുള്ളതാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(368) ഖണ്ഡം 7 (1)-ൽ "ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ" എന്നതിനു പകരം "വനം വകുപ്പ് സെക്രട്ടറിയുടെ" എന്ന് ചേർക്കുക.

<u>ശ്രി. ചെന്താമരാക്ഷൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(369) ഖണ്ഡം 7 (1)-ൽ "ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ" എന്നതിനു പകരം "വനം വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ" എന്നും "മുപ്പത്" എന്നതിനുപകരം "ഇരുപത്തിയഞ്ച്" എന്നും ചേർക്കുക.

<u>ശ്രീ. പി. ജെ. ജോയി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(370) ഖണ്ഡം 7 (1)-ൽ "ഉദ്യോഗസ്ഥനോ" എന്നതിനുശേഷം "3-ഉം 4-ഉം വകുപ്പനുസരിച്ച് " എന്ന് ചേർക്കുക.

(2) "ഏതൊരു കൈവശക്കാരനേയും അങ്ങനെയുള്ള കൈവശക്കാരന് " എന്നതിനുപകരം "ഏതൊരു ഭൂമിയുടെയും കൈവശക്കാരനെ " എന്ന് ചേർക്കുക.

ഡോ. തോമസ് ഐസക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(371) ഖണ്ഡം 7 (1)-ൽ "പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശത്തിലെ ഏതൊരു കൈവശക്കാരനേയും അങ്ങനെയുള്ള കൈവശക്കാരന് മുപ്പത് ദിവസത്തെ നോട്ടീസ് നൽകിയ ശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്ന വാക്കുകൾക്ക്പകരം "പരിസ്ഥിതി ശാസ്ത്രപരമായി അതിപ്രധാനമായ ഭൂപ്രദേശത്തിലെ ഏതൊരു കൈവശക്കാരനേയും ഒഴിപ്പിക്കാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രി. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(372) ഖണ്ഡം 7 (1)-ൽ

(1) "ദുർബലമായ" എന്ന വാക്കിനുപകരം "അതിപ്രധാനമായ" എന്ന് ചേർക്കുക.

(2) "മുപ്പത് ദിവസത്തെ" എന്നതിനുപകരം "ഏഴ് ദിവസത്തെ" എന്ന് ചേർക്കുക.

(378) ഖണ്ഡം 7 (1)-ൽ "അങ്ങനെയുള്ള കൈവശക്കാരന് മുപ്പതു ദിവസത്തെ നോട്ടീസ് നൽകിയ ശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്നതിനു പകരം "ഉടനടി ഒഴിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

എനിക്ക് 378-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് ഇത് അനധികൃത കയ്യേറ്റത്തെ ഒഴിപ്പിക്കുന്നതിനാണ്. അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് എന്തിനാണ് 30 ദിവസത്തെ സമയം? അത് ഉടനടി ഒഴിപ്പിക്കേണ്ടതാണ് എന്നാക്കി മാറ്റണം.

ശ്രി. എം. കുമാരൻ: സർ,ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(373) ഖണ്ഡം 7 (1)-ൽ "ഏതൊരു കൈവശക്കാരനേയും" എന്നതിനു പകരം "മുഴുവൻ കൈവശക്കാരേയും" എന്നാക്കി മാറ്റിയെഴുതേണ്ടതാണ്.

(394) ഖണ്ഡം 7 (2)-ൽ "ഏതൊരാളേയും" എന്നതുമാറ്റി "മുഴുവൻ ആളുകളേയും" എന്നാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഡോ എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(374) ഖണ്ഡം 7 (1)-ൽ "ഏതൊരു കൈവശക്കാരനേയും" എന്നതിനുശേഷം "അങ്ങനെയുള്ള കൈവശക്കാരന് മുപ്പതുദിവസത്തെ നോട്ടീസ് നൽകിയ ശേഷം" എന്നുള്ള ഭാഗം നീക്കം ചെയ്യേണ്ടതാണ്.

അനധികൃത കയ്യേറ്റക്കാരെ ഒഴിവാക്കുന്നതിന് സമയത്തിന്റെ ആവശ്യമില്ല. എന്റെ 374-ാമത്തെ ഭേദഗതിയുടെ അടിസ്ഥാനത്തിൽ 392-ാം നമ്പർ ഭേദഗതി ആവശ്യമില്ല.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(375) ഖണ്ഡം 7 (1)-ൽ "അങ്ങനെയുള്ള കൈവശക്കാരന്" എന്നതിനുശേഷം "വകുപ്പ് 4 (2) അനുസരിച്ചുള്ള നോട്ടീസ് നൽകിയ ശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്ന് ചേർക്കേണ്ടതാണ്.

(406) ഖണ്ഡം 7 (2)-ൽ "ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്" എന്നതിനുപകരം "ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്" എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(377) ഖണ്ഡം 7 (1)-ൽ "അങ്ങനെയുള്ള കൈവശക്കാരന് മുപ്പത് ദിവസത്തെ നോട്ടീസ് നൽകിയ ശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്നതിനുപകരം "മുപ്പത് ദിവസത്തിനകം ഒഴിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കണം.

(408) ഖണ്ഡം 7 (2)-ലെ അവസാന വരിയിൽ "സ്വീകരിക്കാവുന്നതാണ്" എന്ന വാക്കിനുപകരം "സ്വീകരിക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

(411) ഖണ്ഡം 7 (2)-നു ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം (3) ചേർക്കുക.

"(3) അപ്രകാരം സ്വീകരിക്കുന്നില്ലെങ്കിൽ പ്രസ്തുത സൂക്ഷിപ്പുകാരനെതിരെയോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെതിരേയോ നിയമാനുസൃതമായ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും."

377-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ഇവിടെ നേരത്തെ പറഞ്ഞതുപോലെ 30 ദിവസത്തെ നോട്ടീസിനുശേഷം ഒഴിപ്പിക്കാവുന്നതാണ് എന്നാണ്. അത് 30 ദിവസത്തിനകം ഒഴിപ്പിക്കേണ്ടതാണ്. അതിൽ 'shall' എന്നു പറയുന്ന ഒരു പ്രൊവിഷനാണ് ചേർക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ എന്റെ 408-ാം നമ്പർ ഭേദഗതിയിൽ പറയുന്നത് സ്വീകരിക്കാവുന്നതാണ് എന്ന വാക്കിനുപകരം സ്വീകരിക്കേണ്ടതാണ് എന്ന് ചേർക്കാനാണ്. അല്ലെങ്കിൽ ഇതെല്ലാം ഒരു ഉപദേശംപോലെ വ്യാഖ്യാനിക്കപ്പെടും. നിർബന്ധമായി നടപ്പാക്കാനുള്ള ഒരു വ്യവസ്ഥയായി ഇത് മാറണം.

411-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് സൂക്ഷിപ്പുകാരനായിട്ടുള്ള കൺസർവേറ്റർ ഒഴിപ്പിക്കുന്നില്ലെങ്കിൽ പീനൽ പ്രൊവിഷൻ ചേർക്കണം. അപ്രകാരം സ്വീകരിക്കുന്നില്ലെങ്കിൽ പ്രസ്തുത സൂക്ഷിപ്പുകാരനെതിരെയോ അല്ലെങ്കിൽ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെതിരായോ നിയമാനുസൃതമായ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും എന്ന പ്രൊവിഷൻ ചേർക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(379) ഖണ്ഡം 7 (1)-ൽ " മുപ്പതുദിവസത്തെ" എന്നീ വാക്കുകൾക്കുപകരം "മൂന്നുമാസത്തെ" എന്നീ വാക്കുകൾ ചേർക്കുക.

(398) ഖണ്ഡം 7 (2)-ൽ " ആവശ്യമായ" എന്ന വാക്കിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(380) ഖണ്ഡം 7 (1)-ൽ "കൈവശക്കാരന് 30 ദിവസത്തെ നോട്ടീസ്" എന്നതിനുപകരം "20 ദിവസത്തെ നോട്ടീസ്" എന്നാക്കുക.

(393) ഖണ്ഡം 7 (2)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച നോട്ടീസ് അനുസരിച്ച് ഭൂമിയിൽ നിന്നും" എന്നു കഴിഞ്ഞ് "സമേധയാ" എന്നു ചേർക്കുക.

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(400) ഖണ്ഡം 7 (2)-ൽ "ഏതൊരാളെയും ഒഴിപ്പിക്കുന്നതിനാവശ്യമായ" എന്ന വാക്കുകൾക്കുശേഷം "എല്ലാ നടപടികളും സ്വീകരിക്കേണ്ടതും അനധികൃത കൈവശക്കാരെ ഒഴിപ്പിച്ചുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്" എന്നു കൂടി ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(384) ഖണ്ഡം 7 (1)-ൽ "മുപ്പത് ദിവസത്തെ" എന്നതിനുപകരം "പത്തു ദിവസത്തെ" എന്നു മാറ്റുക.

LIBRARY ARCHIVES Kerala Legislative Assembly

(396) ഖണ്ഡം 7 (2)-ൽ "ഏതൊരാളേയും ഒഴിപ്പിക്കുന്നതിന് " എന്നതിനു ശേഷം "സ്ഥലത്തെ പോലീസ്, റവന്യൂ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ" എന്നു കൂട്ടിച്ചേർക്കുക.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(385) ഖണ്ഡം 7 (1)-ൽ "നോട്ടീസ് നൽകിയശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്നവാക്കുകൾക്കുപകരം "നോട്ടീസ് നൽകി പ്രതിഫലം നൽകിയ ശേഷം ഒഴിപ്പിക്കാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(390) ഖണ്ഡം 7 (1)-ൽ "ഒഴിപ്പിക്കാവുന്നതാണ്" എന്നതിനുപകരം "ഒഴിപ്പിക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(391) ഖണ്ഡം 7 (1)-ൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ ഇത്തരം പ്രദേശങ്ങളിലേക്കുള്ള ഏതൊരു പുതിയ കയ്യേറ്റക്കാരനേയും ഈ ഉപഖണ്ഡത്തിൽ നിർദ്ദേശിക്കുന്ന പ്രകാരം നോട്ടീസ് നൽകാതെ തന്നെ ഉടനടി ഒഴിപ്പിക്കേണ്ടതാണ്."

അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചാണ് ഇതിൽ പറയുന്നത്. ഒരു ക്ലിപ്ത നിബന്ധന ചേർക്കണമെന്നതാണ് എന്റെ ഭേദഗതി. എന്നാൽ ഇത്തരം പ്രദേശങ്ങളിലുള്ള ഏതൊരു പുതിയ കയ്യേറ്റക്കാരനേയും ഈ ഉപഖണ്ഡത്തിൽ നിർദ്ദേശിക്കുന്ന പ്രകാരം നോട്ടീസ് നൽകാതെ തന്നെ ഉടനടി ഒഴിപ്പിക്കേണ്ടതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(395) ഖണ്ഡം 7 (2)-ൽ "ഏതൊരാളെയും" എന്നവാക്കിനും "ഒഴിപ്പിക്കുന്നതിന്" എന്ന വാക്കിനും ഇടയ്ക്ക് "റിസർവ് വനത്തിലെ കയ്യേറ്റക്കാരനാണെന്ന നിലയിൽ" എന്നീ വാക്കുകൾ ചേർക്കുക.

(399) ഖണ്ഡം 7 (2)-ൽ "ആവശ്യമായ നടപടികൾ" എന്നവാക്കിന് ശേഷം വരുന്ന "സ്വീകരിക്കാവുന്നതാണ്" എന്ന വാക്കിന് പകരം "സ്വീകരിക്കാവുന്നതും ഒഴിപ്പിക്കാവുന്നതുമാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

എനിക്ക് 395-ാം നമ്പർ ഭേദഗതിയെക്കുറിച്ച് പറയുവാനുള്ളത് "ഏതൊരാളെയും" എന്ന വാക്കിനും "ഒഴിപ്പിക്കുന്നതിന്" എന്ന വാക്കിനും ഇടയ്ക്ക് "റിസർവ് വനത്തിലെ കയ്യേറ്റക്കാരനാണെന്ന നിലയിൽ" ഇതുകൂടി ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(401) ഖണ്ഡം 7 (2)-ൽ അവസാന വരിയിൽ "ഒഴിപ്പിക്കുന്നതിന്' എന്നവാക്കിനു മുമ്പിലായി "സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ' എന്നുകൂടി ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(410) ഖണ്ഡം 7(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ ഈ വകുപ്പനുസരിച്ച് പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെടുന്നവർ ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് നഷ്ടപരിഹാരം കിട്ടുവാൻ അർഹതയില്ലാത്തവരാണെങ്കിൽ അവർക്കു പകരം ഭൂമി നൽകുവാൻ സർക്കാർ ഏർപ്പാടുണ്ടാക്കേണ്ടതാണ്."

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതിയും ബഹുമാനപ്പെട്ട ടി. കെ. ബാലൻ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതിയും ശ്രീ. ടി. കെ. ബാലൻ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

Shri T. K. Devakumar, do you press your amendments?

Shri T. K. Devakumar: Yes Sir.

Mr. Speaker: The amendments moved by Shri T. K. Devakumar are put and lost.

Smt. Girija Surendran, do you press your amendment?

Smt. Girija Surendran: Yes Sir.

Mr. Speaker: The amendment moved by Smt. Girija Surendran is put and lost.

Shri V. Chenthamarakshan, do you press your amendment?

Shri V. Chenthamarakshan: Yes Sir.

Mr. Speaker: The amendment moved by Shri V. Chenthamarakshan is put and lost.

LIBRARY ARCHIVES Kerala Legislative Assembly

Dr. Thomas Issac, do you press your amendment?

Dr. Thomas Issac: Yes Sir.

Mr. Speaker: The amendment moved by Dr. Thomas Issac is put and lost.

Shri V. K. Chandran, do you press your amendments?

Shri V. K. Chandran: Yes Sir.

Mr. Speaker: The amendments moved by Shri V. K. Chandran are put and lost.

Shri M. Kumaran, do you press your amendments?

Shri M. Kumaran: Yes Sir.

Mr. Speaker: The amendments moved by Shri M. Kumaran are put and lost.

Dr. A. Neelalohithadasan Nadar, do you press your amendment?

Dr. A. Neelalohithadasan Nadar: Yes Sir.

Mr. Speaker: The amendment moved by Dr. A. Neelalohithadasan Nadar is put and lost.

Shri N. Rajan, do you press your amendments?

Shri N. Rajan: Yes Sir.

Mr. Speaker: The amendments moved by Shri N. Rajan are put and lost.

Shri M. V. Jayarajan, do you press your amendments?

Shri M. V. Jayarajan: Yes Sir.

Mr. Speaker: The amendments moved by Shri M. V. Jayarajan are put and lost.

Shri V. D. Satheesan, do you press your amendments?

Shri V. D. Satheesan: No Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendments moved by Shri V. D. Satheesan are by leave, withdrawn.

Shri Binoy Viswam, do you press your amendments?

Shri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Shri Binoy Viswam are put and lost.

Shri P. Narayanan, do you press your amendment?

Shri P. Narayanan: Yes Sir.

Mr. Speaker: The amendment moved by Shri P. Narayanan is put and lost.

Shri Kodiyeri Balakrishnan, do you press your amendments?

Shri Kodiyeri Balakrishnan: Yes Sir.

Mr. Speaker: The amendments moved by Shri Kodiyeri Balakrishnan are put and lost.

Shri Kalathil Abdulla, do you press your amendment?

Shri Kalathil Abdulla: No Sir.

Mr. Speaker: The amendment moved by Shri Kalathil Abdulla is, by leave, withdrawn.

Shri P. Jayarajan, do you press your amendment?

Shri P. Jayarajan: Yes Sir.

Mr. Speaker: The amendments moved by Shri P. Jayarajan are put and lost.

Shri Kovoor Kunjumon, do you press your amendments?

Shri Kovoor Kunjumon: No Sir.

Mr. Speaker: The amendments moved by Shri Kovoor Kunjumon are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Shri Thampanur Ravi, do you press your amendment?

Shri Thampanur Ravi: No Sir.

Mr. Speaker: The amendment moved by Shri Thampanur Ravi is, by leave, withdrawn.

Shri P. T. Thomas, do you press your amendment?

Shri P. T. Thomas: No Sir.

Mr. Speaker: The amendment moved by Shri P. T. Thomas is, by leave, withdrawn.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത് പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രി. എ. കെ. മണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(413) ഖണ്ഡം (1)-ൽ—

(i) 4-ാം വകുപ്പ് എന്നതിനുപകരം 4-ാം വകുപ്പിന്റെ എന്നു ചേർക്കുക.

(ii) "അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിക്ക് അതിലെ സ്ഥായിയായ ദേഹണ്ഡങ്ങളുൾപ്പെടെ" എന്നതിനുപകരം "അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിയിലെ ദേഹണ്ഡങ്ങൾക്കുൾപ്പെടെയുള്ള" എന്നു ചേർക്കുക.

എനിക്ക് ഇതിനെക്കുറിച്ച് പറയുവാനുള്ളത് എന്റെ മണ്ഡലത്തിലുള്ള ആദിവാസികൾ പച്ചക്കറികൾ കൃഷിചെയ്യുന്നുണ്ട്. ഈ നിയമം നിലവിൽ വരികയാണെങ്കിൽ കാപ്പി, തേയില, ഏലം എന്നീ കൃഷികൾക്കുമാത്രമാണ് നഷ്ട പരിഹാരം കൊടുക്കുന്നത്. അതുകൊണ്ട് അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിയിലെ ദേഹണ്ഡങ്ങൾക്കുൾപ്പെടെ എന്നു ചേർക്കണം.

ശ്രി. ടി. കെ.ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്നഭേദഗതികൾ അവതരിപ്പിക്കുന്നു:

(414) ഖണ്ഡം 8 (1)-ൽ "ഭൂമിക്ക് അതിലെ സ്ഥായിയായ ദേഹണ്ഡങ്ങൾക്കുൾപ്പെടെ" എന്ന വാക്കുകൾക്ക് പകരം "ഭൂമിയിലെ സ്ഥായിയായ ദേഹണ്ഡങ്ങൾക്ക്" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(430) ഖണ്ഡം 8 (2)-ൽ "യാതൊരു നഷ്ടപരിഹാരവും നൽകേണ്ടതില്ല" എന്ന വാക്കുകൾക്ക് പകരം "യാതൊരു നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല" എന്ന വാക്കുകൾ ചേർക്കുക.

(436) ഖണ്ഡം 8 (3)-ൽ "അതു നൽകേണ്ട വിധവും" എന്ന വാക്കുകൾക്കും "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനും ഇടയിൽ "നഷ്ടപരിഹാരത്തുകയുടെ വർദ്ധനവ് സംബന്ധിച്ച അപ്പീൽ നൽകേണ്ട വിധവും അധികാരസ്ഥാനവും" എന്ന വാക്കുകൾ ചേർക്കുക.

414-ാം നമ്പർ ഭേദഗതിയെക്കുറിച്ച് എനിക്ക് പറയുവാനുള്ളത് ദേഹണ്ഡങ്ങൾ തിട്ടപ്പെടുത്തുമ്പോൾ ഒരു പ്രശ്നമുണ്ട്. അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിക്ക് അതിലെ സ്ഥായിയായ ദേഹണ്ഡങ്ങളുൾപ്പെടെ എന്നൊരു വാക്ക് ചേർത്തിട്ടുണ്ട്. ഇങ്ങനെ പറഞ്ഞിട്ടുള്ളത് ദുർവ്യാഖ്യാനം ചെയ്യാനും ദേഹണ്ഡങ്ങൾ തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥരും ഭൂമി കയ്യേറ്റക്കാരും ചേർന്നുകൊണ്ട് തിരിമറി നടക്കുമെന്നുള്ളതുകൊണ്ട് ഭൂമിയിലെ സ്ഥായിയായ ദേഹണ്ഡങ്ങൾക്ക് എന്ന് ചേർക്കണം.

430-ാം നമ്പർ ഭേദഗതിയെക്കുറിച്ച് ഇത് മാൻഡേറ്ററി ആകണമെന്ന ഒരു അഭിപ്രായമാണ് എനിക്കുള്ളത്. യാതൊരു നഷ്ടപരിഹാരവും നൽകേണ്ടതില്ല എന്ന വാക്കിനു പകരം യാതൊരു നഷ്ടപരിഹാരത്തിനും അർഹതയുണ്ടായിരിക്കുന്നതല്ല എന്നുള്ള രീതിയിൽ മാറ്റണം.

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(415) ഖണ്ഡം 8 (1)-ൽ "ദേഹണ്ഡങ്ങൾക്കുൾപ്പെടെ നഷ്ടപരിഹാരത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കു പകരം "ദേഹണ്ഡങ്ങൾക്കുൾപ്പെടെ ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള പ്രതിഫലത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(424) ഖണ്ഡം 8 (2)-ഉം (3)-ഉം നീക്കം ചെയ്യുക.

<u>ശ്രീ. ബിനോയ് വിശ്വം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(418) ഖണ്ഡം 8 (1)-ൽ "ദേഹണ്ഡങ്ങൾക്കുൾപ്പെടെ" എന്ന വാക്കിനു ശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കണം.

(433) ഖണ്ഡം 8 (3)-ൽ "(1)-ാം ഉപവകുപ്പു പ്രകാരം നൽകേണ്ടതായ" എന്ന വാക്കുകൾക്കുശേഷം "ന്യായമായ" എന്ന വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(422) വകുപ്പ് 8 (1)-നു ശേഷം താഴെ പറയുന്നത് (2)-ാം ഉപഖണ്ഡമായി ചേർക്കുകയും നിലവിലുള്ള ഉപവകുപ്പുകൾ പുനഃക്രമീകരിക്കുകയും ചെയ്യുക. "നഷ്ടപരിഹാരം കണക്കാക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള വകുപ്പ് തലത്തിൽ നിർദ്ദേശിക്കപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്".

എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത് നഷ്ടപരിഹാരം കണക്കാക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള വകുപ്പ് തലത്തിലുള്ള രൂപീകരണം എന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ പ്രസ്തുത ഉടമയ്ക്ക് നഷ്ട പരിഹാരം കിട്ടും.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(423) ഖണ്ഡം 8 (1)-നുശേഷം താഴെ പറയുന്നത് ഉപഖണ്ഡം (2) ആയി ചേർക്കുകയും ബാക്കി ഉപഖണ്ഡങ്ങൾ പുനഃക്രമീകരിക്കുകയും ചെയ്യുക.

"(2) ദേഹണ്ഡവും നഷ്ടപരിഹാരവും കണക്കാക്കുന്നതിന് വനം വകുപ്പു സെക്രട്ടറി, പ്രിൻസിപ്പൽ കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, നിയമസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 5 എം. എൽ. എ.-മാർ, അതാതു ജില്ലകളിലെ ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്."

വസ്തുനിഷ്ടമായ നിർദ്ദേശമുണ്ടാകുന്നതിന് വേണ്ടിയാണ് എന്റെ ഈ ഭേദഗതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(427) ഖണ്ഡം 8 (2)-ൽ—

(i) "3-ാം വകുപ്പ്" എന്നതിനു പകരം "3-ാം വകുപ്പിന്റെ" എന്നു ചേർക്കുക.

(ii) "അവകാശബന്ധവും ഇല്ലാതാകുന്നതിനോ എന്നതിനുശേഷം അത്തരം ഭൂപ്രദേശങ്ങളിലേയോ അതിന്റെ ഭാഗങ്ങളിലേയോ ദേഹണ്ഡങ്ങൾക്കൊഴിച്ച്" എന്നു ചേർക്കുക.

(iii) "നഷ്ടപരിഹാരവും നൽകേണ്ടതില്ല" എന്നതിനു പകരം "നഷ്ട പരിഹാരം നൽകേണ്ടതാകുന്നു" എന്നു ചേർക്കുക.

(432) ഖണ്ഡം 8 (3)-ൽ "(1)-ാം ഉപവകുപ്പ് പ്രകാരം" എന്നതിനു പകരം "(1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം" എന്നു ചേർക്കുക.

(437) ഖണ്ഡം 8 (3)-ൽ "നൽകേണ്ട വിധവും" എന്നീ വാക്കുകൾക്കു ശേഷം "മാനദണ്ഡങ്ങളും" എന്ന വാക്കുകൂടി ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(438) ഖണ്ഡം 8 താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

" 8. നിക്ഷിപ്തമാക്കുന്നതിനുള്ള നഷ്ടപരിഹാരം—നിക്ഷിപ്തമാക്കപ്പെട്ട ഭൂമിയെ സംബന്ധിച്ച്, അതിന്റെ ഉടമയ്ക്ക് പ്രസ്തുത ഭൂമിക്ക്, സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിലയും അതിലെ സ്ഥായിയായ ദേഹണ്ഡങ്ങൾക്കുൾപ്പെടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(851) ഖണ്ഡം 8 (2)-ൽ " യാതൊരു നഷ്ടപരിഹാരവും നൽകേണ്ടതില്ല " എന്ന വാക്കുകൾക്കു പകരം "ന്യായമായ നഷ്ടപരിഹാരം നൽകേണ്ടതാണ് " എന്നു ചേർക്കണം.

(852) ഖണ്ഡം 8 (3)-ൽ "(1)-ാം ഉപവകുപ്പ്പ്രകാരം " എന്നതിനു പകരം "(1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം" എന്നു ചേർക്കുക.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

Mr. Speaker: Shri A. K. Moni, do you press your amendment ?

Shri A. K. Moni: No Sir.

Mr. Speaker: The amendment moved by Shri A. K. Moni is, by leave, withdrawn.

Shri T. K. Devakumar, do you press your amendments?

Shri T. K. Devakumar: Yes Sir.

Mr. Speaker: The amendments moved by Shri T. K. Devakumar are put and lost.

Shri Kalathil Abdulla, do you press your amendments?

Shri Kalathil Abdulla: No Sir.

Mr. Speaker: The amendments moved by Shri Kalathil Abdulla are by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Shri Binoy Viswam, do you press your amendments?

Shri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Shri Binoy Viswam are put and lost.

Smt. Girija Surendran, do you press your amendment?

Smt. Girija Surendran: Yes Sir.

Mr. Speaker: The amendment moved by Smt. Girija Surendran is put and lost.

Shri V. Chenthamarakshan, do you press your amendment?

Shri V. Chenthamarakshan: Yes Sir.

Mr. Speaker: The amendment moved by Shri V. Chenthamarakshan is put and lost.

Shri V. D. Satheesan, do you press your amendments?

Shri V. D. Satheesan: No Sir.

Mr. Speaker: The amendments moved by Shri V. D. Satheesan are by leave, withdrawn.

Shri M. A. Vaheed, do you press your amendment?

Shri M. A. Vaheed: No Sir.

Mr. Speaker: The amendment moved by Shri M. A. Vaheed is, by leave, withdrawn.

Shri K. C. Joseph, do you press your amendments?

Shri K. C. Joseph: No Sir.

Mr. Speaker: The amendments moved by Shri K. C. Joseph are by leave, withdrawn.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(441) ഖണ്ഡം 9 (1)-ൽ സർക്കാരിന് ഔദ്യോഗിക വിജ്ഞാപനം വഴി ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി ഒന്നോ ഒന്നിൽ കൂടുതലോ ട്രൈബ്യൂണലുകൾ രൂപീകരിക്കുന്നതാണ് എന്ന് കഴിഞ്ഞ് "എന്നാൽ അവയുടെ എണ്ണം "5"-ൽ കൂട്ടാൻ പാടില്ലാത്തത് " എന്ന് കൂടി ചേർക്കണം.

(457) ഖണ്ഡം 9 (4)-ൽ "അതിലുള്ള കണക്ക് സംബന്ധമായ തെറ്റോ കൈതെറ്റോ " എന്നു കഴിഞ്ഞ് "ഉത്തമവിശ്വാസത്തോടെ " എന്നു കൂടി ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(443) ഖണ്ഡം 9 (1)-ൽ "ഒന്നോ ഒന്നിൽ കൂടുതലോ " എന്ന വാക്കുകൾ മാറ്റി "ഈ ആക്റ്റിന്റെ വിനിയോഗത്തിനാവശ്യമായ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(446) ഖണ്ഡം 9 (2)-ൽ "ജില്ലാ ജഡ്ജിയുടെ " എന്ന വാക്കുകൾ മാറ്റി "ഹൈക്കോടതി ജഡ്ജിയുടെ " എന്നാക്കി മാറ്റുക.

(460) ഖണ്ഡം 9 (4)-ൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക:

"ട്രൈബ്യൂണൽ അതിന്റെ നിർവ്വചിക്കപ്പെട്ട ആക്ടിലും റൂളുകളിലും ഉൾപ്പെട്ട എല്ലാ കാര്യങ്ങളുടേയും രക്ഷാധികാരിയും, സൂക്ഷിപ്പുകാരനും ട്രൈബ്യൂണലിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതും ആകുന്നു. "

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(444) ഖണ്ഡം 9 (1)-ൽ "ഒന്നോ ഒന്നിൽ കൂടുതലോ " എന്നതിനുപകരം "ഒരു സ്ഥിരം ട്രൈബ്യൂണലും, ആവശ്യത്തിനനുസരിച്ച് ഒന്നിൽ കൂടുതൽ "എന്നും ചേർക്കേണ്ടതാണ്.

എന്റെ ഭേദഗതി ഒരു സ്ഥിരം ട്രൈബ്യൂണൽ ഉണ്ടാക്കണമെന്നുള്ളതിനെ സംബന്ധിച്ചാണ്.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(445) ഖണ്ഡം 9 (1)-ൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

9. ട്രൈബ്യൂണലുകളുടെ രൂപീകരണം.

(1) സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിന്റെ ആവശ്യത്തിലേക്കായി രണ്ടു ജില്ലകൾക്ക് ഒന്ന് എന്ന രീതിയിൽ 7 ട്രൈബ്യൂണലുകൾ രൂപീകരിക്കാവുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(447) ഖണ്ഡം 9 (2)-ൽ "പദവിയിൽ താഴെയല്ലാത്ത " എന്നതിനുപകരം "പദവിയിലുള്ള "എന്ന് ചേർക്കുക.

ട്രൈബ്യൂണൽ ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത എന്നാണ്. അത് ഭാഷാ പ്രശ്നമാണ്. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള എന്നാക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(450) ഖണ്ഡം 9 (2)-ൽ താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ട്രൈബ്യൂണൽ, ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ ചെയർമാനും, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിൽ താഴെയല്ലാത്ത പദവിയിലുള്ള രണ്ട് ഫോറസ്റ്റ് വകുപ്പ് ഉദ്യോഗസ്ഥന്മാരും അടങ്ങിയതുമായിരിക്കേണ്ടതാണ്."

(456) ഖണ്ഡം 9 (4)-ൽ "പുനഃപരിശോധന ചെയ്യുകയോ " എന്ന വാക്കുകൾക്ക് പകരം പുനഃപരിശോധന നടത്തുകയോ "എന്ന വാക്കുകൾ ചേർക്കുക.

(458) ഖണ്ഡം 9 (4)-ൽ "ശരിപ്പെടുത്തുകയോ " എന്ന വാക്കിനുപകരം "ശരിയാക്കുകയോ " എന്ന വാക്ക് ചേർക്കുക.

ഇതിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുന്നതാണ് 450-ാം നമ്പർ ഭേദഗതി. അതിൽ ട്രൈബ്യൂണൽ എന്നു പറയുമ്പോൾ ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ ചെയർമാനും കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് റാങ്കിൽ താഴെയല്ലാത്ത രണ്ടു പേർ. അങ്ങനെ മൂന്നു പേർ അടങ്ങുന്ന ഒരു ട്രൈബ്യൂണൽ ആണെങ്കിൽ കൂടുതൽ സുതാര്യമായിരിക്കും. ഒരാൾ തീരുമാനമെടുക്കുന്നതിനേക്കാൾ എപ്പോഴും നല്ലത് ഒന്നിലേറെ ആളുകൾക്ക് ചുമതല കൊടുക്കുന്നതായിരിക്കും. ആവശ്യം പോലെ ആളുകൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിൽ ഉന്നത നിലവാരത്തിൽ ജോലിയില്ലാതിരിക്കുന്ന വരുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വെളിപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇത് പരിഹരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(451) ഖണ്ഡം 9 (2)-ൽ താഴെ പറയുംപ്രകാരം ഭേദഗതി ചെയ്യുക:

"(2) ട്രൈബ്യൂണൽ താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കുന്നതാണ്, അതായത്:—

(i) ചെയർമാനായി ജില്ലാ ജഡ്ജിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ജുഡീഷ്യൽ ആഫീസർ;

(ii) അംഗമായി വനപാലകന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ആഫീസർ;

(iii) അംഗമായി വനവൽക്കരണ രംഗത്തോ പ്രകൃതി സംരക്ഷണ രംഗത്തോ 20 വർഷത്തിൽ കുറയാത്ത കാലം ഉദ്യോഗം വഹിച്ചിട്ടുള്ള ഒരു ശാസ്ത്രജ്ഞൻ;"

ഒറിജിനൽ ബില്ലിൽ ഉണ്ടായിരുന്ന വ്യവസ്ഥ പുനഃസ്ഥാപിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഒരു ജില്ലാ ജഡ്ജിയെ മാത്രം ചുമതല ഏൽപ്പിച്ചാൽ പല ദോഷങ്ങളും ഭാവിയിൽ സംഭവിക്കാം. അതുകൊണ്ട് ഗവൺമെന്റിന്റെ നിലപാട് ശക്തമായി അവതരിപ്പിക്കാൻ കഴിയുന്ന ഒരു ഉദ്യോഗസ്ഥൻ, അതുപോലെ ദീർഘകാലമായി പ്രകൃതി സംരക്ഷണ രംഗത്ത് പ്രവർത്തിച്ച് പാരമ്പര്യമുള്ള ഒരാൾ. അങ്ങനെ മൂന്നംഗ ട്രൈബ്യൂണൽ ഒറിജിനൽ നിയമത്തിൽ ഉണ്ടായിരുന്നതുതന്നെ പുനഃസ്ഥാപിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(461) ഖണ്ഡം 9 (4) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

" ട്രൈബ്യൂണൽ ആക്റ്റിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള എല്ലാ അധികാരങ്ങളുടെയും രക്ഷാധികാരിയും അധികാരസ്ഥനുമാണ്."

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ അവതരിപ്പിച്ച 456, 458 എന്നീ ഭേദഗതികൾ ഗ്രമാറ്റിക്കലി കുറച്ചുകൂടി ഭംഗിയാക്കാൻ വേണ്ടി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 456, 458 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

Mr. Speaker: Shri T. K. Devakumar, do you press your amendment No. 450?

Shri T. K. Devakumar: No Sir.

Mr. Speaker: The amendment No. 450 moved by Shri T. K. Devakumar is, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Shri Binoy Viswam, do you press your amendments?

Shri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Shri Binoy Viswam are put and lost.

Shri V. Chenthamarakshan, do you press your amendments?

Shri V. Chenthamarakshan: Yes Sir.

Mr. Speaker: The amendments moved by Shri V. Chenthamarakshan are put and lost.

Shri T. P. Ramakrishnan, do you press your amendment?

Shri T. P. Ramakrishnan: Yes Sir.

Mr. Speaker: The amendment moved by Shri T. P. Ramakrishnan is put and lost.

Shri M. A. Vaheed, do you press your amendment?

Shri M. A. Vaheed: No Sir.

Mr. Speaker: The amendment moved by Shri M. A. Vaheed is, by leave, withdrawn.

Shri V. K. Chandran, do you press your amendment?

Shri V. K. Chandran: Yes Sir.

Mr. Speaker: The amendment moved by Shri V. K. Chandran is put and lost.

Dr. A. Neelalohithadasan Nadar, do you press your amendment?

Dr. A. Neelalohithadasan Nadar: Yes Sir.

Mr. Speaker: The amendment moved by Dr. A. Neelalohithadasan Nadar is put and lost.

Smt. Girija Surendran, do you press your amendment?

Smt. Girija Surendran: Yes Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendment moved by Smt. Girija Surendran is put and lost.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(464) ഖണ്ഡം 10 (1) (എ)-യിൽ "ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കണം.

(465) ഖണ്ഡം 10 (1) (ബി)-യിൽ "ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കണം.

(472) ഖണ്ഡം 10 (1) (സി)-യിൽ

(i) "ദുർബലമായ" എന്ന വാക്ക് വരുന്ന സ്ഥലങ്ങളിൽ "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കുകയും;

(ii) "5 വർഷത്തിനകമോ" എന്ന വാക്ക് മാറ്റി "ഒരു വർഷത്തിനകമോ" എന്ന് ചേർക്കുകയും;

(iii) "ആറ് മാസത്തിനകമോ" എന്ന വാക്ക് മാറ്റി "മൂന്നു മാസത്തിനകമോ" എന്നും ചേർക്കണം.

(491) ഖണ്ഡം 10 (3)-ൽ "ദുർബലമായ" എന്ന വാക്ക് വരുന്ന സ്ഥലങ്ങളിൽ "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. സുജനപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(468) ഖണ്ഡം 10 (1) (സി)-യിൽ

(i) "8-ാം വകുപ്പുപ്രകാരം തീരുമാനിച്ചിട്ടുള്ള നഷ്ടപരിഹാരം" എന്നതിനു പകരം "8-ാം വകുപ്പുപ്രകാരം നഷ്ടപരിഹാരത്തിന് അർഹതയില്ലെന്നോ തീരുമാനിക്കപ്പെട്ട നഷ്ടപരിഹാരം" എന്ന് ചേർക്കുക.

(ii) "പര്യാപ്തമാണെന്നോ അല്ലെന്നോ" എന്നതിന് പകരം "പര്യാപ്തമല്ലെന്നോ" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(iii) "നഷ്ടപരിഹാരം പര്യാപ്തമല്ലെന്നോ " എന്നതിനുപകരം "നഷ്ടപരിഹാരത്തിനർഹതയുണ്ടെന്നോ അത് പര്യാപ്തമല്ലെന്നോ ഉള്ള"എന്നു ചേർക്കുക.

(iv) "വിജ്ഞാപനം ചെയ്യുന്ന സമയത്തിനകമോ " എന്നതിനുപകരം "വിജ്ഞാപനംമൂലം ദീർഘിപ്പിക്കുന്ന സമയത്തിനകമോ" എന്നു ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(477) ഖണ്ഡം 10 (1) (സി)-യിൽ "അഞ്ചുവർഷത്തിനകമോ" എന്നത് മാറ്റി "മൂന്ന് വർഷത്തിനകമോ " എന്നാക്കി മാറ്റുക.

(501) ഖണ്ഡം 10 (3) (ബി) ഉപഖണ്ഡത്തിനുശേഷം വരുന്ന (എ) താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(സി) വകുപ്പിൽ പറഞ്ഞിരിക്കുന്ന കാലാവധി അവസാനിപ്പിച്ചശേഷമോ കഴിയുന്നത്ര വേഗം, അഥവാ അപ്പീൽ ഹൈക്കോടതി തള്ളിയ ഉത്തരവിന്റെ തീയതിക്കുശേഷമോ അതതു സംഗതിപോലെ, തൊണ്ണൂറ് ദിവസത്തിനകം സൂക്ഷിപ്പുകാരൻ അങ്ങനെയുള്ള ഭൂമിയോ അതിന്റെ ഭാഗമോ, ആ ഭൂമിയുടെ ഉടമയ്ക്ക് തിരിച്ചേൽപ്പിച്ചുകൊടുക്കേണ്ടതാണ്. "

(507) ഖണ്ഡം 10 (4) (എ)-യിൽ "നിശ്ചിത കാലാവധിക്കുള്ളിൽ" എന്നത് മാറ്റി "നാൽപ്പത്തിയഞ്ചു ദിവസത്തിനകം " എന്നാക്കി മാറ്റുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(470) ഖണ്ഡം 10 (1) (സി)-യിൽ "പര്യാപ്തമാണെന്നോ അല്ലെന്നോ" എന്ന വാക്കുകൾക്കുപകരം "അപര്യാപ്തമാണെന്നോ അല്ലെന്നോ " എന്ന വാക്കുകൾ ചേർക്കുക.

(478) ഖണ്ഡം 10 (1) (സി)-യിൽ (1) "അഞ്ച് വർഷത്തിനകമോ" എന്ന വാക്കുകൾക്കുപകരം "ഒരു വർഷത്തിനകമോ " എന്ന വാക്കുകൾ ചേർക്കുക.

(2) "ആറു മാസത്തിനകമോ" എന്ന വാക്കുകൾക്കുപകരം "ഒരു മാസത്തിനകമോ " എന്ന വാക്കുകൾ ചേർക്കുക.

(480) ഖണ്ഡം 10 (1) (സി)-യിൽ "ആറു മാസത്തിനകമോ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യുന്ന സമയത്തിനകമോ" എന്ന വാക്കുകൾക്കുപകരം "മുപ്പതു ദിവസത്തിനകമോ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി വിജ്ഞാപനം ചെയ്യുന്ന പതിനഞ്ച് ദിവസത്തിലധികരിക്കാത്ത സമയപരിധിക്കകമോ " എന്ന വാക്കുകൾ ചേർക്കുക.

(500) ഖണ്ഡം 10 (3) (ബി)-യിൽ "ആ ഭൂമിയുടെ ഉടമയ്ക്ക് തിരിച്ചേൽപ്പിച്ചുകൊടുക്കേണ്ടതാണ്."എന്ന വാക്കുകൾക്കുപകരം "ആ ഭൂമിയുടെ ഉടമയ്ക്ക് തിരികെ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതാണ് "എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പര്യാപ്തമാണെന്നോ അല്ലെന്നോ എന്ന വാക്കുകൾക്കു പകരം അപര്യാപ്തമാണെന്നോ അല്ലെന്നോ എന്ന് ചേർക്കുന്നതായിരിക്കും നല്ലത്. അതു പോലെ അഞ്ചു വർഷം എന്നുള്ളത് ഒരു വർഷവും ആറു മാസത്തിനകം എന്നുള്ളത് ഒരു മാസവും എന്നുള്ള തരത്തിൽ ഭേദഗതി ചെയ്യണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(484) ഖണ്ഡം 10 (1) (സി)-യിൽ "ആറുമാസത്തിനകമോ" എന്ന വാക്കിനു പകരം "ഒരു വർഷത്തിനകമോ" എന്ന വാക്ക് ചേർക്കുക.

(502) ഖണ്ഡം 10 (3) (ബി) താഴെപ്പറയുന്ന പ്രകാരം മാറ്റിയെഴുതുക:

"(ബി) 11-ാം വകുപ്പനുസരിച്ച് സമർപ്പിച്ച അങ്ങനെയുള്ള അപ്പീൽ ഹൈക്കോടതി തള്ളിയിട്ടുണ്ടെങ്കിലോ, (എ) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന കാലാവധി അവസാനിച്ച തീയതിക്കുശേഷമോ, അഥവാ അപ്പീൽ ഹൈക്കോടതി തള്ളിയ ഉത്തരവിന്റെ തീയതിക്കുശേഷമോ, അതതു സംഗതിപോലെ, മൂന്നുമാസത്തിനുള്ളിൽ സൂക്ഷിപ്പുകാരൻ അങ്ങനെയുള്ള ഭൂമിയോ അതിന്റെ ഭാഗമോ ആ ഭൂമിയുടെ ഉടമയ്ക്ക് തിരിച്ചേൽപ്പിച്ചു കൊടുക്കേണ്ടതാണ്.

(515) ഖണ്ഡം 10 (4) (ബി)-യിൽ "എത്രയും വേഗത്തിൽ" എന്നീ വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(485) ഖണ്ഡം 10 (1) (സി)-യിൽ അതതുസംഗതിപോലെ എന്ന വാക്കുകൾക്കുശേഷം "ആറുമാസത്തിനകമോ" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

(498) ഖണ്ഡം 10 (3) (ബി)-യിൽ "കഴിയുന്നത്ര വേഗത്തിൽ" എന്ന വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(514) ഖണ്ഡം 10 (ബി)-യിൽ "എത്രയും വേഗത്തിൽ" എന്നീ വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(488) ഖണ്ഡം 10 (1) (സി) നീക്കം ചെയ്യേണ്ടതാണ്.

(504) ഖണ്ഡം 10 (4) (എ) (ബി) നീക്കം ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(493) ഖണ്ഡം 10 (3) (എ)-യിൽ (1) "അതിൽ പറയുന്ന നിശ്ചിത കാലാവധിക്കുള്ളിൽ" എന്നതിനുപകരം "അതിൽ നിർദ്ദേശിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ" എന്ന് ചേർക്കുക.

(2) 3 (ബി)-യിൽ നിന്നും "അങ്ങനെയുള്ള" എന്ന പദം നീക്കം ചെയ്യുക.

(3) (ബി)-യിൽ "കഴിയുന്നത്ര വേഗം അഥവാ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(496) ഖണ്ഡം 10 (3) (ബി)-യിൽ "കഴിയുന്നത്ര വേഗത്തിൽ" എന്നതിനുപകരം "ആറുമാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(506) ഖണ്ഡം 10 (4)-ൽ

(1) "8-ാം വകുപ്പ്" എന്ന് തുടങ്ങുന്നതിനുമുമ്പായി ബ്രാക്കറ്റിനുള്ളിൽ "(എ)" എന്ന് ചേർക്കുകയും തുടർന്നുള്ള ഇനങ്ങൾ "(ബി)" "(സി)"എന്ന് തിരുത്തുകയും ചെയ്യുക.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(509) ഖണ്ഡം 10 (4) (ബി)-യിൽ "എത്രയും വേഗത്തിൽ" എന്നതിനു പകരം "ആറുമാസത്തിനകം" എന്ന് ചേർക്കേണ്ടതാണ്.

(510) ഖണ്ഡം 10 (4) (ബി)-യിൽ "എത്രയും വേഗത്തിൽ" എന്നതിനു പകരം "ഒരു വർഷത്തിനകം"എന്ന് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(482) ഖണ്ഡം 10 (1) (സി)-യിൽ "ആറുമാസത്തിനകമോ" എന്ന വാക്കിനു പകരം "മൂന്നു മാസത്തിനകമോ" എന്ന് ചേർക്കുക.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 470-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 477, 478, 480, 500 എന്നീ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

Sri T. K. Devakumar: Yes, I press.

Mr. Speaker: The other amendments are put and lost.

Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Sri A. Sujanapal, do you press your amendments?

Sri A. Sujanapal: No Sir.

Mr. Speaker: The amendments moved by Sri A. Sujanapal is, by leave, withdrawn.

Sri V. Chenthamarakshan, do you press your amendments?

Sri V. Chenthamarakshan: Yes Sir.

Mr. Speaker: The amendments moved by Sri V. Chenthamarakshan are put and lost.

Sri V. D. Satheesan, do you press your amendments?

Sri V. D. Satheesan: No Sir.

Mr. Speaker: The amendments moved by Sri V. D. Satheesan are, by leave, withdrawn.

Sri A. K. Balan, do you press your amendments?

Sri A. K. Balan: Yes Sir.

Mr. Speaker: The amendments moved by Sri A. K. Balan are put and lost.

Sri Kalathil Abdulla, do you press your amendments?

Sri Kalathil Abdulla: No Sir.

Mr. Speaker: The amendments moved by Sri Kalathil Abdulla are, by leave, withdrawn.

Prof. Savithri Lakshmanan, do you press your amendment?

LIBRARY ARCHIVES Kerala Legislative Assembly

Prof. Savithri Lakshmanan: No Sir.

Mr. Speaker: The amendments moved by Prof. Savithri Lakshmanan is, by leave, withdrawn.

Sri Dominic Presentation, do you press your amendments?

Sri Dominic Presentation: No Sir.

Mr. Speaker: The amendments moved by Sri Dominic Presentation are by leave, withdrawn.

Sri V. K. C. Mammed Koya, do you press your amendments?

Sri V. K. C. Mammed Koya: Yes Sir.

Mr. Speaker: The amendments moved by Sri V. K. C. Mammed Koya are, put and lost.

Sri V. K. Chandran, do you press your amendment?

Sri V. K. Chandran: Yes Sir.

Mr. Speaker: The amendment moved by Sri V. K. Chandran is, put and lost.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(517) ഖണ്ഡം 11 (1)-ൽ "ഏതെങ്കിലും ആളിനോ" എന്നതിനുപകരം "ഏതെങ്കിലും വ്യക്തിക്കോ" എന്നു ചേർക്കുക.

(551) ഖണ്ഡം 11 (4)-ൽ "എത്രയും വേഗം" എന്നതിനുപകരം "ആറുമാസത്തിനകം" എന്നു ചേർക്കുക.

(556) ഖണ്ഡം 11 (5)-ൽ "എത്രയും വേഗത്തിൽ" എന്നതിനുപകരം "ഒരു വർഷത്തിനുള്ളിൽ" എന്നു ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(518) ഖണ്ഡം 11 (1)-ൽ "അറുപത് ദിവസത്തിനകം" എന്നതിനുപകരം "തൊണ്ണൂറു ദിവസത്തിനകം" എന്നീ വാക്കുകൾ ചേർക്കണം.

(529) ഖണ്ഡം 11 (1)-ൽ രണ്ടാം ഖണ്ഡികയിൽ "അറുപത് ദിവസത്തിനുശേഷം" എന്നതിനുപകരം "തൊണ്ണൂറു ദിവസത്തിനുശേഷം" എന്നീ വാക്കുകൾ ചേർക്കണം.

(533) ഖണ്ഡം 11 (2)-ൽ "അഞ്ഞൂറ് രൂപ" എന്നീ വാക്കുകൾക്ക് പകരം "ഇരുന്നൂറ്റിയൻപത് രൂപ" എന്നീ വാക്കുകൾ ചേർക്കണം.

LIBRARY ARCHIVES Kerala Legislative Assembly

(541) ഖണ്ഡം 11(3)-ൽ നീക്കം ചെയ്യേണ്ടതാണ്.

(552) ഖണ്ഡം 11(4)-ൽ "ഉടമയ്ക്ക് എത്രയും വേഗം" എന്നീ വാക്കുകൾക്കു പകരം "ഹൈക്കോടതിവിധിയുടെ പകർപ്പു കിട്ടി മൂന്നു മാസത്തിനകം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(557) ഖണ്ഡം 11 (5)-ൽ "എത്രയും വേഗത്തിൽ" എന്നീ വാക്കുകൾക്കു പകരം "നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കണം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(521) ഖണ്ഡം 11 (1)-ൽ "അറുപത് ദിവസത്തിനകം" എന്നത് "അൻപത് ദിവസത്തിനകം" എന്നാക്കി മാറ്റുക. രണ്ടാം ഖണ്ഡികയിൽ "60 ദിവസത്തിനുശേഷം" എന്നത് "അൻപത് ദിവസത്തിനുശേഷം" എന്നാക്കി മാറ്റുക.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(524) ഖണ്ഡം 11 (1)-ൽ "അറുപത് ദിവസത്തിനകം" എന്ന വാക്കിനുപകരം "മുപ്പത് ദിവസത്തിനകം" എന്ന വാക്ക് ചേർക്കുക.

(526) ഖണ്ഡം 11 (1)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അറുപത് ദിവസത്തിനുശേഷം" എന്ന വാക്കുകൾക്കുപകരം "മുപ്പത് ദിവസത്തിനകം" എന്നാക്കി മാറ്റുക.

(549) ഖണ്ഡം 11 (4)-ൽ "പരിസ്ഥിതി ശാസ്ത്രപരമായ ദുർബലമായ" എന്നതിനു പകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കണം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(527) (1) ഖണ്ഡം 11 (1)-ൽ "അറുപത് ദിവസത്തിനകം" എന്നതിനുപകരം "നാൽപ്പത്തിയഞ്ച് ദിവസത്തിനകം" എന്നത് ചേർക്കുക.

(2) രണ്ടാം ഖണ്ഡികയിൽ "അറുപത് ദിവസത്തിനുശേഷം" എന്നതിനുപകരം "നാൽപ്പത്തിയഞ്ച് ദിവസത്തിനുശേഷം എന്നാക്കി മാറ്റുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(530) ഖണ്ഡം 11 (1)-ൽ "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകളും ക്ലിപ്ത നിബന്ധനയിൽ "അറുപത് ദിവസത്തിനുശേഷം" എന്ന വാക്കുകൾക്കുപകരം "മുപ്പത് ദിവസത്തിനകം" എന്ന വാക്കുകളും ചേർക്കുക.

(532) ഖണ്ഡം 11 (2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"അപ്പീൽ ഹൈക്കോടതി റൂൾസ് അനുസരിച്ചുള്ള നടപടിക്രമമനുസരിച്ചും, നിശ്ചിത ഫീസ് സഹിതവുമായിരിക്കേണ്ടതുമാണ്."

(543) ഖണ്ഡം 11 (3)-ലെ ആദ്യവാചകം താഴെപ്പറയും പ്രകാരം മാറ്റേണ്ടതാണ്:

"(3) (1) ഉപവകുപ്പനുസരിച്ച് അപ്പീൽ സ്വീകരിച്ചുകഴിഞ്ഞാൽ ഹൈക്കോടതി-"

LIBRARY ARCHIVES Kerala Legislative Assembly

(550) ഖണ്ഡം 11 (4)-ൽ "സൂക്ഷിപ്പുകാരൻ ഉടമയ്ക്ക് എത്രയും വേഗം തിരിച്ചേൽപ്പിച്ചു കൊടുക്കേണ്ടതുമാണ്" എന്ന വാക്കുകൾക്കുപകരം "ഉടമയ്ക്ക് എത്രയും വേഗം തിരിച്ചു നൽകേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

532-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. അപ്പീൽ ഹൈക്കോടതിയുടെ നടപടിക്രമങ്ങൾ അനുസരിച്ചും നിശ്ചിത ഫീസ് സഹിതവുമായിരിക്കണമെന്ന് ചേർക്കുന്നത് നല്ലതായിരിക്കും. 550-ാം നമ്പർ ഭേദഗതിയിൽ സൂക്ഷിപ്പുകാരൻ ഉടമയ്ക്ക് എത്രയും വേഗം തിരിച്ചേൽപ്പിച്ചു കൊടുക്കേണ്ടതാണ് എന്നുള്ളതിനു പകരം ഉടമയ്ക്ക് എത്രയുംവേഗം തിരിച്ചു നൽകേണ്ടതാണ് എന്നാണ് പറയുന്നത്. കാരണം അതിനകത്ത് തിരിച്ചേൽപ്പിക്കേണ്ടതാണെന്നു പറഞ്ഞാൽ സർക്കാർ ഉദ്യോഗസ്ഥൻ ഇത് കൊടുക്കുന്നതല്ല. തിരിച്ചു നൽകേണ്ടതാണ് ഇത് പരിശോധിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(522) ഖണ്ഡം 11 (1)-ൽ "തീരുമാനത്തിന്റെ തീയതി മുതൽ" എന്ന വാക്കുകൾക്കു ശേഷം "അറുപത് ദിവസത്തിനകം" എന്ന വാക്കുകൾക്കുപകരം "30 ദിവസത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(554) ഖണ്ഡം 11 (4)-ൽ "ഉടമയ്ക്ക്" എന്ന വാക്കുകൾക്കുശേഷം "എത്രയും വേഗം" എന്ന വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(560) ഖണ്ഡം 11 (5)-ൽ "എത്രയും വേഗത്തിൽ" എന്ന വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട ദിവസത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

അറുപത് ദിവസം എന്നുള്ളത് മുപ്പത് ദിവസം എന്നാക്കി മാറ്റണം. ഹൈക്കോടതിയിൽ അപ്പീൽ പോകുന്നതിനെ സംബന്ധിച്ചാണ്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(523) ഖണ്ഡം 11 (1)-ലെ മൂന്നാമത്തെ വരിയിൽ "അറുപത്" എന്നതിനുപകരം "മുപ്പത്" എന്ന് ചേർക്കുക.

(559) ഖണ്ഡം 11 (5)-ൽ "എത്രയും വേഗത്തിൽ" എന്നതിനുപകരം "6 മാസത്തിനുള്ളിൽ" എന്ന് ചേർക്കേണ്ടതാണ്.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 11-ാം വകുപ്പിലെ വ്യവസ്ഥകളൊക്കെ പര്യാപ്തമാണ്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri Dominic Presentation do you press your amendments?

Sri Dominic Presentation: No Sir.

Mr. Speaker: The amendments moved by Sri Dominic Presentation are, by leave, withdrawn.

Sri V. D. Satheesan, do you press your amendments?

LIBRARY ARCHIVES Kerala Legislative Assembly

Sri V. D. Satheesan: No Sir.

Mr. Speaker: The amendments moved by Sri V. D. Satheesan are, by leave, withdrawn.

Sri V. Chethamarakshan, do you press your amendment?

Sri V. Chethamarakshan: Yes Sir.

Mr. Speaker: The amendment moved by Sri V. Cheethamarakshan is put and lost.

Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Smt. Girija Surendran, do you press your amendment?

Smt. Girija Surendran: Yes Sir.

Mr. Speaker: The amendment moved by Smt. Girija Surendran is put and lost.

Sri T. K. Devakumar, do you press your amendments?

Sri T. K. Devakumar: Yes Sir.

Mr. Speaker: The amendments moved by Sri T. K. Devakumar are put and lost.

Mr. Speaker: Sri A. K. Balan, do you press your amendments?

Sri A. K. Balan: Yes Sir.

Mr. Speaker: The amendments moved by Sri A. K. Balan are put and lost.

Sri. V. K. C. Mammed Koya, do you press your amendments?

Sri V. K. C. Mammed Koya: Yes Sir.

Mr. Speaker: The amendments moved by Sri V.K.C. Mammed Koya are put and lost.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(565) ഖണ്ഡം 12(എ)-ൽ "ഹാജരാകാൻ നിർബന്ധിക്കുകയും" എന്ന വാക്കുകൾക്കു പകരം "ഹാജരാകാൻ നിയമപരമായ മാർഗ്ഗങ്ങളിൽക്കൂടി നിർബന്ധിക്കുകയും" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(566) ഖണ്ഡം 12(എ) താഴെപ്പറയുന്ന രീതിയിൽ മാറ്റുക:

"(എ) ഏതൊരാളെയും സമൻസയച്ച് വിളിപ്പിക്കുന്നതിനും ഹാജരാകാൻ നിർബന്ധിക്കുന്നതിനും അയാളെ സത്യപ്രതിജ്ഞയിൻമേൽ വിസ്തരിക്കുന്നതിനും;

(567) ഖണ്ഡം 12(ബി)യിൽ 'ആവശ്യപ്പെടുകയും' എന്നതിനുപകരം 'ആവശ്യപ്പെടുന്നതിനും' എന്ന് ചേർക്കുക.

(568) ഖണ്ഡം 12(സി)യിൽ 'സ്വീകരിക്കുകയും' എന്ന വാക്കിനുപകരം താഴെപ്പറയുന്നത് ചേർക്കുക.

'സ്വീകരിക്കുന്നതിനും'

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(571) ഖണ്ഡം 12-ൽ (എച്ച്) എന്ന പുതിയ ഉപഖണ്ഡംകൂടി ചേർക്കുക. " (എച്ച്) 3-ാം വകുപ്പും 4-ാം വകുപ്പുംപ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള ഭൂപ്രദേശങ്ങൾ നേരിട്ട് സന്ദർശിക്കുന്നതിനും"

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട തമ്പാനൂർ രവി അവതരിപ്പിച്ച 566, 567, 568 എന്നീ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച 566, 567, 568 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: ഇല്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

14-ാം വകുപ്പ്

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(573) ഖണ്ഡം 14-ൽ 3-ാം വരിയിൽ "വിശ്വാസത്തോടുകൂടി " എന്നതിനുപകരം താഴെപ്പറയുന്നത് ചേർക്കുക:

"വിശ്വാസത്തോടെ എന്ന് ബോദ്ധ്യപ്പെടാവുന്ന തരത്തിൽ "

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തമ്പാനൂർ രവി: ഇല്ല.

മി. സ്പീക്കർ: ശ്രീ. തമ്പാനൂർ രവി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(575) ഖണ്ഡം 15(1)-ൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ" എന്നതിന് "സംരക്ഷിക്കപ്പെടേണ്ട" എന്നാക്കി മാറ്റുക.

(611) ഖണ്ഡം 15(2)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി" എന്നതിനുപകരം "രണ്ടു പ്രതിനിധികൾ" എന്നാക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(577) ഖണ്ഡം 15(1)-ൽ "ഔദ്യോഗിക" എന്ന വാക്ക് നീക്കം ചെയ്യുക.

(578) ഖണ്ഡം 15(1)-ൽ "സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി ഒരു ഉപദേശക സമിതി രൂപീകരിക്കാവുന്നതാണ്." എന്നതിനുപകരം "സർക്കാർ ഈ ആക്ട് നടപ്പിൽ വന്ന തീയതി മുതൽ മുപ്പത് ദിവസത്തിനകം ഗസറ്റ് വിജ്ഞാപനം വഴി ഒരു ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്." എന്ന് ചേർക്കുക.

(584) ഖണ്ഡം 15(2) താഴെപ്പറയുന്ന ഇനം ചേർത്ത് പുനഃക്രമീകരിക്കുക:

(i) "വനം വകുപ്പുമന്ത്രി—ചെയർമാൻ"

(ii) "പ്രധാന മുഖ്യവനപാലകൻ—കൺവീനർ"

(592) ഖണ്ഡം 15(2) (ii) താഴെപ്പറയും പ്രകാരം മാറ്റുക:

"(ii) നിയമസഭാ സാമാജികർ തങ്ങൾക്കിടയിൽ നിന്നും ആനുപാതിക പ്രാതിനിധ്യപ്രകാരം തെരഞ്ഞെടുക്കുന്ന മൂന്ന് നിയമസഭാ സാമാജികർ"

LIBRARY ARCHIVES Kerala Legislative Assembly

(642) ഖണ്ഡം 15(3)-ൽ "സമിതി, പരിസ്ഥിതി" എന്ന വാക്കുകൾക്ക് പകരം "സമിതി മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും പരിസ്ഥിതി" എന്ന വാക്കുകൾ ചേർക്കുക.

ഇതിൽ ഒരു കാര്യം പറയാനുണ്ട്. മുഖ്യ വനപാലകൻ ചെയർമാനും എന്നതിനു പകരം പ്രധാന മുഖ്യവനപാലകൻ കൺവീനറായി മാറ്റണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഞാൻ ഒരു നിർദ്ദേശം വയ്ക്കുന്നത് വനം വകുപ്പുമന്ത്രി ചെയർമാനായിരിക്കണം. 598-ാം നമ്പർ ഭേദഗതി നിയമസഭാ സാമാജികരുടേതാണ്. നിയമസഭാ സാമാജികർക്കിടയിൽ നിന്നും ആനുപാതിക പ്രാതിനിധ്യ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട മൂന്ന് നിയമസഭാ സാമാജികർ ഇതിൽ അംഗമാകണം എന്നുള്ളതാണ് ഒരു നിർദ്ദേശം വച്ചിരിക്കുന്നത്. ആനുപാതിക പ്രാതിനിധ്യം അനുസരിച്ച് ആകുമ്പോൾ ഭരണപക്ഷവും പ്രതിപക്ഷവും വരും. ഭരണകക്ഷിക്ക് ഭൂരിപക്ഷം വരും. ഇതിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് അത് സഹായകരമായിരിക്കും. അതുപോലെ സമിതി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേരണം.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(580) ഖണ്ഡം 15(2) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്:

(2) ഉപദേശക സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(1) ഗവൺമെന്റ് സെക്രട്ടറി, വനം വകുപ്പ്
(2) പ്രധാന മുഖ്യ വനപാലകൻ
(3) സർക്കാർ തെരഞ്ഞെടുത്ത മൂന്നു നിയമസഭാ സാമാജികർ
(4) സർക്കാർ നിർദ്ദേശിക്കുന്ന രണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ
(5) റവന്യൂ സെക്രട്ടറി അല്ലെങ്കിൽ ടിയാൻ നിർദ്ദേശിക്കുന്ന അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ
(6) ഡയറക്ടർ, കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി
(7) ഡയറക്ടർ, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ, പച്ച, പാലോട്.
(8) ഡയറക്ടർ, ജലവിഭവ വികസന ക്രമീകരണ കേന്ദ്രം.
(9) പ്രകൃതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ മൂന്ന് പ്രതിനിധികൾ
(10) പക്ഷി സംരക്ഷണം, വനസംരക്ഷണം, വന ഗവേഷണം, ജൈവ ശാസ്ത്ര ഗവേഷണം, ജന്തു ശാസ്ത്ര ഗവേഷണ മേഖലയിൽ പ്രാവീണ്യം തെളിയിച്ചവരിൽ ഓരോ മേഖലയിൽ നിന്നും ഓരോ പ്രതിനിധികൾ
(11) ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി.

(603) ഖണ്ഡം 15(4)-ൽ (v)-ാം ഉപവകുപ്പിനുശേഷം (vi), (vii) എന്നീ ഇനങ്ങൾ ചേർത്ത് ബാക്കി റീ നമ്പർ ചെയ്യുക.

(vi) കണ്ടൽക്കാടുകളും കൽക്കാടുകളും വൻപാറക്കൂട്ടങ്ങളും ചരിത്ര പശ്ചാത്തലമുള്ള വൻപാറക്കെട്ടുകളും അവയിലെ സസ്യജാലങ്ങളും ജന്തുജാലങ്ങളും;

LIBRARY ARCHIVES Kerala Legislative Assembly

(vii) വിവിധ ശുദ്ധ നീർത്തടാകങ്ങളിലും, മറ്റു ജലസ്രോതസ്സുകളിലും ഉൾക്കൊള്ളുന്ന മത്സ്യ സമ്പത്തുകളും ജല സസ്യങ്ങളും;

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(582) ഖണ്ഡം 15(2)-ൽ താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(2) ഉപദേശക സമിതിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(i) ചീഫ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഗവൺമെന്റ് സെക്രട്ടറി

(ii) പ്രധാന മുഖ്യ വനപാലകൻ

(iii) സർക്കാർ തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് നിയമസഭാ സാമാജികർ

(iv) റവന്യൂ സെക്രട്ടറി, വനം വകുപ്പു സെക്രട്ടറി, ഇവരുടെ അഭാവത്തിൽ ഇവർ നിർദ്ദേശിക്കുന്ന ഒരു സർക്കാർ ഉദ്യോഗസ്ഥൻ

(v) പ്രകൃതി സംരക്ഷണ രംഗത്തും വനസംരക്ഷണ രംഗത്തും പ്രവർത്തിക്കുന്ന സംഘടനകളുടെ അഞ്ച് പ്രതിനിധികൾ

(vi) വനം വകുപ്പുമായി ബന്ധപ്പെട്ട വിവിധ പഠന അതോറിറ്റികളുടെ ഡയറക്ടർമാർ.

(652) ഖണ്ഡം 15(4) (v)-നുശേഷം (vi) ആയി താഴെ പറയുന്നത് ചേർത്ത് ബാക്കി റീനമ്പർ ചെയ്യുക:

"കണ്ടൽക്കാടുകൾ ചരിത്രപരമായ മൂല്യങ്ങളുള്ള പാറക്കെട്ടുകൾ അവയിലെ സസ്യജാലങ്ങളും."

ഉപദേശക സമിതിയിൽ ഞാൻ നിർദ്ദേശിക്കുന്നതാണ് കൂടുതൽ പ്രയോജനം. ഇതംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(583) ഖണ്ഡം 15(2)-ൽ (1)-ാം ഇനത്തിനരികെ മൂന്നാം കോളത്തിൽ 'ചെയർമാൻ' എന്നതിനുപകരം 'കൺവീനർ' എന്നു ചേർക്കുക.

(2) (iii)-ാം ഇനത്തിനു നേരെ രണ്ടാം കോളത്തിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ എന്നതിനുപകരം താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്നു ചേർക്കുക.

(3) (iv)-ാം ഇനത്തിനു നേരെ രണ്ടാം കോളത്തിൽ ജോയിന്റ് സെക്രട്ടറിയുടെ എന്നതിനുപകരം ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ എന്നു ചേർക്കുകയും താഴെയല്ലാത്ത ഉദ്യോഗസ്ഥൻ എന്നതിനുപകരം താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ എന്നും ചേർക്കുക.

(4) (v), (vi), (vii), (viii), (ix) എന്നീ ഇനങ്ങൾക്കു നേരെ രണ്ടാം കോളത്തിലുള്ള എൻട്രിക്കുശേഷം മൂന്നാം കോളത്തിലുള്ള എൻട്രിക്കു മുമ്പേ എക്സ് ഒഫിഷ്യോ എന്നു ചേർക്കുക.

(5) (x)-ാം ഇനത്തിൽ രണ്ടാം കോളത്തിൽ പ്രകൃതി സംരക്ഷണ രംഗത്തോ അല്ലെങ്കിൽ വനസംരക്ഷണ രംഗത്തോ എന്നതിനുപകരം പ്രകൃതി സംരക്ഷണ രംഗത്ത് അല്ലെങ്കിൽ വനസംരക്ഷണ രംഗത്ത് അല്ലെങ്കിൽ പരിസ്ഥിതി ശാസ്ത്ര രംഗത്ത് എന്നു ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(6) (3)-ാം ഉപവകുപ്പായി താഴെ പറയും പ്രകാരം ചേർക്കുക:

(3) (2)-ാം ഉപവകുപ്പിലെ (11)-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നവരിൽ ഒരാളെ ഗവൺമെന്റ് സമിതിയുടെ ചെയർമാനായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(585) ഖണ്ഡം 15(2)-ൽ താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുക.

(i) വനം വകുപ്പു സെക്രട്ടറി—ചെയർമാൻ

(ii) പ്രധാന മുഖ്യവനപാലകൻ—കൺവീനർ

(ii) മുതൽ (x) വരെയുള്ളവ (iii) മുതൽ (xi) വരെ എന്നാക്കി മാറ്റി ഭേദഗതി ചെയ്യുക.

(615) ഖണ്ഡം 15(2) (x)-ൽ "പരിസ്ഥിതി സംരക്ഷണ രംഗത്ത് സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന മികച്ച സർക്കാർ ഇതര സംഘടനകളുടെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ടു പ്രതിനിധികൾ" എന്ന് ഭേദഗതി ചെയ്യണം.

(644) ഖണ്ഡം 15(3)-ന് ശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കുക:

3(എ) ഉപദേശക സമിതി എല്ലാ മാസവും യോഗം ചേരേണ്ടതാണ്. ഓരോ മാസത്തെ യോഗതീരുമാനങ്ങളും യോഗത്തിനുശേഷം ഏഴു ദിവസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ടു ചെയ്യേണ്ട ചുമതല കൺവീനർക്കാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(586) ഖണ്ഡം 15(2)-ൽ

(i) ചീഫ് സെക്രട്ടറി—ചെയർമാൻ

(ii) വനം വകുപ്പ് സെക്രട്ടറി—വൈസ് ചെയർമാൻ

(iii) പ്രധാന മുഖ്യ വനപാലകൻ—കൺവീനർ എന്ന് ഭേദഗതി ചെയ്യുകയും (ii) മുതൽ (x) വരെയുള്ള വകുപ്പുകൾ (iv) മുതൽ (xii) വരെ എന്നാക്കി മാറ്റുകയും ചെയ്യുക.

(620) ഖണ്ഡം 15(2) (x) -ൽ പരിസ്ഥിതി സംരക്ഷണരംഗത്ത് ക്രിയാത്മകമായി പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളുടെ രണ്ട് പ്രതിനിധികൾ എന്നു ഭേദഗതി ചെയ്യണം.

(645) 15(3) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഭാഗം ചേർക്കുക:

3(എ) "ഉപദേശക സമിതി രണ്ടു മാസത്തെ ഇടവേളയ്ക്കകത്ത് യോഗം ചേരേണ്ടതും ഓരോ യോഗത്തിനുശേഷവും 15 ദിവസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്" എന്ന് കൂട്ടിച്ചേർക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(587) ഖണ്ഡം 15(2) (1) താഴെ പറയും പ്രകാരം മാറ്റുക:

"(1) വനം വകുപ്പ് സെക്രട്ടറി—ചെയർമാൻ"

LIBRARY ARCHIVES Kerala Legislative Assembly

(616) ഖണ്ഡം 15(2) (x) -ൽ "ഒരു" എന്ന വാക്കിനുപകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

(623) ഖണ്ഡം 15(2)-ൽ (xi)-ാം ഉപഖണ്ഡമായി താഴെ പറയും പ്രകാരം ചേർക്കുക:

"(xi) പ്രധാന മുഖ്യ വനപാലകൻ—അംഗം"

(631) ഖണ്ഡം 15(2) (xii) താഴെ പറയും പ്രകാരം ചേർക്കുക:

"(xii) ആദിവാസി സംഘടനകളുടെ രണ്ടു പ്രവർത്തകർ—അംഗം"

ഇതിൽ ചെയർമാൻ വനം വകുപ്പ് സെക്രട്ടറിയാണ്. പ്രധാന മുഖ്യ വനപാലകൻ കമ്മിറ്റി അംഗം. ആദിവാസി സംഘടനയുടെ രണ്ട് പ്രതിനിധികൾ ഈ കമ്മിറ്റിയിൽ ഉണ്ടാകണം.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(594) ഖണ്ഡം 15(2) (ii)-ൽ "രണ്ട്" എന്ന വാക്കിനുപകരം "നാല്" എന്നു ചേർക്കുക.

(654) ഖണ്ഡം 15(4) (vi) അവസാന വരിയിൽ "കണ്ടെത്തലുകൾ" എന്ന വാക്കിനു പകരം താഴെ പറയുന്നത് ചേർക്കുക:

"വിലയിരുത്തലുകളും കണ്ടെത്തലുകളും."

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(595) ഖണ്ഡം 15(2) (ii)-ൽ "രണ്ട് നിയമസഭാ സാമാജികർ" എന്നത് "ഒരു നിയമസഭാ സാമാജികനും", "ഒരു വനിതാ സാമാജികയും" എന്നാക്കി മാറ്റം വരുത്തണം.

(629) ഖണ്ഡം 15(2)-ൽ താഴെ പറയുന്ന ഇനങ്ങൾ കൂടി ചേർക്കുക:

"(xi) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് പട്ടികജാതി-പട്ടികവർഗ്ഗ ഫെഡറേഷൻ പ്രസിഡന്റ്

(xii) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിഡന്റ് അല്ലെങ്കിൽ സെക്രട്ടറി"

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(600) ഖണ്ഡം 15(2) (ii)-നുശേഷം (എ) എന്ന ഒരു ഐറ്റമായി താഴെ പറയുന്നവ ചേർക്കുക:

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നിയമസഭാ സാമാജികരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം."

(628) ഖണ്ഡം 15(2)-ൽ (xi) എന്ന ഐറ്റമായി താഴെ പറയുന്നതു കൂടി ചേർക്കുക:

"(xi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആദിവാസി ഗോത്ര വർഗ്ഗത്തിൽപ്പെട്ട ഒരാൾ"

(600)-ാം നമ്പർ ഭേദഗതിയിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നിയമസഭാ സാമാജികരിൽ ഒരാൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം. ഇത് സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(601) ഖണ്ഡം 15(2) (ii)-ലെ (iii)-ാം ഇനമായി താഴെപ്പറയുന്ന ഇനംകൂടി കൂട്ടിച്ചേർക്കേണ്ടതും അപ്രകാരം ഇനങ്ങളുടെ എണ്ണം (xi) ആയി മാറ്റം വരുത്തേണ്ടതുമാണ്.

"(iii) വനം വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ—അംഗം."

(621) ഖണ്ഡം 15(2) (x)-ൽ "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്ന വാക്കുകൾക്കു ശേഷം "രണ്ട് പ്രതിനിധികൾ; അതിൽ ഒന്ന് പട്ടികജാതിയിലോ, പട്ടികവർഗ്ഗ വിഭാഗത്തിലോ നിന്ന്" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(604) ഖണ്ഡം 15(2)-ൽ (x) താഴെപ്പറയുന്ന പ്രകാരം പുനഃക്രമീകരിക്കുക:

"സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ"

(643) ഖണ്ഡം 15(3)-ൽ ആദ്യ ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന പുതിയ ഖണ്ഡിക കൂടി ചേർക്കേണ്ടതാണ്:

"സമിതി ഇപ്രകാരം ശുപാർശ ചെയ്യുന്ന ഭൂമി ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം, 4-ാം വകുപ്പുപ്രകാരം പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശമായി സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്."

(648) ഖണ്ഡം 15(4) (1)-ൽ "വൃക്ഷ സസ്യവർഗ്ഗങ്ങളുടേയും" എന്നീ വാക്കുകൾക്ക് മുന്നിലായി "സ്വാഭാവികമായി വളർന്ന" എന്നീ വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

(655) ഖണ്ഡം 15(4)-ൽ (vii) എന്ന പുതിയ ഭാഗം കൂടി ചേർക്കേണ്ടതാണ്.

"(vii) ജൈവ വൈവിദ്ധ്യത്തിന്റെ മേഖലകളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങൾ"

(657) ഖണ്ഡം 15 ഉപഖണ്ഡം (4)-ൽ (viii) എന്ന പുതിയ ഖണ്ഡം കൂടി ചേർക്കുക:

"(viii) കണ്ടൽക്കാടുകളും ചതുപ്പു നിലങ്ങളുമുള്ള പ്രദേശങ്ങൾ"

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(605) 15-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം (x) താഴെപ്പറയും പ്രകാരം ഉടച്ചുവാർക്കുക:

"പ്രകൃതി സംരക്ഷണ രംഗത്തോ, വനസംരക്ഷണ രംഗത്തോ അല്ലെങ്കിൽ കണ്ടൽക്കാട് സംരക്ഷണ രംഗത്തോ പ്രവർത്തിക്കുന്ന സർക്കാർ ഇതര സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ."

(651) 15-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം (ii)-ൽ "കാണുന്നതുമായ" എന്നതിനുശേഷം

"കണ്ടൽക്കാടുകൾ ഉൾപ്പെടെയുള്ള" എന്നത് കൂട്ടിച്ചേർക്കുക.

ഉപദേശക സമിതിയിൽ സർക്കാർ ഇതര സംഘടനകളുടെ എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആ സംഘടനയിൽ ഇല്ലാത്ത ചില വ്യക്തികൾ ഉണ്ട്. അപ്പോൾ അവരെയും കൂടി പരിഗണിക്കണം എന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(612) ഖണ്ഡം 15 (x)-ൽ "പ്രകൃതി സംരക്ഷണ രംഗത്തോ, പരിസ്ഥിതി സംബന്ധിച്ച പ്രവർത്തന രംഗത്തോ, വനസംരക്ഷണ രംഗത്തോ പ്രവർത്തിക്കുന്ന മികച്ച സർക്കാർ ഇതര സംഘടനകളുടെ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രതിനിധികൾ" എന്നാക്കേണ്ടതാണ്.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(624) ഖണ്ഡം 15(2)-ൽ (x)-നുശേഷം താഴെപ്പറയുന്നത് യഥാക്രമം ചേർക്കേണ്ടതാണ്:

(xi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് മികച്ച പരിസ്ഥിതി പ്രവർത്തകർ

(xii) വനം സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ

(xiii) ഡയറക്ടർ, സർവ്വേ ആന്റ് ലാന്റ് റിക്കോർഡ്സ്, കേരള.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(627) ഖണ്ഡം 15(2)-ൽ (x)-നുശേഷം (xi) ആയി താഴെപ്പറയുന്നത് ചേർക്കുക:

(xi) "ശാസ്ത്ര സംഘടനകളുടെ രണ്ടു പ്രതിനിധികൾ"

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി നിർദ്ദേശം സ്വീകരിക്കാം.

മി. സ്പീക്കർ: ശ്രീ. പി. നാരായണൻ അവതരിപ്പിച്ച 601-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു

Sri P. Narayanan, do you press your amendment No. 621?

Sri P. Narayanan: No Sir.

Mr. Speaker: The amendment moved by Sri P. Narayanan is by leave, withdrawn.

Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Sri T. K. Devakumar, do you press your amendments?

Sri T. K. Devakumar: Yes Sir.

Mr. Speaker: The amendments moved by Sri T. K. Devakumar are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri V. Chenthamarakshan, do you press your amendments?

Sri V. Chenthamarakshan: Yes Sir.

Mr. Speaker: The amendments moved by Sri V. Chenthamarakshan are put and lost.

Smt. Girija Surendran, do you press your amendments?

Smt. Girija Surendran: Yes Sir.

Mr. Speaker: The amendments moved by Smt. Girija Surendran are put and lost.

Sri P. J. Joy, do you press your amendment?

Sri P. J. Joy: No Sir.

Mr. Speaker: The amendment moved by Sri P. J. Joy is, by leave, withdrawn.

Sri Johny Nelloor, do you press your amendments?

Sri Johny Nelloor: No Sir.

Mr. Speaker: The amendments moved by Sri Johny Nelloor are, by leave, withdrawn.

Sri A. N. Rajan Babu, do you press your amendments?

Sri A. N. Rajan Babu: No Sir.

Mr. Speaker: The amendments moved by Sri A. N. Rajan Babu are by leave, withdrawn.

Sri V. K. Chandran, do you press your amendments?

Sri V. K. Chandran: Yes Sir.

Mr. Speaker: The amendments moved by Sri V. K. Chandran are put and lost.

Sri Thampanoor Ravi, do you press your amendments?

Sri Thampanoor Ravi: No Sir.

Mr. Speaker: The amendments moved by Sri Thampanoor Ravi are by leave, withdrawn.

Sri V. K. C. Mammed Koya, do you press your amendments?

Sri V. K. C. Mammed Koya: Yes Sir.

Mr. Speaker: The amendments moved by Sri V.K.C. Mammed Koya are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri A. K. Balan, do you press your amendments?

Sri A. K. Balan: Yes Sir.

Mr. Speaker: The amendments moved by Sri A. K. Balan are put and lost.

Sri V. D. Satheesan, do you press your amendments?

Sri V. D. Satheesan: No Sir.

Mr. Speaker: The amendments moved by Sri. V. D. Satheesan are, by leave, withdrawn.

Sri Dominic Presentation, do you press your amendments?

Sri Dominic Presentation: No Sir.

Mr. Speaker: The amendments moved by Sri. Dominic Presentation are, by leave, withdrawn.

Sri M. A. Vaheed, do you press your amendments?

Sri M. A. Vaheed: No Sir.

Mr. Speaker: The amendments moved by Sri. M. A. Vaheed are, by leave, withdrawn.

Sri N. Rajan, do you press your amendment?

Sri N. Rajan: Yes Sir.

Mr. Speaker: The amendment moved by Sri N. Rajan is put and lost.

Sri T. P. Ramakrishnan, do you press your amendment?

Sri T. P. Ramakrishnan: Yes Sir.

Mr. Speaker: The amendment moved by Sri. T. P. Ramakrishnan is put and lost.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(659) ഖണ്ഡം 16-ന്റെ ശീർഷകത്തിൽ

"ദുർബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കുക.

(665) ഖണ്ഡം 16(1)-ൽ

"ദുർബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(678) ഖണ്ഡം 16(2) (iv)-ൽ "ദുർബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കുക.

(686) ഖണ്ഡം 16(2)-ന്റെ ക്ലിപ്ത നിബന്ധന "നിലനിർത്തിക്കൊണ്ടുള്ളതായിരിക്കേണ്ടതാണ് " എന്നതിനുപകരം "പരിരക്ഷിച്ചുകൊണ്ടുള്ളതായിരിക്കേണ്ടതാണ് " എന്ന് ചേർക്കുക.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(661) ഖണ്ഡം 16(1)-ൽ "നിക്ഷിപ്തമായിരിക്കുന്ന" എന്ന വാക്കിനുപകരം "കൈവശമായിരിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(666) ഖണ്ഡം 16(2)-ൽ "സംരക്ഷിത പ്രദേശങ്ങൾക്കും" എന്ന വാക്കിനുശേഷം "സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ വനപ്രദേശങ്ങൾക്കും" എന്നുകൂടി ചേർക്കുക.

(672) ഖണ്ഡം 16(2) (i)-ൽ "ശൂന്യമാകുന്നതും" എന്ന വാക്കിനുപകരം "നാമാവശേഷമാകുന്നതും" എന്ന വാക്ക് ചേർക്കുക.

(677) ഖണ്ഡം 16(2) (iii)-ൽ "ഉൽപ്പാദനക്ഷമതയും" എന്ന വാക്കിനുശേഷം "വളർച്ചയും" എന്ന വാക്കുകൂടി ചേർക്കുക.

(682) ഖണ്ഡം 16(2)-ൽ (v)-ാം ഉപവകുപ്പായി താഴെപ്പറയുന്നത് ചേർക്കുക.

"(v) കണ്ടൽകാടുമേഖലയിലെ തദ്ദേശവാസികളുടെ പാരമ്പര്യ ജീവസന്ധാരണ മാർഗ്ഗങ്ങൾ സംബന്ധിച്ചുള്ള അവകാശങ്ങളും നിലനിർത്തേണ്ടതാണ്."

ശ്രീ. എ. സുജനപാൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(667) ഖണ്ഡം 16(2)-ൽ

(1) പ്രാരംഭ വാചകത്തിൽ "സംരക്ഷിത പ്രദേശങ്ങൾക്കും" എന്നതിനുപകരം "സംരക്ഷിത വനപ്രദേശങ്ങൾക്കും" എന്ന് ചേർക്കുക.

(2) (iii)-ാം ഇനത്തിൽ "ഉൽപ്പാദനക്ഷമതയും" എന്നതിനുപകരം"സസ്യവർഗ്ഗങ്ങളുടേയും ജന്തുവർഗ്ഗങ്ങളുടേയും ഉൽപ്പാദനക്ഷമതയും" എന്ന് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(668) ഖണ്ഡം 16(2)-ൽ "സംരക്ഷിത പ്രദേശങ്ങൾക്കും" എന്നതിനുശേഷം "കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിനും" എന്ന് ചേർക്കുക.

(685) ഖണ്ഡം 16(2)-ൽ ക്ലിപ്ത നിബന്ധനയിൽ "പട്ടികവർഗ്ഗ" എന്നതിനുശേഷം "പരമ്പരാഗത മത്സ്യത്തൊഴിലാളി" എന്ന് കൂട്ടിച്ചേർക്കുക.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(671) ഖണ്ഡം 16(2) (i)-ൽ "പരിരക്ഷിക്കുന്നതിനും" എന്ന വാക്കിനുശേഷം താഴെപ്പറയുന്നത് ചേർക്കുക.

"പോഷിപ്പിക്കുന്നതിനും"

(676) ഖണ്ഡം 16(2) (iii) ആയി താഴെപ്പറയുന്നത് ചേർക്കുകയും നിലവിലുള്ള (iii), (iv) എന്നിവ യഥാക്രമം (iv), (v) എന്നാക്കി മാറ്റുക.

"(iii) മണ്ണൊലിപ്പ് തടയുന്നതിനും;"

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(680) ഖണ്ഡം 16(2) (iv)-നുശേഷം (v) എന്ന പുതിയ ഇനം കൂടി ചേർക്കുക.

"(v) ജൈവവൈവിധ്യ മേഖലകൾ സംരക്ഷിക്കുന്നതിനും;"

(684) ഖണ്ഡം 16(2) (v)-നുശേഷം (vi) എന്ന പുതിയ ഇനം കൂടി ചേർക്കുക.

"(vi) കണ്ടൽകാടുകളും ചതുപ്പു നിലങ്ങളും സംരക്ഷിക്കുന്നതിനും"

(688) ഖണ്ഡം 16(2)-നുശേഷം താഴെപ്പറയുന്നവ പുതിയ ഉപഖണ്ഡമായി ചേർക്കുക.

"(3) ഈ വകുപ്പ് അനുസരിച്ച് തയ്യാറാക്കുന്ന കാര്യകർതൃത പദ്ധതിയും അതിന് കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതിയും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്."

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes, Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Sri Kalathil Abdulla, do you press your amendment?

Sri Kalathil Abdulla: No, Sir.

Mr. Speaker: The amendment moved by Sri Kalathil Abdulla is, by leave, withdrawn.

Sri V. K. Chandran, do you press your amendments?

Sri V. K. Chandran: Yes, Sir.

Mr. Speaker: The amendments moved by Sri V. K. Chandran are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri A. Sujanapal, do you press your amendment?

Sri A. Sujanapal: No, Sir.

Mr. Speaker: The amendment moved by Sri A. Sujanapal is , by leave, withdrawn.

Sri Dominic Presentation, do you press your amendments?

Sri Dominic Presentation: No, Sir.

Mr. Speaker: The amendments moved by Sri Dominic Presentation are, by leave, withdrawn.

Sri Thampanoor Ravi, do you press your amendments?

Sri Thampanoor Ravi: No, Sir.

Mr. Speaker: The amendments moved by Sri Thampanoor Ravi are, by leave, withdrawn.

Sri V. D. Satheesan, do you press your amendments?

Sri V. D. Satheesan: No, Sir.

Mr. Speaker: The amendments moved by Sri V. D. Satheesan are, by leave, withdrawn.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(698) ഖണ്ഡം 17-ൽ "വിരുദ്ധമല്ലാത്തതുമായ" എന്ന വാക്കിനുപകരം "തടസ്സമാകാത്ത" എന്ന വാക്ക് ചേർക്കുക.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(695) ഖണ്ഡം 17-ൽ "ഉത്തരവുമൂലം" എന്ന വാക്കിനുപകരം "ഉത്തരവുമൂലമോ നിയമനിർമ്മാണംമൂലമോ" എന്ന് ചേർക്കുക.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(696) ഖണ്ഡം 17-ൽ "ഉത്തരവുമൂലം ചെയ്യാവുന്നതാകുന്നു" എന്നതിനുപകരം "ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവുമൂലം" എന്ന് ചേർക്കുക.

"ഉത്തരവുമൂലം ചെയ്യാവുന്നതാകുന്നു" എന്നതിനുപകരം "ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഉത്തരവുമൂലം" എന്നാക്കണം. അതിന്റെ ഗൗരവം പരിശോധിക്കുമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(697) ഖണ്ഡം 17-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(699) ഖണ്ഡം 17-ൽ "എന്നാൽ ഈ ആക്ടിന്റെ പ്രാരംഭം മുതൽ അഞ്ചു വർഷക്കാലത്തിനുശേഷം ഈ വകുപ്പിൻകീഴിലുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല" എന്നതിനുപകരം "എന്നാൽ ഈ ആക്ടിന്റെ പ്രാരംഭം മുതൽ മൂന്നുവർഷക്കാലത്തിനുശേഷം ഈ വകുപ്പിലുള്ള യാതൊരുത്തരവും പുറപ്പെടുവിക്കാൻ പാടില്ല" എന്ന് ചേർക്കുക.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri V. K. Chandran, do you press your amendment?

Sri V. K. Chandran: Yes, Sir.

Mr. Speaker: The amendment moved by Sri V. K. Chandran is put and lost.

Sri Thampanoor Ravi, do you press your amendment?

Sri Thampanoor Ravi: No, Sir.

Mr. Speaker: The amendment moved by Sri Thampanoor Ravi is, by leave, withdrawn.

Sri T. K. Devakumar, do you press your amendment?

Sri T. K. Devakumar: No, Sir.

Mr. Speaker: The amendment moved by Sri T. K. Devakumar is put and lost.

Sri T. P. Ramakrishnan, do you press your amendment?

Sri T. P. Ramakrishnan: Yes, Sir.

Mr. Speaker: The amendment moved by Sri T. P. Ramakrishnan is put and lost.

Sri A. N. Rajan Babu, do you press your amendment?

Sri A. N. Rajan Babu: No, Sir.

Mr. Speaker: The amendment moved by Sri A. N. Rajan Babu is, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(707) ഖണ്ഡം 18 (1)-ൽ "മുൻകാല പ്രാബല്യത്തോടെയോ പിൻകാല പ്രാബല്യത്തോടെയോ" എന്നതിനുപകരം "മുൻകാല പ്രാബല്യത്തോടുകൂടി" എന്ന് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(711) ഖണ്ഡം 18(2)-ൽ "കഴിയുന്നത്രവേഗം" എന്നതിനുപകരം "ആറുമാസത്തിനകം" എന്ന് ചേർക്കുക.

വനവും സ്പോർട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri V. K. Chandran, do you press your amendment?

Sri V. K. Chandran: Yes, Sir.

Mr. Speaker: The amendment moved by Sri V. K. Chandran is put and lost.

Sri Dominic Presentation, do you press your amendment?

Sri Dominic Presentation: No, Sir.

Mr. Speaker: The amendment moved by Sri Dominic Presentation is, by leave, withdrawn.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(713) ഖണ്ഡം 19(1)-ൽ "ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കുക.

(718) ഖണ്ഡം 19(1) (എ)-ൽ "ദുർബലമായ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(719) ഖണ്ഡം 19(1) (എ)-ൽ "ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം" എന്നതിനുപകരം "ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി" എന്ന് ചേർക്കുക.

(723) ഖണ്ഡം 19(1) (ബി)-ൽ "വിരുദ്ധമല്ലാത്തിടത്തോളം" എന്നതിനുപകരം "വിധേയമായി" എന്ന് ചേർക്കുക.

(725) ഖണ്ഡം 19(2) (ബി)-ൽ "വിരുദ്ധമല്ലാത്തിടത്തോളം" എന്നതിനുപകരം "വിധേയമായി" എന്ന് ചേർക്കുക.

(734) ഖണ്ഡം 19(3) (ബി)-ൽ 3-ാമത് വരിയിൽ "ഉടമയുടേയോ" എന്ന വാക്കിനുശേഷം "ഒരു ഏക്കർ വരെയുള്ള" എന്ന വാക്കും അഞ്ചാമത് വരിയിൽ "സൂക്ഷ്മ പരിശോധന നടത്തേണ്ടതും" എന്ന വാക്കിനുശേഷം "ഒരു ഏക്കറിൽ കൂടുതലാണെങ്കിൽ ട്രിബ്യൂണലിന്റെ തീരുമാനത്തിന് വിധേയമാക്കേണ്ടതും" എന്ന വാക്കുകളും കൂടിചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(733) ഖണ്ഡം 19(3) (ബി)-ൽ "സമേധയായോ" എന്ന വാക്കിനുപകരം "ഉപദേശക സമിതിയുടെ നിർദ്ദേശ പ്രകാരം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എൻ. രാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(736) ഖണ്ഡം 19(3) (ബി)-ൽ "3-ാം ഉപവകുപ്പ് പ്രകാരം" എന്നതിനുശേഷം "അഞ്ച് ഏക്കറിൽ താഴെയുള്ള" എന്ന വാക്കുകളും അവസാനഭാഗത്ത് "മറ്റുള്ളവ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുവാനുള്ള അധികാരം പ്രസ്തുത ട്രിബ്യൂണലിലായിരിക്കുന്നതുമാകുന്നു" എന്ന വാക്കുകളും ചേർക്കുക.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes, Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Sri V. K. Chandran, do you press your amendments?

Sri V. K. Chandran: Yes, Sir.

Mr. Speaker: The amendments moved by Sri V. K. Chandran are put and lost.

Sri A. K. Balan, do you press your amendment?

Sri A. K. Balan: Yes, Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendment moved by Sri A. K. Balan is put and lost.

Sri N. Rajan, do you press your amendment?

Sri N. Rajan: Yes, Sir.

Mr. Speaker: The amendment moved by Sri N. Rajan is put and lost.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. വി. കെ. ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(738) ബില്ലിന്റെ ശീർഷകത്തിൽ "ദുർബലമായ" എന്ന വാക്കിനുപകരം "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(797) പീഠികയുടെ 3-ാം ഖണ്ഡികയിൽ "നശിച്ചുപോയേക്കാവുന്ന" എന്നതിന് പകരം "നശിച്ചുകൊണ്ടിരിക്കുന്ന" എന്ന് ചേർക്കുക.

(805) പീഠികയിലെ 4-ാം ഖണ്ഡികയിൽ "ദുർബലമായ" എന്ന വാക്കിന് പകരം "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(817) പീഠികയിലെ 5-ാം ഖണ്ഡികയിൽ "പാരിസ്ഥിതിക അതിർത്തികൾക്കുള്ളിൽ" എന്ന വാക്കുകൾ ഒഴിവാക്കുക.

(823) ഖണ്ഡം 1 (1)-ൽ "ദുർബലമായ" എന്ന വാക്കിന് പകരം "അതിപ്രധാനമായ" എന്ന വാക്ക് ചേർക്കുക.

(826) ഖണ്ഡം 1 ഉപഖണ്ഡം (1)-ൽ "ദുർബലമായ" എന്ന വാക്കിന് പകരം "പ്രധാന്യമുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(739) ശീർഷകത്തിൽ "ദുർബലമായ" എന്ന വാക്കിനുപകരം "അതീവ പ്രധാന്യമുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(781) പീഠികയുടെ ഒന്നാം ഖണ്ഡിക താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"ഭൂമിയിലെ ജൈവ വിഭവങ്ങൾ മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായതിനാലും അവ ജനങ്ങളുടെ പൊതുസ്വത്ത് ആയതിനാലും".

(834) ഖണ്ഡം1, ഉപഖണ്ഡം 1-ൽ "കാര്യ കർത്തൃത്വം നടത്തിപ്പും" എന്നതിനു പകരം "സംരക്ഷിക്കലും" എന്ന വാക്ക് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(744) ബില്ലിന്റെ പേരിൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ ഭൂപ്രദേശം" എന്നതിനുപകരം "പരിരക്ഷിക്കപ്പെടേണ്ട ഭൂപ്രദേശം" എന്നാക്കി മാറ്റേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(759) തത്വപ്രഖ്യാപന വാക്യത്തിൽ "ദുർബലമായ" എന്നതിനുപകരം "അതീവ പ്രധാന്യമുള്ള" എന്ന് ചേർക്കുക.

(798) പീഠികയുടെ 3-ാം ഖണ്ഡിക താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"ജൈവവൈവിദ്ധ്യത്തിന്റെ അമൂല്യകലവറയായ പശ്ചിമഘട്ടത്തിലെ ഉഷ്ണമേഖലാ വനങ്ങളും ജൈവസമ്പത്തും അതിവേഗം നശിപ്പിക്കപ്പെടുന്നതിനാലും."

(829) ഖണ്ഡം 1 ഉപഖണ്ഡം 1-ൽ പരിസ്ഥിതി ശാസ്ത്രപരമായി "ദുർബലമായ ഭൂപ്രദേശങ്ങളുടെ" എന്നതിന് പകരം "പരിരക്ഷിക്കേണ്ട ഭൂപ്രദേശങ്ങളുടെ" എന്നാക്കി മാറ്റേണ്ടതാണ്.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(745) ശീർഷകത്തിന്റെ വിവരണത്തിൽ "കാര്യകർത്തൃത്വത്തിനും" എന്നതിനുശേഷം "സുപ്രീംകോടതിയുടെ പൊതുസ്വത്തുസിദ്ധാന്തം നടപ്പിലാക്കുന്നതിനും" എന്നതുകൂടി ചേർക്കുക.

(750) ബില്ലിന്റെ ശീർഷകം "2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ ജൈവ വൈവിധ്യം ശാസ്ത്ര അഭിവൃദ്ധി പരിസ്ഥിതി സന്തുലനം ഉൾപ്പെടെയുള്ള നടത്തിപ്പും സംരക്ഷണവും) ബിൽ" എന്ന് ഭേദഗതി ചെയ്യുക.

(779) പീഠികയിലെ ഒന്നാം ഖണ്ഡികയിൽ ആയിരിക്കുന്നതിനാലും എന്നതുമാറ്റി "പ്രധാന പ്രത്യേകതകളായതിനാലും" എന്നാക്കി മാറ്റേണ്ടതാണ്.

(789) പീഠികയിലെ രണ്ടാം ഖണ്ഡികയിൽ "സംരക്ഷിക്കേണ്ടതിന്റെ" എന്നതുമാറ്റി "സംരക്ഷിച്ച് നിലനിർത്തേണ്ടതാണ്" എന്നാക്കി മാറ്റുക.

(790) പീഠികയിലെ രണ്ടാം ഖണ്ഡികയിൽ "ആയിരിക്കുന്നതിനാലും" എന്നതുമാറ്റി "സംരക്ഷിക്കേണ്ടതും അവ നശിപ്പിക്കാൻ ശ്രമിക്കുന്നവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മാതൃകാപരമായി ശിക്ഷിക്കേണ്ടതിനാലും" എന്നാക്കി മാറ്റുക.

(808) പീഠിക 4-ാം ഖണ്ഡികയിൽ "അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നതിനാലും" എന്നതുമാറ്റി "ഗവൺമെന്റിൽ നിക്ഷിപ്തമായിരിക്കുന്നതിനാലും" എന്നാക്കി മാറ്റുക.

(839) ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

(1) ഈ ആക്ടിന് "2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ ജൈവ വൈവിദ്ധ്യം ശാസ്ത്രീയ അഭിവൃദ്ധി, പരിസ്ഥിതി സന്തുലനം ഉൾപ്പെടെയുള്ള നടത്തിപ്പും സംരക്ഷണവും) ആക്ട്" എന്ന് പേർ പറയാം.

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(748) ശീർഷകം താഴെപ്പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക.

"2003-ലെ കേരള വനം (പരിസ്ഥിതിപരമായി പ്രധാന്യമുള്ള എല്ലാ ഭൂപ്രദേശങ്ങളുടെയും ഉടമസ്ഥതയും കൈവശാവകാശവും സർക്കാരിൽ നിക്ഷിപ്തമാക്കൽ) ബിൽ".

LIBRARY ARCHIVES Kerala Legislative Assembly

(809) പീഠികയിലെ 4-ാം ഖണ്ഡിക താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"ജൈവ വൈവിധ്യങ്ങളുടെ നാശം ഇല്ലാതാക്കി പരിസ്ഥിതിപരമായി പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമായി തീർന്നിരിക്കുന്നതിനാലും".

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(749) ബില്ലിന്റെ ശീർഷകം "2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്ര-ദുർബ്ബല ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യക്ഷമത ഉറപ്പുവരുത്തലും) ബിൽ" എന്ന് ഭേദഗതി ചെയ്യുക.

(840) ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

(1) ഈ ആക്ടിന് "2003-ലെ കേരള വനം (പരിസ്ഥിതി-ശാസ്ത്ര-ദുർബ്ബല ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യക്ഷമത ഉറപ്പുവരുത്തലും) ആക്ട്" എന്ന് പേര് പറയാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(752) ബില്ലിന്റെ ശീർഷകം ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുക.

"2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി അതിപ്രധാനമായ പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ".

(757) തത്വപ്രഖ്യാപന വാക്യം

ബില്ലിന്റെ തത്വപ്രഖ്യാപന വാക്യത്തിൽ "ദുർബലമായ" എന്നതിനുപകരം "അതിപ്രധാനമായ" എന്ന് ചേർക്കുക.

(820) പീഠിക 5-ാം ഖണ്ഡികയ്ക്ക് ശേഷം ഖണ്ഡിക 6 ആയി താഴെപ്പറയുന്നത് ചേർക്കുക.

"കേരളത്തിലെ ജൈവ വൈവിധ്യ സമ്പത്ത് ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വിഘാതമാകാത്തവണ്ണം വർത്തമാന തലമുറ കരുതലോടെ ഉപയോഗിക്കണം എന്നതിനാലും."

ശ്രീ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(754) ശീർഷകം താഴെപ്പറയുന്ന വിധം ഭേദഗതി ചെയ്യുക.

"2003-ലെ കേരള വനം (പരിസ്ഥിതിപരമായി പ്രാധാന്യമുള്ള ഭൂപ്രദേശങ്ങളെ സർക്കാരിൽ നിക്ഷിപ്തമാക്കലും സംരക്ഷണവും പരിപോഷിപ്പിക്കലും)" ബിൽ.

(782) പീഠികയിലെ 1-ാം ഖണ്ഡിക താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"കേരളത്തിലെ ജൈവ വിഭവങ്ങൾ ഈ സംസ്ഥാനത്തെ ജനങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായതിനാലും, ജൈവ വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണവും മോഷണവും പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന രൂപത്തിൽ സംസ്ഥാനത്ത് വ്യാപകമായതിനാലും ജൈവ വിഭവങ്ങൾ ജനങ്ങളുടെ പൊതുസ്വത്തായി സംരക്ഷിക്കേണ്ടത് അനിവാര്യമായതിനാലും."

LIBRARY ARCHIVES Kerala Legislative Assembly

(837) ഖണ്ഡം 1, ഉപഖണ്ഡം 1 താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"ഈ ആക്ടിന് 2003-ലെ പരിസ്ഥിതിപരമായി അതീവ പ്രാധാന്യമുള്ള ഭൂപ്രദേശങ്ങളെ സർക്കാരിൽ നിക്ഷിപ്തമാക്കലും സംരക്ഷിക്കലും ആക്ട് എന്ന് പേർ പറയാം."

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(756) ബില്ലിന്റെ ശീർഷകം താഴെ പറയും പ്രകാരം മാറ്റുക.

"2001-ലെ കേരള വനം-കണ്ടൽകാട് പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വം നടത്തിപ്പും ബിൽ."

(813) പീഠിക 4-ാം ഖണ്ഡികയ്ക്കുശേഷം താഴെപ്പറയുന്ന ഖണ്ഡിക ചേർക്കുക.

"പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നതും കായലുകളുടെയും ചതുപ്പുനിലങ്ങളുടെയും അഴിമുഖങ്ങളുടെയും തീരങ്ങളെ സംരക്ഷിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന കണ്ടൽക്കാടുകളെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നതിനാലും."

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(760) തത്വപ്രഖ്യാപന വാക്യത്തിൽ "ദുർബ്ബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്നത് ചേർക്കണം.

(804) പീഠികയിലെ 4-ാം ഖണ്ഡികയിൽ "ദുർബ്ബലമായ" എന്നതിനുപകരം "സംരക്ഷിക്കപ്പെടേണ്ട" എന്ന് ചേർക്കണം.

(815) പീഠികയുടെ 5-ാം ഖണ്ഡികയിൽ "നടത്തിപ്പ്" എന്നതിനുപകരം "പരിപാലനം" എന്ന് ചേർക്കുക.

(828) ഖണ്ഡം 1 (1)-ൽ "ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ" എന്നത് മാറ്റി "സംരക്ഷിക്കപ്പെടേണ്ട ഭൂപ്രദേശങ്ങളുടെ" എന്ന് ചേർക്കണം.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(766) തത്വപ്രഖ്യാപന വാക്യത്തിൽ "ചെയ്യുന്നതിനുള്ള" എന്നതിനുപകരം "ചെയ്യുന്നതിനുമുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(770) പീഠികയുടെ ഖണ്ഡിക 1-ൽ "മനുഷ്യവർഗ്ഗത്തിന്റെ" എന്നതിനുപകരം "മനുഷ്യസമൂഹത്തിന്റെ" എന്ന് ചേർക്കുക.

(788) പീഠികയുടെ ഖണ്ഡികയിൽ 2-ൽ "നിലനിർത്തുകയും വീണ്ടെടുക്കുകയും" എന്നതിനുപകരം "ഭാവി സുരക്ഷിതത്വം പാലിക്കുകയും" എന്ന വാചകം കൂടി ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(801) ഖണ്ഡിക 4-ൽ "കഴിയുന്നത്ര കുറച്ചുകൊണ്ട്" എന്നതിനുപകരം "തടഞ്ഞുകൊണ്ട്" എന്ന് ഭേദഗതി വരുത്തേണ്ടതാണ്.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(776) പീഠികയിൽ ഒന്നാം പാരഗ്രാഫിലെ 6-ാം വരിയിൽ "നിലനിൽപ്പിനുതന്നെയും" എന്ന വാക്കിനുപകരം താഴെ പറയുന്നത് ചേർക്കുക.

"നിലനിൽപ്പിനും പുരോഗതിക്കും"

(796) പീഠിക 3-ാം ഖണ്ഡികയിൽ 4-ാം വരിയിൽ "നശിച്ചുപോയേക്കാവുന്ന" എന്ന വാക്കിനുപകരം താഴെ പറയുന്നത് ചേർക്കുക.

"നശിച്ചുകൊണ്ടിരിക്കുന്നതും പൂർണ്ണമായി നശിച്ചുപോയേക്കാവുന്നതുമായ"

(800) പീഠിക 4-ാം ഖണ്ഡികയിൽ രണ്ടാം വരിയിൽ "കുറച്ചുകൊണ്ട്" എന്ന വാക്കിനുപകരം താഴെ പറയുന്നത് ചേർക്കുക.

"തടഞ്ഞും കുറച്ചുകൊണ്ടും"

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(783) പീഠികയിൽ ഒന്നാം ഖണ്ഡിക താഴെ പറയുന്ന പ്രകാരം ഭേദഗതി ചെയ്യുക:

"പീഠിക:—ഭൂമിയിലെ ജൈവ വിഭവങ്ങൾ, അവയുടെ നൈസർഗ്ഗികവും പാരിസ്ഥിതികവും ജനിതകവും സാമ്പത്തികവും സാമൂഹികവും ആയ മൂല്യങ്ങളോടുകൂടി സാമ്പത്തികവും സാമൂഹികവുമായ അഭിവൃദ്ധിക്കും പരിസ്ഥിതി സന്തുലനം നിലനിർത്തുന്നതിനും കൂടാതെ മനുഷ്യവർഗ്ഗത്തിന്റെ നിലനിൽപ്പിനുതന്നെയും അത്യന്താപേക്ഷിതമായ ഒരു പൊതു സ്വത്ത് ആയിരിക്കുന്നതിനാലും;"

(821) പീഠികയിൽ ആദ്യ അഞ്ച് ഖണ്ഡികകൾക്കുശേഷം താഴെപ്പറയുന്ന ഖണ്ഡിക കൂടി ചേർക്കുക.

"ജൈവ വൈവിധ്യം നിലനിർത്തുന്നതിനും ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിനും പാരിസ്ഥിതികമായ സന്തുലനത്തിനും ഉതകുന്ന കണ്ടൽക്കാടുകളെ നാശത്തിൽ നിന്നും രക്ഷിക്കേണ്ടത് അത്യാവശ്യമായി തീർന്നിരിക്കുന്നതിനാലും"

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(792) പീഠിക 2 -ാം ഖണ്ഡിക താഴെ പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"ജൈവ വൈവിദ്ധ്യം സംരക്ഷിക്കുകയും പരിസ്ഥിതിയും സ്വാഭാവിക ആവാസ വ്യവസ്ഥകളും പരിരക്ഷിക്കുകയും ചെയ്യേണ്ടത് എല്ലാ ജീവജാലങ്ങളെയും അവയുടെ സ്വാഭാവിക ചുറ്റുപാടുകളിൽ നിലനിർത്തുന്നതിന് അനിവാര്യമായതിനാലും."

പ്രൊഫ സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(793) പീഠികയുടെ രണ്ടാം ഖണ്ഡികയ്ക്കുശേഷം താഴെ പറയുന്ന ഖണ്ഡിക ചേർക്കുക.

"ജൈവ വൈവിദ്ധ്യം സംരക്ഷിക്കേണ്ടതിന്റെ മൗലികമായ ആവശ്യകത പരിസ്ഥിതി വ്യവസ്ഥയേയും സ്വാഭാവിക ആവാസ സ്ഥാനങ്ങളെയും അതാതിടങ്ങളിൽത്തന്നെ സംരക്ഷിക്കുകയും അതിജീവനക്ഷമമായ പ്രജനനത്തോടുകൂടിയ ജീവജാലങ്ങളുടെ പരിപാവനവും വീണ്ടെടുക്കലും അവയുടെ സ്വാഭാവിക ചുറ്റുപാടുകളിലായിരിക്കുകയും ചെയ്യുന്നു എന്നതിനാലും."

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(819) പീഠിക 5-ാം ഖണ്ഡിക താഴെപ്പറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക.

"ഇത്തരം ഭൂപ്രദേശങ്ങളുടെ സംരക്ഷണം ശാസ്ത്രീയമായ രീതിയിലും സംയോജിതവും ഏകീകൃതവുമായ രീതിയിലും നിർവ്വഹിക്കേണ്ടത് ആവശ്യമായതിനാലും."

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(827) ഖണ്ഡം 1 (1)-ൽ "ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ" എന്നതിനുപകരം "ദുർബ്ബലമായ ഭൂപ്രദേശങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

ആ പ്രയോഗത്തിൽ "ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ" എന്നതിനുപകരം "ദുർബ്ബലമായ ഭൂപ്രദേശങ്ങൾ"എന്നാക്കുന്നതല്ലേ ഭാഷാപരമായി ശരിയായിട്ടുള്ളത്?

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(831) ഖണ്ഡം 1 (1)-ൽ "നിക്ഷിപ്തമാക്കൽ" എന്ന വാക്കിനുപകരം "കൈവശം ഏറ്റെടുക്കൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(846) ഖണ്ഡം 1 (2)-ൽ "2000-ാമാണ്ട് ജൂൺ മാസം രണ്ടാം തീയതി" എന്നീ വാക്കുകൾക്ക് പകരം "ഇത് ഗവൺമെന്റ് ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(841) ഒന്നാം ഖണ്ഡം (1)-ൽ "ഈ ആക്ടിന്" എന്നതിനുപകരം "2003-ലെ കേരള വനം പരിസ്ഥിതി-പ്രകൃതി സംരക്ഷണ ആക്ട് എന്ന പേർ പറയാം" എന്ന് ചേർക്കുക.

സെലക്ട് കമ്മിറ്റിയിൽ വച്ച് പല തരത്തിലുള്ള ഭേദഗതികൾ വരുത്തിയതിനുശേഷവും എന്തെങ്കിലും ഗുണപരമായ വശം ഈ നിയമത്തിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അതെല്ലാം അട്ടിമറിക്കുന്നതാണ് 19-ാം വകുപ്പിലെ അവസാനം ചേർത്തിരിക്കുന്ന ഭാഗങ്ങൾ.

(3) പ്രസ്തുത ഓർഡിനൻസിലോ ഏതെങ്കിലും കോടതിയുടെ വിധിയിലോ ഡിക്രിയിലോ ഉത്തരവിലോ എന്തു തന്നെ അടങ്ങിയിരുന്നാലും—

(എ) ഈ ആക്ടിൽ നിർവ്വചിച്ചപ്രകാരമുള്ള പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങൾ ഒഴികെ യാതൊരു ഭൂമിയും പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടതോ അല്ലെങ്കിൽ എപ്പോഴെങ്കിലും നിക്ഷിപ്തമായിരുന്നതായോ കരുതപ്പെടാൻ പാടില്ലാത്തതും;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഓർഡിനൻസിലെ 3-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഏതെങ്കിലും ഭൂമിയെ സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു വിജ്ഞാപനവും, സൂക്ഷിപ്പുകാരൻ സ്വമേധയായോ അങ്ങനെയുള്ള ഭൂമിയുടെ ഉടമയുടെയോ കൈവശത്തിനും അനുഭവത്തിനും അവകാശമുള്ള മറ്റേതെങ്കിലും ആളുടേയോ ഒരു അപേക്ഷയിൻമേലോ, സൂക്ഷ്മ പരിശോധന നടത്തേണ്ടതും, അവശ്യമെങ്കിൽ അങ്ങനെയുള്ള വിജ്ഞാപനം ഈ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി പുതുക്കി പുറപ്പെടുവിക്കേണ്ടതുമാകുന്നു. ഇത് വളരെ അപകടകരമായ പ്രശ്നമാണ്. അത് നീക്കം ചെയ്യണം എന്നാണ് എന്റെ ഭേദഗതി.

ശ്രീ. ജോണി നെല്ലൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(843) ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(1) ഈ ആക്ടിന് 2003-ലെ കേരള വനം (പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട്" എന്ന് പേർ പറയാം.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(844) ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(1) ഈ ആക്ടിന് 2003-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി പ്രാധാന്യമുള്ള പ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ആക്ട്" എന്ന് പേർ പറയാം.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പർമാർ അവതരിപ്പിച്ച ഭേദഗതികളൊന്നും സ്വീകാര്യമല്ല.

Mr. Speaker: Sri V. K. Chandran, do you press your amendments?

Sri V. K. Chandran: Yes, Sir.

Mr. Speaker: The amendments moved by Sri V. K. Chandran are put and lost.

Sri T. K. Balan, do you press your amendments?

Sri T. K. Balan: Yes, Sir.

Mr. Speaker: The amendments moved by Sri T. K. Balan are put and lost.

Sri A. K. Balan, do you press your amendments?

Sri A. K. Balan: Yes, Sir.

Mr. Speaker: The amendments moved by Sri A. K. Balan are put and lost.

LIBRARY ARCHIVES Kerala Legislative Assembly

Sri V. Chenthamarakshan, do you press your amendments?

Sri V. Chethamarakshan: Yes, Sir,

Mr. Speaker: The amendments moved by Sri V. Chenthamarakshan are put and lost.

Sri K. Radhakrishnan, do you press your amendments?

Sri K. Radhakrishnan: Yes, Sir.

Mr. Speaker: The amendments moved by Sri K. Radhakrishnan are put and lost.

Smt. Girija Surendran, do you press your amendments?

Smt. Girija Surendran: Yes, Sir.

Mr. Speaker: The amendments moved by Smt. Girija Surendran are put and lost.

Sri K. V. Kunhiraman, do you press your amendments?

Sri K. V. Kunhiraman: Yes, Sir.

Mr. Speaker: The amendments moved by Sri K. V. Kunhiraman are put and lost.

Sri. P. Jayarajan, do you press your amendments?

Sri P. Jayarajan: Yes, Sir.

Mr. Speaker: The amendments moved by Sri P. Jayarajan are put and lost.

Sri Dominic Presentation, do you press your amendments?

Sri Dominic Presentation: No, Sir.

Mr. Speaker: The amendments moved by Sri Dominic Presentation are by leave, withdrawn.

Sri Binoy Viswam, do you press your amendments?

Sri Binoy Viswam: Yes, Sir.

Mr. Speaker: The amendments moved by Sri Binoy Viswam are put and lost.

Sri P. T. Thomas, do you press your amendment?

Sri P. T. Thomas: No, Sir.

Mr. Speaker: The amendment moved by Sri P. T. Thomas is, by leave, withdrawn.

Sri T. P. Ramakrishnan, do you press your amendments?

Sri T. P. Ramakrishnan: Yes, Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendments moved by Sri T. P. Ramakrishnan, are put and lost.

Sri Thampanoor Ravi, do you press your amendments?

Sri Thampanoor Ravi: No, Sir.

Mr. Speaker: The amendments moved by Sri Thampanoor Ravi are, by leave, withdrawn

Sri V. D. Satheesan, do you press your amendments?

Sri V. D. Satheesan: No, Sir.

Mr. Speaker: The amendments moved by Sri V. D. Satheesan are, by leave, withdrawn.

Sri K. K. Jayachandran, do you press your amendment?

Sri K. K. Jayachandran: Yes, Sir.

Mr. Speaker: The amendment moved by Sri K. K. Jayachandran is put and lost.

Prof. Savithri Lakshmanan, do you press your amendment?

Prof. Savithri Lakshmanan: No, Sir.

Mr. Speaker: The amendment moved by Prof. Savithri Lakshmanan is, by leave, withdrawn.

Sri K. P. Satheesh Chandran, do you press your amendment?

Sri K. P. Satheesh Chandran: No, Sir.

Mr. Speaker: The amendment moved by Sri K. P. Satheesh Chandran is, by leave, withdrawn.

Sri T. K. Devakumar, do you press your amendment?

Sri T. K. Devakumar: Yes, Sir.

Mr. Speaker: The amendment moved by Sri T. K. Devakumar is put and lost.

Sri Kalathil Abdulla, do you press your amendment?

Sri Kalathil Abdulla: No, Sir.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The amendments moved by Sri Kalathil Abdulla are, by leave withdrawn.

Dr. A. Neelalohithadasan Nadar, do you press your amendment?

Dr. A. Neelalohithadasan Nadar: Yes, Sir.

Mr. Speaker: The amendment moved by Dr. A. Neelalohithadasan Nadar is put and lost.

Sri Johny Nelloor, do you press your amendment?

Sri Johny Nelloor: No, Sir.

Mr. Speaker: The amendment moved by Sri Johny Nelloor is, by leave withdrawn.

Sri M. A. Vaheed, do you press your amendment?

Sri M. A. Vaheed: No, Sir.

Mr. Speaker: The amendment moved by Sri M. A. Vaheed is, by leave, withdrawn.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർതൃത്വം നടത്തിപ്പും) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നവർ..... പ്രതികൂലിക്കുന്നവർ.....

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ—46

1. Sri Kalathil Abdulla
2. ,, P. K. Abdu Rabb
3. ,, C. T. Ahammed Ali
4. ,, N. D. Appachan
5. ,, K. Babu
6. ,, P. K. K. Bava
7. ,, K. A. Chandran
8. ,, M. A. Chandrasekharan
9. ,, Domenic Presentation
10. ,, M. M. Hassan
11. ,, V. K. Ibrahim Kunju
12. ,, Johny Nelloor
13. ,, K. C. Joseph
14. ,, Joseph M. Puthusseri
15. ,, P. J. Joy
16. ,, K. Kutty Ahammed Kutty
17. ,, Ludy Luiz
18. ,, C. Mammootty
19. ,, K. M. Mani
20. ,, K. Mohankumar
21. ,, C. Moyinkutty
22. ,, M. Murali
23. ,, M. K. Paulson Master
24. ,, V. J. Poulose
25. ,, T. N. Prathapan
26. ,, G. Prathapa Varma Thampan
27. ,, Thiruvanchoor Radhakrishnan
28. ,, T. U. Radhakrishnan
29. Smt. Radha Raghavan
30. Sri A. N. Rajan Babu
31. ,, Thampanoor Ravi
32. ,, Roshi Augustine
33. ,, N. Sakthan
34. ,, P. Sankaran
35. ,, K. Sankaranarayanan
36. Smt. Malethu Sarala Devi
37. Sri V. D. Satheesan

LIBRARY ARCHIVES Kerala Legislative Assembly

38. Prof. Savithri Lekshmanan
39. Smt. Sobhana George
40. Sri A. Sujanapal
41. ,, N. Sundaran Nadar
42. ,, C. F. Thomas
43. ,, P. T. Thomas
44. ,, Thomas Chazhikadan
45. ,, M. A. Vaheed
46. ,, K. P. Viswanathan

പ്രതികൂലിക്കുന്നവർ—20

1. Sri V. S. Achuthanandhan
2. ,, A. K. Balan
3. ,, T. K. Balan
4. ,, Binoy Viswam
5. ,, V. K. Chandran
6. ,, V. Chenthamarakshan
7. ,, T. K. Deva Kumar
8. ,, P. C. George
9. Smt. Girija Surendran
10. ,, K. K. Jayachandran
11. ,, M. Kumaran
12. ,, K. V. Kunhiraman
13. ,, V. K. C. Mammathu Koya
14. ,, P. Narayanan
15. Dr. A. Neelalohithadasan Nadar
16. ,, K. Radhakrishnan
17. ,, N. Rajan
18. ,, T. P. Ramakrishnan
19. ,, Saju Paul
20. ,, K. P. Satheesh Chandran

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ—46

പ്രതികൂലിക്കുന്നവർ—20

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സഭ പാസ്സാക്കി.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2003 ആഗസ്റ്റ് 8-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly